കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആലുവ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
നഗരസഭാ ഓഡിറ്റ് കാര്യാലയം, ആലുവ
website : www.lfa.kerala.gov.in
e-mail : mlalv.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

.

നം.കെ.എസ്.എ.-എ.വി.എം(എം.2)41/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭ ഓഡിറ്റ് കാര്യാലയം,
ആലുവ. KSA-AVM
പിൻ – 683 101,
തീയതി : 28.01.2017/30.01.2017
ഫോൺ : 0484 – 2623757
ഇ-മെയിൽ: mlalv.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

ആലുവ നഗരസഭ

.സർ,

വിഷയം :ആലുവ നഗരസഭ 2015-16 സാമ്പത്തിക വർഷത്തിലെ വരവ് - ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 295 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലുവ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും 3ലെയും ഖണ്ഡികകളിലേയ്ക്കു പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. {1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15}.

.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

.

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം
5. കാര്യാലയ പകർപ്പ്

.

എറണാകുളം ജില്ലയിലെ ആലുവ നഗരസഭയുടെ 2015-16
സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

.

എറണാകുളം ജില്ലയിലെ ആലുവ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തിലെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്തു. നഗരസഭ 01.07.2016 മുതൽ 31.12.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണംപിൻവലിക്കലുകൾഎന്നിവ പരിശോധിച്ചു.

.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിന് മറുപടി ലഭിച്ചു. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.പി.വി. സൗദാമിനി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.08.2016 മുതൽ 21.01.2017 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ ഷാജിമോൻ കെ.എ.,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി. ഷേർളി പീറ്റർ.,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ശ്രീജിത്ത് സി.ഡി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.അനിൽകുമാർ വി.ജി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സന്തോഷ് കുമാർ എം.,<br>ഓഡിറ്റർ (ഹ.ഗ്രേ) |
| | ശ്രീമതി. വൃന്ദ സി.എസ്., ഓഡിറ്റർ |

.

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| ചെയർമാൻ | ശ്രീ എം.ടി.ജേക്കബ്ബ് | 01.04.2015 മുതൽ 09.10.2015 വരെ |
| | സെക്രട്ടറി ശ്രീ. വി.കെ. രാജൻ (in charge) | 10.10.2015 മുതൽ 13.11.2015 വരെ |
| | കുമാരി ലിസ്സി എബ്രഹാം | 14.11.2015 മുതൽ 31.03.2016 വരെ<br>. |
| വൈസ് ചെയർപേഴ്സൺ & ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | കുമാരി ലിസ്സി എബ്രഹാം | 01.04.2015 മുതൽ 09.10.2015 വരെ |
| | ഒഴിവ്(തെരഞ്ഞെടുപ്പ്) | 10.10.2015 മുതൽ 13.11.2015 വരെ |

| | | |
|---|---|---|
| | ശ്രീമതി സി.ഓമന | 14.11.2015 മുതൽ 31.03.2016 വരെ |
| വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ.എം. രാധാകൃഷ്ണൻ | 01.04.2015 മുതൽ 09.10.2015 വരെ |
| | ഒഴിവ്(തെരഞ്ഞെടുപ്പ്) | 10.10.2015 മുതൽ 13.11.2015 വരെ |
| | ശ്രീമതി സി.ഓമന ഹരി | 14.11.2015 മുതൽ 31.03.2016 വരെ |
| ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി സി.ഓമന | 01.04.2015 മുതൽ 09.10.2015 വരെ |
| | ഒഴിവ് (തെരഞ്ഞെടുപ്പ്) | 10.10.2015 മുതൽ 13.11.2015 വരെ |
| | ശ്രീ. വി.ചന്ദ്രൻ | 14.11.2015 മുതൽ 31.03.2016 വരെ |
| ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ.എം.പി.സൈമൺ | 01.04.2015 മുതൽ 09.10.2015 വരെ |
| | ഒഴിവ്(തെരഞ്ഞെടുപ്പ്) | 10.10.2015 മുതൽ 13.11.2015 വരെ |
| | ശ്രീമതി ടിമ്മി ടീച്ചർ | 14.11.2015 മുതൽ 31.03.2016 വരെ |
| പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | കുമാരി.കെ.വി.സരള | 01.04.2015 മുതൽ 09.10.2015 വരെ |
| | ഒഴിവ്(തെരഞ്ഞെടുപ്പ്) | 10.10.2015 മുതൽ 13.11.2015 വരെ |
| | ശ്രീ. പി.എം. മൂസ്സക്കുട്ടി | 14.11.2015 മുതൽ 31.03.2016 വരെ . |
| വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ.ലത്തീഫ് പൂഴിത്തറ | 01.04.2015 മുതൽ 09.10.2015 വരെ |
| | ഒഴിവ്(തെരഞ്ഞെടുപ്പ്) | 10.10.2015 മുതൽ 13.11.2015 വരെ |
| | ശ്രീമതി ലോലിത ശിവദാസൻ | 14.11.2015 മുതൽ 31.03.2016 വരെ |
| മുനിസിപ്പൽ സെക്രട്ടറി | ശ്രീ ബി.മോഹനൻ നായർ (സെക്രട്ടറി) | 01.04.2015 മുതൽ 12.05.2015 വരെ |

| | | |
|---|---|---|
| | ശ്രീ എം.എസ്. ചന്ദ്രബാബു (റവന്യൂ ഓഫീസർ) (സെക്രട്ടറി ഇൻ ചാർജ്ജ്) | 13.05.2015 മുതൽ 13.09.2015 വരെ |
| | ശ്രീ വി.കെ.രാജൻ (സെക്രട്ടറി) | 14.09.2015 മുതൽ 31.03.2016 വരെ |

.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ കെ.ബി.ഗോപാലകൃഷ്ണപിള്ള | 01.04.2015 മുതൽ 31.03.2016 വരെ |
| പ്രിൻസിപ്പാൾ, ഗവ.ഹയർസെക്കന്ററി സ്കൂൾ ഹൈസ്കൂൾ | ശ്രീമതി. ഉഷ.ജെ.തറയിൽ | 01.04.2015 മുതൽ 31.03.2016 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ ആയൂർവേദം | ഡോ.ഒ.ജയലക്ഷ്മി | 01.04.2015 മുതൽ 31.03.2016 വരെ |
| അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | ശ്രീമതി. കെ.സുപ്രഭ | 01.04.2015 മുതൽ 31.05.2015 വരെ |
| അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | ശ്രീ. വി.എ. ഡാൽട്ടൻ (ഇൻചാർജ്ജ്) | 01.06.2015 മുതൽ 06.01.2016 വരെ |
| അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | ശ്രീമതി. ബീന ജി.ആർ | 07.01.2016 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി സുഹറ സി.എച്ച് | 01.04.2015 മുതൽ 31.03.2016 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. ലോബോ ഫാബിയാന | 01.04.2015 മുതൽ 31.03.2016 വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ലോറൻസ് മാത്യു | 01.04.2015 മുതൽ 31.08.2015 വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.കമൽ ഡി. | 01.09.2015 മുതൽ 31.03.2016 വരെ |
| സി.ഡി.എസ്.മെംമ്പർ സെക്രട്ടറി | ശ്രീ.അഖിൽ ജിഷ്ണു | 01.04.2015 മുതൽ 31.03.2016 വരെ |

.

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 - പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഡ് സഭ | 1-12 |
| 13 | നികുതിപിരിവും കുടിശ്ശികയും | 1-13 |
| 14 | ഓഡിറ്റ് ഇംപാക്ട് | 1-14 |
| 15 | കൗൺസിൽ തീരുമാനം നടപ്പിലാക്കുന്നില്ല | 1-15 |
| | .<br>ഭാഗം 2 - വരവിനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 16 | നഗരസഭയുടെ സാമ്പത്തിക സ്ഥിതി | 2-1 |
| 17 | വസ്തുനികുതിയുമായി ബന്ധപ്പെട്ട അപാകതകൾ-₹9,518 വരവ് നഷ്ടം | 2-2 |
| 18 | അനധികൃത കെട്ടിട നിർമ്മാണം- നടപടികളിൽ ഗുരുതരമായ വീഴ്ച | 2-3 |
| 19 | മുനിസിപ്പാലിറ്റി കെട്ടിടങ്ങളിൽ നിന്ന് വാടക ഈടാക്കിയത് സംബന്ധിച്ച അപാകതകൾ | 2-4 |
| 20 | നഗരസഭയുടെ കെട്ടിടങ്ങളിൽ അനധികൃത കച്ചവടവും കീഴ്വാടകയ്ക്ക് കൊടുക്കലും | 2-5 |
| 21 | ഡി & ഒ ലൈസൻസ് | 2-6 |
| 22 | വിനോദനികുതി | 2-7 |
| 23 | സിനിമാശാലകളിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നില്ല. | 2-8 |
| 24 | പരസ്യ നികുതി വരവ് | 2-9 |
| 25 | സാനിട്ടേഷൻ ടാക്സ് ഈടാക്കുന്നതിലെ അപാകതകളും നിർദ്ദേശങ്ങളും | 2-10 |
| 26 | നഗരസഭയുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന ശിവരാത്രി വ്യാപാരമേളയിൽ ക്രമക്കേടുകൾ-61,000 രൂപയുടെ വരവ് നഷ്ടം | 2-11 |
| . ഭാഗം 3 - ചെലവിനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ | | |
| 27 | മാലിന്യം കൊണ്ടുപോകൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-1 |
| 28 | മാലിന്യനീക്കം ടെൻഡർ വിളിക്കാതെ കരാറുകനെ നിശ്ചയിച്ചത് - ഗുരുതരമായ ക്രമക്കേട് | 3-2 |
| 29 | നഗരസഭയുടെ കടുത്ത അനാസ്ഥ-മാലിന്യ നിർമാർജ്ജന പദ്ധതി നടപ്പിലായില്ല. ₹28.53 ലക്ഷം തിരിച്ചടച്ച ₹60,880 പാഴ്ചെലവ് | 3-3 |
| 30 | ഉറവിട മാലിന്യ സംസ്കരണം- ₹ 15,86,033 ഫണ്ട് വിനിയോഗിച്ചില്ല | 3-4 |
| 31 | സ്വകാര്യ സ്ഥാപനത്തിന് കേബിൾ വലിയ്ക്കാൻ അനുമതി നൽകിയതിലെ ക്രമക്കേടുകൾ.65000 രൂപ നഷ്ടം | 3-5 |
| 32 | കരാർ നടത്തിപ്പിൽ ഗുരുതരമായ ക്രമക്കേട് ₹15,860 പിഴ ഒടുക്കേണ്ടതാണ് | 3-6 |
| 33 | KURDFC ലോൺ തിരിച്ചടവ് വൈകിയത് മൂലം ₹1.59 ലക്ഷം പിഴ ഒടുക്കേണ്ടിവന്നു | 3-7 |
| 34 | വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് - Floating Aerator -പ്രവർത്തനക്ഷമമാക്കാതെ കരാർ നൽകി - ₹4.42 ലക്ഷം പാഴ് ചെലവ് | 3-8 |
| 35 | മെട്രോ പ്രോജക്ടിന് വിട്ടുനൽകിയ സ്ഥലത്തിന്റെ രേഖകളിൽ പൊരുത്തക്കേട് | 3-9 |
| 36 | I.H.S.D.P പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-10 |
| 37 | കുടുംബശ്രീ അനക്സ് കെട്ടിടത്തിന്റെ ഉദ്ഘാടനത്തിനായി അനുവദിച്ച തുകയിലെ ₹8,750 ചെലവ് അംഗീകരിക്കുന്നില്ല. | 3-11 |
| 38 | നഗരസഭ പാർക്ക് ശോചനീയവസ്ഥയിൽ | 3-12 |
| 39 | അനധികൃത അറവുശാല, അനധികൃത മാംസവിൽപ്പന | 3-13 |
| 40 | ലൈബ്രറി സെസ് യഥാസമയം ഒടുക്കുന്നില്ല- ₹46 ലക്ഷം ഒടുക്കാനുണ്ട് | 3-14 |
| 41 | സർക്കാരിലേക്ക് ഒടുക്കേണ്ട തുക കൂടുതൽ ഒടുക്കി- നഗരസഭയ്ക്ക് ₹ 1,20,986 നഷ്ടം | 3-15 |

| | | |
|---|---|---|
| 42 | MPLAD ഫണ്ട് ഉപയോഗിച്ചുള്ള ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതിയിലെ അപാകതകൾ | 3-16 |
| 43 | ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും യഥാർത്ഥ തുകയേക്കാൾ കൂടുതൽ തുക കുറവ് ചെയ്യുന്നു. | 3-17 |
| 44 | നഗരസഭാ ജീവനക്കാരുടെ സി.പി.എഫ്.വിഹിതം ഒടുക്കാൻ കാലതാമസം - നഗരസഭ ഫണ്ടിന് 6338 രൂപ നഷ്ടം | 3-18 |
| 45 | ശമ്പളം, പെൻഷൻ നൽകുന്നതിന് ESCRO അക്കൗണ്ടിൽ നിന്നും തുക വകമാറ്റി ചെലവഴിച്ചു. | 3-19 |
| 46 | തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനമില്ല | 3-20 |
| 47 | അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി | 3-21 |
| 48 | പട്ടികജാതി വിഭാഗത്തിന് സ്ഥലം വാങ്ങൽ പ്രോജക്ട്- പ്രയോജനം സ്ഥലഉടമകൾക്കുമാത്രം | 3-22 |
| 49 | അങ്കണവാടി പോഷകാഹാര വിതരണം - ഗുണനിലവാര പരിശോധന നടത്തിയില്ല | 3-23 |
| 50 | അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് | 3-24 |
| 51 | രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റി പകരം തൈ നടുന്ന പദ്ധതി - പദ്ധതി വിഹിതം ഉൽപാദനപരമായി ചെലവഴിച്ചില്ല. | 3-25 |
| 52 | ലൈബ്രറിക്ക് പുസ്തകം വാങ്ങിയതിന് ഡിസ്കൗണ്ട് ലഭിച്ചതിൽ കുറവ് | 3-26 |
| 53 | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മികവ് പുലർത്തുന്നു. | 3-27 |
| 54 | CDS മെമ്പർ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ വിവിധ പദ്ധതി നടത്തിപ്പിലെ അപാകതകൾ - ₹ 28.4 ലക്ഷം തടസ്സപ്പെടുത്തുന്നു | 3-28 |
| 55 | ചെലവ് രേഖകൾ ഹാജരാക്കിയില്ല ₹2 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-29 |
| 56 | അഡ്ജസ്റ്റ് ചെയ്യാത്ത മുൻകൂറുകൾ ₹ 2,60,000/-ചെലവ് തടസ്സപ്പെടുത്തുന്നു.പലിശയായ ₹58,322 സഹിതം തിരിച്ച് പിടിക്കേണ്ടതാണ്. | 3-30 |
| 57 | മരാമത്ത് വേല - എഗ്രിമെന്റ് വൈകി - ₹ 27088 പിഴ ഈടാക്കിയില്ല. | 3-31 |
| 58 | പേവർ ബ്ലോക്ക് വിരിക്കൽ - അധിക നിരക്കനുവദിച്ചതുമൂലമുള്ള നഷ്ടം ₹7,973 കരാറുകാരിൽ നിന്നും ഈടാക്കണം. | 3-32 |
| ഭാഗം 4 - പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 59 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 60 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 61 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 62 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 63 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 64 | ഓഡിറ്റ് റിക്കവറി | 4-6 |
| 65 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 66 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 67 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 68 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | 4-10 |
| 69 | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം1 |
| 70 | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക 2015-16 | അനുബന്ധം2 |

| 71 | വരവ് ചെലവ് പത്രിക 2015-16 | അനുബന്ധം3 |
|---|---|---|

.

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26-03-2015 തിയതിയിലെ 1-)o നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് 39,81,00,928 രൂപയും ചെലവ് 41,25,65,628 രൂപയുമാണ്. യഥാർത്ഥ വരവും ബജറ്റിലെ പ്രതീക്ഷിത വരവും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം | ഇനം | Budget estimate for 2015-16 | 2015-16 AFS -ലെ Receipt & payment statement പ്രകാരം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|---|
| 1. | വസ്തുനികുതി | 2,27,00,000 | 1,62,82,663 | 64,17,337 | -28.27 |
| 2. | തൊഴിൽ നികുതി | 2,00,00,000 | 1,46,64,636 | 53,35,364 | -26.68 |
| 3. | ഭൂമി & കെട്ടിടം വാടക | 1,28,00,000 | 1,08,75,708 | 19,24,292 | -15.03 |
| 4. | വിനോദനികുതി | 92,00,000 | 1,00,07,089 | 8,07,089 | +8.77 |
| 5. | ഫോം വിൽപ്പന (tenders from & others) | 3,60,000 | 2,68,377 | 91,623 | -25.45 |
| 6. | ചന്തലേലം | 36,00,000 | 36,83,620 | 83,620 | +2.32 |
| 7. | പേവാർഡ് സർവ്വീസ് ചാർജ്/ക്രിസ്തു/ ഭൂമി വില്പന | 3,00,00,000 | ഇല്ല | 3,00,00,000 | -100 |
| 8. | ബസ്സ്റ്റാന്റുകൾ | 16,00,000 | 14,47,750 | 1,52,250 | - 9.52 |
| 9. | ബാങ്ക് ലോൺ | 11,50,00,000 | ഇല്ല | 11,50,00,000 | -100 |
| 10. | കാർട്ട് സ്റ്റാന്റുകൾ (ലോറി, ടാക്സി, മറ്റു വാഹനങ്ങൾ) | 12,00,000 | 57,875 | 11,42,125 | - 95.18 |
| 11. | ശിവരാത്രി | 1,00,00,000 | 78,17,309 | 21,82,691 | - 21.83 |
| 12. | കെട്ടിട നിർമ്മാണം | 12,00,000 | 11,32,594 | 67,406 | -5.61 |

| | | | | | |
|---|---|---|---|---|---|
| 13. | ഡി & ഒ ലൈസൻസ് | 10,00,000 | 3,06,306 | 6,93,694 | - 69.37 |
| | ആകെ | 22,86,60,000 | 6,65,43,927 | 16,21,16,073 | -70.90 |

മേൽ ഇനങ്ങളിലെ വരവിൽ മാത്രം 70% -ത്തോളം കുറവ് കാണുന്നു. ആകെ പ്രതീക്ഷിത വരവിനേക്കാൾ പകുതിയിൽ താഴെ മാത്രമാണ് യഥാർത്ഥ വരവ്. 11.50 കോടിയോളം രൂപ ബാങ്ക് ലോൺ ഇനത്തിൽ വരവായി ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലോൺ ലഭ്യമാക്കാനുള്ള യാതൊരു ശ്രമവും നടത്തിയതായി രേഖകളില്ല. ബജറ്റ് പെരുപ്പിച്ച് കാണിക്കുന്നത് സുതാര്യ ജനാധിപത്യ ഭരണത്തിന് ചേർന്നതല്ലെന്ന് അഭിപ്രായപ്പെടുന്നു. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 293(3) പ്രകാരം ബജറ്റ് വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവീകവും ആയിരിക്കേണ്ടതും മുൻ വർഷത്തെ യാഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്.

.

## 1-2 വാർഷിക ധനകാര്യപത്രിക.

വാർഷിക ധനകാര്യപത്രിക കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 11 പ്രകാരമുള്ള സമയപരിധിയായ ജൂലൈ 31 ന് മുൻപ് ഓഡിറ്റിനായി ലഭ്യമാക്കിയിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 12-07-2016 | 29-08-2016 | 26-12-2016 |

.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | 25-08-2016 , 30-12-2016 |

.

## 1-4 സാമ്പത്തിക വിശകലനം

| | | 2014-15 | 2015-16 |
|---|---|---|---|
| മുന്നിരിപ്പ് | - | 3,85,82,662.95 | 4,89,82,801.95 |
| വരവ് | - | 17,27,40,439 | 19,06,86,543 |
| ആകെ | - | 21,13,23,101.95 | 23,96,69,344.95 |
| ചെലവ് | - | 16,23,40,300 | 18,92,67,251 |
| നീക്കിയിരിപ്പ് | - | 4,89,82,801.95 | 5,04,02,093.95 |

കഴിഞ്ഞവർഷത്തെ വരവിനേക്കാൾ 10.39 ശതമാനം വരവ് ഈ വർഷം വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ

വരവിന്റെ 93.98 ശതമാനം ചെലവ്വ ചെയ്യപ്പോൾ ഈ വർഷത്തെ വരവിന്റെ 99.26 ശതമാനവും ചെലവുചെയ്യാൻ നഗരസഭയ്ക്ക് സാധിച്ചിട്ടുണ്ട്.

.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 11,73,069 | 33,05,625 | 1,00,75,581 | 1,45,54275 | 1,45,54275 | ഇല്ല | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 17,91,386 | 31,10,160 | ഇല്ല | 49,01,546 | 31,47,660 | 17,53,886 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 7,81,784 | 73,89,164 | ഇല്ല | 81,70,948 | 81,70,948 | ഇല്ല | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1,01,136 | 34,82,001 | ഇല്ല | 35,83,137 | 35,83,137 | ഇല്ല | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 14,27,748 | 1,03,89,770 | ഇല്ല | 1,18,17,518 | 64,61,759 | 53,55,759 | 0 | 100 |
| KLGSDP | 29,65,936 | 27,71,397 | ഇല്ല | 57,37,333 | 27,71,397 | 29,65,936 | 0 | 100 |
| ബി ഫണ്ട് | - | 1,15,96,984 | ഇല്ല | 1,15,96,984 | 1,15,96,984 | ഇല്ല | - | 100 |
| UIDSSMT | 7,97,715 | 32,228 | ഇല്ല | 8,29,943 | ഇല്ല | ഇല്ല | 8,29,943 | 0 |
| ശുചിത്വമിഷൻ | 44,55,881 | 1,80,017 | ഇല്ല | 46,35,898 | ഇല്ല | ഇല്ല | 46,35,898 | 0 |
| സാക്ഷരത | 8,542 | ഇല്ല | ഇല്ല | 8,542 | ഇല്ല | ഇല്ല | 8,542 | 0 |
| അറവുശാല ഗ്രാന്റ് | 67,82,094 | 2,73,994 | ഇല്ല | 70,56,090 | ഇല്ല | ഇല്ല | 70,56,090 | 0 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 15,84,957 | 9,53,898 | ഇല്ല | 25,38,885 | 1,10,768 | ഇല്ല | 24,28,117 | 4.36 |
| IHSDP | 6,51,917 | 25,706 | ഇല്ല | 6,77,623 | 35,000 | ഇല്ല | 6,42,623 | 5.17 |
| SJSRY | 5,00,000 | ഇല്ല | ഇല്ല | 5,00,000 | ഇല്ല | ഇല്ല | 5,00,000 | 0 |

സർക്കാരിന്റെ നിർദ്ദേശപ്രകാരം പ്ലാൻഫണ്ട് ജനറൽ, പ്രത്യേക ഘടകപദ്ധതി, സംരക്ഷണ ഗ്രാന്റ് (റോഡ്, നോൺ റോഡ്) 13 -ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, KLGSDP എന്നീ ഇനങ്ങളുടെ ബാലൻസ് പൂജ്യം ആക്കി മാറ്റുകയും മുനിസിപ്പൽ ഫണ്ടുകളിലെ തുക മറ്റ് ഫണ്ടുകളിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും സാമ്പത്തിക വർഷാവസാനം ബാക്കിയുണ്ടായിരുന്നത് ട്രഷറി പിൻവലിക്കുകയും ചെയ്തു. ഇനിമുതൽ ബി ഫണ്ട് ക്ഷേമപെൻഷനുകളുടെ ഹെഡ്ഡ് പോലെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നായിരിക്കും മേൽ ഇനങ്ങളുടെ ചെലവുകൾ നടത്തുന്നത്.

.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| | അംഗീകാരം | പദ്ധതി | നടപ്പാ | പദ്ധതി | ഭാഗിക | നടപ്പാ | പൂർത്തീ |
|---|---|---|---|---|---|---|---|

| | ലഭിച്ചത് (എണ്ണം) | അടങ്കൽ | ക്കിയത് (എണ്ണം) | ചെലവ് | മായി നടപ്പാക്കിയത് (എണ്ണം) | ക്കാത്തവ (എണ്ണം) | കരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2014-15 | 147 | 5,30,29,307 | 131 | 4,31,61,945 | 1 | 15 | 89.11 |
| 2015-16 | 139 | 5,22,18,382 | 123 | 4,42,32,243 | ഇല്ല | 16 | 88.48 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

.

പൊതുവിഭാഗം

വികസനഫണ്ട് ചെലവ് പത്രിക പ്രകാരം പൊതുവിഭാഗം സാധാരണ വിഹിതം, ധനകാര്യകമ്മീഷൻ, വേൾഡ് ബാങ്ക് ഉൾപ്പെടെ ആകെ പദ്ധതി വിഹിതം തുക വരവ് 2,20,28,914 രൂപയും ചെലവ് 1,93,30,498 രൂപയുമാണ് പദ്ധതി വിഹിതത്തിൽ 87.75 % ചെലവഴിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണ മാർഗ്ഗ രേഖ സ.ഉ.(എം.എസ്.) 362/2013 തീയതി 16.11.2013 പ്രകാരം വനിത ഘടക പദ്ധതി, (10%) ,കുട്ടികൾ , വൃദ്ധർ, ഭിന്നശേഷിയുള്ളവർ ഉൾപ്പെടുന്ന പദ്ധതി (5%) ഇവയ്ക്ക് ചെലവഴിക്കേണ്ട തുക ചെലവഴിച്ചിട്ടുണ്ട്.

.

പ്രത്യേക ഘടക പദ്ധതി(SCP )

പ്രത്യേക ഘടക പദ്ധതി വരവ് 46,98,386 രൂപയും ചെലവ് 31,47,680 രൂപയുമാണ് 67% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇതിൽ 460 രൂപ മാത്രമാണ് ഉൽപാദന മേഖലയിൽ ചെലവഴിച്ചിട്ടുള്ളത്. മേഖലാ വിഭജനത്തിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ട വനിത ഘടക പദ്ധതിയ്ക്കുള്ള 10% തുക കുട്ടികൾ, വൃദ്ധർ ഭിന്നശേഷിയുള്ളവർക്ക് ചെലവഴിക്കേണ്ട 5% തുക ഇവ ചെലവഴിക്കാതെ സേവനമേഖലയിൽ മാത്രമായാണ് പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള തുക ചെലവഴിച്ചിട്ടുള്ളത്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 44.15 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഒരു സ്വകാര്യ സ്ഥാപനത്തിൽ നിന്ന് കേബിൾ വലിക്കുന്നതിന്റെ വാടകയും (1,52,99,741രൂപ) കൊച്ചി മെട്രോയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കപ്പെട്ട ഭൂമിയുടെ നഷ്ടപരിഹാരം ലഭിച്ചതുമാണ് (1,08,06,303 രൂപ) തനതുവരുമാനത്തിൽ ഇപ്രകാരം വർദ്ധനവുണ്ടാവാനുള്ള പ്രധാന കാരണം.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4,63,12,918 | 5,10,91,079 | 47,78,161 | +10.32 |
| നികുതിയേതര വരവുകൾ | 3,30,26,068 | 6,30,26,862 | 3,00,00,794 | +90.83 |
| മറ്റുവരവുകൾ | 9597 | 2,66,667 | 2,57,070 | +2678.65 |

| | | | | |
|---|---|---|---|---|
| ആകെ | 7,93,48,583 | 11,43,84,608 | 3,50,36,025 | + 44.15 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. തൊട്ടുമുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ ഗുണഭോക്താക്കൾക്ക് കൂടുതൽ തുക വിതരണം ചെയ്യാൻ നഗരസഭയ്ക്ക് സാധിച്ചിട്ടുണ്ട്.

| | 2014-15 | | 2015-16 | |
|---|---|---|---|---|
| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 12,600 | 11 | 5,880 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 95,865 | 14 | 1,34,580 | 15 |
| വിധവാപെൻഷൻ | 35,30,306 | 433 | 46,89,760 | 421 |
| വാർദ്ധക്യകാലപെൻഷൻ | 49,26,458 | 692 | 43,88,280 | 622 |
| വികലാംഗപെൻഷൻ | 7,34,033 | 110 | 10,37,640 | 91 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 3,43,350 | 46 | 4,44,960 | 41 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60,000 | 2 | 1,80,000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.അതാതു സമയത്തെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-10 അഭ്യന്തര നിയന്ത്രണം

- നഗരസഭയുടെ മാലിന്യനീക്കവുമായി ബന്ധപ്പെട്ട് ഈ സാമ്പത്തിക വർഷവും ക്രമക്കേടുകൾ ഉണ്ട്. സാനിട്ടേഷൻ ടാക്സ് ഈടാക്കുന്നതിന് യാതൊരു മാനദണ്ഡമോ കൃത്യമായ കണക്കുകളോ കാണുന്നില്ല. I.H.S.D.P പദ്ധതി നടത്തിപ്പിലും അപാകതകൾ ദൃശ്യമാണ്. ഒരു സ്വാകാര്യ സ്ഥാപനത്തിന് കേബിൾ വലിയ്ക്കാൻ അനുമതി കൊടുത്തതിൽ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. നഗരസഭ കെട്ടിടങ്ങളിൽ അനധികൃത കച്ചവടം കീഴ്വാടകയ്ക്ക് കൊടുക്കലും ഉണ്ടാകുന്നു എന്നതിന് വ്യക്തമായ തെളിവുകൾ ഉണ്ട്. മെട്രോ പദ്ധതിയ്ക്കായി വിട്ടു നൽകിയ സ്ഥലത്തെ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു. ശിവരാത്രിയോടനുബന്ധിച്ചുള്ള വ്യാപാരമേളയിൽ നിന്നും വിനോദനികുതി ഈടാക്കുന്നില്ല. വാറ്റ്, ഇൻകം ടാക്സ്, ലക്ഷ്വറി ടാക്സ്, സർവ്വീസ് ടാക്സ് എന്നിവയുടെ അക്കൗണ്ടിംഗ് സുതാര്യമല്ല.
- നഗരസഭയിൽ ലഭിക്കുന്ന ഫയലുകൾ നിരീക്ഷിക്കാനുള്ള സംവിധാനം നിലവിൽ കാര്യക്ഷമമല്ല. ജീവനക്കാരിൽ വലിയൊരു വിഭാഗം തൻപതിവേട് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. സെക്രട്ടറി അടക്കമുള്ള

മേലുദ്യോഗസ്ഥർ ഈ കാര്യത്തിൽ ശ്രദ്ധിക്കുന്നുമില്ല. നഗരസഭയിലെത്തുന്ന തപാലിൽ കൃത്യസമയത്ത് തീരുമാനമെടുക്കുന്നുണ്ടെന്ന് നിരീക്ഷിക്കാനുള്ള സംവിധാനം നഗരസഭയിൽ നിബന്ധമായും ഉണ്ടാകണം. ആയതിന് ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററും തൻപതിവേട്ടും കൃത്യമായി തയ്യാറാക്കപ്പെടണം. 2016 ജനവരി -1 മുതൽ മേൽ രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

- സ്യൂട്ട് സെക്ഷൻ, ഓഡിറ്റ് സെക്ഷൻ എന്നിവ ഇപ്പോൾ നഗരസഭയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്നത് ശ്ലാഘനീയമാണ്.
- 2015-16 വർഷത്തെ ട്രേഡേഴ്സിന്റെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല. 7 വാർഡുകളുടെ വിവരം മാത്രമാണ് ഇതിൽ ചേർത്തിരിക്കുന്നത്. കച്ചവടക്കാരുടെ തൊഴിൽനികുതി നിർണ്ണയിച്ചിരിക്കുന്നത് അവർ നൽകേണ്ട അർദ്ധവാർഷിക വരുമാന/വിറ്റുവരവ് പത്രികകളുടെ അടിസ്ഥാനത്തിലുമല്ല. നഗരസഭാ ജീവനക്കാരുടെ തൊഴിൽനികുതിയായി ശമ്പളബില്ലിൽ നിന്നും കുറവ് ചെയ്യുന്ന തുക 110100200 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ വരവായി ചേർക്കേണ്ടതാണ്. അർദ്ധവാർഷിക തൊഴിൽനികുതി ഈടാക്കുന്ന മാസങ്ങളിലെ ശമ്പളബില്ലിനോടൊപ്പം നഗരസഭാ ഫണ്ടിൽ തുക അടച്ചതിന്റെ രസീത് കൂടെ സൂക്ഷിക്കേണ്ടതാണ്. മുൻ റിപ്പോർട്ടിലെ നിർദ്ദേശം പരിഗണിച്ച് വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് വിറ്റുവരവ് റിട്ടേണുകൾ ലഭ്യമാക്കുന്ന കാര്യത്തിലും വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുക്കുന്ന കാര്യത്തിലും റവന്യൂ വിഭാഗം പ്രത്യേകിച്ച് റവന്യൂ ഇൻസ്പെക്ടർമാർ പുലർത്തുന്ന ശ്രദ്ധ്ക്കാന്തി അഭിനന്ദനാർഹമാണ്.
- ക്ഷേമപെൻഷനുകളുടെ അപേക്ഷകളോടൊപ്പം വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാനസർട്ടിഫിക്കറ്റ് മിക്ക അപേക്ഷകരും ഹാജരാക്കുന്നില്ല. ഹാജരാക്കുന്ന റേഷൻ കാർഡിലെ വരുമാനം 2008 വർഷത്തേതിലേതാണ്. അന്വേഷണോദ്യോഗസ്ഥന്റെയോ കൗൺസിലറുടെയോ സാക്ഷ്യപത്രം മാത്രമാണ് ഇത്തരം അപേക്ഷകളിൽ ഉള്ളൂ. വില്ലേജ് ഓഫീസർ നൽകുന്ന വരുമാനസർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ്ബുക്കിന്റെ കോപ്പി എന്നിവ അപേക്ഷയോടൊപ്പം വയ്കേണ്ടതാണ്.
- 2015-16 -ൽ എല്ലാ നഗരസഭാ ജീവനക്കാരും ജി.ഐ.എസ്., എസ്.എൽ.ഐ. മുതലായ നിർബന്ധിത പോളിസികളിൽ അംഗത്വമെടുക്കുന്നതായി കാണുന്നില്ല.
- ഡി ആന്റ് ഒ ലൈൻസിനുള്ള മിക്ക അപേക്ഷകളിലും പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. അപേക്ഷ തീയതി, സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങളുടെ നിർമ്മാണ രീതി- യന്ത്രങ്ങളുപയോഗിച്ചാണെങ്കിൽ അവയുടെ കുതിരശക്തി, സംഭരണത്തിന്റെ അളവ്, തൊഴിലാളികളുടെ എണ്ണം, വിൽപ്പനയുടെ സ്വഭാവം (മൊത്തമായോ ചില്ലറയായോ) എന്നീ കാര്യങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തി കാണുന്നില്ല. ഇത്തരം വസ്തുതകൾ അപേക്ഷകളിൽ നിർബന്ധമായും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഹെൽത്ത് ഇൻസ്പെക്ടർമാർ ഉറപ്പ് വരുത്തേണ്ടതും അതിനനുസൃതമായി നിരക്കുകൾ നിശ്ചയിക്കേണ്ടതുമാണ്.
- നിർവ്വഹണോദ്യോഗസ്ഥർക്ക് സർക്കാർ ഉത്തരവുകൾ, പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ നൽകാത്തതിനാൽ പ്രോജക്ടുകളുടെ നടത്തിപ്പ് കാര്യക്ഷമമല്ല. ജി.ഒ.പി.

നം. 177/2006/ധനം 12.04.2006 ഖണ്ഡിക 18.3 പ്രകാരം നിർവ്വഹണോദ്യോഗസ്ഥർ T.R.7A ക്യാഷ് ബുക്കിൽ ഡിപ്പാർട്ടുമെന്റ് ഫണ്ടിന്റേയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശസ്വയംഭരണ വകുപ്പ് ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം - ബി - IV) തയ്യാറാക്കി സൂക്ഷിക്കണം. 2015-16 -ൽ ആലുവ ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടെ ക്യാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ലൈബ്രറി പുസ്തകങ്ങൾ വാങ്ങിയതിന് ന്യായമായ ഡിസ്കൗണ്ട് ലഭിച്ചില്ല.

- 2015-16 -ൽ 20 അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എഞ്ചിനീയറിംഗ് സെക്ഷനിൽ നിന്നും ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് നഗരസഭ സെക്രട്ടറി നൽകിയ മറുപടിയിൽ ICDS സൂപ്പർവൈസർ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിട്ടില്ലെന്ന വിശദീകരണമാണുള്ളത്. നഗരസഭാ സെക്രട്ടറിയും എഞ്ചിനീയറിംഗ് വിഭാഗവും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് സംബന്ധിച്ച് നിർദ്ദേശം മുൻകൂട്ടി ICDS സൂപ്പർവൈസർക്ക് നൽകേണ്ടതായിരുന്നു.
- അനധികൃത കെട്ടിട നിർമ്മാണം, The Kerala Building (Regularisation of unauthorised construction) Rules , 2014 പ്രകാരം അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചിട്ടില്ല. അനധികൃത കെട്ടിടം നിർമ്മാണം സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ചേർത്ത രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
- 2011 -ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള വസ്തു നികുതി നിർണ്ണയ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കൂടാതെ വസ്തുനികുതിയുടെ ഡിമാന്റ് കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യമായ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല.
- ഉറവിട മാലിന്യ സംസ്കരണത്തിനും ആധുനിക രീതിയിൽ നവീകരിച്ച അറവ്ശാല നിർമ്മാണത്തിനുമായി നിരവധി വർഷങ്ങൾക്ക് മുൻപ് ലഭിച്ച ഫണ്ട് വിനിയോഗിച്ചിട്ടില്ല.
- പ്രത്യക്ഷത്തിൽ തന്നെ അടിയന്തിര സ്വഭാവമില്ലാത്ത പല വിഷയങ്ങൾക്കും നഗരസഭ ചെയർപേഴ്സൺ മുൻകൂർ അനുമതി നൽകുന്നതായി കാണുന്നുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമം 1994 -ലെ സെക്ഷൻ 15(4) പ്രകാരം ചെയർപേഴ്സന് അടിയന്തിര സാഹചര്യത്തിൽ, കൗൺസിലിന്റെ അനുമതി ആവശ്യമുള്ളതും തന്റെ അഭിപ്രായത്തിൽ പൊതുജനങ്ങളുടെ രക്ഷയ്ക്ക് ഉടനടി നടത്തുകയോ ചെയ്യുകയോ ചെയ്യുന്നത് ആവശ്യമായിട്ടുള്ളതുമായ കാര്യങ്ങൾക്ക് മുൻകൂർ അനുമതി നൽകാവുന്നതാണ്. 'അടിയന്തിര സ്വഭാവവും' 'പൊതുജനങ്ങളുടെ രക്ഷ' യുമാണ് ഈ നിർവ്വചനത്തിലെ മുഖ്യവാചകങ്ങൾ. ഇതു സംബന്ധിച്ച് തീരുമാനമെടുക്കാനുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ചെയർപേഴ്സനുണ്ട് എങ്കിലും നഗരസഭ കൗൺസിൽ എന്ന ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട സഭയുടെ അധികാരത്തിന് ദോഷമുണ്ടാകുന്ന രീതിയിലേക്ക് മാറുന്നത് ഭൂഷണമല്ല. മാത്രമല്ല കൗൺസിലിന്റെ യോഗങ്ങൾ നോട്ടീസ് നൽകി എപ്പോൾ വേണമെങ്കിലും വിളിച്ചുകൂട്ടാനുള്ള അധികാരം കേരള മുനിസിപ്പാലിറ്റി ആക്ട് 1994 സെക്ഷൻ 14 (എ), കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗ നടപടി ക്രമം) ചട്ടങ്ങൾ 1995 ചട്ടം 5 എന്നിവ പ്രകാരം ചെയർപേഴ്സനുണ്ട്. നഗരസഭ

കൗൺസിലിൽ ഈ വിഷയത്തിൽ ഒന്നിലധികം തവണ പ്രതിഷേധം ഉയർത്തിയതായി കാണുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.06.2016 മുതൽ 17.06.2016 വരെ | 2013-ii, 2014-15, 2015-16 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.06.2010 മുതൽ 14.07.2010 വരെ | 2008-09, 2009-10 | 09-07-2010 |

## 1-12 വാർഡ് സഭ

കേരള മുനിസിപ്പാലിറ്റി ആക്ട് -1994 -ൽ രേഖപ്പെടുത്തിയിരിക്കുന്നതിന് യോജിച്ച രീതിയിലല്ല ആലുവ നഗരസഭയിലെ വാർഡ് സഭകളുടെ പ്രവർത്തനം. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | നഗരസഭ ചെയ്യേണ്ടത് | നഗരസഭ ചെയ്തത് |
|---|---|---|
| 1. | വാർഡ് സഭ കുറഞ്ഞപക്ഷം മൂന്നു മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ് (സെക്ഷൻ 42 (എ)(3)) | നഗരസഭയിലെ 26 വാർഡുകളിലും 2015-16 സാമ്പത്തിക വർഷം ആകെ 2 വാർഡ് സഭകളാണ് നടന്നത്. |
| 2. | വാർഡ് സഭയുടെ കൺവീനറായ കൗൺസിലർ തന്റെ വാർഡിനെ സംബന്ധിച്ച മുൻ വർഷത്തെ വികസനപരിപാടികൾ, നടപ്പു വർഷം ഏറ്റെടുക്കാനുദ്ദേശിക്കുന്ന വികസനപരിപാടികൾ, അതിന് വേണ്ടി വരുന്ന ചെലവ് സംബന്ധിച്ച ഒരു റിപ്പോർട്ട് മുൻ വർഷത്തെ വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റ് , ഭരണ നിർവ്വഹണത്തിന്റെ ഒരു റിപ്പോർട്ട് എന്നിവ വാർഡ് സഭ മുമ്പാകെ വയ്ക്കേണ്ടതാണ്. (സെക്ഷൻ 42 (എ) 6) | ഒരൊറ്റ വാർഡിലും ഇങ്ങനെ ചെയ്തതായി കാണുന്നില്ല. |
| 3. | സർക്കാരിൽ നിന്ന് ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നീ സഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത വാർഡ് സഭ പരിശോധിക്കേണ്ടതാണ്. (സെക്ഷൻ 45(1)(കെ)) | പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കളുടെയും, അപേക്ഷ നിരസിക്കപ്പെട്ട ഗുണഭോക്താക്കളുടെയും ലിസ്റ്റ് വാർഡ് സഭയിൽ അവതരിപ്പിക്കുന്നില്ല. |
| 4. | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെയും പെർഫോർമെൻസ് ഓഡിറ്റിന്റെയും ഓഡിറ്റ് റിപ്പോർട്ടുകൾ വാർഡ് സഭയിൽ ചർച്ച ചെയ്യേണ്ടതും വാർഡ് സഭയുടെ അഭിപ്രായങ്ങളും ശുപാർശകളും കൗൺസിലിനെ അറിയിക്കേണ്ടതുമാണ്. (സെക്ഷൻ 45(3) ) | ഒരൊറ്റ വാർഡിലും ഇങ്ങനെ ചെയ്തതായി കാണുന്നില്ല. |

മറ്റ് അപാകതകൾ

- വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക എന്ന പ്രവൃത്തി മാത്രമാണ് പ്രധാനമായും

വാർഡ് സഭകൾ നിർവ്വഹിച്ച് വരുന്നത്.

- ജനങ്ങളുടെ പങ്കാളിത്തം ശുഷ്കമാണ്. 2015-16 -ലെ ഏറ്റവും കൂടുതൽ ജനങ്ങൾ പങ്കെടുത്ത വാർഡ്സഭ 21 -ാം വാർഡിന്റെ 13.02.2016 -ൽ നടന്ന വാർഡ്സഭയാണ്. ആയതിൽ പങ്കെടുത്തത് 101 പേരാണ് (14.66%). പ്രസ്തുത വാർഡ് സഭയിൽപ്പോലും 85 ശതമാനത്തോളം ആളുകൾ പങ്കെടുത്തില്ല എന്നത് വാർഡ്സഭകളുടെ ജനപങ്കാളിത്തത്തിന്റെ ദയനീയ അവസ്ഥയാണ് ചൂണ്ടിക്കാണിക്കുന്നത്.
- വാർഡ് സഭയിൽ ഉന്നയിക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങൾക്ക് ആ വാർഡ് സഭയിലോ തൊട്ടടുത്ത വാർഡ് സഭയിലോ മറുപടി നൽകുന്നതായി കാണുന്നില്ല. കൗൺസിലിൽപ്പോലും ഇത്തരം പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതായി രേഖകളിൽ കാണുന്നില്ല.
- സെക്ഷൻ 46(2) പ്രകാരം വാർഡ് സഭയ്ക്ക് ഉള്ള അവകാശങ്ങൾ നഗരസഭ പ്രദേശത്തെ ജനങ്ങൾ വിനിയോഗിക്കുന്നതായി കാണുന്നില്ല.
- വാർഡ് സഭകളിൽ പങ്കെടുക്കുന്ന ജനങ്ങൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്കും അവയുടെ പരിഹാര മാർഗ്ഗങ്ങൾക്കും അതോട് ബന്ധപ്പെട്ട ചർച്ചകൾക്കുമായിരിക്കണം വാർഡ് സഭകളിൽ മുന്തിയ പരിഗണന നൽകേണ്ടത്.
- മിനുട്സിൽ ഇത്തരം കാര്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തണം. വാർഡ് സഭ മിനിറ്റ്സ് എഴുതി തയ്യാറാക്കുന്നതിൽ കോ-ഓഡിനേറ്റർമാർക്ക് കൃത്യമായ നിർദ്ദേശം നൽകേണ്ടതാണ്. ചില വാർഡ്സഭ മിനുട്സുകളിൽ കൺവീനറായ കൗൺസിലർ ഒപ്പിട്ടതായി കാണുന്നില്ല.

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭ എന്ന പ്രാദേശിക സർക്കാരിന്റെ ഏറ്റവും ശക്തിമത്തായ ഘടകമാണ് വാർഡ് സഭ എന്ന് ഓർമ്മിപ്പിക്കുന്നു.

## 1-13 നികുതിപിരിവും കുടിശ്ശികയും

നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗങ്ങളായ വസ്തുനികുതി, തൊഴിൽനികുതി, വാടക എന്നീ ഇനങ്ങളിലെ നികുതി പിരിവ് കാര്യക്ഷമമല്ല. ആയതിനാൽ കുടിശ്ശിക വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നം. | ഇനം | പിരിച്ചെടുത്ത ശതമാനം |
|---|---|---|
| 1. | വസ്തുനികുതി (തൻവർഷം) | 76.14 |
| 2. | വസ്തുനികുതി (കുടിശ്ശിക) | 38.49 |
| 3. | തൊഴിൽ നികുതി (കുടിശ്ശിക) | 4.64 |
| 4 | വാടക (തൻവർഷം) | 86.16 |

| വർഷം | കുടിശ്ശിക | ആകെവരവിന്റെ ശതമാനം |
|---|---|---|
| 2014-15 | 5,46,95,288 | 31.66 |
| 2015-16 | 6,33,99,815 | 33.25 |

നികുതികളും ഫീസുകളും യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചില്ലെങ്കിൽ ആയത് കാലഹരണപ്പെട്ട വരവായി ഓഡിറ്റിൽ വീക്ഷിക്കുന്നതും ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കപ്പെടുന്നതുമാണ് എന്ന് ഓർമ്മിപ്പിക്കുന്നു.

## 1-14 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് എൻക്വയറി വഴിയും കത്തുകൾ വഴിയും നഗരസഭ അനധികൃതമായി ഇളവ് ചെയ്ത തുകയെക്കുറിച്ചും അധികമായി കൈപ്പറ്റിയ തുകയെക്കുറിച്ചും നഗരസഭയെ അറിയിക്കുകയുണ്ടായി ഇതിൻപ്രകാരം ആകെ 3,16,613 രൂപ നഗരസഭ തിരിച്ച് പിടിച്ചിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | തുക | റിമാർക്സ് |
|---|---|---|---|
| 1. | കുമാരി സന്ധ്യ.ടി.ആർ | 720 | അധികമായി കൈപ്പറ്റിയ തൊഴിൽരഹിത വേതനം തിരികെ അടച്ചു. (Rt. 01/11601110744 /16-12-2016) |
| 2. | ശ്രീമതി സുഷമ വിജയൻ | 893 | ഡാറ്റാ എൻട്രി നടത്തിയ ഇനത്തിൽ അധികമായി കൈപ്പറ്റിയ തുക തിരികെ അടച്ചു. (Rt.01/11601111526/06-01-2017) |
| 3. | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | 3,15,000 | നഗരസഭ ഇളവ് ചെയ്ത റോഡ് കട്ടിംഗ് ചാർജ്ജ് തിരിച്ചടച്ചു. (Rt.01/11601400111/30-12-2016) |

## 1-15 കൗൺസിൽ തീരുമാനം നടപ്പിലാകുന്നില്ല.

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 29 പ്രകാരം മുനിസിപ്പാലിറ്റിയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമാണ്. കൗൺസിൽ പാസ്സാക്കുന്ന പ്രമേയങ്ങളും എടുക്കുന്ന തീരുമാനങ്ങളും നടപ്പിലാക്കേണ്ട ചുമതല സെക്രട്ടറിക്കും കൗൺസിൽ ചുമതലപ്പെടുത്തുന്ന കമ്മിറ്റിക്കും ആയിരിക്കുമെന്ന് പ്രസ്തുത നിയമത്തിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കൗൺസിൽ എടുത്ത തീരുമാനങ്ങളിൽ തുടർനടപടി സ്വീകരിക്കാത്തത് വ്യക്തമാക്കുന്ന ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1. തീരുമാനം 1 തീയതി 12.05.2015
   ഫയൽ E1-2915/15

   തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ആധുനിക രീതിയിലുള്ള ഹൈമാസ്റ്റ് ലൈറ്റുകളും അതിനോടനുബന്ധിച്ച് പരസ്യബോർഡുകളും സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവ് GO(Ms) 363/13 തീയതി 19.11.2013 പ്രകാരം സർക്കാർ അനുമതി നൽകി. KURDFC യാണ് നോഡൽ ഏജൻസി. 8 വർഷത്തെ കാലാവധിയിൽ പരസ്യവരുമാനത്തിൽ നിന്ന് ചെലവ് കണ്ടെത്തണം. ഇത് നടപ്പാക്കാൻ കൗൺസിൽ തീരുമാനിച്ചു. തുടർനടപടി ഇല്ല.

2. തീരുമാനം 14 തീയതി 12.05.2015
   ഫയൽ E4-364/15

   മലിനജലം ട്രീറ്റ് ചെയ്യാതെ പെരിയാറിലേക്ക് ഒഴുക്കുന്നതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ കമ്മീഷൻ നഗരസഭക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ നിർദ്ദേശിച്ചതിനാൽ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും പുതിയ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനും തീരുമാനിച്ചു. തുടർനടപടി ഇല്ല.

3. തീരുമാനം 25 തീയതി 02.03.2015
   ഫയൽ E1-3227/14

വാർഡ് 9 ൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണം. നടപടി ഇല്ല.

4. തീരുമാനം 22 തീയതി 27.02.2016
ഫയൽ E4-216/16

ചുർണ്ണിക്കരയിലുള്ള പൊതുസ്മശാനത്തിൽ ആധുനിക ഗ്യാസ് ശ്മശാനം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കാൻ നിർദ്ദേശം നൽകി. തുടർനടപടി സ്വീകരിച്ചതായി കാണുന്നില്ല.

5. തീരുമാനം 39 തീയതി 27.02.2016

നഗരസഭാ പാർക്കിന്റെ അവസ്ഥ ശോചനീയമായതിനാൽ ഇതിന്റെ നടത്തിപ്പ് സന്നദ്ധ സംഘടനകൾ/ക്ലബ്ബുകൾ എന്നിവയെ ഏൽപ്പിക്കുന്നതിന് നിയമോപദേശം ലഭ്യമാക്കാനും ആവശ്യമായ വ്യവസ്ഥകൾ തയ്യാറാക്കാനും നിർദ്ദേശം നൽകി. -തുടർനടപടി സ്വീകരിച്ചതായി കാണുന്നില്ല.

കൗൺസിൽ അംഗീകരിച്ച പ്രമേയങ്ങളിലും എടുത്ത തീരുമാനങ്ങളിലും തുടർനടപടികൾ സ്വീകരിക്കുന്നുണ്ടോ, തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് കൗൺസിൽ പരിശോധന നടത്തേണ്ടതാണ്.

.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നഗരസഭയുടെ സാമ്പത്തിക സ്ഥിതി

നഗരസഭയുടെ 2015-16 -ലെ വാർഷിക കണക്ക് പ്രകാരം തൻ വർഷത്തെ വരവ് 19.06 കോടിയും ചെലവ് 18.92 കോടി രൂപയുമാണ്. വികസനഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് , ബി ഫണ്ട് , കേന്ദ്രഫണ്ട് തനത് ഫണ്ട് തുടങ്ങിയവ ഉൾപ്പെടെ ആകെ വരവും ചെലവുമാണിത്. അതേ സമയം നഗരസഭയുടെ തനത് വരുമാനവും പദ്ധതിയേതരചെലവുകളും താരതമ്യം ചെയ്യുമ്പോൾ നഗരസഭ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി കാണാം. തനത് വരുമാനത്തെ അപേക്ഷിച്ച് പദ്ധതിയേതര ചെലവുകൾ കൂടിയതാണിതിന് കാരണം. കഴിഞ്ഞ രണ്ട് വർഷത്തെ തനത് ഫണ്ട് വരവും പദ്ധതിയേതര ചെലവുകളും ചുവടെ കൊടുക്കുന്നു.

| വർഷം | തനത് ഫണ്ട് വരവ് | പദ്ധതിയേതര ചെലവ് (വാർഷിക കണക്ക് പ്രകാരം) |
|---|---|---|
| 2013-14 | 7,54,38,560 | 7,99,46,473 |
| 2014-15 | 7,93,48,583 | 8,18,26,698 |
| 2015-16 | 11,34,11,365 | 12,10,36,569 |

[2014-15 -നെ അപേക്ഷിച്ച് തനത് ഫണ്ട് വരുമാനത്തിൽ തൻവർഷം 44.15% വർദ്ധനവുണ്ടായിട്ടുണ്ട്. കേബിൾ വലിച്ചതിന് സ്വകാര്യ സ്ഥാപനം നൽകിയ വാടകയും കൊച്ചി മെട്രോ നിർമ്മാണവുമായി ബന്ധപ്പെട്ട് നഗരസഭയുടെ ഭൂമി മെട്രോ റെയിൽ കോർപ്പറേഷൻ ഏറ്റെടുത്തതിന് നഷ്ടപരിഹാരം നൽകിയതുമാണ് വരുമാന വർദ്ധനവിന് കാരണം. വരുമാന വർദ്ധനവിൽ ഉണ്ടായ കുതിച്ചുചാട്ടം ചെലവിലും ആവർത്തിച്ചതായി 2014-15, 2015-16 -ലെ പദ്ധതിയേതര ചെലവ് പരിശോധിച്ചാൽ വ്യക്തമാകും ]

മുകളിൽ കാണിച്ച പ്രകാരം തനത് വരുമാനത്തെ അപേക്ഷിച്ച് പദ്ധതിയേതര ചെലവ് കൂടുന്നത് നഗരസഭയുടെ കാര്യക്ഷമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. KURDFC -യിൽ നിന്നെടുത്ത ലോണിന്റെ തിരിച്ചടവ് വൈകിയതിനാൽ പിഴ പലിശ ഒടുക്കേണ്ടിവന്നത് (ഖണ്ഡിക 3-7), ഡെപ്പോസിറ്റ് തുക ശമ്പള പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി വകമാറ്റി ചെലവ് ചെയ്യേണ്ടിവന്നത്, നഗരസഭയുടെ ആസ്തി വിറ്റുകിട്ടിയ തുക മൂലധന നിക്ഷേപമാക്കി മാറ്റാതെ ശമ്പളം പെൻഷൻ ചെലവുകൾക്ക് വിനിയോഗിക്കേണ്ടി വന്നത് (ഖണ്ഡിക3-19), ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് തുക വൈകി ഒടുക്കുന്നത് മൂലം പിഴ കൊടുക്കേണ്ടിവരുന്നത്(ഖണ്ഡിക3-18), വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ കാലവിളംബം ഉണ്ടാകുന്നത്, എന്നിവ നഗരസഭ നേരിടുന്ന പ്രതിസന്ധിയുടെ ആഴം വ്യക്തമാക്കുന്നു. നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതി, വാടക, ഫീസ്, വരവുകൾ കൃത്യമായി വസൂലാക്കിയും കിട്ടാനുള്ള കുടിശ്ശിക പിരിച്ചും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ നഗരസഭ ശ്രദ്ധിക്കേണ്ടതാണ്.

.

## 2-2 വസ്തുനികുതിയുമായി ബന്ധപ്പെട്ട അപാകതകൾ- ₹9,518 വരവ് നഷ്ടം

ആലുവ നഗരസഭയുടെ പ്രധാനപ്പെട്ട തനത് വരുമാന സ്രോതസ്സാണ് വസ്തുനികുതി ഇനത്തിലുള്ള വരവ്. 2015-16 സാമ്പത്തിക വർഷത്തെ വസ്തുനികുതി ഇനത്തിലെ നഗരസഭ ഹാജരാക്കിയ രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ നിന്നും ഈ ഇനത്തിൽ ധാരാളം അപാകതകളും ക്രമക്കേടുകളും നടക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് വിശദമായി താഴെ ചേർക്കുന്നു.

<u>1. വസ്തുനികുതിയുടെ ഡാറ്റാ എൻട്രി പൂർത്തിയായിട്ടില്ല.</u>

1994 -ലാണ് നഗരസഭ ഇതിനുമുൻപ് വസ്തുനികുതി പുതുക്കിയത്. അതിനുശേഷം 2011 -ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തു നികുതി പുതുക്കുന്നതിന് സർക്കാർ ഉത്തരവിറക്കിയെങ്കിലും ആയത് ആലുവ നഗരസഭയിൽ ഇതുവരെ പൂർണ്ണമായിട്ടും നടപ്പിലാക്കാൻ സാധിച്ചില്ല. വസ്തുനികുതിക്ക് വേണ്ടിയുള്ള സഞ്ചയ സോഫ്റ്റ് വെയറിൽ നഗരസഭയിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ എല്ലാം ചേർക്കുന്ന നടപടി ഇതുവരെയും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഇതനുസരിച്ച് ആദ്യം 2013-14 വരെയുള്ള എല്ലാ രേഖകളും നഗരസഭയ്ക്ക് പുറത്തുള്ള ജീവനക്കാരെ ഉപയോഗിച്ച് സോഫ്റ്റ് വെയറിൽ ചേർത്തിരുന്നു. തുടർന്ന് ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക്മാർ, റവന്യൂ ഇൻസ്പെക്ടർമാർ എന്നിവർ അതിനുശേഷമുള്ള ഡാറ്റാ കൃത്യമായി ചേർക്കേണ്ടതായിരുന്നു. എന്നാൽ അങ്ങനെ ചെയ്യാത്തതിനാൽ വീണ്ടും പുറം ജീവനക്കാരെ വച്ച് ഡാറ്റാ എൻട്രി നടത്തുകയും 2015-16 വരെ സോഫ്റ്റ് വെയറിൽ ചേർക്കുകയും ചെയ്തു. തുടർന്നും പിന്നീടുള്ള ജോലികൾ യഥാസമയത്ത് ചെയ്യാൻ നഗരസഭ ഉദ്യോഗസ്ഥർ തയ്യാറാകാത്തതിനാൽ വീണ്ടും ഈ ഇനത്തിൽ ധാരാളം കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ് വെയറിൽ ചേർക്കാനുള്ളതായി കാണുന്നു. നഗരസഭ സെക്രട്ടറി ഈ വിഷയത്തെ ഗൗരവത്തോടെ സമീപിക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. നഗരസഭയ്ക്ക് ചെലവ് വരാതെ നിലവിലുള്ള ഉദ്യോഗസ്ഥരെ ഉപയോഗിച്ച് പൂർത്തിയാക്കാനുള്ള ജോലികൾ ചെയ്യുകയും അതോടൊപ്പം ദൈനംദിന പ്രവർത്തനങ്ങൾ കൃത്യമായി ചെയ്യാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകേണ്ടതുമാണ്. ഈ വിഷയത്തിലെ അനാസ്ഥമൂലം നഗരസഭയിൽ പുതുക്കിയ നികുതിയും പുതുക്കാത്ത നികുതിയും ഇടകലർന്ന് ഈടാക്കിക്കൊണ്ടിരിക്കുകയാണ്.

<u>2. വസ്തുനികുതി ഇ-പെയ്മെന്റ് വരവിലെ അപാകതകൾ</u>

<u>(എ).ഓൺലൈൻ വസ്തുനികുതിയിൽ സേവന ഉപനികുതി ഈടാക്കിയില്ല - 6,729 രൂപ വരവ് നഷ്ടം</u>

2013-14 സാമ്പത്തിക വർഷം മുതൽ നഗരസഭ വസ്തുനികുതിക്ക് മേൽ 10% സേവന ഉപനികുതി ഈടാക്കി വരുന്നുണ്ട്. എന്നാൽ ഓൺലൈൻ വസ്തുനികുതിക്ക് സേവന ഉപനികുതി ഈടാക്കുന്നില്ല. 2015-16 -ൽ ഓൺലൈനിൽ ആകെ ഈടാക്കിയ വസ്തുനികുതി 67,294രൂപയാണ്. ഇതിന്റെ 10 ശതമാനമായ 6,729 രൂപ നഗരസഭയ്ക്ക് നഷ്ടമായിരിക്കുകയാണ്. വസ്തുനികുതി പുതുക്കലും ഡാറ്റാ എൻട്രിയും പൂർത്തിയായാൽ മാത്രമേ ഓൺലൈൻ നികുതിയുടെ സോഫ്റ്റ് വെയറിൽ സേവന ഉപനികുതി ചേർക്കാൻ സാധിക്കൂ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട്. നഷ്ടമായ തുക പിരിച്ചെടുക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് സെക്രട്ടറി, റവന്യൂ ഓഫീസർ എന്നിവരുടെ തുല്യ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

<u>(ബി)താഴെ ചേർത്തിരിക്കുന്ന രണ്ട് തുകകൾ ഇ-പെയ്മെന്റ് രസീതിൽ കാണുന്നുണ്ട്. എന്നാൽ തുക ബാങ്ക്</u>

അക്കൗണ്ടിൽ വരവ് വന്നതായി കാണുന്നില്ല.2789 രൂപ വരവ് നഷ്ടം.

(എ)

| | | |
|---|---|---|
| ദിവസം | - | 19.09.2015 |
| രസീത് നം. | - | 6019811000057 |
| ബാങ്ക് റഫറൻസ് നം. | - | DCIT4024848003 |
| ഐ.കെ.എം. ട്രാൻസാക്ഷൻ നം. | - | 20150900000386 |
| സാംഖ്യ നം. | - | 20150902690 |
| പേര് | - | അയിഷ, പാലയ്ക്കപറമ്പിൽ(7/238) |
| തുക | - | 821 രൂപ |

(ബി)

| | | |
|---|---|---|
| ദിവസം | - | 22.09.2015 |
| രസീത് നം. | - | 6019811000058 |
| ബാങ്ക് റഫറൻസ് നം. | - | DEBK4029914437 |
| ഐ.കെ.എം. ട്രാൻസാക്ഷൻ നം. | - | 20150900000455 |
| സാംഖ്യ നം. | - | 20150902699 |
| പേര് | - | തോമസ് ഫ്രാൻസിസ്, ചിന്നമ്മ ജോസഫ്, കൊല്ലമന (1/285) |
| തുക | - | 1968 രൂപ |

മേൽ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങളോ അല്ലെങ്കിൽ തുക ഈടാക്കാൻ വേണ്ട നടപടികളോ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലെ സാങ്കേതിക തകരാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മുഖാന്തരം പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(സി) മറ്റ് അപാകതകൾ

(1) വസ്തുനികുതി ഓൺലൈൻ പേയ്മെന്റ്, ബിൽ കളക്ടർമാരുടെ തുക ഒടുക്കുന്ന വിവരങ്ങൾ എന്നിവ വസ്തുനികുതി ഡിമാൻഡ് രജിസ്റ്ററിൽ അതത് സമയം ചേർക്കുന്നില്ല. ആയത് വർഷാവസാനമാണ് തയ്യാറാക്കുന്നത്. ഈ അപാകത പരിഹരിക്കേണ്ടതാണ്. വസ്തുനികുതി സംബന്ധിച്ച എല്ലാ രജിസ്റ്ററുകളും കൃത്യസമയത്ത് തന്നെ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കേണ്ടതാണ്.

(2) വസ്തുനികുതി ഇ-പെയ്മെന്റിന് വേണ്ടി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ SBT A/c No. 67190510254 പലിശ ലഭിക്കുന്നതായി കാണുന്നില്ല. അപാകത പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) വസ്തുനികുതി രജിസ്റ്ററുകൾ ,ഡിമാന്റ് - കളക്ഷൻ - ബാലൻസ് സ്റ്റേറ്റ്മെന്റ് എന്നിവ തയ്യാറാക്കിയില്ല.

കേരള മുനിസിപ്പാലിറ്റി നിയമം 1994 വകുപ്പ് 233-244, 2011 -ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, എന്നിവയുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച വസ്തുനികുതിയുടെ 2015-16 -ലെ ഡിമാന്റ്(കുടിശ്ശിക,തൻവർഷം) , കളക്ഷൻ(കുടിശ്ശിക,തൻവർഷം), ബാലൻസ്

(കുടിശ്ശിക,തൻവർഷം) എന്നിവയുടെ വാർഡ് അടിസ്ഥാനത്തിലുള്ള സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ആലുവ നഗരസഭയുടെ ഏറ്റവും പ്രധാനപ്പെട്ടതും നിർണ്ണായകവുമായ വരുമാനമാണ് വസ്തുനികുതി. എന്നാൽ വസ്തു നികുതി കൃത്യമായും പൂർണ്ണമായും ഈടാക്കുന്നതിന് കൃത്യവും ആധികാരികവുമായ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ, വസ്തുനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ . വാർഡ് അടിസ്ഥാനത്തിലുള്ള കൃത്യമായ ഡിമാന്റ് ,കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെന്റ് എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരമുള്ള രേഖകളുടെ അടിസ്ഥാനത്തിൽ മാത്രമേ കൃത്യമായ രീതിയിൽ വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. കാലഹരണപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിലുള്ള വസ്തു നികുതി നിർണ്ണയ രജിസ്റ്ററാണ് നിലവിൽ നഗരസഭയിൽ ഉള്ളത്. 2011 -ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ , വസ്തുനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ഈ നഗരസഭയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണങ്ങളാൽ നഗരസഭയിൽ വസ്തുനികുതിയിനത്തിൽ ലഭിക്കാതെ നഷ്ടപ്പെടുന്ന തുക നിർണ്ണയിക്കാനാവാത്ത സ്ഥിതിയാണ്. ഗുരുതരമായ ഈ സ്ഥിതിവിശേഷം നഗരസഭ കൗൺസിൽ ഗൗരവപൂർവ്വം പരിശോധിച്ച് ഉചിതമായ പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചതായി കാണുന്നില്ല. കൗൺസിൽ ഉചിതമായ തീരുമാനമെടുത്ത് ആയത് ബന്ധപ്പെട്ട നഗരസഭ ജീവനക്കാർ വഴി നടപ്പിലാക്കി പരിഹരിക്കാത്തത് സംബന്ധിച്ച് 20.12.2016 -ന് 41/2015-16 -ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിരുന്നു.

<u>4) നഗരസഭ വസ്തുനികുതി പുനർനിർണ്ണയം നടത്തിയതിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല</u>

കേരള മുനിസിപ്പാലിറ്റി നിയമം 1994 വകുപ്പ് 233-244, 2011 -ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , എന്നിവയുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച വസ്തു നികുതി സ.ഉ.(എം.എസ്) നം. 144/15/ത.സ്വ.ഭ.വ തീയതി 27.04.2015 പ്രകാരം വിസ്തീർണ്ണം 2000 സ്ക്വയർ ഫീറ്റിൽ അധികരിക്കുന്ന കെട്ടിടങ്ങൾക്ക്, 01.04.2013 മുതൽ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കുമ്പോൾ അപ്രകാരമുള്ള വീടുകൾക്ക് നികുതി വർദ്ധന ഉണ്ടാകുന്നുണ്ടെങ്കിൽ ആയത് നിലവിലുള്ള നികുതിയുടെ 25 % ത്തിൽ അധികരിക്കാൻ പാടില്ലാത്തതാണ് എന്ന് വ്യക്തമാക്കുന്നു. എന്നാൽ മേൽ ഉത്തരവിന്റെ സ്പഷ്ടീകരണം സംബന്ധിച്ച 16.12.2015 -ലെ സ.ഉ.(എം.എസ്) നം. 358/15/ത.സ്വ.ഭ.വ പ്രകാരം 185 ചതുരശ്ര മീറ്ററിൽ (2000 സ്ക്വയർ ഫീറ്റ്) കൂടുതൽ തറ വിസ്തീർണ്ണമുള്ളതും ഏറ്റവും ഒടുവിൽ വസ്തുനികുതി പുനർനിർണ്ണയിച്ചശേഷം ഘടനാപരമായ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ലാത്തതുമായ വീടുകൾക്ക് നിലവിലുള്ള നികുതിയും അതിന്റെ 25% അധിക തുകയും 01.04.2013 മുതൽ വസ്തുനികുതിയായി ചുമത്തേണ്ടതാണെന്ന് സ്പഷ്ടീകരണം നൽകി ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആലുവ നഗരസഭയിൽ സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് 20.12.2016 -ന് 40/2015-16 -ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

## 2-3 <u>അനധികൃത കെട്ടിട നിർമ്മാണം- നടപടികളിൽ ഗുരുതരമായ വീഴ്ച</u>

ആലുവ നഗരസഭയിൽ നിരവധി അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ ഇവ സംബന്ധിച്ച

കൃത്യവും പൂർണ്ണവുമായ വിവരങ്ങൾ അടങ്ങിയ 2011 -ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ- ചട്ടം 20(1) പ്രകാരമുള്ള ഫാറം (10) -ലുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നഗരസഭയിൽ അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളതും നിരവധി വർഷം പഴക്കമുള്ളതുമായ രജിസ്റ്റർ ലഭിച്ചതിൽ നിരവധി കെട്ടിടങ്ങൾ ക്രമവത്ക്കരണം നടത്താതെ ശേഷിക്കുന്നതായി കാണുന്നു. ഇതിന് വിശദീകരണം നൽകേണ്ടതാണ്. അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച് 2015-16 വരെയുള്ള കൃത്യവും പൂർണ്ണവുമായ വിവരങ്ങൾ ചേർത്ത് രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

The Kerala Building (Regularisation of unauthorised construction) Rules, 2014 പ്രകാരം 31.03.2013 -ന് മുൻപായി നിർമ്മാണം നടത്തിയ അനധികൃത കെട്ടിടങ്ങളുടെ ക്രമവത്ക്കരണം കേരള മുനിസിപ്പാലിറ്റി നിയമം 1994 വകുപ്പ് 406, 407, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 - ചട്ടം 143 എന്നിവയ്ക്ക് വിധേയമായി സെക്രട്ടറിയ്ക്ക് ക്രമവൽക്കരണം നടത്താവുന്നത് സെക്രട്ടറി ക്രമവത്ക്കരണം നടത്തേണ്ടതും അല്ലാത്തവ സർക്കാർ തീരുമാനത്തിനു വിധേയമായി ക്രമവത്ക്കരണം നടത്തേണ്ടതുമാണ്. ക്രമവത്ക്കരിക്കാൻ സാധിക്കാത്ത അനധികൃത കെട്ടിടങ്ങളും, അനധികൃത കൂട്ടിച്ചേർക്കലുകളും കേരള മുനിസിപ്പാലിറ്റി നിയമം 1994 വകുപ്പ് 406 , 2011 -ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ- ചട്ടം 20(3) , 1999 -ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ - ചട്ടം 18, 147 എന്നിവ പ്രകാരം പൊളിച്ചു നീക്കം ചെയ്യേണ്ടതാണ്. ഇപ്രകാരം പൊളിച്ചു നീക്കം ചെയ്ത അനധികൃത കെട്ടിടങ്ങൾ , സെക്രട്ടറി ക്രമവത്ക്കരണം നടത്തിയ അനധികൃത കെട്ടിടങ്ങൾ , സർക്കാർ തീരുമാനപ്രകാരം ക്രമവത്ക്കരണം നടത്തിയ അനധികൃത കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച് 2015-16 വരെയുള്ള പൂർണ്ണ വിവരങ്ങളും അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച മോണിറ്ററിംഗ് കമ്മിറ്റിയുടെ 2015-16 വരെയുള്ള റിപ്പോർട്ടുകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി നിയമം 1994 വകുപ്പ് 242 , 2011 -ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ- ചട്ടം 20 എന്നിവ പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തി ഡിമാന്റ് ചെയ്ത് കളക്ഷൻ നടത്തിയതിന്റേയും കുടിശ്ശിക തുകയുടേയും 31.03.2016 വരെയുള്ള പൂർണ്ണ വിവരങ്ങൾ ചട്ടപ്രകാരമുള്ള രജിസ്റ്ററിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആലുവ നഗരസഭയിൽ അനധികൃതമായി നിർമ്മിച്ച നിരവധി കെട്ടിടങ്ങൾ നിലവിലുണ്ട്. മേൽ വിഷയം സംബന്ധിച്ച് 20.12.2016 -ന് 39/2015-16 -ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ട നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 2-4 മുനിസിപ്പാലിറ്റി കെട്ടിടങ്ങളിൽ നിന്ന് വാടക ഈടാക്കിയത് സംബന്ധിച്ച അപാകതകൾ

2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം 16,12,884 രൂപയാണ് മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ്, മറ്റ് കടമുറികൾ എന്നിവയിൽ നിന്നുമായി വാടക ഇനത്തിൽ നഗരസഭ പിരിച്ചെടുക്കാൻ ബാക്കിയുള്ളത്.

ജീവനക്കാരുടെ ശമ്പളം, പെൻഷൻ, വൈദ്യുതി ചാർജ്, വാട്ടർ ചാർജ് തുടങ്ങിയ അനിവാര്യ ചെലവുകൾ നടത്തുന്നതിന് പോലും തനത് വരുമാനം തികയാതെ സാമ്പത്തിക പരാധീനത അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു നഗരസഭയ്ക്ക് വാടക ഇനത്തിൽ മാത്രം 16 ലക്ഷം രൂപയ്ക്ക് മുകളിൽ വാടക കുടിശ്ശിക ഈടാക്കാൻ ബാക്കി നിൽക്കുന്നത് ഈ വിഷയത്തിൽ നഗരസഭ കാണിച്ച അനാസ്ഥയാണെന്ന് വ്യക്തമാണ്. വാടക രജിസ്റ്ററിൽ ഓരോ കെട്ടിടവും സ്ഥിതി ചെയ്യുന്ന വാർഡോ കെട്ടിട നമ്പറോ രേഖപ്പെടുത്തിയിട്ടില്ല. ഓരോ കെട്ടിടങ്ങളുടേയും പേരെഴുതി ക്രമനമ്പർ ഇട്ടാണ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത് ഇത് കൃത്യമായി വാർഡ് തിരിച്ച് എഴുതി സൂക്ഷിക്കേണ്ടതാണ്.

വാടകക്കാരുമായി ഉണ്ടാക്കുന്ന വാടകക്കരാറുകളിലും അവ്യക്തതയുണ്ട്. ഇതിൽ കരാറിന്റെ കാലാവധിയോ എന്ത് ആവശ്യത്തിനാണ് അല്ലെങ്കിൽ ഏത് വ്യാപാരത്തിനാണ് മുറികൾ ഉപയോഗിക്കുന്നത് എത്ര രൂപയാണ് വാടക നിശ്ചയിച്ചുറപ്പിച്ചത് മുതലായ പ്രധാനപ്പെട്ട വിവരങ്ങൾ ഒന്നും തന്നെ മിക്കതിലും രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതും ഈടാക്കാനുള്ള വാടക പിഴയോടുകൂടി ഈടാക്കേണ്ടതുമാണ്.

## 2-5 നഗരസഭയുടെ കെട്ടിടങ്ങളിൽ അനധികൃത കച്ചവടവും കീഴ് വാടകയ്ക്ക് കൊടുക്കലും

കൊച്ചി മെട്രോ റെയിൽ പ്രോജക്റ്റിന് വേണ്ടി നഗരസഭയുടെ XXIII/765 -ാം നമ്പർ ഷോപ്പിംഗ് കോംപ്ലക്സ് പൊളിച്ചുമാറ്റേണ്ടിവരുകയും ആയതിന് അതിലെ കച്ചവടക്കാർക്ക് നഷ്ടപരിഹാരം ലഭിക്കുകയും ചെയ്തു. നഗരസഭയിലെ വാടക രേഖകൾ പ്രകാരം കച്ചവടം നടത്തുന്നവരുടെ പേരും യഥാർത്ഥത്തിൽ നഷ്ടപരിഹാരം ലഭിച്ചവരുടെ പേരും താരതമ്യം ചെയ്താൽ നഗരസഭയുടെ കെട്ടിടം വാടകയ്ക്ക് എടുത്തിട്ട് കച്ചവടത്തിനായി കീഴ്‌വാടകയ്ക്ക് കൊടുത്തതിന്റെയും അനധികൃത കച്ചവടത്തിന്റെയും വ്യക്തമായ വിവരം ലഭിച്ചു. കേരള മുനിസിപ്പാലിറ്റി ആക്ട് 1994, സെക്ഷൻ 215(4) കേരള മുനിസിപ്പാലിറ്റി (വസ്തു ആർജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലെ അനുബന്ധമായിട്ടുള്ള ഫാറം 111(ബി) -യിലെ വാടകകരാർ പത്രത്തിന്റെ ആറാമത്തെ നിർദ്ദേശം എന്നിവ പ്രകാരം വാടക കെട്ടിടം മുഴുവനായോ ഭാഗികമായോ കൊടുക്കുകയോ മറുവാടകയ്ക്ക് കൊടുക്കുകയോ ചെയ്യരുതെന്നാണ്. വിശദവിവരം താഴെ ചേർക്കുന്നു.

മേൽ ഷോപ്പിംഗ് കോംപ്ലക്സിൽ താഴത്തെ നിലയിൽ 7 മുറികളും മുകൾ നിലയിൽ 5 മുറികളും ഉള്ളതായി 01.10.2014 -ൽ ഓവർസീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 01.10.2014 -ലെ റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ടിൽ നഗരസഭയുടെ വാടക രജിസ്റ്റർ പ്രകാരം 8 മുറികൾക്കും ഒരു ബങ്കിനും മാത്രമേ വാടക ലഭിക്കുന്നുള്ളൂ എന്ന് രേഖപ്പെടുത്തിയിരുന്നു. ഇത് പ്രകാരം 3 മുറികൾക്ക് വാടക ലഭിക്കുന്നില്ല എന്ന് വ്യക്തമാകുന്നു. ( ഒന്നുകിൽ കടകൾ ആരും തന്നെ വാടകയ്ക്കെടുത്തിട്ടില്ല അതല്ലെങ്കിൽ അനധികൃതമായി കച്ചവടം നടക്കുന്നു.) കിറ്റ്കോ ലിമിറ്റഡിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഈ കെട്ടിടത്തിലെ കച്ചവടക്കാർക്ക് നഷ്ടപരിഹാരം നൽകിയത്. യഥാർത്ഥത്തിൽ കച്ചവടം നടത്തിയവർക്കാണ് കിറ്റ്കോ ലിമിറ്റഡ് വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത്. പ്രസ്തുത സർട്ടിഫിക്കറ്റിൽ 11 പേർക്കാണ് നഷ്ടപരിഹാരം നൽകാൻ നിർദ്ദേശിച്ചിരിക്കുന്നത്. അതായത് നഗരസഭ രജിസ്റ്ററിൽ ഇല്ലാത്ത രണ്ട് വ്യക്തികളെങ്കിലും പ്രസ്തുത കെട്ടിടത്തിൽ അനധികൃതമായി കച്ചവടം നടത്തിയിരുന്നു എന്ന് തെളിയുന്നു.

കിറ്റ്കോ ലിമിറ്റഡ് ഹാജരാക്കിയ പേജുകളിൽ ശ്രീ. സി.എം. അബ്ദുൾ ഖാദർ, അബ്ദുൾ ജലീൽ, കെ.പി. അബ്ദുൾ ഖാദർ, റ്റി.എം. ജമാൽ, സിറാജ്, പി.എം. സഹീർ എന്നിവർ നഗരസഭയുടെ ലിസ്റ്റിൽ ഇല്ലാത്തവരാണ്. അതായത്

മേൽ വ്യക്തികൾ ഒന്നുകിൽ അനധികൃതമായി നഗരസഭ കെട്ടിടത്തിൽ കച്ചവടം നടത്തുകയോ അല്ലെങ്കിൽ നഗരസഭ വാടകയ്ക്ക് നൽകിയ വ്യകതിയിൽ നിന്ന് മുറി കീഴ്വാടകക്കെടുക്കുകയോ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാണ്. അതുപോലെ നഗരസഭ രേഖകളിലെ എം.എം. അബ്ബാസ്, എം.കെ. അബ്ദുൾ ജബ്ബാർ, റ്റി.ജെ. ജോയ്, സി. പ്രസാദ് കുമാർ എന്നിവരുടെ പേരുകൾ KITCO ലിമിറ്റഡിന്റെ വാല്യൂവേഷൻ സർട്ടിഫിക്കറ്റിൽ ഇല്ലാത്തതും മേൽ ക്രമക്കേട് ബലപ്പെടുത്തുന്നു. ഈ വിഷയത്തെക്കുറിച്ച് ഓഡിറ്റ് എൻക്വയറി നം. 13 പ്രകാരം നഗരസഭയോട് വിശദീകരണം ആരാഞ്ഞുവെങ്കിലും ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭയുടെ ഈ ഒരു ഷോപ്പിംഗ് കോംപ്ലക്സിൽ മാത്രമാണ് ഈ ക്രമക്കേട് നടന്നതെന്ന് കണ്ടെത്താനാകില്ല. കേരളത്തിൽ തന്നെ ഏറ്റവും കൂടുതൽ ഷോപ്പിംഗ് കോംപ്ലക്സുകൾ ഉള്ളത് ആലുവ നഗരസഭയ്ക്കാണ്. വാടക ഇനത്തിൽ 2015-16 സാമ്പത്തിക വർഷം 1,07,61,614 രൂപ നഗരസഭയ്ക്ക് ലഭിച്ചിരുന്നു. നഗരസഭയുടെ കെട്ടിടങ്ങൾക്ക് പ്രത്യേകിച്ച് വർഷങ്ങൾക്ക് മുൻപ് വാടകയ്ക്ക് നൽകിയ കെട്ടിടങ്ങൾക്ക് തുച്ഛമായ വാടകയാണ് ഇപ്പോഴും ലഭിക്കുന്നത്. യഥാർത്ഥ കച്ചവടക്കാരെ ഇത് വളരെ സഹായിക്കുന്നുണ്ടെന്നത് സത്യമാണ്. എന്നാൽ അവസരം മുതലെടുത്ത് മുറികൾ വൻ തുകയ്ക്ക് കീഴ്വാടകയ്ക്ക് കൊടുക്കുന്ന പ്രവണത ഒട്ടും പ്രോത്സാഹിക്കപ്പെടേണ്ടതല്ല. ഇത് കൂടാതെ നഗരസഭ വാടക മുറികളുടെ ലീസവകാശം കൗൺസിൽ അംഗീകാരത്തോടെ കൈമാറ്റം ചെയ്യപ്പെടുന്നതായി മിനുറ്റ്സിൽ രേഖപ്പെടുത്തിക്കാണുന്നു. മുറികൾ യഥാർത്ഥ വാടകക്കാരനിൽ നിന്ന് മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ കൗൺസിൽ അംഗീകാരം നൽകുന്ന നടപടി ശരിയാണോ എന്ന് പരിശോധിക്കേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി ആക്ട് 1994, സെക്ഷൻ 215(2)സി, 2000 -ലെ കേരള മുനിസിപ്പാലിറ്റി ( വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 11 എന്നിവ പ്രകാരം കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുന്നതിന് പരസ്യലേലം വഴിയോ ടെൻഡർ മുഖേനയോ ആയിരിക്കേണ്ടതാണ്. വാടകയ്ക്കെടുത്തിരിക്കുന്ന വ്യക്തി സ്വമേധയാ ഒഴിയുന്ന സാഹചര്യത്തിൽ വാടകക്കരാർ അവസാനിക്കുകയും കട നഗരസഭയുടെ പക്കലാവുകയും ചെയ്യുന്നു. തുടർന്ന് മേൽ ചട്ടം പ്രകാരം പുനർലേലം ചെയ്യണം. നിലവിലുള്ള വാടകക്കാരൻ മരണപ്പെടുകയാണെങ്കിൽ നിയമാനുസൃത അവകാശിയുടെ അപേക്ഷ പരിഗണിച്ചോ ഏതെങ്കിലും സാഹചര്യത്തിൽ ഒരു ലൈസൻസിലെ പുനരധിവസിപ്പിക്കേണ്ട സാഹചര്യത്തിലോ മാത്രമേ കടമുറി ടെണ്ടറോ, ലേലമോ കൂടാതെ നൽകാൻ പാടുള്ളൂ. കടമുറി ഉപയോഗിക്കാൻ അനുവാദം നൽകാവുന്നതാണ്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 215(4) -ൽ ലൈസൻസുടമ ആവശ്യപ്പെട്ടാൽ നഗരസഭയ്ക്ക് യുക്തമെന്ന് തോന്നുന്നു. വ്യവസ്ഥകൾക്ക് വിധേയമായി മറ്റേതെങ്കിലും ആൾക്ക് ലൈസൻസ് കൈമാറ്റം ചെയ്യാം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പുനർലേലം നടക്കുന്ന സാഹചര്യത്തിൽ നഗരസഭയുടെ വരുമാനവർദ്ധനവും പരിഗണിച്ച് നഗരസഭയുടെ ഉത്തമതാത്പര്യം സംരക്ഷിക്കുന്ന തീരുമാനമായിരിക്കണം കൗൺസിലിന്റെ ഭാഗത്ത് നിന്ന് ന്യായമായും വരേണ്ടത്.

മേൽ വിഷയങ്ങൾ നഗരസഭ അധികൃതർ ഗൗരവമായി എടുക്കേണ്ടതാണ്. നഗരസഭ രജിസ്റ്ററിൽ ഉള്ളവർ തന്നെയാണ് യഥാർത്ഥത്തിൽ കച്ചവടം നടത്തുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്. ഇതിനായി നഗരസഭ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ജീവനക്കാരുടെ ഒരു പ്രത്യേക സംഘത്തെ രൂപീകരിച്ച്

വ്യാപാരസ്ഥാപനങ്ങളിൽ പരിശോധന നടത്താൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. കച്ചവടസ്ഥാപനങ്ങളുടെ TIN നമ്പറോ വിലാസം തെളിയിക്കുന്ന അതുപോലുള്ള മറ്റ് രേഖകളോ പരിശോധിച്ച് ഇത് ഉറപ്പാക്കാവുന്നതാണ്.

## 2-6 ഡി & ഒ ലൈസൻസ്

ത.സ്വ.ഭ.വകുപ്പിന്റെ 25.01.2011 -ലെ സ.ഉ.(അ) നം. 24/11/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമാണ് മുനിസിപ്പാലിറ്റികളിൽ ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകുന്നതിനുള്ള ചട്ടങ്ങൾ നിലവിൽ വന്നത്. എന്നാൽ ടി ഉത്തരവ് നടപ്പിലാക്കുന്നത് ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ആകയാൽ നഗരസഭയിൽ ഈ ചട്ടങ്ങൾ നടപ്പിലാക്കിയിട്ടില്ല.

ഡി & ഒ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങൾ, വ്യാപാരങ്ങൾ, വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ പട്ടിക കൃത്യമായി തയ്യാറാക്കേണ്ടതും ലൈസൻസില്ലാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലെന്ന് നഗരസഭ ഉറപ്പ് വരുത്തേണ്ടതുമാണ്. 01.11.2016 -ന് ചേർന്ന ആലുവ നഗരസഭാ കൗൺസിൽ നഗരസഭയിൽ പ്രവർത്തിക്കുന്ന പല കച്ചവട, വ്യവസായിക സ്ഥാപനങ്ങൾക്കും ലൈസൻസ് ഇല്ലെന്നും ടി സ്ഥാപനങ്ങൾക്ക് മുഴുവൻ ലൈസൻസ് എടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും പ്രമേയം പാസാക്കിയിട്ടുണ്ട്. നഗരസഭ സ്വീകരിക്കുന്ന ലൈസൻസ് അപേക്ഷകളിൻമേൽ അപേക്ഷ തീയതി, സ്ഥാപനത്തിന്റെ വിറ്റുവരവ്, തൊഴിലാളികളുടെ എണ്ണം, യന്ത്രങ്ങളുപയോഗിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവയുടെ കുതിരശക്തി, വ്യാപാരത്തിന്റെ സ്വഭാവം എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-7 വിനോദനികുതി

ആലുവ നഗരസഭയുടെ 2013-14 മുതലുള്ള വിനോദനികുതി വരവ് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 2013-14 | - | 88,10,246 |
| 2014-15 | - | 83,36,407 |
| 2015-16 | - | 1,00,07,089 |

2013-14 -നെ അപേക്ഷിച്ച് 2014-15 -ൽ വിനോദ നികുതിയിൽ കുറവുണ്ടായിട്ടുണ്ട്. 2015-16 ബജറ്റ് എസ്റ്റിമേറ്റിൽ ഈയിനത്തിൽ പ്രതീക്ഷിച്ചത് 92,00,000 രൂപയാണ്. എന്നാൽ തൻ വർഷം ഒരു കോടി വരവുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് തൻവർഷം വിനോദ നികുതിയിനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## 2-8 സിനിമാശാലകളിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.11.2007 -ലെ 12500/എം.എൽ.എ1/72-ാം നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ പരിധിയിൽ പ്രവർത്തിക്കുന്ന സിനിമാശാലകളിൽ മാസം തോറും പരിശോധന നടത്താൻ ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതും ഡ്യൂട്ടി കഴിഞ്ഞ് വരുന്ന മാസം 5 -ാം തിയതിയ്ക്ക് മുമ്പായി ചെക്കിംഗ് സൂപ്പർവൈസർമാർ ഡ്യൂട്ടി സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുമാണ്. വിനോദനികുതി ടിക്കറ്റുകളും കൗണ്ടർ ഫോയിലുകളും പരിശോധിക്കുകയും നഗരസഭയുടെ സീൽ ചെയ്യാത്ത ടിക്കറ്റുകൾ കാണപ്പെടുകയാണെങ്കിൽ ഉടനെ സെക്രട്ടറിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. തീയേറ്റർ ഉടമ തയ്യാറാക്കിയ ഡെയ് ലി കളക്ഷൻ റിപ്പോർട്ട് ബന്ധപ്പെട്ട ചെക്കിംഗ് ഓഫീസർ പരിശോധിച്ച് ഒപ്പ് വെയ്ക്കേണ്ടതാണ്.

ആലുവ നഗരസഭാ പരിധിയിൽ മാതാ, മാധുര്യ, സീനത്ത് കാസിനോ എന്നീ തിയ്യറ്ററുകളാണ് പ്രവർത്തിക്കുന്നത്.

എന്നാൽ മേൽപ്പറഞ്ഞ രീതിയിലുള്ള ചെക്കിംഗ് ഇവിടങ്ങളിൽ നഗരസഭാധികൃതർ നടത്തിയതിന്റെ രേഖകൾ സെക്ഷനിൽ ലഭ്യമല്ല എന്ന മറുപടിയാണ് 25.10.2016 -ൽ നൽകിയ 14/2015-16 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ചത്.

1961 -ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് ആക്ട് 9 -ാം വകുപ്പ് പ്രകാരം തിയ്യറ്ററുകളിൽ വിനോദനികുതി നിയമവും ചട്ടങ്ങളും അനുസരിച്ചുള്ള നിയമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്നറിയാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ പരിശോധന നടത്താവുന്നതാണ്. 1962 -ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് റൂൾസ് ചട്ടം 22 പ്രകാരം നഗരസഭയുടെ സീൽ പതിപ്പിച്ച ടിക്കറ്റ് മുഖേന മാത്രം പ്രവേശനം നിയന്ത്രിക്കേണ്ടതാണ്. എയർ കണ്ടീഷൻ തീയേറ്ററുകളിൽ പ്രദർശനം നടത്തുന്ന സമയം മുഴുവനും എയർ കണ്ടീഷനർ പ്രവർത്തിപ്പിക്കുന്നുണ്ടോ എന്നും ഫിലിംസ് ഡിവിഷൻ അംഗീകരിച്ച ന്യൂസ് റീൽ പ്രദർശിപ്പിക്കുന്നുണ്ടോ എന്നും 'എ' സർട്ടിഫിക്കറ്റുള്ള സിനിമകൾക്ക് പ്രായപൂർത്തിയാകാത്തവർക്കും ടിക്കറ്റ് അനുവദിക്കുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതും ഇക്കാര്യങ്ങളിൽ വീഴ്ച വരുത്തിയാൽ വിവരം ലൈസൻസിംഗ് അതോറിറ്റിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

നഗരസഭയിൽ ഫയൽ നം. ആർ4-5537/03 പ്രകാരം മാസം തോറും ചെക്കിംഗ് ഡ്യൂട്ടിയ്ക്ക് ഉദ്യോഗസ്ഥരെ നിയമിച്ച് സെക്രട്ടറി ഉത്തരവിടുന്നുണ്ടെങ്കിലും മേൽപ്പറഞ്ഞ തരത്തിലുള്ള പരിശോധനകൾ നടത്തുകയോ ബന്ധപ്പെട്ട റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഇതുവഴി വിനോദനികുതി അടയ്ക്കുന്ന ടിക്കറ്റുകൾ വഴി മാത്രമാണോ പ്രവേശനം നടക്കുന്നതെന്നോ ചട്ടങ്ങൾ പ്രകാരമാണോ തീയേറ്ററുകൾ പ്രവർത്തിക്കുന്നതെന്നോ ഉറപ്പ് വരുത്തുന്ന യാതൊരു നടപടികളും നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല.മേൽ പരിശോധനകൾ കർശനമാക്കുവാൻ ഓഡിറ്റ് നിർദ്ദേശിയ്ക്കുന്നു.

## 2-9 പരസ്യ നികുതി വരവ്

പരസ്യനികുതി ഇനത്തിൽ കഴിഞ്ഞ 3 വർഷത്തെ നഗരസഭയുടെ വരുമാനം (വാർഷിക കണക്ക് പ്രകാരമുള്ളത്) ചുവടെ കൊടുക്കുന്നു.

| വർഷം | പരസ്യനികുതി |
|---|---|
| 2013-14 | 355000 |
| 2014-15 | 377500 |
| 2015-16 | 395451 |

പരസ്യനികുതി ഇനത്തിലെ ശരാശരി വരുമാന വളർച്ച 6 % മാത്രമാണ്. 2015-16 -ലെ ബജറ്റ് പ്രകാരം 6 ലക്ഷം രൂപയാണ് തൻവർഷം പരസ്യനികുതിയായി പ്രതീക്ഷിച്ചത് എന്നാൽ ലഭിച്ചതാകട്ടെ 3.95 ലക്ഷം രൂപ മാത്രവും അതായത് ബജറ്റിൽ പ്രതീക്ഷിച്ചതിന്റെ 6% മാത്രം കൊച്ചി മെട്രോയുടെ പ്രവേശന കവാടം, കിഴക്കൻ മലയോര മേഖലയിലുള്ളവരുടെ റെയിൽവേ കവാടം, പ്രശസ്തമായ ആലുവ ശിവരാത്രി മഹോത്സവം ഇവ കൊണ്ടെല്ലാം ശ്രദ്ധേയമായ ഈ നഗരസഭ പരസ്യനികുതി വരുമാന സാദ്ധ്യത വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല എന്നാണീ കണക്കുകൾ വ്യക്തമാക്കുന്നത്. പരസ്യനികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 സാനിട്ടേഷൻ ടാക്സ് ഈടാക്കുന്നതിലെ അപാകതകളും നിർദ്ദേശങ്ങളും

ആലുവ നഗരസഭ 2011-12 വർഷം മുതൽ സാനിട്ടേഷൻ ടാക്സ് എന്ന പേരിൽ നഗരസഭയിലെ സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കി വരുന്നുണ്ട്. സ്ഥാപന ഉടമതന്നെ മാലിന്യം ജൈവമെന്നും അജൈവമെന്നും വേർതിരിച്ച് നൽകാറുണ്ടെന്നും ആയത് എല്ലാദിവസവും നീക്കം ചെയ്യാറുണ്ടെന്നും നഗരസഭ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. നഗരസഭ ശുചീകരണതൊഴിലാളികൾ ഇങ്ങനെ നീക്കം ചെയ്യുന്ന ജൈവമാലിന്യങ്ങൾ കൊച്ചിൻ കോർപ്പറേഷൻ വക ബ്രഹ്മപുരം പ്ലാന്റിലെത്തിക്കുന്നു. അജൈവ മാലിന്യങ്ങൾ മറ്റ് കരാറുകാർ വഴി നഗരസഭയ്ക്ക് പുറത്തെത്തിക്കുന്നു. 2015-16 -ലെ സാനിട്ടേഷൻ ടാക്സുമായി ബന്ധപ്പെട്ട് നഗരസഭ ഹാജരാക്കിയ രേഖകൾ പരിശോധിച്ചപ്പോൾ ധാരാളം അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. ആയത് ചുവടെ ചേർക്കുന്നു.

1. സാനിട്ടേഷൻ ടാക്സ് നഗരസഭയിൽ ചുമത്തുന്നത് യാതൊരു മാനദണ്ഡത്തിന്റെയും അടിസ്ഥാനത്തിലല്ല എന്നാണ് വ്യക്തമാകുന്നത്. നിലവിൽ നഗരസഭയ്ക്ക് സാനിട്ടേഷൻ ടാക്സിന് വേണ്ടി ബൈലോ ഇല്ല. ഒരു കി.ഗ്രോം മാലിന്യം 3 രൂപ നിരക്കിലാണ് എടുക്കുന്നതെന്ന് ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ കൗൺസിൽ തീരുമാനമോ തീയതിയോ ഇതുവരെ വ്യക്തമാക്കാൻ നഗരസഭയ്ക്കായിട്ടില്ല.
2. സാനിട്ടേഷൻ ടാക്സുമായി ബന്ധപ്പെട്ട് നഗരസഭയിൽ ഒരു കളക്ഷൻ രജിസ്റ്റർ മാത്രമേ ഉള്ളൂ. ഈ രജിസ്റ്ററിൽ ഒരു ദിവസം തുക ഒടുക്കിയ എല്ലാ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചേർത്തിരിക്കുന്നു. ഓരോ സ്ഥാപനവും എല്ലാ മാസവും ഒടുക്കുന്നുണ്ടോ എന്നറിയാൻ യാതൊരു മാർഗ്ഗവും ഇല്ല. മറ്റു വരവിനങ്ങളെപ്പോലെ ഓരോ സ്ഥാപനത്തിന്റെയും ഓരോ മാസത്തെയും നികുതി തുക മനസ്സിലാക്കാവുന്ന രീതിയിൽ ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
3. പല സ്ഥാപനങ്ങളും എല്ലാ മാസവും സാനിട്ടേഷൻ ടാക്സ് ഒടുക്കുന്നതായി കാണുന്നില്ല. സ്ഥാപനം പ്രവർത്തിക്കാതിരുന്നത് കൊണ്ടോ മാലിന്യം സ്വന്തം നിലയിൽ സംസ്കരിക്കാൻ കഴിയുന്നതുകൊണ്ടോ ഒക്കെ ഇങ്ങനെ സംഭവിക്കാം എങ്കിലും ഈ വിവരങ്ങൾ രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
4. സാനിട്ടേഷൻ ടാക്സിന് നൽകുന്ന രസീതിൽ ഏതു മാസത്തെ തുകയാണെന്ന് വ്യക്തമായി രേഖപ്പെടുത്തണം.
5. ഓരോ സ്ഥാപനത്തിന്റെയും സാനിട്ടേഷൻ ടാക്സ് നിശ്ചയിക്കുന്നത് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലല്ല. എല്ലാദിവസവും ഒരേ അളവിൽ മാലിന്യം ലഭിക്കണമെന്നില്ല. ഈ സാഹചര്യത്തിൽ ഒരു സ്ഥാപനത്തിന്റെ ഒരു മാസത്തെ സാനിട്ടേഷൻ ടാക്സ് തുക വ്യക്തമായും ശാസ്ത്രീയവുമായ ഒരു രീതിയിൽ നിർണ്ണയിക്കേണ്ടതാണ്.
6. സാനിട്ടേഷൻ ടാക്സ് നൽകാത്ത സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്ക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നുണ്ടെന്ന് നിരീക്ഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് JHI മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി നഗരസഭ സൂചിപ്പിച്ചിരുന്നെങ്കിലും അത്തരത്തിലുള്ള യാതൊരു റിപ്പോർട്ടും നഗരസഭയ്ക്ക് ഇതുവരെ ഹാജരാക്കാൻ സാധിച്ചിട്ടില്ല. വൈകുന്നേരങ്ങളിൽ ലൈസൻസ് എടുക്കാത്ത തട്ടുകടകളുടെയും ചെറിയ പെട്ടിക്കടകളുടേയും കച്ചവടത്തിന്റെ ഭാഗമായി നഗരത്തിൽ മാലിന്യം ഉണ്ടാകുന്നുണ്ട്. കൂടാതെ നഗരസഭയ്ക്ക് സമീപപ്രദേശത്തെ താമസക്കാരും നഗരത്തിൽ മാലിന്യം നിക്ഷേപിക്കുന്നുണ്ട്. ഈ വിഷയങ്ങളിൽ നഗരസഭയുടെ ആരോഗ്യവിഭാഗം കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

നഗരസഭ പ്രദേശത്തെ വിവിധ സ്ഥാപനങ്ങളിൽ നിന്നുമുള്ള മാലിന്യങ്ങൾ സ്വന്തമായി സംസ്കരിക്കാൻ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുകയായിരിക്കും കൂടുതൽ നല്ലത്. മാലിന്യസംസ്കരണം മുഴുവനായി നഗരസഭ ഏറ്റെടുക്കുന്നത് അഭികാമ്യമല്ല. ഇതിൽ നിന്നും ലഭിക്കുന്ന വരുമാനത്തേക്കാൾ വളരെ കൂടുതലാണ് ഇതിന് വേണ്ടി വരുന്ന ചെലവ്.

മാലിന്യ സംസ്കരണ രീതികൾ

വെറും 7 ച.കി.മി മാത്രം വലിപ്പമേ ഉള്ളൂ എന്നതാണ് ആലുവ നഗരസഭ നേരിടുന്ന വെല്ലുവിളി. കുറഞ്ഞ സ്ഥലത്തിനുള്ളിൽ ഫലപ്രദമായി മാലിന്യ സംസ്കരണം നടത്തുന്ന രീതികളാണ് നഗരസഭയ്ക്ക് യോജിക്കുക. കേരളത്തിൽ തന്നെ മികച്ച അഭിപ്രായം നേടിയെടുത്ത ധാരാളം മാലിന്യ സംസ്കരണ രീതികൾ നിലവിലുണ്ട്.

- ഫ്ലാറ്റുകൾക്ക് അനുയോജ്യമായ വായു സമ്പർക്ക കമ്പോസ്റ്റ് ടാങ്കുകൾ ഉപയോഗിക്കാവുന്നതാണ്. ഫ്ലാറ്റ് ഉടമകളുടെ സംഘടനയായ ക്രഡായ് ആണ് ഇതിന്റെ പ്രായോജകർ
- കാർഷിക സർവ്വകലാശാല തുമ്പൂർമുഴി എന്ന പേരിൽ ഒരു വായു സമ്പർക്ക യൂണിറ്റ് വികസിപ്പിച്ചിട്ടുണ്ട്. ആലപ്പുഴ നഗരസഭയിൽ ഇത് പ്രവർത്തിക്കുന്നുണ്ട്.
- മണ്ണിൽ പൈപ്പ് കമ്പോസ്റ്റ് ഉണ്ടാക്കി മാലിന്യം സംസ്കരിക്കുന്ന ഒരു രീതി കോഴിക്കോട് സർവ്വകലാശാല വികസിപ്പിച്ചിട്ടുണ്ട്.
- വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ്, മണ്ണിര കമ്പോസ്റ്റ് യൂണിറ്റ്, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് തുടങ്ങിയ രീതികൾ ഉപയോഗിച്ച് ആറ്റിങ്ങൽ നഗരസഭ മാലിന്യ സംസ്കരണം നടത്തി വരുന്നുണ്ട്. 2006 മുതൽ 2012 വരെ മാലിന്യ സംസ്കരണം നടപ്പാക്കിയ മികച്ച നഗരസഭയ്ക്കുള്ള അവാർഡ് ലഭിച്ചത് ഈ നഗരസഭയ്ക്കാണ്.
- ബയോഗ്യാസ് പ്ലാന്റുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടപ്പിലാക്കുന്ന രീതി കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭ നടപ്പിലാക്കിയിട്ടുണ്ട്.
- മികച്ച രീതിയിലുള്ള ഖരമാലിന്യ സംസ്കരണം കാസർഗോഡ് ജില്ലയിലെ മംഗൽപ്പാടി പഞ്ചായത്തിൽ നടപ്പിലാക്കുന്നുണ്ട്. ഇവിടെ നിന്നും ലഭിക്കുന്ന വളത്തിന് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.
- തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്ത് മാലിന്യസംസ്കരണത്തിന് ബഹു-തല പ്രോജക്ട് നടപ്പിലാക്കുന്നുണ്ട്. ഇതിന് കേന്ദ്ര പഞ്ചായത്ത് വകുപ്പിന്റെ 2013 -ലെ അനുമോദനവും ലഭിച്ചിരുന്നു.
- ആലുവ നഗരസഭയോട് ചേർന്ന് കിടക്കുന്ന ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് പ്ലാസ്റ്റിക് രഹിത ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുവാൻ പല പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.
- ഇതുകൂടാതെ തളിപ്പറമ്പ്, ചാലക്കുടി, കൊടുങ്ങല്ലൂർ എന്നീ നഗരസഭകളിലും മോകേരി, പീലിക്കോട്, കതിരൂർ എന്നീ പഞ്ചായത്തുകളിലും വിവിധ രീതിയിലുള്ള മാലിന്യ സംസ്കരണ രീതികൾ അവലംബിക്കുന്നുണ്ട്.

മേൽ സൂചിപ്പിച്ച മാലിന്യ സംസ്കരണ രീതികൾ എല്ലാം പൂർണ്ണ വിജയം എന്ന് അവകാശപ്പെടാനാകില്ലെങ്കിലും അപകടകരമായ മാലിന്യപ്രശ്നത്തിന് ഉത്തരം കണ്ടെത്താനുള്ള പ്രസ്തുത സ്ഥാപനങ്ങളുടെ ആർജ്ജവം അഭിനന്ദനാർഹമാണ്. ഇത്തരം സ്ഥാപനങ്ങളിലെ നഗരസഭയ്ക്ക് യോജിച്ച രീതിയിലുള്ള മാലിന്യ സംസ്കരണ രീതിയോ മറ്റ് ശാസ്ത്രീയമായ രീതികളോ സ്വീകരിച്ചില്ലെങ്കിൽ അനതിവിദൂരഭാവിയിൽ ഇത് നഗരസഭയ്ക്ക് വലിയ വെല്ലുവിളി ഉയർത്തുമെന്ന് ഓഡിറ്റ് മുന്നറിയിപ്പ് തരുന്നു.

## **2-11** നഗരസഭയുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന ശിവരാത്രി വ്യാപാരമേളയിൽ ക്രമക്കേടുകൾ- **₹61,000** വരവ് നഷ്ടം

വർഷങ്ങളായി ശിവരാത്രി ആഘോഷവുമായി ബന്ധപ്പെട്ട് ആലുവ നഗരസഭയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ വ്യാപാരമേള ആലുവ മണപ്പുറത്ത് നടന്നുവരുന്നുണ്ട്. ശിവരാത്രി ദിവസത്തിന് മുൻപ് മുതൽ ശിവരാത്രിക്ക് ശേഷം

ഏകദേശം ഒരു മാസത്തോളം നീണ്ടുനിൽക്കുന്ന ഈ മേള ചരിത്രപ്രസിദ്ധവും ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയവുമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അതി പ്രശസ്തമായ ആലുവ ശിവ ക്ഷേത്രത്തിന്റെയും ദേവസ്വം നിയന്ത്രണത്തിലുള്ള ക്ഷേത്ര പറമ്പിന്റെയും പുറത്തുള്ള വിശാലമായ മണപ്പുറത്താണ് വ്യാപാരമേള നടക്കുന്നത്. നൂറുകണക്കിന് വിവിധ ഇനങ്ങൾ വിൽക്കുന്ന വ്യാപാരസ്ഥാപനങ്ങൾ മേളയുടെ ആകർഷണമാണ്. നഗരസഭയ്ക്ക് കുത്തകലേലം, തറവാടക, കറന്റ് ചാർജ്ജ്, സ്റ്റാൾവാടക, മൈനർ കളക്ഷൻ പിരിവ്, സർവ്വീസ് ചാർജ്ജ് എന്നീ ഇനങ്ങളിൽ ധാരാളം വരുമാനം പ്രതിവർഷം ലഭിക്കുന്നത്. 2016 ഫെബ്രുവരിയിൽ നടന്ന ശിവരാത്രി ആഘോഷവുമായി ബന്ധപ്പെട്ട വിവിധ രേഖകൾ പരിശോധിച്ചതിൽ ധാരാളം ക്രമക്കേടുകൾ നടന്നതായി ഓഡിറ്റിന് വ്യക്തമായിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

(എ) മണപ്പുറത്തെ വിനോദപരിപാടികൾക്ക് വിനോദനികുതി ഒടുക്കുന്നില്ല

മുൻവർഷങ്ങളിലെപ്പോലെ ഈ വർഷവും നഗരസഭ 7,500 ച.അടി സ്ഥലം വിനോദപരിപാടിക്ക് അനുവദിച്ചിട്ടുണ്ട്. ശ്രീ. വി.കെ. വിജയകുമാർ എന്ന വ്യക്തിയാണ് 13,86,000 രൂപയ്ക്ക് ഈ സ്ഥലം കുത്തകലേലം വഴി എടുത്തിരിക്കുന്നത്. വിനോദപരിപാടികൾ നടപ്പിലാക്കാനുള്ള സാങ്കേതിക ഉപകരണങ്ങളോ മനുഷ്യവിഭവശേഷിയോ ഇല്ലാത്തതുമൂലം ആയത് കുത്തകലേലം വഴി നടപ്പാക്കുകയാണെന്നും മുൻവർഷത്തേക്കാൾ 10% അധികം തുക ഈ വർഷം ലഭ്യമായിട്ടുണ്ട് എന്നും നഗരസഭ ഓഡിറ്റ് എൻക്വയറിക്ക് ( നം. 20/2015-16) നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരുന്നു. നഗരസഭ അനുവദിച്ച സ്ഥലത്ത് മരണക്കിണർ, വലിയ ഫ്ലൈയിംഗ് വീൽ, ചെറിയ ഫ്ലയിംഗ് വീൽ, കുട്ടികൾക്കുള്ള ട്രെയിൻ, തുടങ്ങി ധാരാളം വിനോദപരിപാടികൾ നടത്തുന്നുണ്ട്. എല്ലാ വിനോദ പരിപാടികളും ടിക്കറ്റ് ഉപയോഗിച്ചാണ് നടത്തുന്നത്. കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിന്റ്മെന്റ്സ് ടാക്സ് റൂൾസ് 1962, ചട്ടം 4,5(1) എന്നിവ പ്രകാരം നഗരസഭ പരിധിയിൽ നടക്കുന്ന ഏത് വിനോദപരിപാടികളുടേയും നിശ്ചിത നിരക്കിലുള്ള (ഇവിടെ 20 ശതമാനം) വിനോദനികുതി നഗരസഭയിൽ സ്ഥാപനം ഒടുക്കേണ്ടതാണ്. നഗരസഭാ പരിധിയിൽ വിനോദപരിപാടികൾ നടത്തുന്ന സ്ഥാപനം 1998 -ലെ കേരള മുനിസിപ്പാലിറ്റി (പ്രദർശന നികുതി ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ, ചട്ടം -3(1) പ്രകാരം മുനിസിപ്പൽ പ്രദേശത്തുള്ള പ്രദർശനത്തിന് കുറഞ്ഞത് 7 ദിവസം മുൻപ് തന്നെ നടത്താൻ പോകുന്ന പ്രദർശനത്തെ സംബന്ധിക്കുന്ന വിശദവിവരങ്ങളും, സ്ഥലവും തീയതിയും സമയവും, മുനിസിപ്പൽ സെക്രട്ടറിയെ രേഖാമൂലം അറിയിക്കണം. കൂടാതെ എല്ലാ ക്ലാസ്സുകളിലെയും ടിക്കറ്റ് നിരക്ക്, പരമാവധി സീറ്റിംഗ് കപ്പാസിറ്റി, പ്രദർശനങ്ങളുടെ എണ്ണം തുടങ്ങിയവും സെക്രട്ടറിയെ അറിയിക്കണം. (കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിന്റ്മെന്റ്സ് ടാക്സ് റൂൾസ്, 1962 ചട്ടം 4) എന്നാൽ മേൽ വിവരങ്ങളൊന്നും നഗരസഭയിൽ ഇല്ലെന്നുമാത്രമല്ല ഏതൊക്കെ വ്യക്തികൾ/സ്ഥാപനങ്ങൾ ആണ് മേൽ വിനോദപരിപാടികൾ നടത്തിയതെന്നുള്ള വിവരം പോലും നഗരസഭയിൽ ഇല്ല. കുത്തകലേലത്തിൽ നികുതികൾ കൂടി ഉൾപ്പെടുത്തിയാണ് വാങ്ങുന്നതെന്നാണ് നഗരസഭ മറുപടിയിൽ അറിയിച്ചത്. ഇങ്ങനെ നികുതികൾ ലേലത്തിനനുസരിച്ച് വാങ്ങുന്ന ഒരു രീതി നിലവിലില്ലാത്തതും നിയമവിരുദ്ധമാണ്. കുത്തകലേലം എന്ന വാക്ക് കൊണ്ട് വിവക്ഷിക്കുന്നത് ഏത് ഇനത്തിനാണോ കുത്തകലേലം എടുത്തത് ആ ഇനം ലേലം കൊണ്ട വ്യക്തിക്ക് മാത്രമേ അവിടെ നടത്താവൂ എന്ന്

മാത്രമാണ്. ഏത് പരിപാടിയാണോ നടത്തുന്നത് ആ പരിപാടിയുടെ സ്വഭാവമനുസരിച്ച് നൽകേണ്ട മറ്റ് നികുതികളെല്ലാം പരിപാടി നടത്തുന്ന വ്യക്തി/സ്ഥാപനം നൽകണം. ലക്ഷക്കണക്കിന് ജനങ്ങളാണ് ഒരു മാസത്തോളം നീണ്ടുനിന്ന വ്യാപാരമേളയിൽ പങ്കെടുത്തത്. വിനോദനികുതി ഇനത്തിൽ നഗരസഭയ്ക്ക് ലക്ഷങ്ങളുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വിനോദപരിപാടികളുടെ ഇനത്തെയോ എണ്ണത്തേയോ ടിക്കറ്റ് നിരക്കിനെക്കുറിച്ചോ യാതൊരു വിവരവും നഗരസഭയിൽ ഇല്ലാത്തതിനാൽ ഈ ഇനത്തിൽ ഉണ്ടായ നഷ്ടം തിട്ടപ്പെടുത്താൻ ഓഡിറ്റിനായിട്ടില്ല. നിലവിലുള്ള രീതിയിൽ നിന്ന് മാറ്റം വരുത്തി കുത്തകലേലവും വിനോദനികുതിയും രണ്ടും രണ്ടായിട്ട് കണ്ട് ലേല നടപടികൾ നടത്താൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു.

(ബി) ഉപകരണങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധിക്കുന്നില്ല.

വ്യാപാരമേളയോടനുബന്ധിച്ച് നടക്കുന്ന വിനോദപരിപാടികളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യമുള്ള ധാരാളം ഉപകരണങ്ങൾ ഉണ്ട്. ഇത്തരം ഉപകരണങ്ങളുടെ പ്രവർത്തന മേന്മ നിലവിൽ പരിശോധിക്കുന്നതിനായി യാതൊരു രേഖയും ഇല്ല. സമീപകാലത്ത് ഇത്തരമൊരു വിനോദ ഉപകരണത്തിൽ നിന്നുണ്ടായ വീഴ്ചമൂലം ഒരു കുട്ടി മരിക്കാനിടയായ സംഭവം നഗരസഭയെ ഓർമ്മിപ്പിക്കുന്നു. ലേലം നൽകിക്കഴിഞ്ഞാൽ ഉത്തരവാദിത്തമെല്ലാം അവസാനിച്ചു എന്നുള്ള സമീപനം ശരിയല്ല. കൃത്യമായ പരിശോധന നടത്താൻ എഞ്ചിനീയറിംഗ് വിഭാഗത്തിന് കർശന നിർദ്ദേശം നൽകേണ്ടതാണ്.

(സി) ആലുവ മണപ്പുറത്തോട് ചേർന്ന് മൃഗങ്ങളെ ഉപയോഗിച്ച് അനധികൃത പ്രദർശനം നടത്തുന്നു.

മണപ്പുറത്തോട് ചേർന്ന് കേരള സംസ്ഥാന ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ഡി.ടി.പി.സി എന്ന സ്ഥാപനം വിവിധ തരം മൃഗങ്ങളെ ഉൾപ്പെടുത്തി പ്രദർശനം (Animal show) നടത്തുന്നതായി മനസ്സിലാക്കുന്നു. ഈ വിഷയത്തെക്കുറിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി പ്രസ്തുത വിഷയം ഡി.ടി.പി.സി -യുടെ മേലധികാരിയായ എറണാകുളം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി എന്നും നഗരസഭയുടെ അനുമതി വാങ്ങാതെ നടത്തിയ പ്രദർശനം നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടു എന്നും അറിയിച്ചിട്ടുണ്ട്. എങ്കിലും വ്യാപാരമേള സമയത്ത് ഈ പ്രദർശനം നടന്നിരുന്നു. ഇതിനുപുറമേ സംസ്ഥാന ടൂറിസം വകുപ്പ് നഗരസഭയുടെ മേൽ സ്ഥലം കൈയേറിയതായും ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതായും നഗരസഭ അറിയിച്ചിട്ടുണ്ട്. ഈ വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അടുത്ത ശിവരാത്രി ആഘോഷം തുടങ്ങുന്നതിന് മുൻപ് തന്നെ ഈ അനധികൃത പ്രദർശന പരിപാടിയെക്കുറിച്ച് ടൂറിസം വകുപ്പിനെ മുൻകൂർ ശ്രദ്ധയിൽപ്പെടുത്തണം എന്നും നിർദ്ദേശിക്കുന്നു.

(ഡി) നഗരസഭ കൃത്യമായ രീതിയിൽ കണക്കുകൾ സൂക്ഷിക്കുകയോ വരവ് വെയ്ക്കുകയോ ചെയ്യുന്നില്ല.

ശിവരാത്രിയോടനുബന്ധിച്ച് നടത്തുന്ന വ്യാപാരമേളയിൽ പലതരം വരവിനങ്ങൾ ഉണ്ട്. ലേലതുക, ഇ.എം.ഡി., കറന്റ് ചാർജ്ജ്, സ്റ്റാൾ വാടക, തറവാടക, മൈനർ കളക്ഷൻ പിരിവ്, സർവ്വീസ് ചാർജ്ജ് തുടങ്ങിയവ. എന്നാൽ ഇവയെല്ലാം അതാത് വരവിനങ്ങളായി തിരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അദർഫീസ് (Other fees) എന്ന ഹെഡ്ഡിൽ എല്ലാം ചേർത്ത് രേഖപ്പെടുത്തുകയാണ് ഓരോ ഇനത്തിനലെയും തൻ വർഷത്തെയും മുൻവർഷത്തെയും തുകകൾ തമ്മിൽ താരതമ്യം ചെയ്യണമെങ്കിലോ ഒരു ഇനത്തിലെ തന്നെ ( ഉദാ. കറന്റ് ചാർജ്ജ്) വരവും ചെലവും

തമ്മിൽ ഒത്തുനോക്കണമെങ്കിലോ ഇപ്പോൾ സാധിക്കാത്ത അവസ്ഥയാണ്. മഹാശിവരാത്രി 07.03.2016 -നായിരുന്നു. സ്റ്റാളുകൾ എന്ന മുതലാണ് പ്രവർത്തനം തുടങ്ങിയത്, ഓരോ സ്റ്റാളുകളിലെയും വിൽപ്പന വസ്തുക്കൾ എന്തായിരുന്നു, സ്റ്റാളുകളുടെ അഡ്രസ്സ് , സ്റ്റാളുകളിലെ ജീവനക്കാരെ സംബന്ധിക്കുന്ന വിവരങ്ങൾ ഒന്നും വ്യക്തമാക്കുന്ന യാതൊരു രേഖയും ഫയലിൽ ഇല്ല. ശിവരാത്രി വ്യാപാരമേള പലതവണ നീട്ടിവച്ച് 03.04.2016 വരെ നടന്നതായി കാണുന്നു. മഹാശിവരാത്രി മുതൽ തുടങ്ങി എന്നു കണക്കുകൂട്ടിയാൽ തന്നെ 28 ദിവസം സ്റ്റാളുകൾ പ്രവർത്തിച്ചതായി കാണാം. ഒരു സ്റ്റാളിൽ നിന്നും 3000 രൂപയാണ് കറന്റ് ചാർജ്ജ് ഈടാക്കുന്നത്. ആയത് 7 ദിവസത്തെ ചാർജ്ജാണ്. മറ്റു ദിവസങ്ങളിലെ കറന്റ് ചാർജ്ജ് ഈടാക്കിയതിന്റെ രേഖകൾ ഫയലിലോ രജിസ്റ്ററിലോ ഇല്ല. സ്റ്റാൾ വാടകയായ 1500 രൂപ എത്ര ദിവസത്തെ വാടകയാണ് എന്നും വ്യാപാരമേള നീട്ടുന്ന അവസരങ്ങളിൽ സ്റ്റാൾ വാടകയും കൂടുതൽ ഈടാക്കേണ്ടതല്ലേ എന്നുള്ള ഓഡിറ്റിന്റെ ചോദ്യങ്ങൾക്ക് നഗരസഭ മറുപടി നൽകിയിട്ടില്ല. കൂടാതെ വിനോദപരിപാടികൾ നടക്കുന്ന സ്ഥലത്തിന് പുറത്ത് പഗോഡ ബങ്കുകൾ സ്ഥാപിച്ചിട്ടുണ്ട് എന്ന് നഗരസഭ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആ ഇനത്തിൽ എന്തെങ്കിലും വരുമാനമുണ്ടോ എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(ഇ) ലേല നടപടികളിലും ലേലത്തുക, കറന്റ് ചാർജ്ജ്, സ്റ്റാൾവാടക എന്നിവ ഒടുക്കിയതിലെ ക്രമക്കേടുകൾ.

ലേല നടപടികൾ സംബന്ധിച്ച് നഗരസഭ രേഖകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ക്രമക്കേടുകൾ താഴെ ചേർക്കുന്നു.

1. ഒന്നുമുതൽ 40 വരെ 40 സ്റ്റാളുകളാണ് നഗരസഭയ്ക്കുള്ളത്. ഇതിൽ സ്റ്റാൾ നം. 14,15,16,35,36,37,38,39 എന്നീ 8 സ്റ്റാളുകളുടെ ലേല ഡയറി ഇതുമായി ബന്ധപ്പെട്ട് ഹാജരാക്കിയ ഫയലിൽ ഇല്ലായിരുന്നു. ലേലഡയറികൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് 03.11.2016 -ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 20 -ന് നൽകിയ മറുപടിയിൽ 35-ാം സ്റ്റാൾ സൗജന്യമായി കുടുംബശ്രീയ്ക്ക് അനുവദിച്ചതാണെന്നും 15,16,36,37,38,39 എന്നീ സ്റ്റാളുകൾക്ക് ലഭിച്ച ഓഫറുകൾ ചെയർപേഴ്സൺ അനുവദിക്കുകയായിരുന്നു എന്നും, 14 -ാം നമ്പർ സ്റ്റാൾ 80,000 രൂപയ്ക്ക് ശ്രീ. അനീഷ് തോപ്പിൽ എന്ന വ്യക്തിക്ക് നൽകിയതായും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഓഫറുകളെക്കുറിച്ചും 14 -ാം നമ്പർ സ്റ്റാൾ ലേലത്തെക്കുറിച്ചും രജിസ്റ്ററിൽ യാതൊരു വിവരവുമില്ല. ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.
2. ലേലം വിളിക്കുന്ന സ്റ്റാൾ ഉടമ ലേലതുകയുടെ മുന്നിൽ ഒന്ന് ലേലം വിളിക്കുന്ന ദിവസം ഒടുക്കണമെന്നാണ് വ്യവസ്ഥ. ഇത് പാലിക്കപ്പെട്ടിട്ടില്ല.
3. സ്റ്റാൾ നം. 1 -ലെ ലേലഡയറിയിൽ ലേലത്തിൽ പങ്കുകൊണ്ട ആളുകളുടെ ഒപ്പ് ഇല്ല. ലേലം വിളികേട്ട മുനിസിപ്പൽ ചെയർപേഴ്സനും സെക്രട്ടറിയും രണ്ട് ലേലഡയറികൾ മാത്രമാണ് ഒപ്പിട്ടിരിക്കുന്നത്. (വിനോദനികുതി, ഐസ്ക്രീം എന്നിവയുടെ കുത്തകലേലത്തിൽ). എല്ലാ സ്റ്റാളിനും ഒരു വ്യക്തി മാത്രമാണ് ലേലത്തിൽ പങ്കെടുത്തിട്ടുള്ളത് എന്നതും ലേലം വിളി അനുവദിച്ച തുകയിൽ നിന്ന് 2000 രൂപ മാത്രം വർദ്ധിപ്പിച്ച് ലേലം ഉറപ്പിച്ചിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
4. കുത്തകലേലം ഉറപ്പിച്ച് കഴിഞ്ഞാൽ ലേല തുകയുടെ 50% അപ്പോൾത്തന്നെയും ബാക്കി സംഖ്യ 7

ദിവസങ്ങൾക്കകവും ഒടുക്കേണ്ടതും സെക്രട്ടറി നിശ്ചയിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് 100 രൂപ മുദ്രപ്പത്രത്തിൽ ഉടമ്പടി വച്ചിരിക്കേണ്ടതുമാണ് എന്ന് നിബന്ധനകളിൽ കാണുന്നു. എന്നാൽ വിനോദപരിപാടിയ്ക്ക് 13,86,000 രൂപയ്ക്ക് കുത്തക എടുത്ത ശ്രീ. വിജയകുമാർ ഇതിന്റെ 50% തുകയായ 6,93,000 രൂപയ്ക്ക് പകരം 4,00,000 രൂപയാണ് അപ്പോൾ ഒടുക്കിയത്. അതുപോലെ 4,15,000 രൂപയ്ക്ക് ഐസ്ക്രീം കുത്തകലേലം എടുത്ത ശ്രീ അമ്മുകുഞ്ഞ് 2,07,500 രൂപയ്ക്ക് പകരം 1,39,000 രൂപയാണ് ഒടുക്കിയത്. മാത്രമല്ല ഇവരാരും എഗ്രിമെന്റ് വച്ചതായി ഫയലിൽ ഇല്ല.

(എഫ്) ലേലത്തുക, കറന്റ് ചാർജ്ജ്, സ്റ്റാൾ വാടക എന്നിവ പൂർണ്ണമായും ഈടാക്കിയില്ല. 47,500 രൂപ വരവ് നഷ്ടം

1. കുത്തകലേലം/സ്റ്റാൾലേലം വിളിച്ചവരിൽ പലരും ലേല തുക പൂർണ്ണമായി ഒടുക്കിയിട്ടില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | ലേലതുക | ഒടുക്കിയത് | വിശദാംശം | | ഒടുക്കാത്തത് |
|---|---|---|---|---|---|---|
| 1 | സ്റ്റാൾ നം. 17 (മഹറൂഫ്, ആലുവ റെഡീമെയ്ഡ് വ്യാപാരം) | 80,000 | 57,500 | 1. | 30,000 13332/3.03.16 | 25,000 |
| | | | | 2. | 6,500 13395/15.03.16 | |
| | | | | 3. | 11,000 13941/22.03.16 | |
| | | | | 4. | 2,500 13964/25.03.16 | |
| | | | | 5. | 5,000 13978/25.03.16 | |
| | | | | 6. | 2,500 13991/25.03.16 | |
| 2. | സ്റ്റാൾ നം. 18 രാജേഷ്, മുത്തേടത്ത്പടി, മായന്നൂർ സ്ട്രീറ്റ് പി.ഒ., മായന്നൂർ തൃശ്ശൂർ ജില്ല ( ഈ ഇനത്തിൽ രസീത് നമ്പരും തുകയും നഗരസഭ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ആയത് രജിസ്റ്ററിൽ നിന്നും വ്യത്യസ്തമാണ്. ഈ സാഹചര്യത്തിൽ യഥാർത്ഥ രസീതിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്) | 70,000 | 47,500 | 1. | 3,000 13379/11.03.16 | 22,500 |
| | | | | 2. | 4,000 13901/16.03.16 | |
| | | | | 3. | 8,500 13934/21.03.16 | |
| | | | | 4. | 5,000 13944/23.03.16 | |
| | | | | 5. | 4,000 13954/23.03.16 | |
| | | | | 6. | 10,000 13965/25.03.16 | |
| | | | | 7. | 9000 13979/25.03.16 | |

| | | | |
|---|---|---|---|
| | 8. | 2,000<br>13999/30.03.16 | |
| | 9. | 2,000<br>13379/12.03.16 | |
| | ആകെ ലഭിക്കാനുള്ളത് | | 47,500 |

2. എല്ലാ സ്റ്റാൾ ഉടമയുടെ ലേലത്തുകയ്ക്ക് പുറമേ 3000 രൂപ കറന്റ് ചാർജ്ജും (7 ദിവസത്തേക്ക്) 1500 രൂപ സ്റ്റാൾ വാടകയും ഒടുക്കേണ്ടതാണെന്ന് ലേല നിബന്ധനയിൽ പറയുന്നു. എന്നാൽ സ്റ്റാൾ നം. 24,30,40 (3 സ്റ്റാളുകൾ) എന്നീ സ്റ്റാളുകൾ കറന്റ് ചാർജ്ജും സ്റ്റാൾ വാടകയും ഒടുക്കിയതായി കാണുന്നില്ല. ഇതുമൂലം നഗരസഭയ്ക്ക് 13,500 രൂപയുടെ [3 x (3000 + 1500)] നഷ്ടം ഉണ്ടായിട്ടുണ്ട്.

(ജി) ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസ് നൽകുന്നതിന്റെ രേഖകൾ ഇല്ല.

ശിവരാത്രി വ്യാപാരമേളയുമായി ബന്ധപ്പെട്ട് മണപ്പുറത്ത് നഗരസഭ ജീവനക്കാരെ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുകയും ആയതിന് 5,12,033 രൂപ സ്പെഷ്യൽ അലവൻസ് നൽകിയതായും കാണുന്നു. തീയറ്റർ ചെക്കിംഗ്, അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കൽ, ഭക്ഷണപദാർത്ഥങ്ങളുടെ പരിശോധന തുടങ്ങിയ ധാരാളം ഡ്യൂട്ടികൾ ജീവനക്കാരെ ഏൽപ്പിച്ചിരുന്നു. എന്നാൽ ഇത്തരത്തിലുള്ള എന്തെങ്കിലും ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. എൻക്വയറിക്ക് മറുപടിയായി ജീവനക്കാർ ചെയ്യുന്ന ഡ്യൂട്ടികളെപ്പറ്റി നഗരസഭ വിവരിച്ചിട്ടുണ്ടെങ്കിലും ആയത് തെളിയിക്കുന്ന യാതൊരു രേഖയും ഫയലിൽ ഇല്ല. പ്രത്യേക ജോലികൾ ചെയ്യാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ അങ്ങനെ ചെയ്യുന്നുണ്ടെന്ന് ഒരു മേലുദ്യോഗസ്ഥനും ഉറപ്പ് വരുത്തുന്നില്ല. വൈകിട്ട് 5 മണിയ്ക്ക് ശേഷമാണ് സ്പെഷ്യൽ ഡ്യൂട്ടി ആരംഭിക്കുന്നത് എങ്കിലും എത്രമണിവരെയാണ് സ്പെഷ്യൽ ഡ്യൂട്ടി എന്ന് പ്രത്യേകിച്ച് നിർദ്ദേശമൊന്നുമില്ല. ജീവനക്കാരുടെ അറ്റൻഡൻസ് രജിസ്റ്റർ മാത്രമാണ് ഈ ഇനവുമായി ബന്ധപ്പെട്ട ഏക രേഖ.

ഓഡിറ്റ് നിർദ്ദേശങ്ങൾ

മുകളിൽ സൂചിപ്പിച്ച ക്രമക്കേടുകളുടെ വെളിച്ചത്തിൽ ശിവരാത്രി വ്യാപാരമേളയോടനുബന്ധിച്ച അക്കൗണ്ടിംഗും പ്രവർത്തന രീതിയും സുതാര്യമാക്കുന്നതിന് താഴെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നു.

1. വ്യാപാരമേളയോടനുബന്ധിച്ച് നടത്തപ്പെടുന്ന വിനോദപരിപാടികളിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കാൻ നഗരസഭ സംവിധാനം ഉണ്ടാക്കണം. നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ എഞ്ചിനീയറിംഗ് വകുപ്പിന് നിർദ്ദേശം നൽകേണ്ടതാണ്.പരിപാടികൾക്ക് ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ ഫിറ്റ്നസ്സ് ബോദ്ധ്യപ്പെട്ടതിന് ശേഷം മാത്രമേ പരിപാടികൾക്ക് അനുമതി നൽകാവൂ.കുത്തക ലേലവും പരിപാടികളുടെ അനുമതിയും വ്യത്യസ്ഥമാണ്. ഓരോ വിനോദ പരിപാടികൾക്കും വ്യത്യസ്ഥമായിത്തന്നെ പരിശോധന നടത്തേണ്ടതും അനുമതി നൽകേണ്ടതുമാണ്.
2. നഗരസഭയുടെ ശിവരാത്രി കണക്ക് സൂക്ഷിയ്ക്കലിന്റെ കൃത്യത വർദ്ധിപ്പിക്കണം. ലേലതുക, EMD, കറന്റ് ചാർജ്ജ്, സ്റ്റാൾ വാടക, തറവാടക, മൈനർ കളക്ഷൻ പിരിവ്, സർവ്വീസ് ചാർജ്ജ്, മറ്റിനങ്ങൾ (ഉണ്ടെങ്കിൽ) എല്ലാം വേർതിരിച്ച് രേഖപ്പെടുത്തണം. ഓരോ സ്റ്റാളുടമകളുടേയും എല്ലാ ഇനത്തിലുള്ള വരവും ഒരു പേജിൽ തന്നെ രേഖപ്പെടുത്തേണ്ടതാണ് .

3. കറന്റ് ചാർജ്ജ്, സ്റ്റാൾ വാടക എന്നിവ എത്രദിവസത്തേയ്ക്കാണ് എന്നും കൂട്ടതലായി വരുന്ന ഓരോ ദിവസത്തിനും എങ്ങനെയാണ് തുക ഈടാക്കുക എന്നും നിബന്ധനകളിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
4. വിനോദപരിപാടിയുടെ ടിക്കറ്റ് സീൽചെയ്ത് നൽകേണ്ടതും നിശ്ചിത നിരക്കിലുള്ള വിനോദനികുതി ഈടാക്കേണ്ടതുമാണ്. അധിക തുക ഈടാക്കുന്നത് സംബന്ധിച്ച്, പ്രദർശനങ്ങളുടെ എണ്ണം സംബന്ധിച്ച്, സീൽ ചെയ്യാത്ത ടിക്കറ്റ് വിൽക്കുന്നത് സംബന്ധിച്ച് തുടങ്ങിയ കാര്യങ്ങൾ നിരീക്ഷിക്കാൻ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
5. വിനോദപരിപാടികൾ നടത്തുന്ന സ്ഥാപനങ്ങളുടെ എല്ലാ വിവരങ്ങളും ശേഖരിയ്ക്കണം. (ഉടമയുടെ പേര്, വിലാസം, പങ്കെടുക്കുന്ന തൊഴിലാളികളുടെ വിവരങ്ങൾ.....)
6. നിശ്ചിത മാതൃകയിലുള്ള എഗ്രിമെന്റ് ആവശ്യമായ ഇനങ്ങൾക്ക് സൂക്ഷിക്കേണ്ടതാണ്. ലേല ഡയറി, അറ്റൻഡൻസ് രജിസ്റ്റർ, ജീവനക്കാർക്ക് നൽകുന്ന നിർദ്ദേശങ്ങൾ, ഉദ്യോഗസ്ഥരുടെ വിവിധ റിപ്പോർട്ടുകൾ എല്ലാം ഫയലിൽ സൂക്ഷിക്കണം.
7. ഭക്ഷണ സാധനങ്ങളുടെ വിൽപ്പനയിൽ ആരോഗ്യവകുപ്പിന്റെ പരിപൂർണ്ണ ശ്രദ്ധവേണം. മിന്നൽ പരിശോധനകൾ നടത്തണം. ആയതിന്റെ റിപ്പോർട്ടും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
8. ആവശ്യമായ ഇടങ്ങളിൽ മാത്രം ജീവനക്കാരെ നിയോഗിക്കുക. ജീവനക്കാർ നഗരസഭയിൽ എന്നപോലെ മേലുദ്യോഗസ്ഥരുടെ നിയന്ത്രണത്തിൽ തന്നെ ആയിരിക്കണം. ജീവനക്കാർ ചെയ്യേണ്ട ജോലികൾ കൃത്യമായി ജീവനക്കാർക്ക് രേഖാമൂലം അറിയിപ്പ് നൽകുക. നിയോഗിച്ചിരിക്കുന്ന മേഖലകളിൽ ജോലിചെയ്യുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തണം. 5 മണിക്ക് ശേഷം എത്രമണിവരെ ഡ്യൂട്ടി ചെയ്യണം എന്നും നിശ്ചയിക്കേണ്ടതാണ്.
9. വ്യാപാരമേളയുടെ കണക്ക് സൂക്ഷിക്കൽ മറ്റ് ഇനങ്ങളിലെ എന്നത്പോലെ തന്നെ റവന്യൂ ഇൻസ്പെക്ടർ, റവന്യൂ ഓഫീസർ എന്നിവരുടെ മേൽ നോട്ടത്തിലും നിയന്ത്രണത്തിലുമായിരിക്കേണ്ടതാണ്.
10. നഗരസഭ ജീവനക്കാർ അപകടകരമായ സാഹചര്യത്തിലാണ് ജോലി ചെയ്യുന്നത് എന്ന് നഗരസഭ എൻക്വയറിക്ക് നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ജീവനക്കാരെ കൈയ്യേറ്റം ചെയ്തസംഭവങ്ങളും, ആരോഗ്യപരമായ പ്രശ്നം നേരിടേണ്ട അവസ്ഥകളും മറ്റും ഉണ്ടായതായി മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ വിഷയം ഭരണസമിതിയുടേയും മുനിസിപ്പൽ ഭരണവകുപ്പിന്റേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

.വിവിധ പരിശോധനകൾക്ക് പ്രത്യേക സ്ക്വാഡുകൾ രൂപീകരിയ്ക്കാവുന്നതും പോലീസ് സഹായം തേടാവുന്നതുമാണ്. തൃശ്ശൂർ പൂരം മാതൃകയിൽ സംഘാടക സമിതി,സ്വാഗത സംഘം തുടങ്ങിയവ രൂപീകരിച്ച് കൊണ്ടുള്ള പ്രവർത്തനശൈലി സ്വീകരിയ്ക്കാവുന്നതാണ്.

ശിവരാത്രി വ്യാപാരമേളയുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച ക്രമക്കേടുകളും ആയതിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും നഗരസഭയുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് ഈ കാര്യാലയത്തിൽ നിന്ന് 01.04.2016 -ൽ കെ.എസ്.എ.-എ.വി.എം.(എം.2) 164/16 എന്ന കത്ത് മൂലവും 03.11.2016 -ൽ ഓഡിറ്റ് എൻക്വയറിക്ക് ( നം.

20/2015-16) നൽകുകയും ചെയ്തിരുന്നു. കത്തിനും എൻക്വയറിക്കും ലഭിച്ച മറുപടിയിൽ എല്ലാ വസ്തുതകളും വിശദീകരിച്ചിട്ടില്ലായിരുന്നു. മേൽ ക്രമക്കേടുകൾക്ക് വിശദീകരണം നൽകേണ്ടതും നഷ്ടമായ തുക ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ അറിയിക്കേണ്ടതും അല്ലാത്തപക്ഷം സെക്രട്ടറി, റവന്യൂ ഓഫീസർ, ജോലിവിഭജന രേഖ പ്രകാരമുള്ള ഉദ്യോഗസ്ഥർ എന്നിവരുടെ തുല്യബാദ്ധ്യതയായി കണക്കാക്കി ഈടാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മാലിന്യം കൊണ്ടുപോകൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ S0017/2016 സംസ്കരണ സ്ഥലത്തേക്ക് മാലിന്യം കൊണ്ടുപോകൽ പദ്ധതി.

ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദ ആശുപത്രി നിർവ്വഹണോദ്യോഗസ്ഥയായ മേൽ പ്രോജക്ട് പ്രകാരമുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

മാലിന്യ സംസ്കരണ പ്ലാന്റിലേക്ക് മാലിന്യം കൊണ്ടുപോകൽ (waste transportation to waste disposal plant) എന്ന സ്പിൽ ഓവർ പ്രോജക്ടാണിത്. 970427 രൂപ വകയിരുത്തിയിത് മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ താഴെ കാണിച്ചപ്രകാരമാണ്.

| | | |
|---|---|---|
| എ) | | |
| 1) | ആലുവ ജനറൽ മാർക്കറ്റ് പരിസരത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അസൗകര്യമായ രീതിയിൽ കൂടിക്കിടന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്തതിന് കരാറുകാരൻ എം.പി. ഷാജിക്ക് നൽകിയത്. | 155002<br>191391<br>220218<br>566611 |
| 2) | വിവിധ വാർഡുകളിൽ നിന്നും പ്ലാസ്റ്റിക് ഉൾപ്പെടെ അജൈവ മാലിന്യങ്ങൾ നീക്കിയതിന് | 161864<br>45599<br>207463 |
| 3) | വിവിധ വാർഡുകളിൽ നിന്നും പ്ലാസ്റ്റിക് ഉൾപ്പെടെ അജൈവ മാലിന്യങ്ങൾ നീക്കിയതിന് | 57153 |
| | ശ്രീ.ഷാജിക്ക് ആകെ നൽകിയ തുക | 831227 രൂപ |
| ബി) | ബ്രഹ്മപുരത്തെ സംസ്കരണ സ്ഥലത്തേക്ക് മാലിന്യങ്ങൾ എത്തിച്ചതിന് ലോറി വാടക, കരാറുകാരൻ ശ്രീ. ബി. സുനിൽകുമാറിന് നൽകിയത്. | 139200 |
| | ആകെ | 970427 |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെൻഡർ ക്ഷണിച്ച് കരാറുകാരനെ നിയമിക്കാതെ പണം നൽകിയത്- ചട്ടലംഘനം.

1997 -ലെ കേരള മുനിസിപ്പാലിറ്റി (പൊതു മരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ 8 -ാം ചട്ട പ്രകാരം അയ്യായിരം രൂപയിൽ അധികം മതിപ്പ് ചെലവു വരുന്ന പണികൾ ടെൻഡർ ക്ഷണിച്ച് വേണം ചെയ്യേണ്ടത്. എന്നാൽ ചീഫ് മെഡിക്കൽ ഓഫീസർ നിർവ്വഹണേദ്യോഗസ്ഥയായ ഈ പദ്ധതിയിലെ കരാറുകാരായ ശ്രീ. എം.പി. ഷാജിയും, ശ്രീ. ഐ.ബി. സുനിൽകുമാറും ഇപ്രകാരം ടെൻഡർ

വ്യവസ്ഥകൾ പാലിച്ച് നിയമിക്കപ്പെട്ടവരല്ല. ദുഃഖവെള്ളി, ഈസ്റ്റർ തുടങ്ങിയ ആഘോഷങ്ങളുമായി ബന്ധപ്പെട്ട മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ഹാൻഡ് ക്വട്ടേഷൻ ക്ഷണിച്ചാണ് ശ്രീ. എം.പി. ഷാജിക്ക് നഗരസഭ കരാർ നൽകിയത്. (കൗൺസിൽ തീരുമാനം 15 തീയതി 13.04.2015) 13.05.2015 -ലെ വർക്ക് ഓർഡർ പ്രകാരം 3 ദിവസത്തേക്ക് മാത്രമുള്ള പ്രവൃത്തിക്ക് വേണ്ടിയാണ് ഇപ്രകാരം കരാർ നൽകിയിരുന്നത്. ആകയാൽ മുകളിൽ കാണിച്ച പ്രകാരം 8,31,227 രൂപ ശ്രീ. ഷാജിക്ക് നൽകിയത് ചട്ടവിരുദ്ധമായാണ്. അതുപോലെ 17.10.2014 -ലെ ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 6 -ാം തീരുമാന പ്രകാരം അടിയന്തിരമായി മാലിന്യം നീക്കം ചെയ്യേണ്ടതിനാൽ ഹാൻഡ് ക്വട്ടേഷൻ ക്ഷണിച്ച് വർക്ക് ഓർഡർ നൽകണം എന്നതിന്റെ അടിസ്ഥാനത്തിലാണ് ഹാൻഡ് ക്വട്ടേഷനിൽ കുറഞ്ഞ നിരക്ക് കാണിച്ച് ശ്രീ. ഐ.ബി. സുനിൽകുമാറിനെ കരാറുകാരനായി നിശ്ചയിച്ചത്. (12.11.2014 -ലെ 34 -ാം കൗൺസിൽ തീരുമാനം). ഇതേ തുടർന്ന് 2014-15 കാലഘട്ടത്തിലും 2015-16 കാലഘട്ടത്തിലും ഇയാൾ കരാറുകാരനായി തുടർന്നതായി കാണുന്നു. അടിയന്തിര സാഹചര്യത്തിൽ ഹാൻഡ് ക്വട്ടേഷൻ വഴി കരാർ നേടിയ വ്യക്തിയെ തുടർന്നും ഈ പദ്ധതിയുടെ കരാറുകാരനാക്കിയതും മുകളിൽ സൂചിപ്പിച്ച പ്രകാരം 1,39,200 രൂപ കരാർ തുകയായി അനുവദിച്ചതും ചട്ട ലംഘനമാണ്.

2. പദ്ധതിരേഖക്ക് വിരുദ്ധമായി പണം ചെലവഴിച്ചത് സംബന്ധിച്ച്.

മാലിന്യ സംസ്കരണ പ്ലാന്റിലേക്ക് മാലിന്യം കൊണ്ടുപോകൽ എന്നതാണ് പ്രോജക്ട് കൊണ്ടുദ്ദേശിക്കുന്നത്. അതുപ്രകാരം ബ്രഹ്മപുരം പ്ലാന്റിലേക്ക് മാലിന്യം എത്തിച്ചിട്ടുള്ളതായി ശ്രീ. സുനിൽകുമാർ എന്ന കരാറുകാരൻ ഹാജരാക്കിയ ട്രിപ്പ് ഷീറ്റിൽ നിന്നും വ്യക്തമാണ്. എന്നാൽ ഷാജി എന്ന കരാറുകാരൻ ഏത് സംസ്കരണ പ്ലാന്റിലേക്കാണ് മാലിന്യം നീക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല. സംസ്കരണ കേന്ദ്രത്തിലേക്ക് മാലിന്യം കൊണ്ടുപോകുക എന്ന പദ്ധതി രേഖക്ക് വിരുദ്ധമായി മാലിന്യം നീക്കം ചെയ്യുക എന്ന കരാറാണ് ശ്രീ. ഷാജി നിർവ്വഹിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. പദ്ധതി രേഖക്ക് വിരുദ്ധമായി പണം ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

3. കരാറുകാരിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ആദായനികുതി ഈടാക്കിയില്ല .

ആദായനികുതി നിയമപ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും 1% ആദായനികുതി ഈടാക്കേണ്ടതുണ്ട്. ഇപ്രകാരം ആദായനികുതി ഈടാക്കാതെയാണ് കരാറുകാർക്ക് തുക അനുവദിച്ചിട്ടുള്ളതെന്ന് കാണുന്നു. ആകയാൽ മുകളിൽ സൂചിപ്പിച്ച കരാറുകാരിൽ നിന്നും യഥാക്രമം 8,312 രൂപയും 1,392 രൂപയും ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്.

## **3-2** <u>മാലിന്യനീക്കം ടെൻഡർ വിളിക്കാതെ കരാറുകാരനെ നിശ്ചയിച്ചത് - ഗുരുതരമായ ക്രമക്കേട്</u>

1). ഫയൽ നം. H3 4832/08 Vol. III

2). ഫയൽ നം. H2 9154/12
3). പ്രോജക്ട് നം. 119/15-16

1. ദുഃഖവെള്ളി, ഈസ്റ്റർ തുടങ്ങിയ ആഘോഷങ്ങളുമായി ബന്ധപ്പെട്ട മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന്

അടിയന്തിരപ്രാധാന്യം കണക്കിലെടുത്ത് ഹാൻഡ് ക്വട്ടേഷൻ ക്ഷണിച്ച് കരാർ നൽകാൻ ചെയർപേഴ്സൺ ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ 26.03.2015 -ൽ ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധപ്പെടുത്തി 30.03.2015 -നകം ക്വട്ടേഷൻ നൽകാനാണ് ആവശ്യപ്പെട്ടിരുന്നത്. മൂന്ന് ഹാൻഡ് ക്വട്ടേഷൻ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് കാണിച്ച എം.പി. ഷാജിയുടെ നിരക്ക് (ടണ്ണിന് 1840 പിന്നീട് 1835 ആയി കുറച്ചു) അംഗീകരിക്കുകയും മൂന്ന് ദിവസത്തിനുള്ളിൽ പ്രവൃത്തി നിർവ്വഹണം പൂർത്തിയാക്കാൻ നിർദ്ദേശിച്ചു. 13.05.2015 -ൽ ഇദ്ദേഹത്തിന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. എന്നാൽ തുടർന്നിങ്ങോട്ട് 15-16 വർഷം മുഴുവനും മാലിന്യനീക്കം നടത്തിയതിന് ഈ കരാറുകാരന് തുക അനുവദിച്ചതായി കാണുന്നു. ഇതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| തീയതി | മാലിന്യം അളവ് | തുക | |
|---|---|---|---|
| 16.05.2015-17.05.2015 | 53200 കി.ഗ്രാം | 96282 | ചെക്ക് 20972/21.05.2015 |
| 22.05.2015- 24.05.2015 | 308780 കി.ഗ്രാം | 566611 | പദ്ധതി വിഹിതം |
| 27.05.2015 – 28.05.2015 | | | പദ്ധതി-17/15 ബിൽ 15/23.06.2015 |
| 02.07.2015-09.07.2015 | 287210 കി.ഗ്രാം | 207463 | ബിൽ- 21/29.07.2015 പദ്ധതി -17/15 |
| | | 319565 | പദ്ധതി- 119/15 ബിൽ തീ.-20.08.2015 |
| 10.08.2015 | 22900 കി.ഗ്രാം | 42021 | പദ്ധതി 119/15 ബിൽ തീയതി 08.09.2015 |

| തീയതി | മാലിന്യം അളവ് | തുക | |
|---|---|---|---|
| 10.08.2015 | 34800 കി.ഗ്രാം | 57153 (തുക ലിമിറ്റ് ചെയ്തു- | പദ്ധതി 17/15 27/18.08.2015 |
| 12.09.2015- 14.09.2015 | 144500 കി.ഗ്രാം | 265156 | പദ്ധതി 119/15 തീയതി 29.09.2015 |
| 13.09.2015- 14.09.2015 | 83780 കി.ഗ്രാം | 153733 | പദ്ധതി 119/15 തീയതി |
| 05.12.2015 | 44305 കി.ഗ്രാം | 81299 | പദ്ധതി 119/15 തീയതി 22.02.2016 |
| 04.03.2016- 05.03.2016 | 113295 കി.ഗ്രാം | 207883 | ചെക്ക് 234806/04.06.2016 |
| 09.03.2016 | 108975 കി.ഗ്രാം | 199963 | ചെക്ക് 036150/17.08.2016 |
| 01.03.2016- 04.03.2016 | 141100 കി.ഗ്രാം | 100000 | ചെക്ക് 038111/22.09.2010 |
| | ആകെ | 22,97,129 | |

അടിയന്തിരപ്രാധാന്യം കണക്കിലെടുത്ത് ഹാൻഡ് ക്വട്ടേഷൻ ക്ഷണിച്ച് 3 ദിവസത്തേക്കാണ് കരാറുകാരന് വർക്ക് ഓർഡർ നൽകിയത്. 13.04.2015 -ലെ XV -ാം കൗൺസിൽ തീരുമാനപ്രകാരം അടിയന്തിരമായി

മാലിന്യം നീക്കം ചെയ്യുന്ന പ്രവൃത്തിക്കാണ് അനുമതിയുള്ളത്. എന്നാൽ ഇതിന് വിരുദ്ധമായി 2015-16 വർഷം മൊത്തം കാലയളവിൽ മാലിന്യനീക്കം നടത്തിയതിന് മുകളിൽ സൂചിപ്പിച്ച പ്രകാരം തുക അനുവദിച്ചത് നിയമവിരുദ്ധമാണ്. 22.05.2015 മുതൽ 09.03.20.16 വരെ ടിയാൻ നടത്തിയ മാലിന്യ നീക്കം പ്രവൃത്തിക്ക് കൗൺസിൽ അംഗീകാരം ലഭിച്ചിരുന്നില്ല. പിന്നീട് 01.09.2016 -ൽ ചേർന്ന കൗൺസിൽ 25 -ാം തീരുമാനപ്രകാരം 2015-16 -ലെ മാലിന്യ നീക്കവുമായി ബന്ധപ്പെട്ട് ശ്രീ. ഷാജിക്ക് നൽകിയ മുഴുവൻ തുകയും മുൻകാല പ്രാബല്യത്തോടെ അംഗീകരിക്കുകയാണ് ചെയ്തത്. കൗൺസിലിന്റെ ഈ തീരുമാനം താഴെ പറയുന്ന കാരണങ്ങളാൽ നിയമപരമായി നിലനിൽക്കുന്നതല്ല.

1. 2010-15 കാലയളവിൽ നിലനിന്നിരുന്ന കൗൺസിലാണ് 22.05.2015 മുതൽ ചെയ്ത പ്രവൃത്തികൾക്ക് അംഗീകാരം നൽകേണ്ടിയിരുന്നത്. 2015 നവംബറിൽ പുതിയ കൗൺസിൽ നിലവിൽ വന്നതോടെ പഴയ കൗൺസിൽ ഇല്ലാതായി. ആകയാൽ ടി കൗൺസിൽ അംഗീകാരമില്ലാതെ നടന്ന പ്രവൃത്തിക്ക് തുക അനുവദിച്ചത് നിയമ വിരുദ്ധമായ പ്രവൃത്തിയാണ്.
2. 1997 -ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ പ്രകാരം ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് വേണം പ്രവൃത്തി കരാർ ചെയ്യേണ്ടത്. അടിയന്തിരസാഹചര്യത്തിൽ ടെൻഡർ നടപടിക്രമങ്ങളിൽ ഇളവനുവദിക്കാം എന്നല്ലാതെ വർഷം മുഴുവൻ നീണ്ടുനിന്ന പ്രവൃത്തി ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെ നടപ്പിലാക്കിയാൽ കൗൺസിൽ തീരുമാനത്തിലൂടെ ആ പ്രവൃത്തി സാധൂകരിക്കാനാകില്ല.

കൗൺസിൽ തീരുമാനമില്ല എന്നറിഞ്ഞതിന് ശേഷവും പണം നൽകിയത് സംബന്ധിച്ച്.

സൂചന 1 പ്രകാരമുള്ള ഫയൽ എച്ച്.3 4832/08 വാല്യം III ഫയലിലെ നോട്ട് ഷീറ്റ് കുറിപ്പ് പ്രകാരം 22.07.2015 -ലാണ് ഈ പ്രവൃത്തിക്ക് അംഗീകാരമില്ല എന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. എന്നാൽ ഇതിന്ശേഷം 17/4/16 -ൽ 1.99 ലക്ഷവും 22.09.2016 -ൽ 1 ലക്ഷവും തനത് ഫണ്ടിൽ നിന്ന് ടിയാന് നൽകിയിട്ടുണ്ട്.

പദ്ധതി ഫണ്ട് വിനിയോഗം- മാർഗ്ഗരേഖകൾ ലംഘിച്ച് ചെലവ് ചെയ്തത് സംബന്ധിച്ച്.

മുകളിൽ സൂചിപ്പിച്ച പ്രകാരം മാലിന്യനീക്കത്തിന് ശ്രീ.ഷാജിക്ക് നൽകിയ 22.97 ലക്ഷത്തിൽ 16.93 ലക്ഷം രൂപയും ചെലവഴിച്ചത് പദ്ധതി വിഹിതത്തിൽ നിന്നാണ് ഇതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | നിർവ്വഹണോദ്യോഗസ്ഥൻ | അനുവദിച്ച തുക |
|---|---|---|---|
| 119/15-16 | മാലിന്യനീക്കം ചെയ്യൽ - സംസ്കരണകേന്ദ്രത്തിലേക്ക് കൊണ്ടുപോകൽ | സെക്രട്ടറി | 319565 |
| | | | 42021 |
| | | | 265156 |
| | | | 153733 |
| | | | 81299 |
| | ആകെ | | 861774 |
| S0017/15-16 | സംസ്കരണ സ്ഥലത്തേക്ക് മാലിന്യം കൊണ്ടുപോകൽ | ചീഫ് മെഡിക്കൽ ഓഫീസർ | 566611 |
| | | | 207463 |
| | | | 57153 |

| | ആകെ | 831227 |
|---|---|---|

പദ്ധതി വിനിയോഗത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പദ്ധതി തുകയുപയോഗിച്ചുള്ള പ്രവൃത്തികൾക്ക് 1997 -ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളാണ് ബാധകം. ഈ ചട്ടങ്ങളിലെ 8 -ാം ചട്ടപ്രകാരം അയ്യായിരം രൂപയിൽ അധികം മതിപ്പ് ചെലവുവരുന്ന പണികൾ ടെൻഡർ ക്ഷണിച്ച് വേണം ചെയ്യേണ്ടത്. എന്നാൽ ഇതിന് വിരുദ്ധമായി മാലിന്യം നീക്കം ചെയ്യതിന് നഗരസഭ താൽക്കാലികമായി കരാർ നൽകിയ (13.05.2015 -ൽ നഗരസഭ നൽകിയ വർക്ക് ഓർഡർ പ്രകാരം 3 ദിവസം മാത്രം) ശ്രീ. എം.പി. ഷാജിക്ക് മുകളിൽ കാണിച്ച പ്രകാരം യഥാക്രമം 8.61, 8.31 ലക്ഷം രൂപ (ആകെ 16,93,001 രൂപ) അനുവദിക്കുകയാണ് നിർവ്വഹണോദ്യോഗസ്ഥർ ചെയ്തത്. ടെൻഡർ ക്ഷണിച്ച് കരാറുകാരനെ നിയമിക്കാതെ പ്രവൃത്തി ചെയ്തത് ചട്ടവിരുദ്ധമാണ്.

മാലിന്യ സംസ്കരണകേന്ദ്രത്തിലേക്ക് മാലിന്യം കൊണ്ടുപോകൽ എന്നതാണ് ഈ രണ്ട് പ്രോജക്കുകളുടേയും ഉദ്ദേശലക്ഷ്യം. കൊച്ചി നഗരസഭയുടെ കീഴിലുള്ള ബ്രഹ്മപുരം പ്ലാന്റിൽ മാലിന്യം നിക്ഷേപിക്കുന്നതിന് നഗരസഭകൾ തമ്മിൽ കരാറുള്ളതാണ്. ടണ്ണിന് 1000 രൂപ നിരക്കിൽ ( ഈ നിരക്ക് പുതുക്കിയിട്ടുണ്ട്) ടിപ്പിംഗ് ഫീസായി നഗരസഭ കൊച്ചി നഗരസഭക്ക് നൽകുന്നുമുണ്ട്. എന്നാൽ ശ്രീ. എം.പി. ഷാജി ബ്രഹ്മപുരം പ്ലാന്റിൽ മാലിന്യം നിക്ഷേപിച്ചിട്ടില്ല അദ്ദേഹം മാലിന്യം സമീപത്തെവിടെയോ നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്. ശ്രീ. ഷാജി ഹാജരാക്കിയ വണ്ടികളുടെ വെയിംഗ് സ്ലിപ്പ് പരിശോധിച്ചാൽ 15 മിനിറ്റിന്റെ ഓട്ട ദൂരം പോലുമില്ലാത്ത സ്ഥലത്ത് മാലിന്യം നിക്ഷേപിച്ചതായി മനസ്സിലാക്കാം. 2000 -ലെ മുനിസിപ്പാലിറ്റി ഖരമാലിന്യ മാനേജ്മെന്റ് ഹാൻഡിലിംഗ് ചട്ടങ്ങളിലെ ചട്ടം 8 -ൽ നിഷ്കർഷിച്ചിരിക്കുന്ന സ്ഥലത്ത് മാത്രമേ മാലിന്യം നിക്ഷേപിക്കുവാൻ പാടുള്ളൂ. ആലുവ നഗരസഭയ്ക്ക് കീഴിൽ അത്തരം പ്രദേശങ്ങൾ ഇല്ലാത്തതുകൊണ്ടാണ് കൊച്ചി നഗരസഭയുമായി ആലുവ നഗരസഭ കരാറിലേർപ്പെട്ടത്. ആകയാൽ ഈ നഗരസഭയിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ നിക്ഷേപിക്കേണ്ടത് ബ്രഹ്മപുരം സംസ്കരണകേന്ദ്രത്തിലാണ്. 119/15, S0017/16 എന്നീ പദ്ധതികൾ ലക്ഷ്യം വെച്ചതും ഇതാണ്. ഇതിന് വിരുദ്ധമായി 2000 -ലെ മുനിസിപ്പൽ ഖരമാലിന്യ കൈകാര്യ ചട്ടങ്ങൾ ലംഘിച്ച് കൊണ്ട് മാലിന്യ നീക്കം നടത്തിയ, നഗരസഭയുമായി ഉടമ്പടി വെക്കാത്തയാൾക്ക് 16,93,001 രൂപ പദ്ധതി വിഹിതം കൈമാറിയ നടപടി അംഗീകരിക്കാൻ കഴിയാത്തതാണ്.

ഖരമാലിന്യ നിർമ്മാർജ്ജനം നഗരസഭയുടെ അനിവാര്യ ചുമതലകളിൽപെട്ടതാണ്. ഈ ചുമതല നഗരസഭ നേരിട്ട് നിർവ്വഹിക്കാതെ ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി (സ്പിൽ ഓവർ പ്രോജക്ട് S0017/16) നിർവ്വഹിക്കാനിടയായ തിന് വിശദീകരണം നൽകേണ്ടതാണ്.

<u>കാരാറുകാരിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ആദായനികുതി ഈടാക്കിയില്ല.</u>

ആദായനികുതി നിയമപ്രകാരം കാരാറുകാരുടെ ബില്ലിൽ നിന്നും 1% ആദായനികുതി ഈടാക്കേണ്ടതാണ്. എന്നാൽ ആദായനികുതി ഈടാക്കാതെയാണ് പദ്ധതി തുകയിൽ നിന്നും കരാറുകാരന് തുക അനുവദിച്ചത്. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതി തുകയിൽ നിന്നും കരാറുകാരന് തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ബിൽ | തുക |
|---|---|

| | |
|---|---|
| ---/ 20.08.2015 | 319565 |
| ---/08.09.2015 | 42021 |
| 29/9/2015 | 265156 |
| | 153733 |
| 22.02.2016 | 81299 |
| ആകെ | 861774 |

ആദായനികുതി ഇനത്തിൽ 8618 രൂപ കരാറുകാരിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്.

## 3-3 നഗരസഭയുടെ കടുത്ത അനാസ്ഥ-മാലിന്യ നിർമാർജ്ജന പദ്ധതി നടപ്പിലായില്ല. ₹28.53 ലക്ഷം തിരിച്ചടച്ചു.₹60,880 പാഴ്ച്ചെലവ്

ഇന്ത്യയിലെ ചെറുകിട പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസനം, കൂടുതൽ ആസ്തികൾ സൃഷ്ടിക്കൽ, പൊതുജന-സ്വകാര്യ പങ്കാളിത്തം വർദ്ധിപ്പിക്കൽ എന്നിവ ലക്ഷ്യമാക്കി ശാസ്ത്രീയവും മുൻകൂട്ടി നിശ്ചയിക്കപ്പെട്ട രീതിയിലും പട്ടണങ്ങളുടെ വികസനത്തിന് വേണ്ടി കേന്ദ്രസർക്കാർ ആസൂത്രണം ചെയ്ത പദ്ധതിയാണ് UIDSSMT. 2005-06 സാമ്പത്തിക വർഷം മുതൽ 2011-12 വരെ 7 വർഷമായിരുന്നു ഇതിന്റെ കാലാവധി. തുടർന്ന് കാലാവധി നീട്ടി 2013-14 വരെ നൽകിയിരുന്നു.

മേൽ പദ്ധതിയെക്കുറിച്ച് വിശദീകരിച്ചും ഇതിന് വേണ്ട പ്രോജക്ട് പ്രൊപ്പോസലുകൾ അയക്കുന്നതിനും തദ്ദേശഭരണവകുപ്പ് സെക്രട്ടറി 12.01.2006 -ൽ 583/B2/2006/LSGD നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇതിനെതുടർന്ന് E4/898/06 എന്ന ഫയൽ നമ്പറിൽ ഇതിന് വേണ്ട പ്രവർത്തനങ്ങൾ നഗരസഭ ആരംഭിച്ചു. എന്നാൽ പ്രസ്തുത പ്രോജക്ട് കെ.എസ്.യു.ഡി.പി. പ്രോജക്ട് ഡയറക്ടറുടെ A4/996/2012/KSUDP/5/5/14 -ാം നമ്പർ കത്ത് പ്രകാരം റദ്ദാക്കുകയാണ് ഉണ്ടായത്. നീണ്ട 8 വർഷത്തെ സമയത്തിനുമപ്പുറം സർക്കാരിന്റെ തുക മുൻകൂർ ലഭിച്ചതിനുശേഷവും തങ്ങൾ തന്നെ തയ്യാറാക്കിയ ഒരു പ്രോജക്ട് നടപ്പാക്കാൻ സാധിച്ചില്ല എന്നത് നഗരസഭയുടെ തികഞ്ഞ ഭരണ പരാജയം തന്നെയാണ് വ്യക്തമാക്കുന്നത്. മേൽ ഫയലുമായി ബന്ധപ്പെട്ട പ്രധാന നാൾവഴികൾ താഴെ ചേർക്കുന്നു.

| ക്രമ നം | തീയതി | | ഇനം |
|---|---|---|---|
| 1. | 02.02.2006 | - | നഗരസഭ ഫയൽ ആരംഭിച്ചു. |
| 2. | 03.02.006 | - | കൗൺസിലിന്റെ അറിവിലേക്ക് സമർപ്പിക്കാൻ മുനിസിപ്പൽ എഞ്ചിനീയർ നിർദ്ദേശിച്ചു. |
| 3. | 26.06.2006 | - | ഫയൽ പരിഗണിക്കുന്നു. (ക്രമ നം. 2 നുശേഷം 4 മാസം കഴിഞ്ഞാണ് കൗൺസിൽ പരിഗണിക്കുന്നത്) |
| 4. | 25.11.2006 | - | റിവിഷൻ ഡോക്യുമെന്റ്, ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കാൻ തയ്യാറുള്ളവരിൽ നിന്നും ടെണ്ടർ ക്ഷണിക്കാൻ തീരുമാനിക്കുന്നു. (ക്രമ മം. 3 -ന് ശേഷം 5 മാസം കഴിഞ്ഞു) |
| 5. | 22.06.2007 | - | ഖരമാലിന്യ സംസ്കരണ പ്രോജക്ട് തയ്യാറാക്കുന്നതിന് ക്ലീൻ കേരള മിഷനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. ( വീണ്ടും 7 മാസം കാലതാമസം) |

| | | | |
|---|---|---|---|
| 6. | 22.09.2007 | - | മേൽ പ്രോജക്റ്റ് കൗൺസിൽ അംഗീകരിച്ച് കേന്ദ്രസർക്കാറിലേക്ക് അനുമതിയ്ക്കായി അപേക്ഷിക്കാൻ തീരുമാനിച്ചു. |
| 7. | 05.12.2007 | - | തയ്യാറാക്കിയ പ്രോജക്റ്റ് റിപ്പോർട്ടിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് ചില ശുപാർശകൾ നൽകുകയും ആയതനുസരിച്ച് ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ടിൽ മാറ്റം വരുത്തിയതായി ക്ലീൻ കേരള മിഷൻ ഫോൺ മുഖാന്തിരം അറിയിച്ചു. പുതുക്കിയ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട്., ക്ലീൻ കേരള മിഷൻ -ൽ നിന്ന് വാങ്ങി ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിൽ എത്തിക്കാൻ യു.ഡി.സി. -യെ ചുമതലപ്പെടുത്തി. |
| 8. | 31.03.2008 | - | മേൽ പ്രോജക്റ്റ് തയ്യാറാക്കിയതിന് ക്ലീൻ കേരള മിഷന് 50,000 രൂപ നൽകി. |
| 9. | 20.06.2008 | - | ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് അയച്ചു കൊടുക്കണമെന്നാവശ്യപ്പെട്ട് ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിൽ നിന്ന് C4/8523/07/28.11.07 നമ്പർ കത്ത് ലഭിച്ചു. (ഒരു ജീവനക്കാരനെ ചുമതലപ്പെടുത്തിയിട്ടും ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിൽ എത്തിയില്ല എന്നോ പൂർണ്ണവിവരങ്ങൾ അടങ്ങിയ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് അല്ല എത്തിച്ചത് എന്നോ കണക്കാക്കാം ചീഫ് ടൗൺ പ്ലാനറുടെ 28.11.07 -ലെ കത്തിന് ഫലത്തിൽ മറുപടി നൽകുന്നത് 20.06.2008 -ലാണ്) |
| 10. | 06.03.2009 | - | പ്രോജക്റ്റ് അംഗീകരിച്ചുകൊണ്ട് ചീഫ് ടൗൺ പ്ലാനറുടെ കത്ത് ലഭിച്ചു. ആദ്യ ഇൻസ്റ്റാൾമെന്റ് ആയി 74 ലക്ഷം രൂപ അനുവദിച്ചു. കൂടാതെ ഭൂമി ലഭ്യത, ഭൂമി ഏറ്റെടുക്കണമെങ്കിൽ ആയതിന്റെ വിവരം, പ്രോജക്റ്റിന്റെ വിശദമായ പ്ലാൻ, നിർമ്മാണത്തിന്റെ വിശദമായ പ്രവർത്തന പദ്ധതി, മോണിറ്ററിംഗ് എന്നിവയെ സംബന്ധിച്ച് വിവരങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ടു. |
| 11. | 21.04.2009 | - | കൗൺസിലിൽ സമർപ്പിക്കാൻ ചെയർപേഴ്സൺ നിർദ്ദേശിച്ചു. |
| 12. | 03.05.2009 | - | ഇത്തരം കാര്യങ്ങൾക്ക് കൗൺസിൽ തീരുമാനം വേണ്ടെന്നും മേൽ ചൂണ്ടിക്കാണിച്ച വിശദവിവരങ്ങൾ തയ്യാറാക്കാനും എം.ഇ. -യോട് സെക്രട്ടറി ആവശ്യപ്പെട്ടു. ( ഈ ഫയൽ പിന്നീട് എം.ഇ. കൈപ്പറ്റുന്നത് 4 മാസത്തിനുശേഷം 19.09.2009 -ലാണ്) |
| 13. | 07.10.2009 | - | ക്ലീൻ കേരള മിഷൻ തയ്യാറാക്കിയ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് -ൽ Rough cost മാത്രമേ ഉള്ളൂ എന്നും അതിനാലാണ് മറ്റൊരു ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടിവന്നതെന്നും മുനിസിപ്പൽ എഞ്ചിനീയർ രേഖപ്പെടുത്തി. |
| 14. | 07.10.2009 | - | പ്രോജക്റ്റിന് താമസം നേരിടുന്നതായി സെക്രട്ടറി രേഖപ്പെടുത്തിയിരുന്നു. പ്രോജക്റ്റ് നടപ്പാക്കാൻ താമസം നേരിട്ടതായി ക്ലീൻ കേരള മിഷനെ അറിയിക്കാൻ സെക്രട്ടറി ആവശ്യപ്പെട്ടു. |
| 15. | 09.10.2009 | - | നഗരസഭ ഷെയർ 9.25 ലക്ഷം രൂപ ഒടുക്കി. |
| 16. | 26.10.2009 | - | UIDSSMT ഷെയർ 28,52,632 രൂപയുടെ ഡി.ഡി. ലഭിച്ചു. |

| | | | |
|---|---|---|---|
| 17. | 09.12.2009 | - | പ്രോജക്ടിന് കാലതാമസം നേരിടുന്നു എന്ന് സെക്രട്ടറി വീണ്ടും രേഖപ്പെടുത്തി. ശുചിത്വ മിഷൻ അംഗീകരിച്ച എല്ലാ Accrediated Agency -കളിൽ നിന്ന് ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കാൻ വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ സെക്രട്ടറി നിർദ്ദേശിച്ചു. |
| 18. | 13.04.2010 | - | TVM District agricultural Science graduates & Agricultural technician co-operative Society -യിൽ നിന്നു മാത്രമാണ് ഓഫർ ലഭിച്ചിട്ടുള്ളത് എന്ന് ഫയലിൽ രേഖപ്പെടുത്തി. |
| 19. | 15.04.2010 | - | മേൽ ഏജൻസി മണ്ണിര കമ്പോസ്റ്റ് നിർമ്മാണത്തിനുള്ള സഹായവും മണ്ണിരയും മാത്രമേ നൽകുകയുള്ളൂ അതുകൊണ്ട് എന്നും Accrediated Agency -കളുടെ മീറ്റിംഗ് വിളിക്കാനും മുനിസിപ്പൽ എഞ്ചിനീയർ നിർദ്ദേശിച്ചു. |
| 20. | 16.04.2010 | - | വാഹനം വാങ്ങൽ, Bio bin സ്ഥാപിക്കൽ, Biogas plant സ്ഥാപിക്കൽ, ബോർഡുകൾ സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കാൻ ചെയർപേഴ്സൺ ആവശ്യപ്പെട്ടു. |
| 21. | 29.06.2010 | - | Bio bin specification -ന്റെ വിവരം അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിരിക്കുന്നു. |
| 22. | 15.09.2010 | - | ലഭിച്ച രണ്ട് ടെണ്ടറുകളും specified dimension -ൽ ഉള്ളതല്ല എന്ന് മുനിസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. |
| 23. | 28.12.2010 | - | സ്ഥാപനങ്ങൾ Bio bin -ന്റെ sample ഹാജരാക്കുകയോ മറുപടി നൽകുകയോ ചെയ്തില്ലെന്ന് Health section report ചെയ്തു. |
| 24. | 18.02.2011 | - | റീടെണ്ടർ ചെയ്തപ്പോൾ M/s Altimate technologies എന്ന സ്ഥാപനം സാമ്പിൾ കൊണ്ടുവന്നതായും required specification ഉണ്ടെന്നും അംഗീകരിക്കാവുന്നതാണെന്നും Health section report ചെയ്തു. |
| 25. | 28.10.2011 | - | വിജിലൻസ് കൈപ്പറ്റിയ ഫയൽ തിരിച്ച് ലഭിച്ചത് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. ( 8 മാസത്തോളം ഫയൽ ഒരു കേസുമായി ബന്ധപ്പെട്ട് വിജിലൻസിന്റെ കൈവശമായിരുന്നു) |
| 26. | 17.05.2012 | - | പ്രോജക്ട് നടപ്പാക്കാത്തതിനാൽ തുക തിരികെ നൽകണമെന്നാവശ്യപ്പെട്ട് കത്ത് ലഭിക്കുന്നു. |
| 27. | 17.05.2014 | - | 16.12.2013 -ലെ KSUDP മീറ്റിംഗിൽ പ്രോജക്ട് ഉപേക്ഷിച്ചതായി അറിയിച്ചതായും സെക്രട്ടറി രേഖപ്പെടുത്തിയിരിക്കുന്നു. |
| 28. | 22.08.2014 | - | 22.07.2014 -ലെ 12 -ാം നമ്പർ തീരുമാനപ്രകാരം പ്രോജക്ട് റദ്ദാക്കാനും തുക തിരിച്ചടയ്ക്കാനും കൗൺസിൽ തീരുമാനിച്ചു. |
| 29. | 20.11.2014 | - | 28,52,637 രൂപ തിരിച്ചടച്ചു.<br>( ഡി.ഡി. നം. 465655 തീയതി 26.11.2014) |

മേൽ പദ്ധതി വിശദമായി പരിശോധിച്ചതിൽ നിന്നും ഭരണ രംഗത്തും ജീവനക്കാരുടെ ഭാഗത്തുനിന്നും ഉണ്ടായ കടുത്ത ശ്രദ്ധയില്ലായ്മയും അലംഭാവവും മൂലമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നഗരസഭയ്ക്ക്

കഴിയാതിരുന്നതെന്ന് വ്യക്തമാണ്. പദ്ധതിയുടെ പ്രവർത്തനം മേൽ നോട്ടം വഹിക്കുന്നതിൽ ചെയർപേഴ്സണും സ്ഥിരം സമിതികളും സെക്രട്ടറിയും ഒരുപോലെ പരാജയപ്പെട്ടു. പദ്ധതിയുടെ നിർവ്വഹണത്തിൽ സംഭവിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. തീരുമാനമെടുക്കുന്നതിൽ കാലതാമസം നേരിട്ടു.

02.02.2006 -ൽ കൗൺസിലിലേക്ക് സമർപ്പിക്കാൻ എം.ഇ. നിർദ്ദേശിച്ച ഫയൽ പിന്നീട് കൗൺസിൽ പരിഗണിച്ചത് 4 മാസത്തിന് ശേഷം 26.06.2006 -ലാണ്. വിഷൻ ഡോക്യൂമെന്റ് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കാൻ ടെണ്ടർ ക്ഷണിച്ചത് പിന്നെയും 5 മാസം കഴിഞ്ഞ് 25.11.2006 -ലാണ്. ക്ലീൻ കേരള മിഷനെ പ്രോജക്റ്റ് ഉണ്ടാക്കാൻ ഏൽപ്പിച്ചത് 7 മാസം കഴിഞ്ഞ് 22.06.2007 -ൽ. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് അയച്ചുകൊടുക്കണമെന്നാവശ്യപ്പെട്ട് ചീഫ് ടൗൺ പ്ലാനർ 28.11.2007 -ൽ കത്തു മൂലം ആവശ്യപ്പെട്ടെങ്കിലും 7 മാസം കഴിഞ്ഞ് 20.06.2008 -ലാണ് ഈ കത്തിൽ നടപടിയുണ്ടാകുന്നത്. ചീഫ് ടൗൺ പ്ലാനർ പ്രോജക്റ്റ് അംഗീകരിക്കുന്നത് 06.03.2009 -ലാണ്. ഭൂമി ലഭ്യത, ഭൂമി ഏറ്റെടുക്കൽ ഉണ്ടെങ്കിൽ ആയതിന്റെ വിവരം, പ്രോജക്റ്റിന്റെ വിശദമായ രൂപരേഖ, നിർവ്വ ഹണത്തിന്റെ വിശദമായ പദ്ധതി, മോണിറ്ററിംഗ് ഇവയെ സംബന്ധിച്ച് വിവരം നൽകണമെന്ന് ചീഫ് ടൗൺ പ്ലാനർ ആവശ്യപ്പെട്ടിരുന്നു. ഈ ഫയൽ മുനിസിപ്പൽ എഞ്ചിനീയർക്ക് നൽകാൻ സെക്രട്ടറി ആവശ്യപ്പെടുന്നത് 03.05.2009 -ലാണ്. ഇത് മുനിസിപ്പൽ എഞ്ചിനീയർ ഒപ്പിട്ടെടുക്കുന്നത് 19.09.2009 -ലാണ്. 07.10.2009 -ൽ പ്രോജക്റ്റിന് കാലതാമസം നേരിടുന്നതായി സെക്രട്ടറി ചൂണ്ടിക്കാട്ടുന്നുണ്ട്. ഖരമാലിന്യ പ്ലാന്റിന്റെ വിശദമായ പ്ലാനും എസ്റ്റിമേറ്റും ശുചിത്വമിഷന്റെ Accrediated Agency -കളിൽ നിന്ന് തയ്യാറാക്കാൻ 09.12.2009 -ൽ സെക്രട്ടറി നിർദ്ദേശിച്ചിരുന്നു. ഒരേ ഒരു ഓഫർ മാത്രമേ ലഭിച്ചിട്ടുള്ളൂ എന്ന് റിപ്പോർട്ട് ചെയ്യുന്നത് 5 മാസത്തിന് ശേഷം 13.04.2010 -ലാണ്. വാഹനം വാങ്ങുക, bio bin വാങ്ങുക, bio gas plant സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കാൻ ചെയർപേഴ്സൺ 16.04.2010 -ൽ ആവശ്യപ്പെട്ടപ്പോൾ bin -ന്റെ specification മുനിസിപ്പൽ എഞ്ചിനീയർ നൽകിയിരിക്കുന്നത് രണ്ട് മാസം കഴിഞ്ഞ് 29.06.2010 -ലാണ്. ലഭിച്ച ടെണ്ടറുകൾ കൃത്യമായ dimension -ൽ ഉള്ളതല്ല എന്ന് റിപ്പോർട്ട് ചെയ്തത് രണ്ടര മാസത്തിന് ശേഷവും. സ്ഥാപനങ്ങൾ bin -ന്റെ sample ഹാജരാക്കിയില്ല എന്ന മറുപടി നൽകിയത് മൂന്നര മാസത്തിനുശേഷവും ആണ്. 08.03.2011 -ന് വിജിലൻസ് കൈക്കലാക്കിയ ഈ ഫയൽ പിന്നീട് തിരികെ ലഭിക്കാനുള്ള കത്ത് നൽകുന്നത് 03.10.2011 -ലാണ്. 28.10.2011 -ൽ ഫയൽ തിരികെ ലഭിച്ചതായി റിപ്പോർട്ട് ചെയ്യുന്നു. 28.01.2011 -ൽ ആരംഭിച്ച ടെണ്ടർ നടപടി പൂർത്തീകരിക്കാൻ സാധ്യമാണോ എന്ന് വിജിലൻസിനോട് ആവശ്യപ്പെടുന്നത് ഒരു വർഷത്തിന് ശേഷമാണ് 04.01.2012 -ൽ. ഈ പ്രോജക്റ്റ് പൂർത്തീകരിക്കാൻ അനുവദിക്കുകയാണെങ്കിൽ 31.03.2013 -നകം പൂർത്തീകരിക്കാമെന്ന് സെക്രട്ടറി KSUDP പ്രോജക്റ്റ് ഡയറക്ടർക്ക് 20.03.2012 -ലെ കത്ത് മൂലം ഉറപ്പ് നൽകിയിട്ടുണ്ട്. എങ്കിലും പിന്നീട് യാതൊരു നടപടിയും എടുത്തതായി കാണുന്നില്ല. 17.05.2012 -ൽ തുക തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് കത്ത് ലഭിച്ചിട്ടുണ്ട് എന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്റ്റ് ഡയറക്ടർ 19.01.2013 -ലെ A4/3321/2011/KSUDP കത്ത് പ്രകാരം 31.03.2014 ന മുൻപ് പദ്ധതി പൂർത്തിയാക്കണം എന്ന് അറിയിച്ചിട്ടുണ്ട്. 25.01.2013 -ൽ സെക്രട്ടറി 31.03.2014 -ന് പ്രോജക്റ്റ് പൂർത്തിയാക്കാം

എന്ന് തിരിച്ച് മറുപടി അയച്ചിട്ടുണ്ട്. 19.04.2013 -ൽ നഗരസഭ കൗൺസിലും 31.03.2014 -നകം പ്രോജക്ടുകൾ പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരം തീരുമാനമെടുക്കലും ഉറപ്പ് നൽകലും അല്ലാതെ യാതൊരു നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല. ഒടുവിൽ 22.07.2014 -ലെ 12-ാം തീരുമാനപ്രകാരം ലഭിച്ച തുകയായ 28,52,632 രൂപ തിരിച്ചടയ്ക്കാൻ കൗൺസിൽ തീരുമാനിക്കുകയും 01.12.2014 -ൽ തിരിച്ചടയ്ക്കുകയും ചെയ്തു.

.

2.കൃത്യമായ മേൽനോട്ടം നടത്തിയില്ല.

പദ്ധതിയുടെ നിർവ്വഹണത്തിൽ ഒരു തവണപോലും ഭരണതലത്തിലോ ഉദ്യോഗതലത്തിലോ പദ്ധതി അവലോകനം നടന്നതായി രേഖയില്ല. ഓരോ മൂന്ന് മാസം തോറും പദ്ധതി അവലോകനം നടത്താൻ KSUDP നിർദ്ദേശിച്ചിരുന്നു. മുൻകൂട്ടി തയ്യാറാക്കിയ ഫോറത്തിൽ 'NIL' എന്ന് രേഖപ്പെടുത്തി നൽകുകയാണ് ചെയ്തത്. ഓരോ തവണയും ക്രമാതീതമായ കാലതാമസം ഉണ്ടാകുമ്പോൾ സെക്രട്ടറിയോ ഭരണ തലത്തിലോ ഇടപെടലുകൾ നടത്തിയിട്ടില്ല. രണ്ട് തവണ സെക്രട്ടറി പദ്ധതി വൈകുന്നു എന്ന് ഫയലിൽ രേഖപ്പെടുത്തി എങ്കിലും ജീവനക്കാരെ പദ്ധതിയുടെ പ്രാധാന്യം അറിയിച്ചതായി രേഖകളില്ല. ക്ലീൻ കേരള മിഷന്റെ പുതുക്കിയ detailed project report ക്ലീൻ കേരള മിഷൻ ഓഫീസിൽ നിന്ന് വാങ്ങി 06.12.2007 -ൽ ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിൽ നൽകാൻ ഒരു യു.ഡി.സി. -യെ 05.12.2007 -ൽ ചുമതലപ്പെടുത്തിയിരുന്നു. 7 മാസത്തിനുശേഷം 20.06.2008 -ൽ ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിൽ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് അയച്ചുകൊടുക്കുന്നതിന് വേണ്ടി ക്ലീൻ കേരള മിഷന് കത്ത് നൽകിയതായാണ് കാണുന്നത്. നഗരസഭ ജീവനക്കാരനെ ഉപയോഗിച്ച് 7 മാസം മുൻപ് ചെയ്യാൻ ആവശ്യപ്പെട്ടകാര്യം ഉദ്ദേശിച്ച രീതിയിൽ നടന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. പ്രസ്തുത പ്രോജക്ടിന്റെ മേൽനോട്ടത്തിന്റെ ദയനീയതക്ക് ഇതിലും വലിയ ഉദാഹരണം നൽകേണ്ടതില്ല. വിശദമായ പ്ലാൻ തയ്യാറാക്കാൻ 03.05.2009 -ൽ സെക്രട്ടറി ആവശ്യപ്പെട്ടത് മുൻസിപ്പൽ എഞ്ചിനീയർ 19.09.2009 ലാണ്. ഒപ്പിട്ടെടുക്കുന്നത്. സെക്രട്ടറിയുടെ മുറിയുടെ തൊട്ടടുത്ത മുറിയിലേക്ക് ഈ ഫയൽ നീങ്ങാനെടുത്തത് 4 മാസം. 22.07.2014 -ന് ലഭിച്ച തുകയായ 28,52,632 തിരിച്ചടയ്ക്കാൻ കൗൺസിൽ തീരുമാനം എടുത്തിരുന്നു. പ്രസ്തുത തീരുമാനം നടപ്പിലായത് പോലും 26.11.2014 -നാണ് എന്ന് കാണുമ്പോൾ നഗരസഭയുടെ ഉദ്യോഗസ്ഥതലത്തിലുള്ള കാര്യക്ഷമത വ്യക്തമാകുന്നു.

3. അനിവാര്യ ചുമതല നിർവ്വഹിക്കുന്നതിൽ നഗരസഭ പരാജയപ്പെട്ടു.

ആലുവ നഗരസഭ കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളായി നേരിടുന്ന ഗുരുതര പ്രശ്നമാണ് മാലിന്യ നിർമ്മാർജ്ജനം ഇത് നഗരസഭയുടെ അനിവാര്യചുമതലയുമാണ്. 2005-06 മുതൽ 2015-16 വരെ മാലിന്യ നീക്കത്തിന് ആലുവ നഗരസഭ ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. മൂന്ന് ഫയലുകളിലായിട്ടാണ് നഗരസഭയുടെ മാലിന്യ നീക്കം രേഖപ്പെടുത്തിയിരിക്കുന്നത്.

| വർഷം | H3-4832/08 | ബ്രഹ്മപുരം പ്ലാന്റിൽ നിക്ഷേപിച്ചതിന്റെ ചെലവ് (H3-7919/12) | ലോറി വാടക ഇനത്തിലെ ചെലവ് |
|---|---|---|---|
| 2005-06 to 2007-08 | 68,00,000 | - | - |

| | | | |
|---|---|---|---|
| 2008-09 | 35,06,628 | - | - |
| 2009-10 | 35,58,582 | - | - |
| 2010-11 | 25,34,794 | - | - |
| 2011-12 | 50,60,543 | - | - |
| 2012-13 | 22,21,361 | 5,49,280 | 4,00,000 |
| 2013-14 | 8,05,284 | 28,04,335 | 2,01,840 |
| 2014-15 | 9,06,061 | 12,02,380 | 6,10,218 |
| 2015-16 | 20,93,050 | 22,01,979 | 1,39,200 |
| ആകെ | 2,74,86,303 | 67,57,974 | 13,51,258 |

മാലിന്യ നീക്കം ഇനത്തിൽ നഗരസഭയ്ക്ക് 2005-06 മുതൽ 2015-16 വരെ 11 വർഷം കൊണ്ട് ചെലവായത് 3,55,95,535 രൂപയാണ്. മേൽ പദ്ധതി നിലവിൽ വന്നിരുന്നെങ്കിൽ ഈ ഇനത്തിലെ നഗരസഭയുടെ ചെലവ് നിയന്ത്രിക്കാൻ സാധിക്കുമായിരുന്നു എന്നുള്ളത് നിസ്തർക്കമാണ്. മാലിന്യപ്രശ്നം ഇപ്പോൾ അതിരൂക്ഷമായി മാറിക്കഴിഞ്ഞിരിക്കുന്നു. പൊതുവെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുമ്പോൾ ഇത്തരത്തിലുള്ള 90% ചെലവും മറ്റൊരു സ്രോതസ്സിൽ നിന്ന് ലഭിക്കുന്ന പദ്ധതി എന്തുവില കൊടുത്തും നടപ്പിലാക്കാനുള്ള ഇച്ഛാശക്തി നഗരസഭയ്ക്കുണ്ടായില്ല എന്നത് വളരെ ഗൗരവമായി കാണേണ്ട വിഷയമാണ്.

4. മേൽ പദ്ധതിയുടെ ധനകാര്യ ഇടപാടുകൾ

<table>
<tr><td>10.07.2008</td><td>-</td><td colspan="2">1000/- (ബാങ്ക് അക്കൗണ്ട് തുടങ്ങുന്നു)</td></tr>
<tr><td>12.10.2009</td><td>-</td><td colspan="2">9,25,000 (നഗരസഭ വിഹിതം)</td></tr>
<tr><td>29.10.2009</td><td>-</td><td colspan="2">28,52,632 (UIDSSMT വിഹിതം)</td></tr>
<tr><td rowspan="2">31.12.2008</td><td rowspan="2">-</td><td colspan="2">പലിശ</td></tr>
<tr><td>18</td><td rowspan="16">8,42,536</td></tr>
<tr><td>30.06.2009</td><td>-</td><td>18</td></tr>
<tr><td>31.12.2009</td><td>-</td><td>22,054</td></tr>
<tr><td>30.06.2010</td><td>-</td><td>66,422</td></tr>
<tr><td>31.12.2010</td><td>-</td><td>68,231</td></tr>
<tr><td>30.06.2011</td><td>-</td><td>71,484</td></tr>
<tr><td>31.12.2011</td><td>-</td><td>80,796</td></tr>
<tr><td>30.06.2012</td><td>-</td><td>81,529</td></tr>
<tr><td>31.12.2012</td><td>-</td><td>84,069</td></tr>
<tr><td>30.06.2013</td><td>-</td><td>84,366</td></tr>
<tr><td>31.12.2013</td><td>-</td><td>87,465</td></tr>
<tr><td>30.06.2014</td><td>-</td><td>87,774</td></tr>
<tr><td>25.12.2014</td><td>-</td><td>76,082</td></tr>
<tr><td>25.06.2015</td><td>-</td><td>15,911</td></tr>
<tr><td>25.12.2015</td><td>-</td><td>16,317</td></tr>
</table>

31.12.2008 മുതൽ 25.12.2015 വരെ പലിശ ഇനത്തിൽ UIDSSMT ബാങ്ക് അക്കൗണ്ടായ 30424565955 -ലേക്ക് പലിശ ഇനത്തിൽ ലഭിച്ചത് 8,42,536 രൂപയാണ്. കേന്ദ്രസർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കാനാകുമായിരുന്ന 28,52,632 രൂപയുടേയും നഗരസഭയുടെ 9,25,000 രൂപയുടെയും കൂട്ടായ പലിശയാണ് മേൽതുക. ഇത്രയും തുക ഇത്രയും കാലം ആർക്കും ഉപയോഗമില്ലാതെ ബാങ്ക് അക്കൗണ്ടിൽ

നിക്ഷേപിക്കപ്പെട്ടു. കേന്ദ്രഫണ്ടിന്റെ പലിശ നഗരസഭ അക്കൗണ്ടിൽ ഉള്ളത് ഒട്ടും ആശാസ്യമല്ല. ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ച വകയിൽ 8,960 രൂപയും , ക്ലീൻ കേരള മിഷന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ വകയിൽ 50,000 രൂപയും ടെണ്ടർ പരസ്യം പ്രസിദ്ധീകരിച്ച വകയിൽ 1,920 രൂപയും അടക്കം ആകെ 60,880 രൂപയാണ് ചെലവാക്കിയിരിക്കുന്നത്. ഈ തുക ഇതിനായി ആരംഭിച്ച അക്കൗണ്ടിൽ നിന്നല്ല ചെലവഴിച്ചതെന്ന് കാണുന്നു. ഇത് പാഴ്ച്ചിലവായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. മാത്രമല്ല നഗരസഭ വിഹിതമായി 9,25,000 രൂപയാണ് 12.06.2009 -ൽ UIDSSMT അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത്. പദ്ധതി ഉപേക്ഷിച്ചതിന് ശേഷം 01.12.2014 -ൽ 9,38,593 രൂപ തിരിച്ചെടുത്തതായി കാണുന്നു. ഈ അപാകതകളെക്കുറിച്ചും വിശദീകരിക്കേണ്ടതാണ്. ഉദ്യോഗസ്ഥ ഭരണതലത്തിലുള്ള കെടുകാര്യസ്ഥത, ഉന്നതതലങ്ങളിൽ നിന്നുള്ള മോണിറ്ററിംഗിന്റെ അഭാവം എന്നിവ മൂലം ഒരു നഗരസഭയ്ക്ക് ദൂരവ്യാപകമായ ഗുണഫലം കിട്ടുമായിരുന്ന ഒരു പദ്ധതി ഇല്ലാതായതിന്റെ ഏറ്റവും നിരാശാജനകമായ ഒരു ഉദാഹരണമാണിത്. ഈ വിഷയം മുനിസിപ്പൽ ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നു.

1. ഇത്തരം ബൃഹദ് പദ്ധതികൾ നടപ്പിലാക്കുമ്പോൾ ചെയർമാൻ, വൈസ് ചെയർമാൻ ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി, മുനിസിപ്പൽ എഞ്ചിനീയർ എന്നിവരടങ്ങിയ ഒരു കമ്മിറ്റി പദ്ധതി അവലോകനം ചെയ്യുന്നത് നന്നായിരിക്കും.
2. പദ്ധതിയുടെ പ്രാധാന്യത്തെപ്പറ്റി തുടക്കത്തിൽ തന്നെ ജീവനക്കാരെ വ്യക്തമായി ധരിപ്പിക്കണം.
3. ഫയൽ പെട്ടെന്ന് തന്നെ തീർപ്പാക്കാൻ സെക്രട്ടറിയും വകുപ്പ് മേധാവിയും ശ്രദ്ധിക്കണം.
4. മുനിസിപ്പൽ ഭരണവകുപ്പ് തലത്തിൽ അവലോകനം നടത്തുന്നതും നന്നായിരിക്കും.
5. ടെണ്ടർ പരസ്യങ്ങൾ കൂടുതൽ വായനക്കാരുള്ള പത്രത്തിൽ നൽകേണ്ടതാണ്.
6. മറ്റ് വകുപ്പുകളിൽ നിന്നും ലഭ്യമാക്കേണ്ട രേഖകൾ കൃത്യമായി ലഭ്യമാക്കുന്നതിന് ഓർമ്മക്കുറിപ്പുകളും മറ്റും കൃത്യസമയത്ത് തന്നെ അയയ്ക്കണം.
7. ഏറ്റവും അടുത്ത കൗൺസിൽ യോഗങ്ങളിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
8. സമാന പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയ നഗരസഭകൾ, നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നഗരസഭകൾ എന്നിവയുമായി നിരന്തരം സമ്പർക്കം പുലർത്തുന്നത് നന്നായിരിക്കും.

.

## 3-4 ഉറവിട മാലിന്യ സംസ്കരണം- ശുചിത്വ മിഷൻ ഫണ്ട് ₹ 15.86 ലക്ഷം വിനിയോഗിച്ചില്ല

ഫയൽ നം. H3-3187/12

ആലുവ നഗരസഭയിൽ ഉറവിട മാലിന്യ സംസ്കരണം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ഗാർഹികതലത്തിൽ

ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ 09.03.2012 -ൽ 2300/സി2/2009/എസ്.എം. നമ്പറായി കത്തയച്ചിരുന്നു. ആലുവ നഗരസഭാ പ്രദേശത്ത് പദ്ധതി നടപ്പിലാക്കുന്നതിന് 16.03.2012 -ലെ 1 -ാം നമ്പറായി കൗൺസിൽ തീരുമാനമെടുത്തു. ഫയൽ നം. H3-3187/12 പ്രകാരം ഈ ആവശ്യത്തിലേക്കായി ശുചിത്വമിഷനിൽ നിന്നും Government of Kerala Treasury Bank Cheque No. SB/XY No. 0663341 dated 18.03.2012 നമ്പറായി 15,86,033 രൂപയുടെ ചെക്ക് ലഭിച്ചു. എന്നാൽ ഇന്ത്യൻ ബാങ്ക് ആലുവ ശാഖയിൽ അക്കൗണ്ട് നം. 470808272 -ൽ 11.04.2012 -ൽ വരവ് തുക 15,85,883 രൂപയാണ്. വരവ് തുകയിലെ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. മേൽ അക്കൗണ്ടിന്റെ 2006 മുതലുള്ള സ്റ്റേറ്റ്മെന്റാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ ഫയൽ 13.03.2012 മുതൽ തുടങ്ങിയിട്ടുള്ളതാണ്. മേൽ അക്കൗണ്ടിലെ പണത്തിന്റെ വിനിയോഗം സംബന്ധിച്ച് ഇതിനുമുൻപുള്ള ഫയൽ ഓഡിറ്റിന് ലഭ്യമാക്കണം. കൂടാതെ മേൽ ഫയലിൽ പരാമർശിക്കുന്നതും 2010 -ൽ സാനിട്ടറി കോംപ്ലക്സിനുവേണ്ടി ലഭിച്ചതുമായ 6.25 ലക്ഷം രൂപയുടേയും അങ്കണവാടി ബേബി ഫ്രണ്ട് ലി ടോയ് ലറ്റിനു വേണ്ടി 2010 -ൽ ലഭിച്ച 6,000 രൂപയുടേയും മേൽ അക്കൗണ്ടിൽ 27.03.2007 -ൽ ലഭിച്ച 25,27,000 രൂപയുടേയും വിനിയോഗത്തിന്റെ ഫയലും വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

നഗരസഭയുടെ 26 വാർഡുകളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി പൈപ്പ് കംപോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 21,14,710 രൂപയുടെ പ്രോജക്ട് തയ്യാറാക്കി 27.07.2012 -ലെ CR No.26 പ്രകാരം അംഗീകരിച്ച് 23.02.2013 -ലെ CR No.23 പ്രകാരം M/s Socio Economic Unit Foundation എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട് എന്നാൽ ഇവർ ഓർഡർ പ്രകാരം പ്രവൃത്തി ചെയ്തില്ല. കരാർ ലംഘനത്തിന് കരാർ വ്യവസ്ഥയിലെ 5 -ാമത്തെ വ്യവസ്ഥ പ്രകാരം ഇവരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കിയതായി ഫയലിൽ ഇല്ല. നഷ്ടപരിഹാരം ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. ഫയൽ പേജ് 29 പ്രകാരം സെക്യൂരിറ്റി തുക 500 രൂപയും ഫയൽ പേജ് 36 പ്രകാരം സെക്യൂരിറ്റി തുക 5,000 രൂപയും ആണ്. സെക്യൂരിറ്റി തുകയുടെ കൃത്യമായ വിവരവും സെക്യൂരിറ്റി തുക തിരിച്ചുനൽകിയോ ഇല്ലയോ എന്ന വിവരവും വ്യക്തമാക്കണം.

നഗരസഭ സെക്രട്ടറിയുടെ 2015-16 വർഷത്തേക്കുള്ള വിനിയോഗ സാക്ഷ്യപത്രപ്രകാരം 15,86,033 രൂപ വിനിയോഗിച്ചിട്ടില്ല. ഈ തുക തിരിച്ചടയ്ക്കുന്നതിന് ഇന്ത്യൻ ബാങ്ക് ആലുവ ശാഖയിൽ നിന്നും 04.11.2016 -ൽ 18,81,273 രൂപയ്ക്ക് 5,82,792 -ാം നമ്പറായി ഡിമാന്റ് ഡ്രാഫ്റ്റ് എടുത്തിട്ടുണ്ട്. ഈ ഡിമാന്റ് ഡ്രാഫ്റ്റ് ക്യാൻസൽ ചെയ്യുന്നതിന് 14.11.2016 -ൽ നഗരസഭ സെക്രട്ടറി ഇന്ത്യൻ ബാങ്ക് ബ്രാഞ്ച് മാനേജർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഡിമാന്റ് ഡ്രാഫ്റ്റ് ക്യാൻസൽ ചെയ്തതിന്റെ വിവരം ഫയലിൽ ഇല്ല. വിശദാംശം ഓഡിറ്റിന് ലഭ്യമാക്കണം.

വ്യവസായ നഗരമായ ആലുവയിൽ ദിനംപ്രതി വർദ്ധിച്ചുവരുന്ന മാലിന്യം ജനജീവിതം ദുഃസഹമാക്കുകയും ഗുരുതരമായ ആരോഗ്യ - പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. ഈ സാഹചര്യത്തിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ശുചിത്വമിഷനിൽ നിന്നും വർഷങ്ങൾക്കു മുമ്പുതന്നെ പതിനാറു ലക്ഷത്തിനടുത്ത് രൂപ ഫണ്ട് ലഭിച്ചിട്ടും നാളിതുവരെ

വിനിയോഗിക്കാതിരിക്കുന്നത് കൃത്യവിലോപമാണ്. 24.12.2016 -ന് 43/2015-16 -ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 സ്വകാര്യ സ്ഥാപനത്തിന് കേബിൾ വലിയ്ക്കാൻ അനുമതി നൽകിയതിലെ ക്രമക്കേടുകൾ. ₹65,000 നഷ്ടം

(എ) റിലയൻസ് ജിയോ ഇൻഫോകോം എന്ന സ്ഥാപനത്തിന്റെ കരാർപ്രകാരമുള്ള വാടക ഈടാക്കിയില്ല.- 65,000 രൂപ നഷ്ടം

ആലുവ നഗരസഭാ പരിധിയിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ വലിക്കുന്നതിന് റിലയൻസ് ജിയോ ഇൻഫോകോം എന്ന സ്ഥാപനത്തിന് അനുമതി നൽകിയിട്ടുണ്ട്. 07.03.2014 -ലെ 15 -ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 2590 മീറ്റർ എച്ച്.ഡി.ഡി. (ഹൊറിസോണ്ടൽ ഡയറക്ഷണൽ ഡ്രില്ലിംഗ്) എന്ന രീതി ഉപയോഗിച്ച് കേബിൾ ഇടുന്നതിന് 2,50,000 രൂപ റോഡ് കട്ടിംഗ് ചാർജ്ജും 65,000 പ്രതിവർഷ വാടകയുമാണ് നിശ്ചയിച്ചിരുന്നത്. ഒരു വർഷത്തെ വാടക അടക്കം 3,15,000 രൂപ D.D. No. 587779/22.3.14 പ്രകാരം നഗരസഭയിൽ ഒടുക്കിയിട്ടുണ്ട്. 23.04.2014 -ൽ നഗരസഭയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ കരാർ പ്രകാരമുള്ള രണ്ടാം ഗഡു വാടക നൽകാനായി നഗരസഭ 2 തവണ ഡിമാൻഡ് നോട്ടീസ് നൽകിയെങ്കിലും തുക നൽകാതെ കരാർപ്രകാരമുള്ള കേബിൾ വലിയ്ക്കൽ നടത്തിയില്ല എന്ന് സ്ഥാപനം 19.12.2015 -ൽ മറുപടി നൽകി. ഇതിനിടെ മറ്റൊരു വഴിയിലൂടെ 1400 മീറ്റർ ദൂരത്തിൽ ഓപ്പൺ ട്രെഞ്ച് രീതിയിൽ കേബിൾ ഇടുന്നതിന് 10.12.2015 -ലെ 9 -ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അനുമതി നൽകി. ഈയിനത്തിൽ റോഡ് കട്ടിംഗ് ചാർജ്ജ് പ്രതിമീറ്ററിന് 3854 രൂപ, തറവാടക 40,000/ കി.മി.നിരക്കിൽ സേവനനികുതി അടക്കം 62,42,082 രൂപ D.D. No. 161799/31.12.15 പ്രകാരം സ്ഥാപനം നഗരസഭയിൽ ഒടുക്കിയിട്ടുണ്ട്. അനുമതി നൽകിയ കൗൺസിൽ തീരുമാനത്തിൽ മുൻകുടിശ്ശികയുണ്ടെങ്കിൽ സ്ഥാപനത്തിൽ നിന്ന് ഈടാക്കണമെന്ന് തീരുമാനിച്ചിരുന്നു. എന്നാൽ കുടിശ്ശികയായ വാടക 65,000 രൂപ ഈടാക്കാനുള്ള യാതൊരു ശ്രമവും നഗരസഭ നടത്തിയില്ല. കൂടാതെ 05.02.2016 -ലെ 12 -ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 2590 മീറ്റർ കേബിൾ വലിക്കുന്നതിന് വീണ്ടും അനുമതി നൽകിയപ്പോൾ അടയ്ക്കേണ്ട 1,15,47,852 രൂപയിൽ നിന്നും ആദ്യ കരാർ പ്രകാരമുള്ള 3,15,000 രൂപ കുറച്ച് 1,11,87,177 രൂപമാത്രമാണ് D.D. No. 425702/04.02.16 പ്രകാരം സ്ഥാപനം നഗരസഭയിൽ ഒടുക്കിയത്.

23.04.2014 -ലെ കരാർ അനുസരിച്ച് 2590 മീറ്റർ കേബിൾ വേല എച്ച്.ഡി.ഡി. സാങ്കേതിക വിദ്യ ഉപയോഗിച്ച് സ്ഥാപനം ചെയ്യാതിരുന്നത് നഗരസഭയുടെ ഭാഗത്ത് നിന്നുള്ള തടസ്സങ്ങൾ മൂലമല്ല. ഈ വിഷയത്തിൽ നഗരസഭ യാതൊരു വിധത്തിലുള്ള കരാർ ലംഘനവും നടത്തിയിട്ടില്ല. മാത്രമല്ല സ്ഥാപനം ഈ വേല ചെയ്യുന്നില്ല എന്നോ തങ്ങൾ ഒടുക്കിയ തുക തിരികെ തരണമെന്നോ നിശ്ചിത സമയത്ത് ആവശ്യപ്പെട്ടിട്ടുമില്ല. മാത്രമല്ല കുടിശ്ശികയടക്കാൻ നഗരസഭ ആവർത്തിച്ചാവശ്യപ്പെട്ടപ്പോൾ മാത്രമാണ് തങ്ങൾ പ്രവൃത്തി ചെയ്തിട്ടില്ല എന്ന് സ്ഥാപനം അറിയിച്ചത്. വാടക എല്ലാ വർഷവും ഏപ്രിൽ 1 -ന് മുൻപ് ഒടുക്കണം എന്നായിരുന്നു കരാർ. അത് പ്രകാരം 01.04.2015 -ൽ ഒടുക്കേണ്ട വാടക 65,000 രൂപ നഗരസഭയ്ക്ക് വരവ് നഷ്ടമുണ്ടായതായി വ്യക്തമാകുന്നു.

കൂടാതെ രണ്ടാമത്തെ കരാർ പ്രകാരമുള്ള വരവിൽ നിന്ന് 3,15,000 രൂപ കുറവ് ചെയ്ത നടപടിയും തെറ്റായിരുന്നു. എന്നാൽ ഈ വിവരം ഈ കാര്യാലയത്തിൽ നിന്നുള്ള കെ.എസ്.എ.-എ.വി.എം.(എം.2) 161/16/29.03.2016 -ാം നമ്പർ കത്തായി നഗരസഭയെ അറിയിക്കുകയും നഗരസഭാ നടപടികളുടെ ഫലമായി സ്ഥാപനം 30.12.2016 -ൽ റസീപ്റ്റ് നം. 01/11601400111 എന്ന നമ്പർ പ്രകാരം ഈ കാര്യാലയത്തിൽ മേൽ തുക ഒടുക്കിയിട്ടുണ്ട്. എന്നാൽ വാടകകുടിശ്ശിക 65,000 രൂപ നഗരസഭയ്ക്ക് ഈ ഇടപാടിൽ നഷ്ടമായിട്ടുണ്ട്. ആയത് സ്ഥാപനത്തിൽ നിന്ന് ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

(ബി) നിശ്ചിത പെർഫോർമൻസ് ബാങ്ക് ഗ്യാരണ്ടി നൽകിയില്ല.

കേന്ദ്രസർക്കാരിന്റെ ദേശീയപാത ഗതാഗത വകുപ്പ് കത്ത് നം. ആർ.ഡബ്ല്യ/എൻ.എച്ച്. 33044/27/2005/എസ്. ആന്റ് ആർ(ആർ) (പി.റ്റി) തീയതി 06/08/2013 പ്രകാരം കേബിൾ വലിയ്ക്കുന്ന ഓരോ മീറ്ററിനും 100 രൂപ എന്ന കണക്കിൽ ഒരു വർഷത്തേയ്ക്കോ വേല തൃപ്തികരമായി പൂർത്തിയാകുന്നത് വരെയോ പെർഫോർമൻസ് ബാങ്ക് ഗ്യാരന്റി വയ്ക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ജി.ഒ. (എം.എസ്.) നം. 16/2013 /ഐ.റ്റി.ഡി/14.06.13 -ലെ 14 -ാം നമ്പർ തീരുമാനപ്രകാരവും മേൽ ബാങ്ക് ഗ്യാരന്റി വേണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനം കേബിൾവലിച്ച 3990 മീറ്ററിനുള്ള (1400 + 2590) 3,99,000 രൂപയുടെ പെർഫോർമൻസ് ബാങ്ക് ഗ്യാരന്റി റിലയൻസ് ജിയോ ഇൻഫോകോം എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടില്ല. മേൽ ഗ്യാരന്റി ഈടാക്കാനുള്ള നടപടി സ്വീകരിയ്കേണ്ടതാണ്.

(സി) സ്ഥാപനവുമായിസർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കാതെ കരാറിൽ ഏർപ്പെട്ടു.

കേന്ദ്ര സർക്കാരിന്റെ ദേശീയ പാത ഗതാഗതവകുപ്പ് കത്ത് നം.ആർ.ഡബ്ല്യൂ/എൻ.എച്ച് -33044/27/2005/എസ് ആന്റ് ആർ (ആർ) (പി.റ്റി) / 06.08.2013 കത്തിലെ അനുബന്ധം -2 -ൽ സ്ഥാപനവും ലൈസൻസ് ഗ്രാന്റിംഗ് അതോറിറ്റിയും തമ്മിലുള്ള ഈ കരാർ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. നഗരസഭയുടെ ( Licence Granting Authority) ഉത്തമ താത്പര്യങ്ങൾ സംരക്ഷിക്കാനുതകുന്നതാണ് ഈ കരാർ. എന്നാൽ അതിന് പകരം 2590 മീറ്റർ കരാറിന് 3 ഇന കരാറും 1400 മീറ്റർ കരാറിന് 9 ഇന നിബന്ധനകളുള്ള വ്യക്തതയില്ലാത്ത കരാറുമാണ് തയ്യാറാക്കിയിരിക്കുന്നത്. സുപ്രധാന രേഖയായ കരാർ സർക്കാർ ഉത്തരവിന് വിരുദ്ധമായി തയ്യാറാക്കിയത് ഗുരുതരമായ ക്രമക്കേടാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

(ഡി) മറ്റ് അപാകതകൾ

07.03.2014 -ലെ കൗൺസിൽ തീരുമാനപ്രകാരമുള്ള പ്രവൃത്തി ചെയ്തോയെന്നറിയാൻ 04.01.2016 -നാണ് എഞ്ചിനീയറിംഗ് വിഭാഗം സൈറ്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. അതായത് സ്ഥാപനം 19.12.2015 -ലെ കത്തിൽ പണി നടത്തിയിട്ടില്ല എന്ന് അവകാശപ്പെട്ടപ്പോൾ മാത്രമാണ്, ഏകദേശം 2 വർഷത്തിന് ശേഷം പണി നടന്നില്ല എന്ന് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. റോഡ് വെട്ടിപൊളിച്ചോ, കുഴിച്ചോ ഉള്ള പ്രവൃത്തികൾ നടത്തിക്കഴിഞ്ഞാലുടൻ റോഡുകൾ ഡ്രില്ലിംഗ് നടത്തിയ സ്ഥാപനം സ്വന്തം ചെലവിൽ പുനർനിർമ്മിക്കേണ്ടതാണെങ്കിലും അത്തരം കാര്യങ്ങൾ നടന്നിട്ടുണ്ടോ എന്ന് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഭാഗത്ത് നിന്ന് യാതൊരു മേൽനോട്ടവും നടത്തുന്നില്ലായെന്നത് ഇതിൽ നിന്ന് വ്യക്തമാകുന്നു.

ഭരണതലത്തിലുള്ള ഇത്തരം അപാകതകളും പരിഹരിക്കേണ്ടതാണ്.

## 3-6 കരാർ നടത്തിപ്പിൽ ഗുരുതരമായ ക്രമക്കേട്.₹ 15,860 പിഴ ഈടാക്കണം

ഫയൽ നമ്പർ - 1) E1-6851/14,

2) E1- 4263/11 വാല്യം I-II

നഗരസഭ പരിധിയിലുള്ള പഴയ തെരുവ് വിളക്കുകൾ മാറ്റി പകരം ഊർജ്ജക്ഷമതയുള്ള പുതിയ വിളക്കുകൾ സ്ഥാപിക്കാനും അതിന്റെ പരിപാലനത്തിനുമായി താൽക്കാലികമായി 5 വർഷത്തേക്കും സർക്കാർ അംഗീകാരത്തിന് വിധേയമായി തുടർച്ചയായി 20 വർഷത്തേക്കും M/s N'Lite Power India Limited എന്ന കമ്പനിക്ക് കുത്തകാവകാശം നൽകാൻ 29/08/2011 -ലെ കൗൺസിൽ തീരുമാനിച്ചു (തീരുമാനം നമ്പർ 12) ഇതിന്റെ അടിസ്ഥാനത്തിൽ 14/06/2012 -ൽ ഇരുകക്ഷികളും തമ്മിൽ ഉടമ്പടിയായി. ഈ ഉടമ്പടിയുടെ നഗരസഭയുമായി ബന്ധപ്പെട്ട പ്രധാന നിബന്ധനകൾ ചുവടെ കൊടുക്കുന്നു.

<u>നിബന്ധന നം.</u>

1. നഗരസഭാ പരിധിയിലുള്ള എല്ലാ വിളക്കുകളും മാറ്റി പകരം ഊർജ്ജക്ഷമതയുള്ള വിളക്കുകൾ സ്ഥാപിക്കും. ഇപ്രകാരം വിളക്ക് മാറ്റി സ്ഥാപിക്കുന്നത് ജൂലൈ 2014 -ൽ പൂർത്തിയാക്കുമെന്ന് 29 -ാം നിബന്ധനയിൽ വ്യക്തമാക്കിയിട്ടുണ്ട്.

11. റിപ്പോർട്ട് ചെയ്ത് 48 മണിക്കൂറിനുള്ളിൽ കേടുവന്ന വിളക്കുകൾ മാറ്റി സ്ഥാപിക്കും. ഇതിന് സാധിക്കാത്ത പക്ഷം വൈകുന്ന ഓരോ ദിവസത്തിനും 20 രൂപ ക്രമത്തിൽ ഒടുക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്

31. ഉടമ്പടി വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ 30 ദിവസത്തെ നോട്ടീസ് നൽകി കരാർ റദ്ദാക്കാൻ നഗരസഭക്കധികാരമുണ്ടായിരിക്കും.

40. കാര്യക്ഷമമായി കരാർ വ്യവസ്ഥകൾ പാലിക്കപ്പെടും എന്നതിന്റെ ഉറപ്പിലേക്കായി കരാറുകാരൻ 10 ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റി നഗരസഭയ്ക്ക് നൽകണം. കരാർ വ്യവസ്ഥകൾ കരാറുകാരൻ ലംഘിക്കുന്നത് വഴി നഗരസഭയ്ക്കുണ്ടാകുന്ന നഷ്ടം ഈ ബാങ്ക് ഗാരന്റിയിൽ നിന്ന് ഈടാക്കാവുന്നതാണ്.

മുകളിൽ കാണിച്ച കരാർ നിബന്ധനകൾ തുടർച്ചയായി ലംഘിക്കപ്പെട്ടതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

എ) നിലവിലെ വിളക്കുകൾക്ക് പകരം ഊർജ്ജക്ഷമതയുള്ള വിളക്കുകൾ സ്ഥാപിക്കും- കരാർ ലംഘനം -സംബന്ധിച്ച്.

നഗരസഭയുമായുണ്ടാക്കിയ കരാറിന്റെ 1 -ാമത്തെ നിബന്ധന മുകളിൽ കാണിച്ച പ്രകാരം നഗരസഭാപരിധിയിൽ നിലവിലുള്ള എല്ലാ വിളക്കുകളും മാറ്റി പകരം ഊർജ്ജക്ഷമതയുള്ള വിളക്കുകൾ സ്ഥാപിക്കും എന്നാണ്. ഇത് 2014 ജൂലൈ മാസത്തിൽ പൂർത്തിയാക്കുമെന്ന് കരാറിലെ ഖണ്ഡിക 29 -ൽ വ്യക്തമാക്കിയിട്ടുണ്ട്. കരാറിന്റെ ഭാഗമായ അനക്സർ II -ൽ ഇപ്രകാരം മാറ്റി സ്ഥാപിക്കേണ്ട വിളക്കുകളുടെ എണ്ണവും കാലയളവും വിശദമാക്കിയിട്ടുണ്ട്. അത് താഴെ കാണിച്ച പ്രകാരമാണ്.

| നം | കാലയളവ് | വിളക്കുകളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| 1. | ഒക്ടോബർ 2012 മുതൽ ജൂലൈ 2013 വരെ | 850 |
| 2. | ആഗസ്റ്റ് 2013 മുതൽ ജൂലൈ 2014 വരെ | 850 |
| | | 1500 |

എന്നാൽ കരാറിലെ ഈ സുപ്രധാനമായ വ്യവസ്ഥ കരാറുകാരൻ പാലിച്ചില്ല എന്ന് 30.06.2015 -ൽ ചേർന്ന കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ( തീരുമാന നമ്പർ 12) കൗൺസിൽ പരിഗണിച്ച കുറിപ്പ് ഇപ്രകാരമാണ്. ആഗസ്റ്റ് 2013 മുതൽ ജൂലൈ 2014 വരെയുള്ള കാലയളവിൽ 850 സ്ട്രീറ്റ് ലൈറ്റ് ഇന്റീരിയർ റോഡുകളിലുള്ളവ നീക്കം ചെയ്ത് പുതിയവ സ്ഥാപിക്കുമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ലാത്തതാണ് ആയത് കരാർ ലംഘനമാണ്. ഇതേ തുടർന്ന് കരാറുകാരനെതിരെ നടപടിയെടുക്കുന്നതിന് നിയമോപദേശം തേടാൻ കൗൺസിൽ ആവശ്യപ്പെടുകയുണ്ടായി.

ബി) <u>പരാതി അറിയിച്ചിട്ടും പരിഹരിച്ചില്ല- കരാറുകാരനിൽ നിന്നും പിഴ 15,860 രൂപ ഈടാക്കേണ്ടത് സംബന്ധിച്ച്.</u>

തെരുവ് വിളക്കുകൾ കത്താത്തതുമായി ബന്ധപ്പെട്ട നിരവധി പരാതികൾ നഗരസഭയ്ക്ക് ലഭിച്ചതായി സൂചന (1) ഫയലിൽ കാണുന്നു. വാർഡ് അംഗങ്ങൾ റെസിഡന്റ്സ് അസോസിയേഷൻ, ടൗൺ പോലീസ് സബ് ഇൻസ്പെക്ടർ വരെ പരാതി നൽകിയവരിൽപ്പെടുന്നു. എന്നിട്ടും മുകളിൽ കാണിച്ച 11, 31 നിബന്ധനകൾ പ്രകാരമുള്ള നടപടി സെക്രട്ടറി എടുക്കാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്. വിളക്ക് നന്നാക്കാൻ 25.07.2014 -ൽ സെക്രട്ടറി കത്ത് മുഖാന്തിരം കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടതായി കാണുന്നില്ല. മാത്രമല്ല നിരവധി തവണ പരാതികൾ നൽകിയിട്ടും കരാറുകാരൻ പരാതികൾ അവഗണിച്ചതായി 30.06.2015 -ൽ കൂടിയ 12 -ാം കൗൺസിൽ തീരുമാനത്തിലും വ്യക്തമാക്കിയിട്ടുണ്ട്. 29.09.20.16 -ൽ ചേർന്ന പ്രത്യേക കൗൺസിൽ മീറ്റിംഗിലും വഴിവിളക്കുകൾ കത്തുന്നില്ല എന്ന പരാതി കൗൺസിലർമാർ ഉന്നയിച്ചിട്ടുള്ളതായി കാണുന്നു. ഈ സാഹചര്യത്തിൽ 25.07.2014 -ൽ തുടങ്ങി 48 മണിക്കൂറുകൾ പിന്നിട്ട് 28.07.2014 മുതൽ 06.11.2016 വരെ ദിനംപ്രതി 20 രൂപ ക്രമത്തിൽ 15,860 രൂപ കരാർ നിബന്ധന 11 പ്രകാരം കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

<u>സി. കരാർ ലംഘനം- കരാറുകാരനെ സഹായിക്കാൻ സെക്രട്ടറി ഇടപെട്ടത് സംബന്ധിച്ച്.</u>

30.06.2015 -ലെ 12 -ാം കൗൺസിൽ തീരുമാനപ്രകാരം കരാർ ലംഘനം നടത്തിയ കരാറുകാരനുമായുള്ള കരാർ റദ്ദാക്കാമോ എന്നത് സംബന്ധിച്ച് ഒരു നിയമോപദേശം തേടി 22.07.2015 -ൽ നഗരസഭ അഡ്വ. വി.എം. കുര്യന് കത്ത് നൽകിയിരുന്നു. കരാർ ലംഘനം നടത്തിയാൽ 30 ദിവസത്തെ നോട്ടീസ് നൽകി കരാർ റദ്ദാക്കാമെന്ന് 11.08.2015 -ൽ അദ്ദേഹം നിയമോപദേശം നൽകി. ഇതേതുടർന്ന് 15.09.2015 -ൽ നഗരസഭ കരാറുകാരന് നോട്ടീസ് നൽകി എന്നാൽ കരാറുകാരനെ കണ്ടെത്താനാകാത്തതിനാൽ നോട്ടീസ് തിരിച്ചയക്കപ്പെടുകയായിരുന്നു. ഇതേതുടർന്ന് കരാറുകാരനെ കണ്ടുപിടിച്ച് തരണമെന്നാവശ്യപ്പെട്ട് 05.10.2015 -ൽ ടൗൺ എസ്.ഐ. -ക്ക് സെക്രട്ടറി കത്ത് നൽകുകയും ചെയ്തു. ഇത്രയ്ക്ക് ഗുരുതരമായ അവസ്ഥാ വിശേഷം

ഉണ്ടായിരിക്കേ കരാറുകാരന്റെ വാഹനത്തിൽ ലാഡർ ഘടിപ്പിക്കുന്നതിന് ആർ.റ്റി.ഒ.-യിൽ നിന്നും അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് 20.1.2016 -ൽ സെക്രട്ടറി ആലുവ RTO -യ്ക്ക് കത്ത് നൽകി. കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ നടപടി സ്വീകരിക്കുന്നതിന് പകരം കരാറുകാരനെ സഹായിക്കുന്ന നിലപാട് സെക്രട്ടറി സ്വീകരിച്ചതായി കാണുന്നു.

ഡി). കേരള മുനിസിപ്പാലിറ്റി ആക്ട് 1994 , 30 വകുപ്പ് 1 പട്ടിക പ്രകാരം തെരുവ് വിളക്കുകൾ കത്തിക്കുകയും അവ പരിപാലിക്കുകയും ചെയ്യുക എന്നത് നഗരസഭയുടെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ്. N'lite power india Ltd -മായി ഉടമ്പടി ഒപ്പ് വെച്ചതിന് ശേഷം വിളക്കുകൾ നന്നാക്കാനുള്ള അപേക്ഷകൾ നിരവധി തവണ കരാറുകാരൻ അവഗണിച്ചതായി നേരത്തെ സൂചിപ്പിച്ചിരുന്നു. തെരുവ് വിളക്ക് കത്തിക്കൽ നഗരസഭയുടെ അനിവാര്യ ചുമതലയിൽപ്പെട്ടതായതിനാൽ ഇക്കാര്യത്തിൽ കരാറുകാരൻ വീഴ്ച വരുത്തിയപ്പോഴെല്ലാം നിയമ പ്രകാരം അനിവാര്യചുമതല നിറവേറ്റാൻ നഗരസഭ മറ്റു നടപടികൾ സ്വീകരിച്ചിരുന്നില്ല എന്നു കാണുന്നു.

ഈ പണിയുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. 16.06.2011 -ലാണ് ഇതിന്റെ ടെൻഡർ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നത്. ഈ നോട്ടീസിൽ കുത്തകാവകാശം നൽകുന്ന കാലയളവ് വ്യക്തമാക്കിയിരുന്നില്ല. മാത്രമല്ല സാധാരണ ഗതിയിൽ നടന്നുവരുന്ന അറ്റകുറ്റപണികൾക്കുള്ള ടെൻഡർ എന്ന രീതിയിലാണ് ടെൻഡർ ക്ഷണിച്ചിട്ടുള്ളതും ആകയാൽ ടെണ്ടർ നിബന്ധനക്ക് വിരുദ്ധമായി 20 വർഷത്തെ കുത്തകാവകാശം കാണിച്ച് ടെൻഡർ നൽകിയ കരാറുകാരന്റെ ടെൻഡർ അംഗീകരിച്ചത് ചട്ടവിരുദ്ധമായ നടപടിയാണ്.

2. ഈ പണിയുടെ ടെൻഡർ നോട്ടീസ് 16.06.2011 -ലാണ് പ്രസിദ്ധപ്പെടുത്തിയത്. പിന്നീട് ഈ ടെണ്ടർ ക്യാൻസൽ ചെയ്തു. 16.07.2011 -ൽ പുതിയ ടെണ്ടർ ക്ഷണിച്ചു. 3 ടെണ്ടറുകൾ ലഭിച്ചു എന്ന നോട്ട് ഫയലിൽ കാണുന്നു. (ടെണ്ടറുകൾ ഫയലിൽ ഇല്ല) കുറഞ്ഞ നിരക്ക് കാണിച്ച (ടെണ്ടറുകൾ ഇല്ലാത്തതിനാൽ ഇക്കാര്യം പരിശോധിക്കാൻ കഴിയുന്നില്ല. N'lite Power India Limited എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ഇവരോട് കരാർ വെക്കാൻ ആവശ്യപ്പെട്ട് 25.09.2011 -ൽ കത്ത് നഗരസഭയ്ക്ക് നൽകുകയും ചെയ്തു. എന്നാൽ കരാറുകാരൻ കരാർ വെച്ചിട്ടുള്ളത് 14.06.2012 -ൽ മാത്രമാണ്. ചട്ടങ്ങൾ അനുശാസിക്കുന്ന സമയ പരിധിക്കുള്ളിൽ അല്ല കരാർ വെച്ചിട്ടുള്ളത് എന്ന് വ്യക്തം.

## 3-7 KURDFC ലോൺ തിരിച്ചടവ് വൈകിയത് മൂലം ₹ 1,59 ലക്ഷം പിഴ ഒടുക്കേണ്ടിവന്നു

ഫയൽ നമ്പർ A2-3458/01

ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി 1.78 കോടി രൂപ നഗരസഭ KURDFC യിൽ നിന്ന് വായ്പ എടുത്തിട്ടുള്ളതും ആയതിന് 31.05.2010 -ൽ അവരുമായി കരാർ ഒപ്പുവെച്ചിട്ടുള്ളതുമാണ്. കരാറിലെ 4 -ാം വ്യവസ്ഥ പ്രകാരം 8 വർഷമാണ് വായ്പ തിരിച്ചടവിനുള്ള കാലാവധി. വർഷത്തിൽ 4 തവണവീതമാണ് മുതലും പലിശയും ചേർന്ന തുക തിരിച്ചടക്കേണ്ടത്. 4.64 ലക്ഷം രൂപയും പലിശയുമാണ് ഒരു തവണ സംഖ്യയായി

നിജപ്പെടുത്തിയിട്ടുള്ളത്. ഇതടക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം 2.5% പിഴ ഒടുക്കണം. ഈ പിഴ തുക 3 മാസം കൂടുമ്പോൾ കോംപൗണ്ട് ചെയ്യുന്നതാണ് എന്നും കരാർ വ്യവസ്ഥ 2 -ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട് ചൂണ്ടികാണിച്ച് നഗരസഭ വായ്പ തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തുകയും അതിന്റെ ഫലമായി പിഴ ഒടുക്കുകയും ചെയ്തിട്ടുണ്ട്. 2014-15 -ൽ പദ്ധതി തുകയിൽ നിന്നും കണ്ടെത്തിയ 62,646 രൂപ മാത്രമാണ് KURDFC യിൽ ഒടുക്കിയത്. മുതലിനത്തിൽ മാത്രം 18.54 ലക്ഷം രൂപ ഒടുക്കേണ്ടിടത്താണ് പദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്തിയ 62,646 രൂപ ഒടുക്കിയിട്ടുള്ളത്. 30.06.2016 -ലെ KURDFC യുടെ KURDFC/ULB Demand/2016-17 കത്ത് പ്രകാരം 12.10.2015 വരെയുള്ള വായ്പ കുടിശ്ശിക 47.52 ലക്ഷം രൂപയാണ് ഇതിൽ 15.27 ലക്ഷം രൂപ പലിശയും 1.23 ലക്ഷം രൂപ കുടിശ്ശിക വരുത്തിയതിന്റെ പിഴയുമാണ്. 2015-16 വർഷം നഗരസഭ തിരിച്ചടച്ച തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

.

| ഡി.ഡി. നം./ തീയതി | തുക |
|---|---|
| 443411/29.09.2015 | 306900 |
| 874512/31.10.2015 | 328302 |
| 442979/12.01.2016 | 1553203 |
| 874519/12.02.2016 | 1553203 |
| 683572/05.03.2016 | 1553203 |
| 874531/16.03.2016 | 1680296 |
| ആകെ | 69,75,107 |

നഗരസഭ 69.75 ലക്ഷം രൂപ തിരിച്ചടച്ചതിൽ 1,59,932 രൂപ കുടിശ്ശിക വരുത്തിയതുമൂലമുള്ള പിഴയായിരുന്നു. 31.03.2016 -ൽ വായ്പകുടിശ്ശിക 22.4 ലക്ഷം രൂപ നഗരസഭ ഒടുക്കാനുണ്ട് എന്ന് സൂചന കത്തിൽ കാണുന്നു.

ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും വാടകയിനത്തിൽ ലഭിക്കുന്ന വരുമാനം പ്രത്യേക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നും ഈ വരുമാനം ലോൺ തിരിച്ചടവിന് ഉപയോഗപ്പെടുത്തണമെന്നും എഗ്രിമെന്റിന്റെ 13 -ാം ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും 2015-16 വരെ ലഭിച്ച വാടക വരുമാനം താഴെ കാണിച്ചിരിക്കുന്ന പ്രകാരമാണെന്ന് 14.06.2016 -ലെ A2 3458/01 കത്തിൽ നഗരസഭ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.

| വർഷം | വരുമാനം |
|---|---|
| 2012-13 | 14.44 ലക്ഷം |
| 2013-14 | 22.97 ലക്ഷം |
| 2014-15 | 24.70 ലക്ഷം |
| 2015-16 | 27.77 ലക്ഷം |

വായ്പ എഗ്രിമെന്റിലെ നിബന്ധന പ്രകാരം ലോൺ തിരിച്ചടവിനുള്ള തുക ഷോപ്പിംഗ് കോംപ്ലക്സിലെ വാടകയിൽ നിന്നും ലഭിക്കുന്നുണ്ടെന്ന് മുകളിൽ പറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. ആകയാൽ എഗ്രിമെന്റിന് വിരുദ്ധമായി വായ്പ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയതും അതുവഴി 2015-16 -ൽ 1,59,932 രൂപ പിഴ ഒടുക്കിയതും തെറ്റായനടപടിയാണ്.

## 3-8 വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് - Floating Aerator -പ്രവർത്തനക്ഷമമാക്കാതെ

**കരാർ നൽകി - ₹4.42 ലക്ഷം പാഴ് ചെലവ്**

13.04.2015 -ലെ 12 -ാം കൗൺസിൽ തീരുമാന പ്രകാരം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ 2015-16 ആന്വൽ മെയിന്റനൻസ് കരാർ മുൻവർഷത്തെ നിരക്കായ ₹ 56,500/- പ്രതിമാസ നിരക്കിൽ വാട്ടർമാൻ അക്വാറ്റിക് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന നിലവിലെ കരാറുകാർക്ക് നൽകാൻ തീരുമാനമായി. പുതിയ കരാർ വെക്കാൻ പ്രസ്തുത കമ്പനിയോട് നിർദ്ദേശിച്ചെങ്കിലും അവർ പിന്മാറുകയാണെന്നറിയിക്കുകയാണുണ്ടായത്. ഇത് സംബന്ധിച്ച കത്ത് 26.05.2015 -ൽ നഗരസഭയ്ക്ക് ലഭിച്ചു. തുടർന്ന് പുതിയ കരാറുകാർക്ക് വേണ്ടി 05.06.2015 -ൽ ടെൻഡർ വിളിച്ചു. 2 ടെൻഡറുകൾ ലഭിച്ചു. ഉയർന്ന നിരക്കായതിനാൽ ഇവ അംഗീകരിക്കാതെ 30.07.2015 -ൽ വീണ്ടും ടെൻഡർ വിളിച്ചു. 4 ടെണ്ടർ ലഭിച്ചതിൽ കുറഞ്ഞ നിരക്ക് കാണിച്ച (₹ 69,500/- പ്രതിമാസം) ഒ.പി. ബിജുവിന്റെ ടെൻഡർ 07.09.2015 -ലെ കൗൺസിൽ അംഗീകരിച്ചു (കൗൺസിൽ തീരുമാന നമ്പർ XIII). 12.11.2015 ലാണ് കരാറുകാരൻ നഗരസഭയുമായി കരാർ ചമച്ചത്. കരാർ വെക്കുന്നതിന് മുൻപ് പ്ലാന്റിലെ ഫ്ലോട്ടിംഗ് എയറേറ്റർ (Floating aerator) പ്രവർത്തനക്ഷമമല്ല എന്നും ട്രീറ്റിന്റെ പ്രധാന ഭാഗമായതിനാൽ ഇത് പ്രവർത്തനക്ഷമമാക്കിയാൽ മാത്രമേ എഗ്രിമെന്റ് വെക്കുകയുള്ളൂ എന്നും ശ്രീ ബിജു 09.10.2015 -ലെ കത്ത് പ്രകാരം നഗരസഭയെ അറിയിച്ചു. എന്നാൽ ഈ കത്ത് പരിഗണിക്കാതെ നഗരസഭ 13.11.2015 -ൽ ബിജുവുമായി കരാറിലേർപ്പെടുകയാണ് ചെയ്തത്. 20.02.2016 -ൽ പ്ലാന്റിൽ സ്ഥല പരിശോധന നടത്തിയ JHI മുഹമ്മദ് ഷിയാസ് ഫാൻ വർക്ക് ചെയ്യുന്നില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. Floating Aerator മാറ്റി സ്ഥാപിക്കുന്നതിന് 1 ലക്ഷം രൂപ തനത് ഫണ്ടനുവദിക്കുന്നതും ഇതിനായി ടെണ്ടർ വിളിക്കാൻ അനുമതി നൽകുന്നതും 01.09.2016 -ൽ ചേർന്ന കൗൺസിലാണ് (കൗൺസിൽ തീരുമാന നമ്പർ 13). ഇതിന്റെ ടെൻഡർ നടപടികൾ ഇതുവരേയും പൂർത്തിയായിട്ടില്ല. ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സുപ്രധാന ഭാഗമായ ഫ്ലോട്ടിംഗ് എയറേറ്റർ പ്രവർത്തനക്ഷമമാക്കാതെയാണ് 12.11.2015 മുതൽ ഇതുവരേയും ശ്രീ ബിജുവിന് കരാർ നൽകിയത്. കരാർ തുകയായി ഇതുവരെ 4.42ലക്ഷം രൂപ കരാറുകാരന് നൽകി കഴിഞ്ഞു. പ്രവർത്തനക്ഷമമല്ലാത്ത പ്ലാന്റിന് AMC നൽകിയത് വഴി കരാറുകാരന് 4,41,683 രൂപ നൽകിയത് പാഴ് ചെലവാണ്. ഇക്കാര്യം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

കഴിഞ്ഞ കരാറിന് ശേഷം പുതിയ കരാർ വന്നത് 12.11.2015 -ലാണ്. അതുവരെ അതായത് 7 മാസത്തിലധികം പ്ലാന്റ് പ്രവർത്തിക്കാതിരുന്നു. കഴിഞ്ഞ കരാർ അവസാനിക്കുന്നതിന് മുൻപ് തന്നെ കരാർ പുതുക്കാനുള്ള നടപടികൾ ആരംഭിക്കാതിരുന്നതിനാലാണ് പുതിയ കരാർ നീണ്ടുപോയത്. നഗരസഭയുടെ ഭാഗത്തുനിന്നുണ്ടാകുന്ന അനാസ്ഥ കാരണം മലിനജലം പുഴയിലേക്കൊഴുകുന്നതിന് ഇടയാകുന്നുണ്ട്. പ്ലാന്റിന്റെ അറ്റകുറ്റപണികൾ യഥാസമയം നിർവ്വഹിക്കാത്തതും പുഴമലിനപ്പെടുന്നതിന് കാരണമാകുന്നുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 30(1) പ്രകാരം പരിസ്ഥിതി സംരക്ഷണം മുനിസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലയിൽപ്പെടുന്നതായതിനാൽ മലിനജലം പുഴയിലേക്കൊഴുകാതിരിക്കാൻ നഗരസഭ ജാഗ്രത പുലർത്തേണ്ടതാണ്.

## 3-9 മെട്രോ പ്രോജക്ടിന് വിട്ടുനൽകിയ സ്ഥലത്തിന്റെ രേഖകളിൽ പൊരുത്തക്കേട്

കൊച്ചി മെട്രോ റെയിൽ പ്രോജക്ടിന് വേണ്ടി നഗരസഭയുടെ സ്ഥലം സർക്കാരിന് വിട്ടുനൽകുകയും ആയതിന് നഷ്ടപരിഹാരം വിവിധ ഗഡുക്കളായി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആലുവ നഗരസഭയിലെ ഇതുമായി ബന്ധപ്പെട്ട ഇ-4-9929/13 എന്ന ഫയൽ പരിശോധിച്ചപ്പോൾ നഗരസഭയുടെ കൈവശമുള്ള ഭൂമിയുടെ രേഖകളുമായി ബന്ധപ്പെട്ട് പ്രഥമദൃഷ്ട്യാ ചില അപാകതകൾ ശ്രദ്ധയിൽപ്പെടുകയും ആയതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 13/2015-16 പ്രകാരം നഗരസഭയോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ നഗരസഭ പ്രസ്തുത ഓഡിറ്റ് എൻക്വയറിക്ക് ഇതുവരെ മറുപടി നൽകിയിട്ടില്ല. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കൊച്ചി മെട്രോ റെയിൽ പ്രോജക്ടിന് വേണ്ടി ആലുവ നഗരസഭയ്ക്ക് ആലുവ വെസ്റ്റ് വില്ലേജ് ഓഫീസിൽ നിന്ന് ഒരേ നമ്പരിൽ ഭൂനികുതി ഒടുക്കിയ രണ്ട് രസീത് ലഭിച്ചതായി കാണുന്നു. (രസീത് നം. 45388/4538766). രണ്ട് രസീതിന്റെയും ഫോട്ടോസ്റ്റാറ്റ് പകർപ്പ് മാത്രമാണ് നഗരസഭയുടെ കൈവശമുള്ളത്. ആദ്യത്തെ രസീതിൽ ബ്ലോക്ക് നം. 83/48 എന്ന സർവ്വേ നമ്പരിൽ 23.9 ആർ വിസ്തീർണ്ണമുള്ള പുരയിടത്തിന് 2015-16 ലേക്ക് 100 രൂപ ഒടുക്കിയതായി കാണുന്നു. രണ്ടാമത്തെ രസീതിൽ മേൽ സ്ഥലത്തിനൊപ്പം ബ്ലോക്ക് നം. 83/51 എന്ന സർവ്വേ നമ്പരിൽ 1.82 ആർ സ്ഥലത്തിന്റെ വിവരവും രേഖപ്പെടുത്തിയതായി കാണുന്നു. പ്രസ്തുത സ്ഥലത്തിന് നികുതിയായി തുക രേഖപ്പെടുത്തിയിട്ടില്ല. സ്ഥലത്തിന് ' വശം തിരിയാത്ത 10/14 അവകാശം മാത്രം ' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഒരേ രസീത് നമ്പരിൽ വില്ലേജ് ഓഫീസിൽ നിന്ന് രണ്ട് രസീത് ലഭിക്കാൻ സാദ്ധ്യത ഇല്ലാത്തതും രണ്ടാമത്തെ രസീതിലാണ് നഗരസഭയ്ക്ക് പുറത്തുള്ള കക്ഷികൾക്ക് 4/14 അവകാശം ഉള്ളതായി തെളിയുന്നതെന്നുള്ളതും കൂടുതൽ അന്വേഷണ വിധേയമാക്കേണ്ട വസ്തുതകളാണ്. ഈ അപാകതയ്ക്ക് നഗരസഭയുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. മുകളിൽ സൂചിപ്പിച്ച വില്ലേജ് ഓഫീസിലെ രസീത് പ്രകാരം 83/51 എന്ന സർവ്വേ നമ്പരിന് മാത്രമാണ് 10/14 അവകാശം മാത്രം നഗരസഭയ്ക്ക് ഉള്ളതായി മനസ്സിലാക്കുന്നത്. എന്നാൽ 83/51-69 എന്ന സർവ്വേ നമ്പരിലെ 1.12 ആർ ഭൂമിക്കും, 83/48-68 എന്ന സർവ്വേ നമ്പരിലെ 1.96 ആർ ഭൂമിക്കും ലഭിച്ച നഷ്ടപരിഹാരതുകയിൽ 10/14 അവകാശത്തിനുള്ള തുക മാത്രമേ ലഭിച്ചതായി കാണുന്നുള്ളൂ. ഇത് തെളിയിക്കുന്ന നികുതി ഒടുക്കിയ രസീതോ മറ്റു രേഖകളോ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

3. മേൽ ഫയൽ പരിശോധിച്ചതിൽ സർവ്വേ നമ്പരുകൾ. ഭൂമിയുടെ വിസ്തീർണ്ണം എന്നിവയിൽ വലിയ അവ്യക്തത നിലനിൽക്കുന്നതായി കാണുന്നു. 83/48 എന്ന സർവ്വേ നമ്പരിൽ 23.90 ആർ ഭൂമിയും, 83/51 എന്ന നമ്പരിൽ 1.82 ആർ ഭൂമിയും ഉള്ളതായി വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമാക്കിയ ഭൂനികുതി ഒടുക്കിയ രസീതിൽ നിന്നും വ്യക്തമാകുന്നു. ഈ രണ്ട് സർവ്വേ നമ്പരിലും ഉള്ള കെട്ടിടത്തിന് 35,55,295.46 രൂപ valuation നടത്തിയതായും കാണുന്നു. എന്നാൽ 28.11.2015 -ലെ സ്പെഷ്യൽ തഹസിൽദാറുടെ ഉത്തരവിൽ 83/51-69 -ൽ 1.12 ആർ ഭൂമിയും 39,602 രൂപ വിലവരുന്ന കെട്ടിടവും ഉള്ളതായി കാണുന്നു. അതുപോലെ 12.02.2016 -ലെ സ്പെഷ്യൽ തഹസിൽദാറുടെ ഉത്തരവിൽ 83/48-68 എന്ന സർവ്വേ നമ്പരിൽ 1.96 ആർ ഭൂമി ഉള്ളതായും കാണുന്നു. ഈ

സാഹചര്യത്തിൽ ഏറ്റെടുത്ത സർവ്വേ നമ്പരുകളെക്കുറിച്ചും അവയിലെ ഭൂമിയുടെ അളവിനെക്കുറിച്ചും വ്യക്തമായ വിവരം മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

4.നഗരസഭയുടെ കൈവശമുള്ള ഭൂമിയെ സംബന്ധിച്ച വിവരം ഉൾക്കൊള്ളിച്ച അസറ്റ് രജിസ്റ്ററും കരമടച്ച രസീത്,ആധാരങ്ങൾ എന്നിവ സഹിതം ഓഡിറ്റിൽ ഹാജരാക്കാൻ നിർദ്ദേശിക്കുന്നു.

## 3-10 I.H.S.D.P പദ്ധതി നടത്തിപ്പിലെ അപാകതകൾ

ആലുവ നഗരസഭയിലെ ഇന്റഗ്രേറ്റഡ് ഹൗസിങ്ങ് ആന്റ് സ്ലം ഡെവലപ്മെന്റ് പ്രോഗ്രാം (I.H.S.D.P) എന്ന പദ്ധതിയുടെ രേഖകളും ക്യാഷ് ബുക്കും പരിശോധിച്ചപ്പോൾ ധാരാളം അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. അവ താഴെ ചേർക്കുന്നു.

1. ഗുഡ്ഷെഡ് കോളനിയിലെ I.H.S.D.P ഭവന നിർമ്മാണ ഗുണഭോക്താവായ ശ്രീമതി ലൗലി വർഗ്ഗീസ് മുല്ലച്ചെത്ത് എന്ന വ്യക്തിക്ക് 97,500/- രൂപയാണ് (25,000, 37,500, 35,000) നൽകിയത്. ടിയാരിക്ക് മൂന്നാംഗഡു കൊടുത്തത് 03.08.2012 -ലാണ്. നാളിതുവരെയായി ബാക്കിയുള്ള തുകയായ 27,500/- രൂപ നൽകിയതായി കാണുന്നില്ല. നാല് വർഷത്തിലധികമായി പ്രസ്തുത ഗുണഭോക്താവ് വീടുപണിപൂർത്തിയാക്കാത്തത് അന്വേഷണവിധേയമാക്കേണ്ടതാണ്. ടിയാരിയുടെ ഭവനനിർമ്മാണത്തിന്റെ തൽസ്ഥിതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .
2. പൈപ്പ് ലൈൻ കോളനിയിലെ ഭവനനിർമ്മാണ ഗുണഭോക്താവായ ശ്രീ. ബിജു ജോർജ്ജിന് 4 ഗഡുക്കളിലായി 25,000, 37,500, 35,000, 25,000 എന്നിങ്ങനെ ആകെ 1,22,500 രൂപയാണ് നൽകിയിരിക്കുന്നത്. 1,25,000 രൂപയാണ് നൽകേണ്ടത്. ആയത് വിശദീകരിക്കേണ്ടതാണ്.
3. കുഴിനികത്തൽ കോളനി ( മൂപ്പൻ കോളനി) യിലെ ഗുണഭോക്താവായ ശ്രീമതി ദീപയ്ക്ക് 10,000 രൂപയാണ് വീട് റിപ്പയർ ഇനത്തിൽ നൽകിയിരിക്കുന്നത്. 25,000 രൂപയാണ് ഈ ഇനത്തിൽ നൽകേണ്ടത്. പിന്നീട് തുകയൊന്നും നൽകിക്കാണുന്നില്ല. ടിയാരിയുടെ വീട് റിപ്പയർ എന്ന വേലയുടെ ഇപ്പോഴത്തെ അവസ്ഥ ഓഡിറ്റിൽ വ്യക്തമാക്കേണ്ടതാണ്.
4. പൈപ്പ് ലൈൻ കോളനിയിലെ വീട് റിപ്പയർ ഗുണഭോക്താവായ ശ്രീമതി. പ്രസന്ന ഷാജിക്ക് 25,000 രൂപ നൽകി കാണുന്നു. (ഡി.ഡി.നം. 419282/16.05.2015 – ₹12,500/-), ഡി.ഡി. നമ്പർ 663905/17.03.2015 – ₹12,500/-) എന്നാൽ അക്വിറ്റൻസ് രജിസ്റ്റർ പുറം 63 പ്രകാരം 12,500 രൂപ മാത്രമേ കൈപ്പറ്റിയതായി കാണുന്നുള്ളൂ. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.
5. 2015-16 -ൽ വീട് പുനരുദ്ധാരണത്തിന് തുക അനുവദിച്ച ശ്രീമതി. ലത രാജൻ, പ്രസന്ന ഷാജി, മണി ബാലൻ എന്നിവരുടെ അപേക്ഷയും മറ്റ് അനുബന്ധ രേഖകളും (പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റടക്കം) ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.
6. ക്രമ നമ്പർ 5 -ൽ സൂചിപ്പിച്ച ഗുണഭോക്താവ് ലത രാഘവൻ, പാലപ്പറമ്പിൽ വീട്, എന്ന് അക്വിറ്റൻസ് രജിസ്റ്റർ പേജ് 63 ലും, ലത രാജൻ എന്ന് ക്യാഷ് ബുക്കിലും കാണുന്നു. ഈ വിഷയത്തിലും നഗരസഭയുടെ

വിശദീകരണം ആവശ്യപ്പെടുന്നു.

7. 31.03.2017 -ൽ ഈ പദ്ധതി കാലാവധി പൂർത്തീകരിക്കുന്നതിനാൽ ഈ പദ്ധതി പ്രകാരം നിലവിൽ ഭവന നിർമ്മാണം, ഭവന അറ്റകുറ്റപ്പണി എന്നീ ഇനങ്ങളിൽ പണി ഭാഗികമായി പൂർത്തീകരിക്കാനോ പൂർണ്ണമായി പൂർത്തീകരിക്കാനോ ബാക്കിയുള്ള ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് .

മേൽ വിഷയങ്ങളെ സംബന്ധിച്ച് ഈ കാര്യാലയത്തിൽ നിന്ന് ഓഡിറ്റ് എൻക്വയറി (നം. 8/2015-16) നൽകിയിരുന്നെങ്കിലും ആയതിന് നഗരസഭ മറുപടി നൽകിയിട്ടില്ല.

## 3-11 കുടുംബശ്രീ അനക്സ് കെട്ടിടത്തിന്റെ ഉദ്ഘാടനത്തിനായി അനുവദിച്ച തുകയിലെ ₹8,750 ചെലവ് അംഗീകരിക്കുന്നില്ല.

2013-14 -ലെ ഓഡിറ്റ് റിപ്പോർട്ടിൽ 65-7/13 വൗച്ചർ പ്രകാരം ഓവർസിയർ ശ്രീ. പി.എം. ഹുസൈൻ കുടുംബശ്രീ കെട്ടിടത്തിന്റെ ഉദ്ഘാടനത്തിനായി 60,000/- രൂപ മുൻകൂർ കൈപ്പറ്റിയത് ക്രമീകരിച്ചിട്ടില്ല എന്ന് ചൂണ്ടിക്കാട്ടിയിരുന്നു. 04.10.2011 -ലെ ജി.ഒ.(പി) 419/2011/ധനം. ഉത്തരവ് പ്രകാരം മുൻകൂർ കൈപ്പറ്റി 3 മാസത്തിനകം തുക ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം 18% പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതുമാണെന്ന് പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. ഇതിനെ തുടർന്ന് 13.01.2016 -ൽ സെക്രട്ടറി പി.എം. ഹുസൈന് മെമ്മോ നൽകിയിരുന്നു. ഇതിന് ശ്രീ.ഹുസൈൻ നൽകിയ മറുപടിയിൽ 19.07.2013 -ൽ തന്നെ ഈ തുക ക്രമീകരിക്കാൻ മുനിസിപ്പൽ എഞ്ചിനീയർക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതാണെന്നും കാണാതായ ഈ ഫയൽ 29.12.2015 -ൽ കണ്ടെത്തിയതിനാൽ തുടർനടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു കാണുന്നു. 22.07.2016 -ലെ III -ാം നമ്പർ തീരുമാന പ്രകാരം ഈ തുക ക്രമീകരിക്കാൻ കൗൺസിൽ അനുമതി നൽകി. ഇതുമായി ബന്ധപ്പെട്ട ഫയൽ E1-6307/13 പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ചെലവ് ക്രമീകരിച്ചതിൽ 8750 രൂപയുടെ ചെലവ് താഴെപ്പറയുന്ന കാരണങ്ങളാൽ അംഗീകരിക്കുന്നില്ല എന്നറിയിക്കുന്നു.

1. ഉദ്ഘാടനത്തോടനുബന്ധിച്ച് ശിലാഫലകം സ്ഥാപിച്ചതിന് 19000 രൂപ ചെലവഴിച്ചതാണ് വൗച്ചർ 3,4,5,6 -ൽ കാണിച്ചിട്ടുള്ളത്. കുനമ്മാവിലുള്ള ഗ്രാന്റ് വർക്ക്സ് കൺസ്ട്രക്ഷൻസിന്റേതാണ് ബിൽ. 6 x4 ഇഞ്ചിന്റെ 2 ഗ്രാനൈറ്റ് ഫലകവും അതിൽ അക്ഷരങ്ങൾ കൊത്തിയതിനുമായി 16,000/- രൂപയാണ് ബില്ലിൽ കാണിച്ചിട്ടുള്ളത്. (ഇത് വളരെ ഉയർന്ന നിരക്കാണ്) മുനിസിപ്പൽ ഓഫീസിനോട് ചേർന്നുള്ള കുടുംബശ്രീ അനക്സിൽ പരിശോധന നടത്തിയപ്പോൾ അവിടെ ഒരു ഗ്രാനൈറ്റ് ഫലകം മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ എന്ന് കണ്ടെത്തിയിട്ടുണ്ട്. (ബില്ലിൽ സൂചിപ്പിച്ച 6 x 4 ഇഞ്ച് അളവിലുള്ളതല്ല ഇത്). ആകയാൽ ഒരു ഫലകത്തിന് ചെലവായ തുക മാത്രമേ അംഗീകരിക്കാനാവുകയുള്ളൂ. ഇതിന് ചെലവായ തുക 16,000/2 =8,000/- രൂപയും അതിന്റെ ഫിറ്റിംഗ് കൂലി 1,500/2=750/- രൂപയും ഉൾപ്പെടെ 8,750/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.
2. ഫയൽ കുറിപ്പ് പ്രകാരം (പുറം 5) 19.07.2013 -ൽ ഫയൽ കാണാതായി പിന്നീട് ഇത് കണ്ടെത്തുന്നത് 29.12.2015 -ലാണ്. ഫയൽ കാണാതായതിന്റെ കാരണം സെക്രട്ടറി പരിശോധിച്ചിട്ടുണ്ടോ എന്ന്

വ്യക്തമാക്കേണ്ടതാണ്.

മുകളിൽ കാണിച്ച പ്രകാരമുള്ള 8750 രൂപ ഓവർസീയർ ശ്രീ. പി.എം. ഹുസൈനിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-12 നഗരസഭ പാർക്ക് ശോചനീയവസ്ഥയിൽ

ആലുവ നഗരസഭയ്ക്ക് ആലുവ വെസ്റ്റ് വില്ലേജ് പരിധിയിൽ 60 ആർ 40 ച.മി വലിപ്പമുള്ള (149 സെന്റ്) ഒരു കുട്ടികളുടെ പാർക്ക് ഉണ്ട്. പാർക്കിന്റെ സൗന്ദര്യവത്കരണത്തിന് വേണ്ടി ധാരാളം തുക നഗരസഭ ചെലവ് ചെയ്തിട്ടുണ്ട്. കുട്ടികൾക്ക് കളിക്കാൻ പുതിയ കളിയുപകരണങ്ങൾ, ഫൗണ്ടനുകൾ തുടങ്ങിയവ പലപ്പോഴായി സ്ഥാപിച്ചിട്ടുണ്ട്. എന്നിട്ടും തുടക്കത്തിലെ ഉത്സാഹം കഴിയുമ്പോൾ പാർക്ക് വീണ്ടും അവഗണിക്കപ്പെടുകയാണ് ചെയ്യുന്നത്. പാർക്കിന്റെ ഇപ്പോഴത്തെ അവസ്ഥ ഓഡിറ്റ് ടീം നേരിട്ട് പോയി പരിശോധിച്ചിരുന്നു. ഫൗണ്ടൻ പ്രവർത്തിക്കുന്നില്ല എന്നും പാർക്കിന്റെ പലഭാഗങ്ങളും കാടുപിടിച്ച് കിടക്കുകയാണെന്നും കാണുന്നു. ജലവിതരണം പാടെ നിലച്ചിരിക്കുകയാണ്. പാർക്ക് സന്ദർശിക്കാനെത്തുന്ന ജനങ്ങളുടെ പ്രാഥമിക സൗകര്യങ്ങൾക്ക് പോലും വെള്ളം ഇല്ലാത്ത അവസ്ഥയാണ്. ബഹുഭൂരിപക്ഷം ലൈറ്റുകളും കത്തുന്നില്ല. ചില പ്രദേശങ്ങൾ സാമൂഹ്യ വിരുദ്ധ ശല്യം ഉണ്ടെന്ന് പാർക്കിന്റെ ചുമതലയുള്ള കണ്ടിജന്റ് ജീവനക്കാരിൽ നിന്ന് അറിയാൻ കഴിഞ്ഞു. ഈ വിഷയം നഗരസഭയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു. പാർക്കിന്റെ ദൈനംദിനകാര്യങ്ങൾ നിരീക്ഷിക്കാൻ നഗരസഭ ചെയർപേഴ്സൺ, പാർക്ക് സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ കൗൺസിലർ, സെക്രട്ടറി, മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുക വഴിയോ നഗരസഭയ്ക്ക് യുക്തം എന്ന തോന്നുന്ന മറ്റ് മാർഗ്ഗങ്ങൾ വഴിയോ ചെയ്യാവുന്നതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. കേരളത്തിലെ പല നഗരസഭകൾക്കും ഇല്ലാത്ത ഒരു അനുഗ്രഹമാണ് ആലുവ നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ളത്. പെരിയാറിന്റെ തീരത്ത് നഗരഹൃദയത്തിൽ തന്നെ സ്ഥിതിചെയ്യുന്ന പ്രസ്തുത പാർക്ക് നഗരസഭയ്ക്കാകെ അഭിമാനമാം വണ്ണം മനോഹരമാക്കേണ്ടത് നഗരസഭയിലെ താമസക്കാർക്ക് മാത്രമല്ല മറ്റ് സമീപ പ്രദേശങ്ങളിലെ ജനങ്ങൾക്കും ഗുണകരമാകും എന്ന് കരുതുന്നു. തൊട്ടടുത്തുള്ള കളമശ്ശേരി നഗരസഭയിൽ അടുത്ത കാലത്ത് മനോഹരമായ ഒരു സയൻസ് പാർക്ക് നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്ത് വരുന്നുണ്ട്. പാർക്ക് പരിപാലനത്തിന്റെ രീതികളെക്കുറിച്ച് മേൽ നഗരസഭയിൽ നിന്ന് വിവരങ്ങൾ ലഭ്യമാക്കാവുന്നതാണ്.

## 3-13 അനധികൃത അറവുശാല, അനധികൃത മാംസവിൽപ്പന

ഫയൽ നമ്പർ - എച്ച്3-9918/09 , എച്ച്3-864/14

ആലുവ നഗരസഭയിലെ അറവുശാല കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിർദ്ദേശാനുസരണം 12.08.2009 -ൽ അടച്ചുപൂട്ടി. ആധുനികരീതിയിൽ നവീകരിച്ച അറവുശാല നഗരസഭയിൽ സ്ഥാപിക്കുന്നതിനായി ശുചിത്വമിഷനിൽ നിന്നും 21.12.2010 -ൽ 25,00,000 രൂപയും 07.03.2014 -ൽ 37,50,000 രൂപയും അനുവദിച്ചു. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ആലുവ ശാഖയിൽ അക്കൗണ്ട് നമ്പർ 60057 -ൽ മേൽതുകകൾ വരവുണ്ട്. 31.05.2015 -ൽ മേൽ അക്കൗണ്ടിൽ 69,17,364.65 രൂപ നിക്ഷേപമായി ഉണ്ട്. പലിശ ഉൾപ്പെടുന്ന തുകയാണിത്.

ആധുനികരീതിയിൽ നവീകരിച്ച അറവുശാല നിർമ്മാണം നടന്നതിന്റെ രേഖയൊന്നും ലഭ്യമായ ഫയലിൽ ഇല്ല. കേരള ഹൈക്കോടതിയിലെ WP(C) Nos. 13805/04, 37093/04,7000/2005, 2991, 3923, 9297, 8233, 12998/2006, 704/09 & 6031/09 നമ്പർ കേസുകളുടെ ഇടക്കാല ഉത്തരവ് പ്രകാരം 17.09.2009 -ൽ സർക്കാർ പുറപ്പെടുവിച്ച 1173/DB2/09/LSGD സർക്കുലറിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അതിർത്തിക്കുള്ളിൽ നടത്തുന്ന അനധികൃത കശാപ്പും അനധികൃത മാംസ വിൽപ്പനയും നിരോധിച്ചിട്ടുള്ളതാണ് .

കേരള മുനിസിപ്പൽ ആക്റ്റ് 1994 വകുപ്പ് 338, 447, 452, 455, 469, 545 എന്നിവയുടെ അടിസ്ഥാനത്തിൽ ഇറച്ചിക്കടകൾ പരിശോധിച്ച് ആരോഗ്യകരമായ സാഹചര്യങ്ങളിലാണ് ഇറച്ചി കൈകാര്യം ചെയ്യുന്നതെന്നും ഭക്ഷ്യയോഗ്യമായവയാണ് വിൽക്കുന്നതെന്നും ഉറപ്പുവരുത്തുന്നതിന് 11.02.2014 -ൽ ഹെൽത്ത് സൂപ്പർവൈസർക്ക് സെക്രട്ടറി അധികാരപത്രം നൽകിയിട്ടുണ്ട്.

നഗരകാര്യ ഡയറക്ടറുടെ 05.02.2014 -ലെ ഡിസി1/5392/2011 കത്ത് പ്രകാരം നഗരസഭാ പരിധിയിലെ അനധികൃത അറവുശാല, അനധികൃത മാംസ വിൽപ്പന എന്നിവ സംബന്ധിച്ച വിവരങ്ങൾ എല്ലാ മാസവും 15,30 തീയതികളിൽ നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. 2015-16 -ൽ ഇപ്രകാരം അയച്ച റിപ്പോർട്ടുകളുടെ വിവരം ലഭ്യമായ ഫയലിൽ ഇല്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

നഗരസഭാ പരിധിയിൽ ജനറൽ മാർക്കറ്റിൽ 4 ബീഫ് സ്റ്റാളുകളും, 2 മട്ടൻ സ്റ്റാളുകളും പ്രവർത്തിച്ചിരുന്നു. 25.02.2014 -ലെ എച്ച്3/864/14 ഉത്തരവുപ്രകാരം മാംസ വിൽപ്പന സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് സ്ക്വാഡ് രൂപീകരിച്ചു. മാംസ വിൽപ്പന സ്റ്റാളുകൾക്ക്, നഗരസഭ വാടക ഈടാക്കുന്നുണ്ടെങ്കിലും ഡി & ഒ ലൈസൻസ് നൽകിയിട്ടില്ലെന്ന് 01.03.2014 , 15.03.2014, 22.03.2014 എന്നീ തീയതികളിലെ സ്ക്വാഡ് പരിശോധനയിൽ കാണുന്നു. 04.07.2015 -ലെ ഹെൽത്ത് വിഭാഗം വെസ്റ്റ് സോൺ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ശ്രീ. പി.എം. ഷിയാസുദ്ദീന്റെ റിപ്പോർട്ട് പ്രകാരം ഇവരിൽ നിന്നും വാടകയും തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ട്. ആറ് മാംസ വിൽപ്പന സ്റ്റാളുകൾ വർഷങ്ങളായി നഗരസഭാ അനുമതിയോടെ വാടകയും ലൈസൻസ് ഫീസും ഈടാക്കി പ്രവർത്തിച്ചിരുന്നതായി 29.09.2015 -ലെ 28 -ാം നമ്പർ കൗൺസിൽ തീരുമാനത്തിൽ നിന്നും വ്യക്തമാകുന്നു. ഡി & ഒ ലൈസൻസില്ലെന്ന സ്ക്വാഡ് പരിശോധനാ റിപ്പോർട്ടിന് വിരുദ്ധമായി ലൈസൻസോടുകൂടി മാംസവിൽപ്പന നടത്തിയതായി കൗൺസിൽ വിലയിരുത്തുന്നു. ഇത് പരസ്പരവിരുദ്ധമാണ്. ഇതിന് വിശദീകരണം നൽകേണ്ടതാണ്.

മൃഗങ്ങളെ കശാപ്പുചെയ്യുന്നതിനു മുമ്പും കശാപ്പുചെയ്തതിനു ശേഷവും മൃഗഡോക്ടർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തണം. കച്ചവടത്തിന് മാംസം ലഭിക്കുന്നത് എവിടെ നിന്നാണെന്നും ഏതു തീയതിയിൽ എവിടെവച്ച് കശാപ്പു നടത്തുന്ന മൃഗമാണെന്നും വ്യക്തമാക്കണം. മാംസം വാങ്ങിയതിന്റെ രേഖകളും ലഭ്യമാക്കണം.

23.03.2015 വരെ 6 വ്യാപാരികൾക്കെതിരെ 4 തവണ നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്റ്റാളുകൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനായി 15.02.2014 ൽ പോലീസിലേക്ക് കത്ത് നല്കിയിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പറയുന്നുണ്ടെങ്കിലും ഫയലിൽ ഇതു സംബന്ധിച്ച രേഖകൾ ഇല്ല.അവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയോ പോലീസിൽ പരാതി നൽകുകയോ

ചെയ്തിട്ടില്ല. കെട്ടിട വാടകയും തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ട്. ഡി & ഒ ലൈസൻസ് ഇല്ലാതെ അനധികൃത കശാപ്പും അനധികൃത മാംസവിൽപ്പനയും നടത്തുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കാതെ വാടകയും തൊഴിൽ നികുതിയും ഈടാക്കുന്നു. ഇത് ഗുരുതരമായ വീഴ്ചയാണ്.

താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന കെട്ടിടങ്ങളിൽ മാംസ വിൽപ്പന നടന്നിരുന്നതായി ഫയലിൽ നിന്നും വ്യക്തമാകുന്നു. മുനിസിപ്പാലിറ്റിയുടെ 2015-16 -ലെ വാടക രജിസ്റ്റർ പ്രകാരം വാടകക്കാരുടെ പേരുവിവരം താഴെ ചേർക്കുന്നു.

പഴയ വാർഡ് XVIII / പുതിയ വാർഡ് - XXIII

| ക്രമ നം. | കെട്ടിട നമ്പർ | വാടകക്കാരന്റെ പേരും മേൽവിലാസവും ( 2015-16) |
|---|---|---|
| 1 | ജനറൽ മാർക്കറ്റ് 98 (c) | പി.ഐ. സക്കീർ, S/o പാത്തു, പുല്ലാട്ടുങ്ങലിൽ, കീഴ്മാട്, ആലുവ<br>വാടക കരാർ മാറി- C.R.No. XII തീയതി 15.06.2015 |
| 2 | ജനറൽ മാർക്കറ്റ് 98 (d) | കെ.എസ്. മുഹമ്മദ് കുഞ്ഞ്,കുവക്കാട്ടിൽ വീട്, തോട്ടയ്ക്കാട്ടുകര, ആലുവ |
| 3 | സ്റ്റാൾ നം. 112 | കെ.കെ. സലീം, കുന്നത്ത് വീട്, അശോകപുരം, ആലുവ |
| 4 | സ്റ്റാൾ നം. 113 | എൻ.കെ. സുനീർ, നട്ടപ്പറമ്പിൽ വീട്, ഉളിയന്നൂർ, ആലുവ |
| 5 | സ്റ്റാൾ നം. 114 | ഷെല്ലി വർഗ്ഗീസ്, തയ്യിൽ വീട്, നിർമ്മല സ്കൂളിന് എതിർവശം, ആലുവ |
| 6 | സ്റ്റാൾ നം. 115 | എൽസി തോമസ്, പുനരധിവാസം |

അനധികൃത കശാപ്പും, അനധികൃത മാംസ വിൽപ്പനയും നടത്തുന്നതുമൂലമുള്ള മാലിന്യം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

മേൽ വിഷയം സംബന്ധിച്ച് 16.12.2016-ൽ 38/2015-16 -ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല. പോലീസിൽ പരാതി നൽകി അനധികൃത കശാപ്പും, അനധികൃത മാംസ വിൽപ്പനയും നിർത്താലാക്കി കടകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടികളും ആധുനിക രീതിയിലുള്ള അറവുശാല നിർമ്മാണത്തിനുള്ള സത്വരനടപടികളും സ്വീകരിക്കേണ്ടതാണ് , മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 ലൈബ്രറി സെസ് യഥാസമയം ഒടുക്കുന്നില്ല- ₹46 ലക്ഷം ഒടുക്കാനുണ്ട്

ലൈബ്രറി കൗൺസിലിലേയ്ക്ക് അടവാക്കേണ്ട ലൈബ്രറിസെസ് അടയ്ക്കാത്തതുമൂലം 46,30,706 രൂപ നഗരസഭയ്ക്ക് ഈ ഇനത്തിൽ കുടിശ്ശികയുണ്ട്. 2009-10 സാമ്പത്തിക വർഷം മുതലുള്ള തുകയാണ് അടയ്ക്കാൻ ബാക്കിയുള്ളത്. 1989 -ലെ കേരള പബ്ലിക് ലൈബ്രറീസ് ആക്ട് വകുപ്പ് 48 ഉപവകുപ്പ് (1), (2), (3) എന്നിവ പ്രകാരം വസ്തുനികുതിയോടൊപ്പം അതിന്റെ 5% നിരക്കിൽ ലൈബ്രറി സെസ് കൂടെ ഈടാക്കി അത് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് അടക്കേണ്ടതാണ്. ഓരോ വർഷത്തേയും തുകയുടെ ആദ്യഗഡു ഏപ്രിൽ 30 -നകവും രണ്ടാം ഗഡു നവംബർ 30 -നകവും ഒടുക്കേണ്ടതാണ്. ഫയൽ നം. ആർ2-1980/10 പ്രകാരം 2016 മാർച്ച് മാസം വരെ നഗരസഭ

ഈ ഇനത്തിൽ ഒടുക്കാൻ ബാക്കിയുള്ള തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | | അടക്കേണ്ട തുക |
|---|---|---|
| 2009-10 | : | 6,00,491 രൂപ |
| 2010-11 | : | 6,58,985രൂപ |
| 2012-13 | : | 7,92,881രൂപ |
| 2013-14 | : | 8,20,081രൂപ |
| 2014-15 | : | 10,27,554രൂപ |
| 2015-16 | : | 7,30,714 രൂപ |
| ആകെ | | 46,30,706 രൂപ |

ഈ ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ഒടുക്കാനുള്ള തുക 44,26,194 രൂപയാണ്.ഈ വ്യത്യാസം വിശദീകരിയ്ക്കേണ്ടതാണ്.

2011-12 സാമ്പത്തിക വർഷത്തെ ലൈബ്രറി സെസ് ആയ 7,43,561/- രൂപയിൽ നഗരസഭ അടച്ചത് 1,82,545/- രൂപയാണ്. ബാക്കി 5,61,016/- രൂപ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ലൈബ്രറി കൗൺസിലിലേയ്ക്ക് നേരിട്ട് വകയിരുത്തുകയാണ് ചെയ്തത്.

മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെല്ലാം തന്നെ ലൈബ്രറിസെസ് കുടിശ്ശിക കൂടിക്കൊണ്ടിരിക്കുന്ന വിഷയം ഉന്നയിച്ചിരുന്നുവെങ്കിലും ഇത് അടച്ചുതീർക്കുന്നതിന് നഗരസഭയുടെ ഭാഗത്ത് നിന്ന് ഊർജ്ജിതമായ പ്രവർത്തനങ്ങൾ കൈക്കൊണ്ടതായി കാണുന്നില്ല. ഇത് സംബന്ധിച്ച് 24.11.2016 -ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 24/2015-16 ന് ലഭിച്ച മറുപടിയിൽ നഗരസഭയുടെ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് മൂലമാണ് ലൈബ്രറി സെസ് സമയബന്ധിതമായി ഒടുക്കുന്നതിന് തടസ്സം നേരിട്ടതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ 20.09.2005 -ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10088/എൽ3/05 -ാം നമ്പർ സർക്കുലർ പ്രകാരം ലൈബ്രറി സെസ് യഥാസമയം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ അത് നഗരസഭാ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ 2% നിരക്കിൽ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണ്. ആയതിനാൽ മേൽപ്പറഞ്ഞിരിക്കുന്ന തുക എത്രയും വേഗം ലൈബ്രറി കൗൺസിലിലേയ്ക്ക് അടച്ചുതീർക്കുന്നതിനു വേണ്ട സത്വര നടപടികൾ നഗരസഭ കൈക്കൊള്ളേണ്ടതും പലിശ നൽകേണ്ടി വരികയാണെങ്കിൽ അത് സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കേണ്ടതുമാണ്.

## 3-15 സർക്കാരിലേക്ക് ഒടുക്കേണ്ട തുക കൂടുതൽ ഒടുക്കി- നഗരസഭയ്ക്ക് ₹ 1,20,986 നഷ്ടം

2015-16 -ലെ വാർഷിക കണക്കുകളുടെ ഭാഗമായ ബാലൻസ്ഷീറ്റിൽ B-9 ഷെഡ്യൂളിൽ താഴെ ചേർത്തിരിക്കുന്ന ഇനങ്ങളുടെ തുക നെഗറ്റീവ് ബാലൻസ് ആയി കാണുന്നു.

| ക്രമ നം. | ഇനം | ഹെഡ് | തുക |
|---|---|---|---|
| 1. | Income tax deducted at source-municipal fund | 350200201 | (-) 43,500 |
| 2. | Value Added Tax- Municipal Fund | 350200209 | (-) 32,341 |
| 3. | Kerala Construction Workers | 350200214 | (-) |

| | | | |
|---|---|---|---|
| | Welfare fund , Municipal Fund | | 32,053 |
| 4. | Kerala Construction Workers welfare fund, | 350200216 | (-) 3092 |
| | ആകെ | | 1,20,986 |

നഗരസഭയിലെ വിവിധ വേലകളിൽ നിന്നും സർക്കാരിലേക്ക് ഒടുക്കാനായി നഗരസഭ പിരിച്ചെടുക്കുന്നതാണ് മേൽ ഇനങ്ങൾ. ആയത് കൃത്യമായി സർക്കാരിലേക്ക് ഒടുക്കുകയും വേണം. ഇവിടെ നെഗറ്റീവ് ബാലൻസ് സൂചിപ്പിക്കുന്നത് ഒടുക്കേണ്ടതിനേക്കാൾ കൂടുതൽ തുക ഒടുക്കി എന്നോ അല്ലെങ്കിൽ യഥാർത്ഥത്തിൽ പിരിച്ചെടുത്ത തുക വാർഷിക കണക്കിൽ ഉൾപ്പെടുത്താത്തത് തിരിച്ചടച്ച എന്നോ ആണ്. ഈ വിഷയം വാർഷിക കണക്കുകളുടെ പരിശോധനാ വേളയിൽ കെ.എസ്.എ- എം.വി.എം. (എം.2) 326/16 /29.08.2016 -ാം നമ്പർ കത്ത് മുഖേന ചൂണ്ടിക്കാട്ടിയിരുന്നു. ആയതിന് മറുപടിയായി നഗരസഭ വ്യക്തമാക്കിയത് ജൂൺ 2015 മുതൽ മേൽ സൂചിപ്പിച്ച ഇനങ്ങൾ കൃത്യമായി ഒടുക്കുന്നുണ്ട് എന്നാണ്. മാത്രമല്ല ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ തുകകൾ നെഗറ്റീവ് ആയി കാണുന്നത് എങ്ങനെയാണെന്ന് മനസ്സിലാകുന്നില്ല എന്നും ആ സമയത്ത് സെക്ഷൻ ക്ലർക്കിനോട് (എ1) വിശദീകരണം ലഭ്യമാക്കി അറിയിക്കുന്നതാണ് എന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ജൂൺ 2015 -ന് മുൻപുള്ള മേൽ ഇനങ്ങളിലെ മുഴുവൻ ഒടുക്കുകളും വിശദമായി പരിശോധിച്ച് രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്. അല്ലാത്തപക്ഷം നെഗറ്റീവ് ആയി കാണുന്ന തുകയായ 1,20,986 രൂപ കൂടുതൽ ഒടുക്കിയതായി കണക്കാക്കേണ്ടതും ആയത് ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക്, ചീഫ് അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവരുടെ തുല്യ ബാദ്ധ്യതയായി കണക്കാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

## 3-16 MPLAD ഫണ്ട് ഉപയോഗിച്ചുള്ള ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതിയിലെ അപാകതകൾ

ശ്രീ ധനപാലൻ എം.പി. -യുടെ 2013-14 -ലെ MPLAD ഫണ്ടുപയോഗിച്ച് ആലുവ പ്രൈവറ്റ് ബസ് സ്റ്റാന്റിലും തോട്ടയ്ക്കാട്ടുകര കവലയിലും ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 7.5 ലക്ഷം രൂപ വീതം അനുവദിച്ചുകൊണ്ട് 26.06.2014 -ലെ RA2/1059/2013/DPO/EKM/MPLAD/KPO-55 ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ ഭരണാനുമതി നൽകി. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സർക്കാർ സ്ഥാപനത്തിനാണ് ഈ പണിയുടെ കരാർ നൽകിയിട്ടുള്ളത്. ( 30.12.2014 -ലെ 43-ാം കൗൺസിൽ തീരുമാനം) ഈ പണിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് അപാകതകൾ ചുവടെ കൊടുക്കുന്നു.

1. കരാർ വെയ്ക്കാൻ വൈകിയത് സംബന്ധിച്ച്

12.01.2015-ലാണ് കരാറുകാരന് അതായത് KSIE -ക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളത്. 15 ദിവസത്തിനകം കരാർ വെക്കാനും ഒരു മാസത്തിനുള്ളിൽ പണി പൂർത്തിയാക്കാനും നിർദ്ദേശിച്ചാണ് സെലക്ഷൻ നോട്ടീസ് നൽകിയത്. എന്നാൽ കരാർ വെച്ചത് 05.03.2015 -ൽ മാത്രമാണെന്ന് കാണുന്നു. (കരാർ നമ്പർ 102/14-15 തീയതി 05.03.2015). 2012 -ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ വകുപ്പ് 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ PAC തുകയുടെ 1% തുക ഈടാക്കേണ്ടതും 24 ദിവസത്തിനും കരാർ വെച്ചില്ലെങ്കിൽ കരാർ റദ്ദാക്കേണ്ടതുമാണ്. എന്നാൽ സെലക്ഷൻ

നോട്ടീസ് നൽകിയതിന് ശേഷം രണ്ട് മാസം കഴിഞ്ഞാണ് ഇവിടെ കരാർ ചമച്ചിട്ടുള്ളത്. ഇതിന് പിഴ ഈടാക്കിയിട്ടുമില്ല. ഈ സ്ഥാപനം സർക്കാർ അംഗീകൃത സ്ഥാപനമായതിനാൽ പിഴ ഈടാക്കുന്ന നടപടി സ്വീകരിച്ചില്ല എന്നാണ് ഓഡിറ്റ് എൻക്വയറി (17/2015-16 തീയതി 01.11.2016) -ക്ക് നൽകിയ മറുപടിയിൽ നഗരസഭ വ്യക്തമാക്കിയിട്ടുള്ളത്

2. <u>ഉറവിടത്തിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട വാറ്റ്, തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കാത്തത് സംബന്ധിച്ച്.</u>

എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം ഒരു ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള കരാർ തുക 7,44,000 രൂപയാണ്. ഈ പണിയിൽ സാധനങ്ങൾ വാങ്ങലും തൊഴിലാളി സേവനവും ഉൾപ്പെട്ടിട്ടുള്ളതിനാൽ നിയമപ്രകാരം ഈടാക്കേണ്ട വാറ്റ്, തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഉറവിടത്തിൽനിന്ന് ഈടാക്കി വേണമായിരുന്നു കരാർ തുക നൽകേണ്ടിയിരുന്നത് എന്നാൽ 2 % ആദായനികുതി മാത്രം ഈടാക്കി ബാക്കി തുക അതായത് 14.58 (14,88,000-29,760 = 14,58,240) ലക്ഷം രൂപ കരാറുകാരന് കൈമാറി കാണുന്നു. (ചെക്ക് 029398 തീയതി 09.02.2016) പ്രവൃത്തിയുടെ ഹാജരാക്കിയിട്ടുള്ള ബിൽ പ്രകാരം 70227 രൂപ വാറ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക സർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖ ഹാജരാക്കേണ്ടതാണ്. മാത്രമല്ല തൊഴിലാളി ക്ഷേമനിധി വിഹിതം 1% തുക അതായത് 14880 രൂപ അടച്ചതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്.

## 3-17 <u>ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും യഥാർത്ഥ തുകയേക്കാൾ കൂടുതൽ തുക കുറവ് ചെയ്യുന്നു.</u>

ആലുവ നഗരസഭയുടെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും എഞ്ചിനീയറിംഗ് വിഭാഗക്കാരുടെ ശമ്പളം കിഴിച്ചതിനുശേഷമാണ് തുക നൽകുന്നത്. എഞ്ചിനീയറിംഗ് ജീവനക്കാരുടെ യഥാർത്ഥ ശമ്പള തുകയേക്കാൾ വളരെ കൂടിയതുകയാണ് നഗരസഭയിൽ നിന്ന് തിരിച്ച് പിടിക്കുന്നത്. 2015-16 -ൽ ഈ ഇനത്തിൽ നഗരസഭയ്ക്ക് 17,73,303 രൂപ ഗ്രാന്റിനത്തിൽ കുറവ് വന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ജനറൽ പർപ്പസ് ഗ്രാന്റായി 2015-16 -ൽ നഗരസഭയ്ക്ക് അലോട്ട്മെന്റായി ലഭിച്ചത് 77,09,000 രൂപയാണ്. ഇതിൽ നിന്നും പ്രതിമാസം 5,36,522 രൂപ ആകെ 64,38,264 രൂപ എഞ്ചിനീയറിംഗ് വിഭാഗക്കാരുടെ ശമ്പള ഇനത്തിൽ കുറവ് ചെയ്തിട്ടുണ്ട്. നഗരസഭയിൽ നിന്ന് ലഭിച്ച E4-2404/16/18.01.2017 -ാം നമ്പർ കത്ത് പ്രകാരം 2015-16 -ൽ നഗരസഭയിലെ എല്ലാ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർക്കും 46,64,961 രൂപയാണ് ശമ്പള ഇനത്തിൽ നൽകിയത്. യഥാർത്ഥത്തിൽ ചെലവായതിനേക്കാൾ 17,73,303 രൂപ കൂടുതൽ നഗരസഭ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.. ഈ വിഷയം ഉചിത മാർഗ്ഗേണ സർക്കാരിന്റെയും മുനിസിപ്പൽ ഭരണവകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്താൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 3-18 <u>നഗരസഭാ ജീവനക്കാരുടെ സി.പി.എഫ്.വിഹിതം ഒടുക്കാൻ കാലതാമസം - നഗരസഭ ഫണ്ടിന് ₹6,338 നഷ്ടം</u>

1981 -ലെ കേരള മുനിസിപ്പൽ പെൻഷനബിൾ എംപ്ലോയീസ് സെൻട്രൻ പ്രൊവിഡന്റ് ഫണ്ട് ചട്ടങ്ങൾ ചട്ടം 13 പ്രകാരം ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന പി.എഫ് തുക ബന്ധപ്പെട്ട ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് അടക്കേണ്ടതും അടച്ചതിന്റെ വിശദാംശങ്ങൾ ആ മാസം 15 -ാം തീയതിയ്ക്കകം നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. 2015-16 സാമ്പത്തിക വർഷത്തിൽ നഗരസഭ റെഗുലർ, കണ്ടിജന്റ് ജീവനക്കാരുടെ പി.എഫ്. വിഹിതം അടവാക്കുന്നതിൽ വളരെയധികം കാലതാമസം വരുത്തിയതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

.

| നം. | കാലയളവ് | തുക | ഒടുക്കിയ തീയതി |
|---|---|---|---|
| 1. | 2013 ജൂൺ മാസത്തെ വിഹിതം | 1,89,045 | 31.10.2015 |
| 2. | 2013 ജൂലൈ മാസത്തെ വിഹിതം | 2,18,361 | 25.01.2016 |
| 3. | 2013 ആഗസ്റ്റ് മാസത്തെ വിഹിതം | 2,12,461 | 01.03.2016 |
| 4. | 2013 സെപ്റ്റംബർ മാസത്തെ വിഹിതം | 2,04,285 | 16.03.2016 |
| 5. | 2013 ഒക്ടോബർ മാസത്തെ വിഹിതം | 2,05,637 | 16.03.2016 |

ഫയൽ നം. ജി-2/3666/98 പ്രകാരം 2015 ജൂൺ മുതൽ 2015 നവംബർ വരെയുള്ള പി.എഫ്. വിഹിതം യഥാസമയം അടയ്ക്കാത്തതുമൂലം പലിശയിനത്തിൽ 6338/- രൂപ നഗരസഭ ഫണ്ടിൽ നിന്നും നഷ്ടം വന്നിട്ടുണ്ട്. ജീവനക്കാരുടെ ഡി.എ കുടിശ്ശിക/ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ പി.എഫിൽ ലയിപ്പിക്കുന്നതിനും വളരെയധികം കാലതാമസം ഉണ്ടാകുന്നുണ്ട്. നഗരകാര്യ ഡയറക്ടറുടെ 09.02.2016 -ലെ പി.എഫ്.2- 789/07 -ാം നമ്പർ ഉത്തരവ് പ്രകാരം പി.എഫ്. വിഹിതം ഒടുക്കുന്നതിൽ കാലതാമസം വരുത്തിയാൽ 8% നിരക്കിൽ പലിശ നൽകേണ്ടി വരുന്നതാണ്.

ഇത് സംബന്ധിച്ച് 25.11.2016 -ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 25 പ്രകാരം ലഭിച്ച മറുപടിയിൽ ആവശ്യമായ തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം ശമ്പളത്തിന്റെ പേയ്മെന്റ് നടത്തുന്ന സമയം നെറ്റ് തുക മാത്രം പാസ്സാക്കുകയും മറ്റ് റിക്കവറി തുകകൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പിൻവലിക്കുകയുമായിരുന്നു ചെയ്തുവന്നിരുന്നത് എന്നും ഫണ്ടിന്റെ കുറവ് മൂലം പല റിക്കവറി തുകകളും വളരെ വൈകിയാണ് പാസ്സാക്കിയിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. റെഗുലർ വിഭാഗം പെൻഷൻകാരുടെ പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ 4 കോടി രൂപ സർക്കാരിൽ നിന്നും ഇനി ലഭിക്കാനുണ്ടെന്നും നിലവിൽ എല്ലാ ജീവനക്കാരുടേയും റിക്കവറികൾ യഥാസമയം ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് നൽകിവരുന്നുണ്ടെന്നും അറിയിച്ചിരിക്കുന്നു. കണ്ടിജന്റ് ജീവനക്കാരുടെ ഡി.എ. കുടിശ്ശിക/ ശമ്പള പരിഷ്കരണ കുടിശ്ശിക 80% വരെ മാത്രമേ പി.എഫിൽ ലയിപ്പിച്ചതായി കാണുന്നുള്ളൂ. കുടിശ്ശികകൾ പൂർണ്ണമായി പി.എഫിൽ ലയിപ്പിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## 3-19 ശമ്പളം, പെൻഷൻ നൽകുന്നതിന് ESCRO അക്കൗണ്ടിൽ നിന്നും തുക വകമാറ്റി ചെലവഴിച്ചു.

വെജിറ്റബിൾ മാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വ്യാപാരികളിൽ നിന്നും വാങ്ങിയിട്ടുള്ള ഡെപ്പോസിറ്റ് തുക നിക്ഷേപിച്ചിട്ടുള്ളത് SBT ESCRO അക്കൗണ്ടിലാണ്. (A/c No. 67111918371). 8/15 -ലെ ശമ്പളം, ഫെസ്റ്റിവെൽ അഡ്വാൻസ്, പെൻഷൻ എന്നിവ നൽകുന്നതിനായി ഈ അക്കൗണ്ടിൽ നിന്നും 30 ലക്ഷം രൂപ 26.08.2015 -ൽ പിൻവലിച്ചിട്ടുണ്ട്.

മെട്രോ പദ്ധതി പ്രകാരം നഗരസഭയുടെ കെട്ടിടം പൊളിച്ചുനീക്കിയതിന്റെ നഷ്ടപരിഹാര (compensation) ഇനത്തിൽ ലഭിച്ച തുക (28.44 ലക്ഷം രൂപ ) ഉൾപ്പെടെ 30 ലക്ഷം രൂപ 01.09.2015 -ൽ തിരിച്ച് അക്കൗണ്ടിൽ വരവ് വെച്ചതായി ഓഡിറ്റ് എൻക്വയറിക്ക് നൽകിയ (15.12.2016) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭയുടെ കെട്ടിടം പൊളിച്ച് നീക്കിയതിന് കിട്ടിയ നഷ്ടപരിഹാരതുക മൂലധന വരവാണ് (capital Receipt) ഈ തുക ശമ്പളം, പെൻഷൻ ചെലവുകൾക്ക് വിനിയോഗിച്ചത് ക്രമവിരുദ്ധമാണ്.

## 3-20 തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനമില്ല

നഗരസഭയിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. സ.ഉ. നം. 65529/ഡി.ഡി.3/12 ത.സ്വ.ഭ.വ തീയതി 12.03.2013 പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. മീറ്റർ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി -യ്ക്ക് അപേക്ഷ നൽകിയിരുന്നുവെങ്കിലും നാളിതുവരെയായി ഇതിൻമേൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നുമാണ് അറിയാൻ കഴിഞ്ഞത്. 2015-16 സാമ്പത്തികവർഷം മാസം തോറും 7 ലക്ഷം രൂപയോളമാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ മാത്രം നഗരസഭ ഒടുക്കി വരുന്നത്. മീറ്ററിംഗ് സംവിധാനമില്ലാത്തതിനാലും നിലവിൽ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നോ അവയുടെ സ്പെസിഫിക്കേഷനെ സംബന്ധിച്ച വിവരങ്ങളോ ബന്ധപ്പെട്ട സെക്ഷനിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കുവാൻ ഓഡിറ്റിന് കഴിയുന്നില്ല. മാസം തോറും എനർജി ചാർജ് ഇനത്തിൽ കെ.എസ്.ഇ.ബി ഒരേ തുകകൾ ഡിമാന്റ് ചെയ്ത് ഈടാക്കി വരികയാണ് ചെയ്യുന്നത്. കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണവും അനുബന്ധ വിവരങ്ങളും കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

കൊച്ചി മെട്രോ നിർമ്മാണവുമായി ബന്ധപ്പെട്ട് 'ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് ' എന്ന സ്ഥാപനം നഗരസഭാ പരിധിയിലുള്ള ദേശീയ പാതയോരത്ത് നിന്നും ഏതാനും തെരുവ് വിളക്കുകൾ നീക്കം ചെയ്തിരുന്നുവെന്നും പണി പൂർത്തിയായതിനാൽ ടി വിളക്കുകൾ പുനഃസ്ഥാപിച്ച് തരാമെന്നും അറിയിച്ച് DMRC 17.02.2016 -ൽ DMRC/KOCHI/02/202/515 -ാം നമ്പർ കത്തിലൂടെ നഗരസഭയെ അറിയിച്ചിരുന്നു. നീക്കം ചെയ്തുവയ്ക്കു പകരം പുതിയ വിളക്കുകളും പോസ്റ്റുകളും സ്ഥാപിച്ചിട്ടുണ്ടെന്നും സർവ്വീസ് കണക്ഷൻ ലഭ്യമാക്കുന്നതിനായി നഗരസഭയോട് കെ.എസ്.ഇ.ബി -യ്ക്ക് കെട്ടിവെയ്ക്കേണ്ട സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക (ഓരോ വിളക്കിനും 250 രൂപ വെച്ച്) മാത്രം അടയ്ക്കാനും ആവശ്യപ്പെട്ടിരുന്നു. മാത്രമല്ല തെരുവ് വിളക്കുകൾക്ക്

കെ.എസ്.ഇ.ബി ലഭ്യമാക്കുന്ന 2 തരത്തിലുള്ള താരീഫ് നിരക്കുകളിൽ ((1) ലാമ്പിന്റെ തരം, വാട്ടേജ് എന്നിവ അനുസരിച്ച് (2) ഉപഭോഗത്തിനനുസരിച്ചുള്ള യൂണിറ്റ് നിരക്കിൽ) ഏത് തെരഞ്ഞെടുക്കണമെന്ന് എത്രയും വേഗം DMRC -യെ അറിയിക്കണമെന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കുന്ന മുറയ്ക്ക് സർവ്വീസ് കണക്ഷനുവേണ്ടിയുള്ള മുഴുവൻ ചെലവുകളും DMRC വഹിച്ചുകൊള്ളാമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽകത്തിൻമേൽ യാതൊരു തുടർനടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 07.01.2017 -ൽ ഓഡിറ്റ് എൻക്വയറി നം. 45/2015-16 നൽകിയിരുന്നെങ്കിലും രേഖാമൂലമുള്ള മറുപടി ലഭ്യമായിട്ടില്ല. അപ്രകാരം അവിടെ തെരുവ് വിളക്കുകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല എന്നും അതിനാലാണ് അതിൻമേൽ തുടർനടപടികൾ സ്വീകരിക്കാതിരുന്നത് എന്ന മറുപടിയാണ് സെക്ഷനിൽ നിന്നും ലഭ്യമായത്. എന്നാൽ DMRC -യുടെ മേൽ കത്തിൽ 250 വാട്ടിന്റെ സോഡിയം വേപ്പർ ലാമ്പുകളാണ് മെട്രോ നിർമ്മാണവുമായി ബന്ധപ്പെട്ട് നീക്കം ചെയ്തിരുന്നത് എന്ന് പറയുന്നുണ്ട്. നഗരസഭയിലെ ദേശീയ പാതയോരത്ത് തെരുവ് വിളക്കുകളൊന്നും തന്നെ ഉണ്ടായിരുന്നില്ലെന്ന് വിശ്വാസയോഗ്യമല്ല. പ്രധാന റോഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടത് ഒരു മുനിസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലയാണ്. ഈ വിഷയത്തിൽ വേണ്ട തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭ അതിർത്തിയിൽ പ്രവർത്തിക്കുന്ന ഹൈമാസ്റ്റ് ലൈറ്റുകളിൽ പമ്പ് ജംഗ്ഷനിലുള്ള പഴയ ഹൈമാസ്റ്റ് ലൈറ്റിനു മാത്രം മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. ഇതിന്റെ വൈദ്യുതി ചാർജ് മറ്റ് 3 പുതിയ ഹൈമാസ്റ്റ് ലൈറ്റുകളേക്കാൾ വളരെ കൂടുതലുമാണ്. മറ്റ് 3 വിളക്കുകളുടെ ബില്ലുകൾ 2 മാസം കൂടുമ്പോൾ മാത്രം വരുന്നവയും പമ്പ് ജംഗ്ഷനിലെ ലൈറ്റിന് എല്ലാ മാസവും ബിൽ അടയ്കേണ്ടതായും വരുന്നു. എന്നിട്ടും പമ്പ് ജംഗ്ഷനിലെ വൈദ്യുതി ചാർജ്ജാണ് കൂടുതൽ

ഏതാനും മാസങ്ങളിലെ ലഭ്യമായ വൈദ്യുതിബില്ലിലെ തുകകൾ താരതമ്യത്തിനായി ചുവടെ ചേർക്കുന്നു.

| ക്രമ നം | പമ്പ് ജംഗ്ഷൻ കൺസ്യൂമർ നം. 1155678018516 | പ്രൈവറ്റ് ബസ്സ്റ്റാന്റ് കൺസ്യൂമർ നം. 1155689017779 | തോട്ടക്കാട്ടുകര(കൺസ്യൂമർ നം. 1155696030110) |
|---|---|---|---|
| 1. | 53709 | 10392 | 7132 |
| 2. | 53709 | 9690 | 8611 |
| 3. | 53709 | 8937 | 8265 |
| 4. | 48826 | 7584 | 6844 |

മീറ്റർ ഘടിപ്പിച്ചിട്ടില്ലാത്തതിനാൽ പമ്പ് ജംഗ്ഷനിലെ ഹൈമാസ്റ്റ് ലൈറ്റിന്റെ ബില്ലിന്റെ കൃത്യത ഒത്തുനോക്കാൻ കഴിഞ്ഞിട്ടില്ല. ഈ വിഷയത്തിൽ നഗരസഭ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതും കെ.എസ്.ഇ.ബി -യുമായി ബന്ധപ്പെട്ട് ഇപ്രകാരം ഉയർന്ന നിരക്ക് വരാനുണ്ടായ കാരണം അന്വേഷിക്കേണ്ടതും മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

.

## 3-21 അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി

ഫയൽ നമ്പർ - എ4-31592/10 , എ4-31592/11(2)

കേരള സർക്കാർ തദ്ദേശസ്വയംഭരണ വകുപ്പ് 18.07.2013 -ലെ സ.ഉ.(സാധാ) നം. 1900/13 ത.സ്വ.ഭ.വ പ്രകാരം അയ്യൻകാളി നഗര തൊഴിലുറപ്പുപദ്ധതി പരിഷ്കരിച്ച പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ആലുവ നഗരസഭയിൽ 2015-16 സാമ്പത്തിക വർഷത്തിൽ മേൽ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അയ്യൻകാളി നഗര തൊഴിലുറപ്പുപദ്ധതി പ്രവൃത്തികൾ നടന്നിട്ടില്ല. ആലുവ നഗരസഭയിൽ അയ്യൻകാളി നഗര തൊഴിലുറപ്പുപദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ ഒരു യോഗം 05.12.2015 രാവിലെ 11 മണിയ്ക്ക് ആലുവ നഗരസഭ കോൺഫറൻസ് ഹാളിൽ ചേർന്നു. സർക്കാർ നിശ്ചയിച്ചിരിക്കുന്ന 180 രൂപ നിരക്കിൽ പ്രവൃത്തി ചെയ്യുവാൻ തയ്യാറല്ല എന്ന് യോഗത്തിൽ പങ്കെടുത്തവർ ഏകകണ്ഠേന അറിയിച്ചു.

03.07.2015 -ലെ സ.ഉ.(കൈ) 219/15/ത.സ്വ.ഭ.വ പ്രകാരം സംസ്ഥാന സർക്കാരിന്റെ 4 -ാം വാർഷികാഘോഷങ്ങളുടേയും മുനിസിപ്പൽ ദിനാഘോഷങ്ങളുടേയും ഭാഗമായി ബന്ധപ്പെട്ട നഗരസഭാ പ്രദേശങ്ങൾ മനോഹരമാക്കുന്നതിന്റെ ഭാഗമായിട്ടുള്ള ശുചീകരണപ്രവർത്തനങ്ങൾക്കായി മുനിസിപ്പാലിറ്റിയിലെ ഓരോ വാർഡിലും ഒരു തൊഴിലാളിയേയും 30.05.2015 മുതൽ മൂന്ന് മാസത്തേക്ക് അയ്യൻകാളി പദ്ധതിയിൻകീഴിൽ നിയോഗിക്കുന്നതിനും അവർക്ക് പ്രതിദിനം വേതനമായി 300 രൂപ നിരക്കിൽ അയ്യൻകാളി പദ്ധതി ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനു ഉത്തരവായി.

പഞ്ചാബ് നാഷണൽ ബാങ്കിന്റെ ആലുവ ശാഖയിൽ ആലുവ മുനിസിപ്പൽ ചെയർമാന്റേയും മുനിസിപ്പൽ സെക്രട്ടറിയുടേയും പേരിൽ ജോയിന്റ് അക്കൗണ്ട് നമ്പർ 4489000100019655 ആയി എസ്.ബി. ഉണ്ട്. 01.04.2015 -ൽ 15,85,487.90 മുന്നിരിപ്പും 31.03.2016 -ൽ 24,28,617.92 നീക്കിയിരിപ്പും ഉണ്ട്.

മേൽപ്പറഞ്ഞ നഗരശുചീകരണ പരിപാടിയുമായി ബന്ധപ്പെട്ട് ചെക്ക് നമ്പർ 228401/26.08.2015 പ്രകാരം 39,000 രൂപയും ചെക്ക്നമ്പർ 228402/10.12.2015 പ്രകാരം 71,700 രൂപയും ചെലവുണ്ട്. 2015 ആഗസ്റ്റിൽ 16 പേരുടെ വേതനമായി 39,000 രൂപ ചെലവായി. സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന മൂന്നു മാസത്തിനുശേഷമുള്ള 2015 സെപ്തംബറിൽ 16 പേരുടെ വേതനമായി 71,700 രൂപ ചെലവുണ്ട്. ഈ നഗരസഭയിൽ 26 വാർഡുകൾ ഉണ്ട്. അതാതു വാർഡിൽ നിന്നും ഒരാൾ വീതമാണ് നഗരശുചീകരണ പ്രവൃത്തിയിൽ ഏർപ്പെടേണ്ടത്. വേതനം കൈപ്പറ്റിയ 16 പേരിൽ ഓരോരുത്തരും ഏതു വാർഡിൽ എന്തു പ്രവൃത്തി ചെയ്തു എന്നവിവരം ലഭ്യമായ ഫയലിൽ നിന്നും വ്യക്തമല്ല. ചെയ്ത പ്രവൃത്തി, നീക്കം ചെയ്ത മാലിന്യത്തിന്റെ വിവരം, സർക്കാർ ഉത്തരവ് പ്രകാരം ക്ലീൻ കേരള കമ്പനിക്ക് കൈമാറിയ മാലിന്യത്തിന്റെ അളവ്, പ്രവൃത്തി സംബന്ധിച്ച് അതാതുദിവസം മേഖലാ ജോയിന്റ് ഡയറക്ടർക്ക് നൽകിയ റിപ്പോർട്ടിന്റെ വിവരം, തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിൽ വേതനതുക അടച്ചതിന്റെ രേഖ, തുടങ്ങിയ വിവരങ്ങളും ലഭ്യമായ ഫയലിൽ ഇല്ല. ഇതുസംബന്ധിച്ച് 07/2015-16 -ാം നമ്പറായി 30.09.2016 -ാം തീയതി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് മറുപടി ലഭിച്ചു എന്നാൽ ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ട വിവരങ്ങളുടെ രേഖകൾ ലഭ്യമാക്കാത്തതിനാൽ മറുപടി തൃപ്തികരമല്ല. ആവശ്യപ്പെട്ട വിവരങ്ങളുടെ രേഖകൾ ലഭ്യമാക്കണം.

## 3-22 പട്ടികജാതി വിഭാഗത്തിന് സ്ഥലം വാങ്ങൽ പ്രോജക്ട്- പ്രയോജനം

സ്ഥലഉടമകൾക്കുമാത്രം

ആലുവ നഗരസഭയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിത/ ഭൂരഹിതരായവർക്ക് വീട് നിർമ്മാണത്തിനായി സ്ഥലം വാങ്ങൽ എന്ന പ്രോജക്ട് 2015-16 സാമ്പത്തിക വർഷം വരെ നടപ്പിലാക്കിയിട്ടുള്ളത് ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടില്ല. മേൽ പ്രോജക്ട് പ്രകാരം 2013-14 -ൽ 10, 2014-15 -ൽ 11 , 2015-16 -ൽ 11 എന്നിങ്ങനെ ആകെ 32 പേർക്ക് സ്ഥലം വാങ്ങി നൽകിയിട്ടുണ്ട്. ഇതിൽ 23 പേർക്ക് 3 സെന്റ് വീതവും 9 പേർക്ക് 5 സെന്റ് വീതവും പ്രോജക്ട് പ്രകാരം സ്ഥലം വാങ്ങി നൽകിയിട്ടുണ്ട്. 08.11.2010 -ലെ ജി.ഒ(പി) 259/10 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പ്രോജക്ട് നടപ്പിലാക്കിയതിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. 2013-14 , 2014-15, 2015-16 എന്നീ വർഷങ്ങളിൽ സെന്റൊന്നിന് 50,000 രൂപ നിരക്കിലാണ് വിലനൽകി സ്ഥലം വാങ്ങിയിട്ടുള്ളത്. 2015-16 -ലെ സ്ഥലവിലതന്നെയാണ് 2013-14 -ലും നൽകിയിട്ടുള്ളത്. 2014-15 -ലെ പ്രോജക്ട് പ്രകാരമുള്ള സ്ഥലം വാങ്ങലിന്റെ തീറാധാരത്തിൽ പുരയിടമായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഫയലിനോടൊപ്പമുള്ള 21.01.2014 -ലെ ജെ.നം.4435774 നമ്പർ കരമടച്ച രസീതിന്റെ പകർപ്പിൽ റിമാർക്സ് കോളത്തിൽ നിലം/പുരയിടം എന്ന് രേഖപ്പെടുത്തേണ്ട ഭാഗം കടലാസ് വെച്ച് മറച്ചിട്ടുണ്ട്. 07.01.2017 ൽ 46/2015-16 -ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 24.01.2017ൽ ലഭിച്ച മറുപടിയോടൊപ്പം ഹാജരാക്കിയത് ആലുവ താലൂക്ക് ,ആലുവ വില്ലേജ് തോട്ടയ്ക്കാട്ടുകരയിൽ മോണാസ്റ്ററി ലൈനിൽ തോട്ടാളിയിൽ അയ്യപ്പൻ മകൻ മോഹനൻ എന്ന ഗുണഭോക്താവിന്റെ പേരിലുള്ളതുമായ 02.07.2015ലെ ബുക്ക് നം.കെ 52312/കെ.5231149 നമ്പർ കരമടച്ച രസീത് പകർപ്പ് പ്രകാരം മേൽ സ്ഥലം നിലമാണ്. പ്രൊജക്ട് നടപ്പാക്കിയതിൽ കൃത്രിമം നടന്നതിന്റെ സൂചനയാണിത്. ആയതിനാൽ യഥാർത്ഥത്തിൽ നിലമായിട്ടുള്ള സ്ഥലം പുരയിടം എന്ന വ്യാജേന കൃത്രിമമായി ആധാരം രജിസ്റ്റർ ചെയ്തവർക്കെതിരായി നിയമനടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. 2014-15 ലും 2015-16 ലും ഒരേ നിരക്കിൽ അതായത് സെന്റൊന്നിന് 50,000 രൂപ നിരക്കിൽ തന്നെയാണ് വില നൽകിയിരിയ്ക്കുന്നത്. സ്ഥലത്തിന്റെ യഥാർത്ഥ വില സംബന്ധിച്ച് നഗരസഭാധികൃതർ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുള്ളതിന്റെ വിവരം ഫയലിൽ ഇല്ല. ഇത്തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഒരു സെന്റിന് യഥാർത്ഥ വിലയായി പരമാവധി 50,000 രൂപ നിരക്കിൽ സ്ഥലം ലഭ്യമാക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമാക്കുന്നത്. എന്നാൽ പ്രോജക്ട് തുക മുഴുവൻ എങ്ങനെയെങ്കിലും ചെലവഴിക്കുവാൻ മാത്രമായി പ്രോജക്ട് നടപ്പിലാക്കിയ സ്ഥിതിയാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ആകെ 57,00,000 ലക്ഷം രൂപ (അമ്പത്തിയേഴ് ലക്ഷം രൂപ) ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങി നൽകൽ പ്രോജക്ട് ( നം. S0038/14)

നിർവ്വഹണോദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ, ശ്രീ. എം.ആർ വിജിരാജ്

2013-14

| ക്രമനം | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | വാർഡ് നമ്പർ | ജാതി | സ്ഥല ഉടമസ്ഥന്റെ പേരും മേൽവിലാസവും | സ്ഥലത്തിന്റെ വിശദാംശങ്ങൾ | അനുവദിച്ച തുക | ഡി.ഡി. നമ്പർ, തീയതി |
|---|---|---|---|---|---|---|---|
| 1. | ലിജി സതീശൻ, പെരുംതോട്ടത്തിൽ | 13 | ഹിന്ദു പുലയ | സീനത്ത് മറ്റത്തിൽ വീട് | പറവൂർ താലൂക്ക് കന്നുകര | ₹ 1,50,000/- | 690131 13-03-2014 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വീട് ,<br>ആലുവ | | | കുന്നുകര | വില്ലേജ്<br>സർവ്വേ നമ്പർ<br>489/10<br>നിലം | | |
| 2. | ജയകുമാർ .റ്റി.എ.<br>തേവർകാട്,<br>നേതാജി റോഡ്,<br>ആലുവ | 16 | ഹിന്ദു<br>പുലയ | സീനത്ത്<br>മറ്റത്തിൽ വീട്<br>കുന്നുകര | പറവൂർ താലൂക്ക്<br>കുന്നുകര<br>വില്ലേജ്<br>സർവ്വേ നമ്പർ<br>489/10<br>നിലം | ₹ 1,50,000/- | 690132<br>13-03-2014 |
| 3. | അനുജ മനോജ്,<br>പുറത്തൂട്ട് വീട്,<br>തോട്ടയ്ക്കാട്ടുകര പി.ഒ,<br>ആലുവ | 7 | ഹിന്ദു<br>പുലയ | സീനത്ത്<br>മറ്റത്തിൽ വീട്<br>കുന്നുകര | പറവൂർ താലൂക്ക്<br>കുന്നുകര<br>വില്ലേജ്<br>സർവ്വേ നമ്പർ<br>489/10<br>നിലം | ₹ 1,50,000/- | 690133<br>13-03-2014 |
| 4. | ജയ പി.പി.,<br>മുണ്ടപ്പിള്ളി വീട്,<br>ഊമൻകുഴിത്തടം,<br>ആലുവ | 11 | ഹിന്ദു<br>പുലയ | സീനത്ത്<br>മറ്റത്തിൽ വീട്<br>കുന്നുകര | പറവൂർ താലൂക്ക്<br>കുന്നുകര<br>വില്ലേജ്<br>സർവ്വേ നമ്പർ<br>489/10<br>നിലം | ₹ 1,50,000/- | 690134<br>13-03-2014 |
| 5. | മിനി കെ.സി.,<br>കൈപ്പഞ്ചേരി വീട്,<br>ആശാൻലൈൻ,<br>ആലുവ | 14 | ഹിന്ദു<br>പുലയ | സീനത്ത്<br>മറ്റത്തിൽ വീട്<br>കുന്നുകര | പറവൂർ താലൂക്ക്<br>കുന്നുകര<br>വില്ലേജ്<br>സർവ്വേ നമ്പർ.<br>489/10<br>നിലം | ₹ 1,50,000/- | 690135<br>13-03-2014 |
| 6. | ഷാജു. എ.കെ.<br>എരുത്തിപ്പറമ്പിൽ,<br>ആലുവ | 13 | ഹിന്ദു<br>പുലയ | സീനത്ത്<br>മറ്റത്തിൽ വീട്<br>കുന്നുകര | പറവൂർ താലൂക്ക്<br>കുന്നുകര<br>വില്ലേജ്<br>സർവ്വേ നമ്പർ<br>489/10<br>നിലം | ₹ 1,50,000/- | 690136<br>13-03-2014 |
| 7. | സുനിൽകുമാർ. ടി.ടി<br>തറയിൽ വീട്,<br>നസ്രത്ത് റോഡ്,<br>ആലുവ | 17 | ഹിന്ദു<br>പുലയ | സീനത്ത്<br>മറ്റത്തിൽ വീട്<br>കുന്നുകര | പറവൂർ താലൂക്ക്<br>കുന്നുകര<br>വില്ലേജ്<br>സർവ്വേ നമ്പർ<br>489/10<br>നിലം | ₹ 1,50,000/- | 690137<br>13-03-2014 |
| 8. | പൊന്നമ്മ<br>രാജേഷ് നിവാസ്<br>നസ്രത്ത് റോഡ്,<br>ആലുവ | 19 | ഹിന്ദു<br>ചക്ലിയ | വർഗീസ്,<br>മഞ്ഞളി<br>പാറക്കടവ് | ആലുവ താലൂക്ക്<br>പാറക്കടവ്<br>വില്ലേജ്<br>സർവ്വേ നമ്പർ<br>75/5നിലം | ₹ 1,50,000/- | 689936<br>25-03-2014 |
| 9. | റ്റി.എ. അനീഷ്,<br>തോട്ടാളിയിൽ വീട്<br>മൊണാസ്ട്രി ലെയിൻ,<br>ആലുവ | 13 | ഹിന്ദു<br>പുലയ | നാരായണൻ<br>നായർ<br>നെല്ലിക്കായി | ആലുവ താലൂക്ക്<br>പാറക്കടവ്<br>വില്ലേജ്<br>സർവ്വേ നമ്പർ<br>248/1നിലം | ₹ 1,50,000/- | 824541<br>04-04-2014 |
| 10. | പി. ഗോപീകൃഷ്ണൻ,<br>തിരുമൂർത്തിപ്പറമ്പിൽ,<br>ആലുവ | 17 | ഹിന്ദു<br>ചക്ലിയ | നാരായണൻ<br>നായർ<br>നെല്ലിക്കായി | ആലുവ താലൂക്ക്<br>പാറക്കടവ്<br>വില്ലേജ്<br>സർവ്വേ നമ്പർ<br>248/1നിലം | ₹ 1,50,000/- | 824542<br>04-04-2014 |
| | ആകെ | | | | | ₹15,00,000/- | |

2014-15

Project No. S0 7/14-15

നിർവ്വഹണോദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ,

ശ്രീ. എം.ആർ വിജിരാജ്

| നമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | ജാതി | സ്ഥല ഉടമസ്ഥന്റെ പേരും മേൽവിലാസവും | സ്ഥലത്തിന്റെ വിശദാംശങ്ങൾ | അനുവദിച്ച തുക | ഡി.ഡി. നമ്പർ, തീയതി |
|---|---|---|---|---|---|---|
| 1. | ധന്യ ടി.ആർ തോട്ടാളിയിൽ വീട് മൊണാസ്ലി ലെയിൻ, ആലുവ | ഹിന്ദു പുലയ | ലീല ശശി ചെല്ലിശ്ശേരി വീട് അശമന്നൂർ | കുന്നത്തുനാട് താലൂക്ക് അശമന്നൂർ വില്ലേജ് പഴയ സർവ്വ നം 125, റീസർവ്വേ നം.205/12 3 സെന്റ് | ₹ 1,50,000/- | |
| 2. | മോഹനൻ തോട്ടാളിയിൽ മൊണാസ്ലി ലെയിൻ, ആലുവ | ഹിന്ദു പുലയ | ലീല ശശി ചെല്ലിശ്ശേരി വീട് അശമന്നൂർ | കുന്നത്തുനാട് താലൂക്ക് അശമന്നൂർ വില്ലേജ് പഴയ സർവ്വ നം 125, റീസർവ്വേ നം.205/12 3 സെന്റ് | ₹ 1,50,000/- | സ്ഥലഉടമസ്ഥയായ ലീല ശശി, ചെല്ലിശ്ശേരി വീട്, അശമന്നൂർ പേർക്ക് 16,50,000 രൂപയുടെ ഡി.ഡി. ഡി.ഡി. നം. 428258 തീയതി 30.03.2015 |
| 3. | ദിവ്യ ഗോപി തോട്ടാളിയിൽ മൊണാസ്ലി ലെയിൻ, ആലുവ | ഹിന്ദു പുലയ | ലീല ശശി ചെല്ലിശ്ശേരി വീട് അശമന്നൂർ | കുന്നത്തുനാട് താലൂക്ക് അശമന്നൂർ വില്ലേജ് പഴയ സർവ്വ നം 125, റീസർവ്വേ നം.205/12 3 സെന്റ് | ₹ 1,50,000/- | |
| 4. | ശാരദ പി.എം. പുത്തറ വീട് തോട്ടയ്ക്കാട്ടുകര, ആലുവ | ഹിന്ദു പുലയ | ലീല ശശി ചെല്ലിശ്ശേരി വീട് അശമന്നൂർ | കുന്നത്തുനാട് താലൂക്ക് അശമന്നൂർ വില്ലേജ് പഴയ സർവ്വ നം 125, റീസർവ്വേ നം.205/12 3 സെന്റ് | ₹ 1,50,000/- | |
| 5. | ഓമന ചന്ദ്രൻ ചൂളക്കൽ വീട് നേതാജി റോഡ്, ആലുവ | ഹിന്ദു പുലയ | ലീല ശശി ചെല്ലിശ്ശേരി വീട് അശമന്നൂർ | കുന്നത്തുനാട് താലൂക്ക് അശമന്നൂർ വില്ലേജ് പഴയ സർവ്വ നം 125, റീസർവ്വേ നം.205/12 3 സെന്റ് | ₹ 1,50,000/- | |
| 6. | സീത സജീവൻ കടവിൻ പറമ്പ് തോട്ടയ്ക്കാട്ടുകര | ഹിന്ദു പുലയ | ലീല ശശി ചെല്ലിശ്ശേരി വീട് അശമന്നൂർ | കുന്നത്തുനാട് താലൂക്ക് അശമന്നൂർ വില്ലേജ് പഴയ സർവ്വ നം 125, റീസർവ്വേ നം.205/12 3 സെന്റ് | ₹ 1,50,000/- | |

| | | | | | | |
|---|---|---|---|---|---|---|
| 7. | വള്ളിമാധവൻ ചൂളക്കൽ വീട് നേതാജി റോഡ് | ഹിന്ദു പുലയ | ലീല ശശി ചെല്ലിശ്ശേരി വീട് അശമന്നൂർ | കുന്നത്തുനാട് താലൂക്ക് അശമന്നൂർ വില്ലേജ് പഴയ സർവ്വ നം 125, റീസർവ്വേ നം.205/12 3 സെന്റ് | ₹ 1,50,000/- | |
| 8. | ദേവകി തോട്ടാളിയിൽ മൊണാസ്റ്റി ലെയിൻ | ഹിന്ദു പുലയ | ലീല ശശി ചെല്ലിശ്ശേരി വീട് അശമന്നൂർ | കുന്നത്തുനാട് താലൂക്ക് അശമന്നൂർ വില്ലേജ് പഴയ സർവ്വ നം 125, റീസർവ്വേ നം.205/12 3 സെന്റ് | ₹ 1,50,000/- | |
| 9. | ഹരീഷ് കുമാർ മുണ്ടപ്പിള്ളി ഊമൻകുഴിത്തടം | ഹിന്ദു പുലയ | ലീല ശശി ചെല്ലിശ്ശേരി വീട് അശമന്നൂർ | കുന്നത്തുനാട് താലൂക്ക് അശമന്നൂർ വില്ലേജ് പഴയ സർവ്വ നം 125, റീസർവ്വേ നം.205/12 3 സെന്റ് | ₹ 1,50,000/- | |
| 10. | സുരേഷ് കെ.വി. ആലമുറ്റത്ത് യു.സി.സി. പി.ഒ. | ഹിന്ദു പുലയ | ലീല ശശി ചെല്ലിശ്ശേരി വീട് അശമന്നൂർ | കുന്നത്തുനാട് താലൂക്ക് അശമന്നൂർ വില്ലേജ് പഴയ സർവ്വ നം 125, റീസർവ്വേ നം.205/12 3 സെന്റ് | ₹ 1,50,000/- | |
| 11. | ദിനിൽ പി.കെ. പാറക്കണ്ടത്തിൽ തോട്ടയ്ക്കാട്ടുകര | ഹിന്ദു പുലയ | ലീല ശശി ചെല്ലിശ്ശേരി വീട് അശമന്നൂർ | കുന്നത്തുനാട് താലൂക്ക് അശമന്നൂർ വില്ലേജ് പഴയ സർവ്വ നം 125, റീസർവ്വേ നം.205/12 3 സെന്റ് | ₹ 1,50,000/- | |
| | ആകെ | | | | ₹16,50,000/- | |

2015-16

Spill over project 2014-15 landless – 3 cents

S00 18/2015-16

നിർവ്വഹണോദ്യോഗസ്ഥൻ- ICDS മെമ്പർ സെക്രട്ടറി, ശ്രീ.അഖിൽ ജിഷ്ണു

| നമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | ജാതി | സ്ഥല ഉടമസ്ഥന്റെ പേരും മേൽവിലാസവും | സ്ഥലത്തിന്റെ വിശദാംശങ്ങൾ | അനുവദിച്ച തുക | ഡി.ഡി. നമ്പർ, തീയതി |
|---|---|---|---|---|---|---|
| 1. | പളനിയമ്മ എന്ന പളനിയമ്മാൾ തിരുമൂർത്തിപ്പറമ്പ് , ആലുവ | ഹിന്ദു ചക്ലിയൻ | അമ്പാട്ടുപറമ്പിൽ കുഞ്ഞിക്കോരൻ ഭാര്യ ദാക്ഷായണി പേരിലുള്ള വസ്തു | റീസർവ്വേ നമ്പർ - 48/3 ആലുവ താലൂക്ക് ചെങ്ങമനാട് | ₹ 1,50,000/- | സ്ഥലഉടമസ്ഥരായ രാജപ്പൻ മുതൽ പേർക്ക് 3,00,000 രൂപയുടെ ഡി.ഡി. |

| | | | | | | |
|---|---|---|---|---|---|---|
| | | | അവകാശികൾ മക്കൾ ചെങ്ങമനാട് പഞ്ചായത്തിൽ, അമ്പാട്ടുപറമ്പിൽ വീട്ടിൽ 1. രാജപ്പൻ 2. നാരായണൻ 3. ഗോപി 4. ഉത്തമൻ | വില്ലേജ് നിലം (കരമടച്ച രസീത് പ്രകാരം) 3 സെന്റ് | | ഡി.ഡി. നം. 685729 തീയതി 05.04.2016 |
| 2. | ബിന്ദു കടവിൽപ്പറമ്പിൽ ഐശ്വര്യലൈയിൻ ആലുവ | ഹിന്ദു പുലയ | അമ്പാട്ടുപറമ്പിൽ കുഞ്ഞിക്കോരൻ ഭാര്യ ദാക്ഷായണി പേരിലുള്ള വസ്തു അവകാശികൾ മക്കൾ ചെങ്ങമനാട് പഞ്ചായത്തിൽ, അമ്പാട്ടുപറമ്പിൽ വീട്ടിൽ 1. രാജപ്പൻ 2. നാരായണൻ 3. ഗോപി 4. ഉത്തമൻ | റീസർവ്വേ നമ്പർ - 48/3 ആലുവ താലൂക്ക് ചെങ്ങമനാട് വില്ലേജ് നിലം (കരമടച്ച രസീത് പ്രകാരം) 3 സെന്റ് | ₹ 1,50,000/- | |
| | ആകെ | | | | ₹3,00,000/- | |

2015-16 landless – 5 cents

പ്രോജക്ട് നം.-SOO35/16

നിർവ്വഹണോദ്യോഗസ്ഥൻ- ICDS മെമ്പർ സെക്രട്ടറി, ശ്രീ.അഖിൽ ജിഷ്ണു

| നമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | വാർഡ് നമ്പർ | ജാതി | സ്ഥല ഉടമസ്ഥന്റെ പേരും മേൽവിലാസവും | സ്ഥലത്തിന്റെ വിശദാംശങ്ങൾ | അനുവദിച്ച തുക | ഡി.ഡി. നമ്പർ, തീയതി |
|---|---|---|---|---|---|---|---|
| 1. | ഉഷ റ്റി.എ. തോട്ടാളിയിൽ മൊണാസ്റ്ററി ലൈയിൻ | 13 | ഹിന്ദുപുലയ | അമ്പാട്ടുപറമ്പിൽ കുഞ്ഞിക്കോരൻ ഭാര്യ ദാക്ഷായണി പേരിലുള്ള വസ്തു അവകാശികൾ മക്കൾ ചെങ്ങമനാട് പഞ്ചായത്തിൽ, അമ്പാട്ടുപറമ്പിൽ വീട്ടിൽ 1. രാജപ്പൻ 2. നാരായണൻ 3. ഗോപി 4. ഉത്തമൻ | BL-7 റീസർവ്വേ നമ്പർ - 48/3 ആലുവ താലൂക്ക് ചെങ്ങമനാട് വില്ലേജ് നിലം | ₹ 2,50,000/- | സ്ഥലഉടമസ്ഥരായ രാജപ്പൻ മുതൽ പേർക്ക് 22,50,000 രൂപയുടെ ഡി.ഡി. ഡി.ഡി. നം. 685730 തീയതി 05.04.2016 |
| 2. | നാഗമ്മ രാജൻ മാധുരി ഹൗസ് നേതാജി റോഡ് ആലുവ. | 16 | ഹിന്ദു ചക്ലിയൻ | അമ്പാട്ടുപറമ്പിൽ കുഞ്ഞിക്കോരൻ ഭാര്യ ദാക്ഷായണി പേരിലുള്ള വസ്തു അവകാശികൾ മക്കൾ ചെങ്ങമനാട് പഞ്ചായത്തിൽ, അമ്പാട്ടുപറമ്പിൽ | BL-7 റീസർവ്വേ നമ്പർ - 48/3 ആലുവ താലൂക്ക് ചെങ്ങമനാട് വില്ലേജ് നിലം | ₹ 2,50,000/ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | വീട്ടിൽ<br>1. രാജപ്പൻ<br>2. നാരായണൻ<br>3. ഗോപി<br>4. ഉത്തമൻ | | | |
| 3. | സനിൽ കുമാർ<br>പുറത്തുട്ട്<br>ഫ്രണ്ട്സ് ലെയിൻ<br>ആലുവ. | 7 | ഹിന്ദുപുലയ | അമ്പാട്ടുപറമ്പിൽ<br>കുഞ്ഞിക്കോരൻ<br>ഭാര്യ ദാക്ഷായണി<br>പേരിലുള്ള വസ്തു<br>അവകാശികൾ<br>മക്കൾ<br>ചെങ്ങമനാട്<br>പഞ്ചായത്തിൽ,<br>അമ്പാട്ടുപറമ്പിൽ<br>വീട്ടിൽ<br>1. രാജപ്പൻ<br>2. നാരായണൻ<br>3. ഗോപി<br>4. ഉത്തമൻ | BL-7<br>റീസർവ്വേ<br>നമ്പർ - 48/3<br>ആലുവ താലൂക്ക്<br>ചെങ്ങമനാട്<br>വില്ലേജ്<br>നിലം | ₹<br>2,50,000/ | |
| 4. | നിഷ റ്റി.എ.<br>തോട്ടാളി<br>മൊണാസ്ട്രി<br>ലെയിൻ | 13 | ഹിന്ദുപുലയ | അമ്പാട്ടുപറമ്പിൽ<br>കുഞ്ഞിക്കോരൻ<br>ഭാര്യ ദാക്ഷായണി<br>പേരിലുള്ള വസ്തു<br>അവകാശികൾ<br>മക്കൾ<br>ചെങ്ങമനാട്<br>പഞ്ചായത്തിൽ,<br>അമ്പാട്ടുപറമ്പിൽ<br>വീട്ടിൽ<br>1. രാജപ്പൻ<br>2. നാരായണൻ<br>3. ഗോപി<br>4. ഉത്തമൻ | BL-7<br>റീസർവ്വേ<br>നമ്പർ - 48/3<br>ആലുവ താലൂക്ക്<br>ചെങ്ങമനാട്<br>വില്ലേജ്<br>നിലം | ₹<br>2,50,000/ | |
| 5. | തങ്കമ്മ<br>പാലയ്ക്കാപ്പറമ്പിൽ<br>പൈപ്പ് ലൈൻ<br>റോഡ്<br>ആലുവ | 17 | ഹിന്ദുപുലയ | അമ്പാട്ടുപറമ്പിൽ<br>കുഞ്ഞിക്കോരൻ<br>ഭാര്യ ദാക്ഷായണി<br>പേരിലുള്ള വസ്തു<br>അവകാശികൾ<br>മക്കൾ<br>ചെങ്ങമനാട്<br>പഞ്ചായത്തിൽ,<br>അമ്പാട്ടുപറമ്പിൽ<br>വീട്ടിൽ<br>1. രാജപ്പൻ<br>2. നാരായണൻ<br>3. ഗോപി<br>4. ഉത്തമൻ | BL-7<br>റീസർവ്വേ<br>നമ്പർ - 48/3<br>ആലുവ താലൂക്ക്<br>ചെങ്ങമനാട്<br>വില്ലേജ്<br>നിലം | ₹<br>2,50,000/ | |
| 6. | മല്ലിക<br>ചന്ദ്രശേഖരൻ<br>നീരേലിപ്പാടം<br>ആലുവ | 16 | ഹിന്ദുപുലയ | അമ്പാട്ടുപറമ്പിൽ<br>കുഞ്ഞിക്കോരൻ<br>ഭാര്യ ദാക്ഷായണി<br>പേരിലുള്ള വസ്തു<br>അവകാശികൾ | BL-7<br>റീസർവ്വേ<br>നമ്പർ - 48/3<br>ആലുവ താലൂക്ക്<br>ചെങ്ങമനാട് | ₹<br>2,50,000/ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | മക്കൾ ചെങ്ങമനാട് പഞ്ചായത്തിൽ, അമ്പാട്ടുപറമ്പിൽ വീട്ടിൽ 1. രാജപ്പൻ 2. നാരായണൻ 3. ഗോപി 4. ഉത്തമൻ | വില്ലേജ് നിലം | | |
| 7. | സരസ മൂഴയിൽ ശാലോം റോഡ് ആലുവ | 17 | ഹിന്ദു ചക്ലിയൻ | അമ്പാട്ടുപറമ്പിൽ കുഞ്ഞിക്കോരൻ ഭാര്യ ദാക്ഷായണി പേരിലുള്ള വസ്തു അവകാശികൾ മക്കൾ ചെങ്ങമനാട് പഞ്ചായത്തിൽ, അമ്പാട്ടുപറമ്പിൽ വീട്ടിൽ 1. രാജപ്പൻ 2. നാരായണൻ 3. ഗോപി 4. ഉത്തമൻ | BL-7 റീസർവ്വേ നമ്പർ - 48/3 ആലുവ താലൂക്ക് ചെങ്ങമനാട് വില്ലേജ് നിലം | ₹ 2,50,000/ | |
| 8. | പി. കെ. കൃഷ്ണൻ, എരുത്തിപ്പറമ്പിൽ, ആലുവ | 13 | ഹിന്ദു പുലയ | അമ്പാട്ടുപറമ്പിൽ കുഞ്ഞിക്കോരൻ ഭാര്യ ദാക്ഷായണി പേരിലുള്ള വസ്തു അവകാശികൾ മക്കൾ ചെങ്ങമനാട് പഞ്ചായത്തിൽ, അമ്പാട്ടുപറമ്പിൽ വീട്ടിൽ 1. രാജപ്പൻ 2. നാരായണൻ 3. ഗോപി 4. ഉത്തമൻ | BL-7 റീസർവ്വേ നമ്പർ - 48/3 ആലുവ താലൂക്ക് ചെങ്ങമനാട് വില്ലേജ് നിലം | ₹ 2,50,000/ | |
| 9. | ശ്രീക്കുട്ടൻ പള്ളത്ത്കുടി കനാൽസൈഡ് ആലുവ. | 17 | ഹിന്ദുപുലയ | അമ്പാട്ടുപറമ്പിൽ കുഞ്ഞിക്കോരൻ ഭാര്യ ദാക്ഷായണി പേരിലുള്ള വസ്തു അവകാശികൾ മക്കൾ ചെങ്ങമനാട് പഞ്ചായത്തിൽ, അമ്പാട്ടുപറമ്പിൽ വീട്ടിൽ 1. രാജപ്പൻ 2. നാരായണൻ 3. ഗോപി 4. ഉത്തമൻ | BL-7 റീസർവ്വേ നമ്പർ - 48/3 ആലുവ താലൂക്ക് ചെങ്ങമനാട് വില്ലേജ് നിലം | ₹ 2,50,000/ | |
| | ആകെ | | | | ₹22,50,000/- | | |

31.03.2016 വരെ മേൽപ്പറഞ്ഞവരിൽ ആരും തന്നെ വീടുവച്ച് താമസിച്ചിട്ടില്ല. നിലമായിട്ടുള്ളതും വർഷക്കാലത്ത് 2 അടിയോളം ചെളിയും വെള്ളവും നിറഞ്ഞതുമായ സ്ഥലം ആണ് ഇപ്രകാരം വാങ്ങി നൽകിയിട്ടുള്ളതെന്ന് ഓഡിറ്റ് ടീമിന്റെ നേരിട്ടുള്ള അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. നിർദ്ധനരായ ഗുണഭോക്താക്കൾക്ക് ഈ സ്ഥലത്ത് വീട് നിർമ്മാണം നടത്തുക എന്നത് പ്രായോഗികമല്ല. സ്ഥലം വാങ്ങിയിട്ട് നാളിതുവരെ വീടുനിർമ്മാണം നടത്താത്തതിൽ നിന്നും ഇക്കാര്യം വ്യക്തമാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിർദ്ധനരായവർക്കുവേണ്ടി മേൽപ്പറഞ്ഞ പ്രോജക്ടുകൾ വഴി ചെലവഴിച്ച രൂപ 57,00,000/-(അൻപത്തിയേഴ് ലക്ഷം രൂപ) ഫലപ്രാപ്തിയിലെത്തിയില്ല. 2013-14 -ലെ പ്രോജക്ട് തുകയായ 15 ലക്ഷം രൂപയിൽ പത്തര ലക്ഷം(10.50 ലക്ഷം) രൂപയും സീനത്ത് , മറ്റത്തിൽ വീട്, കുന്നുകര എന്ന ഒരു ഭൂഉടമക്ക് മാത്രമായി ലഭിച്ചു. 2014-15 -ൽ പ്രോജക്ട് തുകയായ പതിനാറരലക്ഷം(16.50 ലക്ഷം) രൂപയും ലീല ശശി, ചെല്ലിശ്ശേരി വീട്, അശമന്നൂർ എന്ന ഭൂഉടമക്ക് മാത്രമായി ലഭിച്ചു. 2015-16 -ൽ സ്പിൽഓവർ പ്രോജക്ട് ഉൾപ്പെടെ രണ്ട് പ്രോജക്ടുകൾക്കും കൂടി ആകെ ഇരുപത്തഞ്ചര ലക്ഷം (25.50ലക്ഷം) രൂപ ഒരു സ്ഥലത്തിന്റെ തന്നെ ഉടമസ്ഥരായിട്ടുള്ളവർക്കുമാത്രമായി ലഭിച്ചു . പട്ടികജാതി വിഭാഗത്തിന് വേണ്ടിയുള്ള ഫണ്ടിന്റെ വിനിയോഗം ഫലത്തിൽ ഭൂഉടമകൾക്കുമാത്രം പ്രയോജനമുണ്ടാകുന്ന രീതിയിലാണ് പ്രോജക്ടുകളുടെ നിർവ്വഹണം നടന്നിട്ടുള്ളത്.

മുകളിൽ സൂചിപ്പിച്ച വിഷയങ്ങളിൽ നഗരസഭയുടെ വിശദീകരണം ആവശ്യപ്പെട്ട് 07.01.2017 ന് 46/2015-16 -ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ട് .

2015-16 ഉൾപ്പെടെ കഴിഞ്ഞ എല്ലാവർഷങ്ങളിലും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിത/ഭൂരഹിതരായവർക്ക് സ്ഥലം വാങ്ങി നൽകുന്നതിനായി ആലുവ നഗരസഭയിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പ്, റവന്യൂ വകുപ്പ്, വിജിലൻസ് വകുപ്പ് എന്നീ വകുപ്പുകൾ സമഗ്രമായ അന്വേഷണം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. വിഷയം മുനിസിപ്പൽ ഭരണ വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-23 അങ്കണവാടി പോഷകാഹാര വിതരണം - ഗുണനിലവാര പരിശോധന നടത്തിയില്ല

2015-16 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ട് (S00–04/16) ആണ് അങ്കണവാടി പോഷകാഹാര വിതരണം. 20 അങ്കണവാടികളിൽ പോഷകാഹാര വിതരണം നടത്തിയിട്ടുണ്ട്.

16.11.2013 -ലെ സ.ഉ.(എം.എസ്) നമ്പർ 362/2013 ത.സ്വ.ഭ.വ പ്രകാരമുള്ള 12 -ാം പഞ്ചവത്സര പദ്ധതി (2012-17) ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ – അനുബന്ധം1-9. അങ്കണവാടികളും പോഷകാഹാരവിതരണവും - ഖണ്ഡിക(iii) അനുസരിച്ച് അങ്കണവാടികളിൽ നിന്ന് വിതരണം ചെയ്യുന്ന പോഷകാഹാരത്തിന്റെ ഗുണനിലവാരം കൂടെക്കൂടെ പരിശോധനയ്ക്കു വിധേയമാക്കണം. ഇതിനായുള്ള കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലെ അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും പോഷകാഹാരത്തിന്റെ

ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ടും നഗരസഭയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. 03.12.2016 -ൽ 30/2015-16 -ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് മറുപടി ലഭിച്ചിട്ടുണ്ട്. എന്നാൽ പോഷകാഹാരത്തിന്റെ ഗുണനിലവാരം പരിശോധിച്ചത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിന്റെ പരിശോധനയ്ക്കായി ലഭിച്ചിട്ടില്ല. ആയത് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 3-24 അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

ഫയൽ നമ്പർ : ഇ1 -5667/14

2015-16 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണഉദ്യോഗസ്ഥയായി "താൽക്കാലിക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് വാടക" എന്ന പ്രോജക്ട് ( S00-29/16) നടപ്പിലാക്കി. ഇത് പ്രകാരം 75,000 രൂപ വാടക ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. സർക്കുലർ നമ്പർ 31055/ഡി.സി.2 /2011/തസ്വഭവ 22.03.2011. (സി) സുരക്ഷിതത്വം ഉറപ്പാക്കൽ പ്രകാരം എല്ലാവർഷവും മെയ് 10 -നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികെട്ടിടങ്ങളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 17.05.2014 -ലെ ബി2/4755/14 നമ്പർ സർക്കുലർ പ്രകാരവും അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ 20 അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് യഥാസമയം ലഭ്യമാക്കിയതിന്റെ വിവരം മേൽ ഫയലിൽ ലഭ്യമല്ല ആയത് ഓഡിറ്റിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. 5 വയസ്സിനുതാഴെ മാത്രം പ്രായമുള്ള കുട്ടികൾ പകൽസമയം ചെലവഴിക്കുന്ന സ്ഥലമാണ് അങ്കണവാടി. കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടത് അങ്കണവാടി വർക്കർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, മുനിസിപ്പൽ എഞ്ചിനീയർ/ ഓവർസീയർ എന്നിവരുടെ ഉത്തരവാദിത്വമാണ്. അതിനാൽ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ അങ്കണവാടികൾ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ ആയതിനുള്ള വിശദീകരണം ലഭിക്കുന്നതിന് ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് 14.12.2016 -ൽ 35/2015-16 -ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് 20.12.2016 -ൽ ഇ1-13495/16 -ാം നമ്പർ മറുപടി ലഭിച്ചിട്ടുണ്ട്. മറുപടിയിൽ 2015-16 -ൽ വാടക കെട്ടിടങ്ങളുടെ ക്ഷമത പരിശോധിച്ചാണ് വാടക നിശ്ചയിച്ചിട്ടുള്ളതെന്നും 2015-16 -ൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ അപേക്ഷ നൽകാതിരുന്നതിനാലാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാതിരുന്നതെന്നും വിശദീകരിക്കുന്നു. ഭാവിയിൽ വാടകകെട്ടിടങ്ങളുൾപ്പെടെ എല്ലാ അങ്കണവാടി കെട്ടിടങ്ങൾക്കും യഥാസമയം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

## 3-25 രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റി പകരം തൈ നടുന്ന പദ്ധതി - പദ്ധതി വിഹിതം ഉൽപാദനപരമായി ചെലവഴിച്ചില്ല.

പ്രോജക്ട് നം. - S0034/16

നിർവ്വഹണോദ്യോഗസ്ഥൻ - കൃഷി ഓഫീസർ

| ബിൽ നം. | തുക | തീയതി |
|---|---|---|

| | | |
|---|---|---|
| 1) KBA 03/15-16 | 55000 | 24.02.2016 |
| 2) KBA 09/15-16 | 15413 | 2303.2016 |
| | 70413 | |

രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റുന്നതിന് ഒരു തെങ്ങിന് 500 രൂപ നിരക്കിൽ 2015-16 വർഷത്തിൽ 131 തെങ്ങുകളാണ് വെട്ടിമാറ്റിയിരിക്കുന്നത്. പകരം അത്രതന്നെ തൈകൾ നടാൻ തൈയ്ക്ക് 75 രൂപ നിരക്കിൽ നേര്യമംഗലം ജില്ലാ അഗ്രികൾച്ചറൽ ഫാമിൽ നിന്ന് തൈകൾ വാങ്ങി ഗുണഭോക്താക്കൾക്ക് 50 % സബ്സിഡി നിരക്കിൽ വിതരണം നടത്തുകയാണ് ചെയ്തത്. ടി പ്രവൃത്തിയ്ക്ക് തൻവർഷം വികസനഫണ്ടിൽ നിന്നും 109675 രൂപയും ഗുണഭോക്തൃ വിഹിതമായി 7175 രൂപയും കൂടി 1,16,850 രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ഈ പദ്ധതിയ്ക്കുവേണ്ടി ആകെ ചെലവാക്കിയത് 70,413 രൂപ മാത്രമാണ്. ആയത് പദ്ധതി തുകയുടെ 64.2% മാത്രമാണ്. ഇതിൽത്തന്നെ 65,500 രൂപ തെങ്ങു വെട്ടിമാറ്റുന്നതിനായി ചെലവഴിച്ചിട്ടുള്ളത്. പുതിയ തൈനടീൽ എന്ന പദ്ധതിയ്ക്ക് വേണ്ടി 4913 രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.

നഗരസഭാ പ്രദേശത്ത് വർഷങ്ങളായി കാർഷികമേഖലയിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഒരു പ്രോജക്ടാണ് രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റൽ എന്നത് 2003-04 മുതൽ 2015-16 വരെയായി 1937 തെങ്ങുകൾ ഇപ്രകാരം നീക്കം ചെയ്യാൻ 6,67,500 രൂപ ചെലവഴിച്ചിട്ടുണ്ട്. 7.5 സ്ക്വയർ മീറ്റർ മാത്രം വിസ്തീർണ്ണമുള്ള ഒരു പ്രദേശത്ത് 13 വർഷമായി ഒരേ പ്രോജക്ടിന് തന്നെ തുക വകയിരുത്തിയതായി കാണുന്നു. പുതിയ തൈകൾ വച്ച് പിടിപ്പിക്കുക എന്ന പ്രത്യുല്പാദനപരമായ പ്രവൃത്തിയ്ക്ക് ഊന്നൽ നൽകി പദ്ധതി തുക പൂർണ്ണമായി ആ മേഖലയിൽ ഫലപ്രദമായി വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-26 ലൈബ്രറിക്ക് പുസ്തകം വാങ്ങിയതിന് ഡിസ്കൗണ്ട് ലഭിച്ചതിൽ കുറവ്

2015-16 സാമ്പത്തിക വർഷത്തിൽ ആലുവ ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ നിർവ്വഹണഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ടുകളാണ് സ്കൂൾ ലൈബ്രറിക്ക് പുസ്തകം വാങ്ങൽ ( പ്രോജക്ട് നമ്പർ 132/2015-16), മുനിസിപ്പൽ ലൈബ്രറിക്ക് പുസ്തകം വാങ്ങൽ (പ്രോജക്ട് നമ്പർ 126/2015-16) എന്നിവ. സ്കൂൾ ലൈബ്രറി പുസ്തകങ്ങൾക്കുവേണ്ടി 1,00,000 രൂപയും മുനിസിപ്പൽ ലൈബ്രറി പുസ്തകങ്ങൾക്കുവേണ്ടി 2,60,000 രൂപയുമാണ് പ്രോജക്ട് തുകകൾ. മുനിസിപ്പൽ ലൈബ്രറിക്ക് വേണ്ടി മുനിസിപ്പൽ സെക്രട്ടറിയാണ് പ്രോജക്ട് നിർവ്വഹണം നടത്തേണ്ടതെന്നിരിക്കേ, ആലുവ ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ നിർവ്വഹണ ഉദ്യോഗസ്ഥയായി പുസത്കം വാങ്ങൽ പ്രോജക്ട് നടപ്പാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ആലുവ -യുടെ ഡി.ഡി. നമ്പർ 686456 തീയതി 13.04.2016 പ്രകാരം 2,60,000 രൂപയും , ഡി.ഡി. നമ്പർ 686453 തീയതി 13.04.2016 പ്രകാരം 1,00,000 രൂപയും കൂടി ആകെ 3,60,000 രൂപ കേരള ബുക്ക് മാർക്കിന് പുസ്തകവിലയായി നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് സെക്രട്ടറിയുടെ കൈപ്പറ്റ് രസീത് ആലുവ മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ പേർക്ക് നൽകിയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| നം. | തുക | രസീത് നം./തീയതി |
|---|---|---|
| 1 | ₹ 2,60,000 | രസീത് നം. -971/ 13.06.2016 |

| | | |
|---|---|---|
| 2. | ₹ 1,00,000 | രസീത് നം. -972/ 13.06.2016 |

പുസ്തക വിലയിൽ ലഭിച്ച ഡിസ്കൗണ്ടിന്റെ വിവരം താഴെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് പുസ്തകം | മുഖവില | : | 1,91,725.37 | 15% മാത്രമാണ് ഡിസ്കൗണ്ട് ലഭിച്ചത്. |
| | ഡിസ്കൗണ്ട് | : | 28,759.37 | |
| | നൽകിയ പുസ്തക വില | : | 1,62,966 | |
| മലയാളം പുസ്തകം | മുഖവില | : | 2,81,350 | 29% മാത്രമാണ് ഡിസ്കൗണ്ട് ലഭിച്ചത്. |
| | ഡിസ്കൗണ്ട് | : | 84,316 | |
| | നൽകിയ പുസ്തക വില | : | 1,97,034 | |
| ആകെ നൽകിയ പുസ്തകവില | | | 3,60,000 | |

ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങുമ്പോൾ ഇംഗ്ലീഷ് പുസ്തകങ്ങൾക്ക് മുഖവിലയുടെ 20% വരെയും മലയാളം പുസ്തകങ്ങൾക്ക് മുഖവിലയുടെ 33.33% വരെയും ഡിസ്കൗണ്ട് ലഭിക്കേണ്ടതാണ്. എന്നാൽ ഇംഗ്ലീഷ് പുസ്തകങ്ങൾക്ക് 15% -മാത്രമാണ് ഡിസ്കൗണ്ട് ലഭിച്ചത്. അതായത് ഡിസ്കൗണ്ടിൽ 5 ശതമാനം (9,587 രൂപ) കുറവുവന്നു. 2,81,350 രൂപ മുഖവിലയുള്ള മലയാളം പുസ്തകങ്ങൾക്ക് (33.33 ശതമാനം നിരക്കിൽ) 93,772 രൂപ ഡിസ്കൗണ്ട് ലഭിക്കേണ്ടതാണ്. എന്നാൽ 84,316 രൂപയാണ് മലയാള പുസ്തകങ്ങൾക്ക് ഡിസ്കൗണ്ട് ലഭിച്ചത്. ഇപ്രകാരം 9,456 രൂപ കുറച്ചാണ് ഡിസ്കൗണ്ട് ലഭിച്ചിട്ടുള്ളത്. ആകെ ഡിസ്കൗണ്ട് ഇനത്തിൽ 19,043 രൂപ കുറവാണ് ലഭിച്ചത്. പുസ്തകം വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ബുക്ക്മാർക്കുമായി മുൻകൂട്ടി കത്തിടപാടുകൾ നടത്തി ന്യായമായ ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

2015-16 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ എല്ലാ പ്രോജക്ടുകളുടേയും വരവ് ചെലവ് വിവരം രേഖപ്പെടുത്തിയ ക്യാഷ് ബുക്കും മുനിസിപ്പൽ ലൈബ്രറിക്കുവേണ്ടി വാങ്ങിയ പുസ്തകങ്ങൾ മുനിസിപ്പൽ ലൈബ്രറിക്ക് കൈമാറിയതിന്റെ രേഖയും മുനിസിപ്പൽ ലൈബ്രറി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററും സ്കൂൾ ലൈബ്രറിയ്ക്ക് വേണ്ടി വാങ്ങിയ പുസ്തകങ്ങൾ ചേർത്ത സ്കൂൾ ലൈബ്രറിയുടെ സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. . ഇതുസംബന്ധിച്ച് 03.12.2016 -ൽ 31/2015-16 -ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും . ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല. ഭാവിയിൽ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങുമ്പോൾ ന്യായമായ ഡിസ്കൗണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-27 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മികവ് പുലർത്തുന്നു.

കേരളത്തിലെ പാലിയേറ്റീവ് കെയറിന്റെ അടിത്തറ വീടുകൾ കേന്ദ്രീകരിച്ചുള്ള ചികിത്സയായിരിക്കണമെന്ന് പാലിയേറ്റീവ് പരിചരണനയം വിഭാവനം ചെയ്യുന്നു. പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖപ്രകാരം (ജി.ഒ. (ആർ.ടി) 3217/2015 തസ്വ.ഭവ 29.10.2015 പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ 2015 ) പാലിയേറ്റീവ് പരിചരണത്തിനുള്ള ഹോംകെയർ പ്രോജക്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനിവാര്യമായി ഏറ്റെടുക്കേണ്ട ചുമതലയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ദീർഘകാല രോഗങ്ങളാലും മറ്റ് അവശതകളാലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായി വരുന്ന നിലയിൽ വീടുകളിൽ

ദുരിതമനുഭവിക്കുന്ന രോഗികൾക്ക് പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കേണ്ട ഈ പദ്ധതി ആലുവ നഗരസഭയിൽ വളരെ നല്ല രീതിയിൽ നടത്തിവരുന്നുണ്ട്. ക്യാൻസർ, ഹൃദയ-ശ്വാസകോശ രോഗങ്ങൾ, പക്ഷാഘാതം, ഡിമെൻഷ്യ മുതലായ രോഗ പീഡകളാൽ ശരീരം തളർന്ന് കിടപ്പിലായവർ, പ്രായാധിക്യം മൂലമുള്ള ബുദ്ധിമുട്ടുകളുള്ളവർ, പ്രമേഹരോഗികൾ വൃക്കകളുടെ പ്രവർത്തനം തകരാറിലായവർ തുടങ്ങി പല വിധ പ്രയാസങ്ങൾ അനുഭവിക്കുന്നവർ, അനാഥാലയങ്ങളിലേതുൾപ്പെടെ പരിചരിക്കാൻ ആരോരുമില്ലാത്തവർ എന്നിങ്ങനെയുള്ള രോഗികളുടെ ഇടയിൽ കാര്യക്ഷമമായ സാന്ത്വനവും പരിചരണവുമേകാൻ പാലിയേറ്റീവ് കെയർ നിർവഹണ സമിതിയ്ക്ക് സാധിക്കുന്നുണ്ട്. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ തൽപ്പരരായ സന്നദ്ധ പ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തുകയും ഡോക്ടർമാരുടേയും ആവശ്യമുള്ളവർക്ക് ഫിസിയോ തെറാപ്പിസ്റ്റിന്റെയും സൗജന്യ സേവനം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

രജിസ്റ്ററുകളും മറ്റ് രേഖകളും കൃത്യമായി സൂക്ഷിക്കുകയും റിപ്പോർട്ടുകൾ യഥാസമയം പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി വിലയിരുത്തുകയും ചെയ്യുന്നു. രോഗികൾക്കാവശ്യമായ മരുന്നുകളോ അനുബന്ധ സാമഗ്രികളോ ലഭ്യമാക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും നഗരസഭയുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നുണ്ട് എന്നതിന് തെളിവാണ് 06.05.2015 -ന് നഗരസഭയുടെ പാലിയേറ്റീവ് കെയർ അംബാസിഡറായ ശ്രീമതി. അമല പോൾ ' നിങ്ങൾക്കും ആകാം കോടീശ്വരൻ ' എന്ന പ്രമുഖ ചാനൽ പരിപാടിയിൽ പങ്കെടുത്തതിൽ നിന്ന് ലഭിച്ച തുകയായ 2 ലക്ഷം രൂപയിലധികം ഉപയോഗിച്ച് രോഗികൾക്ക് വീൽചെയർ, വാക്കിംഗ് സ്റ്റിക്കുകൾ, ബാക്ക് റെസ്റ്റ് , ഫുഡ് കിറ്റ് മുതലായവ ലഭ്യമാക്കിയത്. പാലിയേറ്റീവ് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിൽ പി.എം.സി. യുടെ പാലിയേറ്റീവ് കെയർ നഴ്സ് ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സിനിമോളുടെ പരിശ്രമങ്ങൾ ഓഡിറ്റിന്റെ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. എന്നാൽ ഇവർക്ക് ഹോണറേറിയം നൽകുന്നതിൽ വളരെ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. 2015 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള വേതനം ഒക്ടോബർ മാസത്തിലും 2015 നവംബർ മാസത്തെ വേതനം 2016 ജനുവരിയിലും 2016 ഫെബ്രുവരി മാസത്തെ വേതനം 2016 ഏപ്രിൽ മാസത്തിലുമാണ് നൽകിയിരിക്കുന്നത്. ഹോം കെയർ ടീമിലെ പ്രവർത്തകരുടെ ഭക്ഷണം, നഴ്സിനുള്ള ഹോണറേറിയം , വാഹനവാടക മുതലായ ചെലവുകളുടെ പേയ്മെന്റ് കൃത്യമായി നൽകേണ്ടത് ഹോം കെയറിന്റെ വിജയത്തിന് അത്യാവശ്യമാണ്. ഓരോ മാസത്തേയും ഇത്തരം പേയ്മെന്റുകൾ അടുത്ത മാസം 10 -ാം തീയതിക്കു മുമ്പായി നൽകേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്താൻ പാടില്ലെന്ന് മാർഗ്ഗരേഖയിൽ എടുത്തുപറയുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ആരോഗ്യമേഖലാ പ്രോജക്ടുകൾ നടപ്പിലാക്കുന്ന അലോപ്പതി നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെയാണ് പാലിയേറ്റീവ് പ്രോജക്ടിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥൻ ആയിരിക്കേണ്ടത്. എന്നാൽ ആലുവ നഗരസഭയിൽ ഈ പ്രോജക്ട് നടപ്പിലാക്കി വന്നിരുന്നത് ആയുർവേദ മെഡിക്കൽ ഓഫീസറാണ്. ഇത് ഉചിതമായ നടപടിയല്ല. കിടപ്പിലായ രോഗികൾക്ക് അലോപ്പതി മരുന്നുകളും അതിനോടു ബന്ധപ്പെട്ട ആധുനിക പരിചരണ രീതികളുമാണ് അവലംബിച്ചു പോരുന്നത്. അതിനാൽ ഇതിനുതകുന്ന അലോപ്പതി മെഡിക്കൽ ഓഫീസറെത്തന്നെ ഈ പ്രോജക്ടിന്റെ നിർവ്വഹണോദ്യോഗസ്ഥനായി നിയമിക്കേണ്ടതാണ്. 2016-17 സാമ്പത്തിക വർഷം മുതൽ ഇത് പാലിക്കപ്പെടുന്നുണ്ടെന്ന് ഓഡിറ്റിനെ ബോധിപ്പിച്ചിട്ടുള്ളതാണ്.

നിലവിൽ പാലിയേറ്റീവ് കെയറിന് സ്വന്തമായി വാഹനം ഇല്ല. ക്വട്ടേഷൻ ക്ഷണിച്ച് ദിവസവാടകയ്ക്ക് വാഹനം ഏർപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. മാർഗ്ഗരേഖപ്രകാരം യാതൊരു കാരണവശാലും ഈ ആവശ്യത്തിനായി പുതിയ വാഹനം വാങ്ങാനോ നിലവിലുള്ള ഓഫീസ് വാഹനം പാലിയേറ്റീവ് കെയറിനുവേണ്ടി മാറ്റിവെച്ച് ഓഫീസ് ഉപയോഗത്തിന് പുതിയ വാഹനം വാങ്ങാനോ പാടില്ല. സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ വാടകയ്ക്ക് വാഹനം കിട്ടാനില്ലാത്ത സ്ഥിതിവിശേഷവും നിലനിൽക്കുന്നു. പദ്ധതി അടങ്കലിന്റെ നല്ലൊരു ശതമാനം തുകയാണ് വാഹനവാടകയിനത്തിൽ നൽകേണ്ടതായി വരുന്നത്. ഈ സാഹചര്യത്തിൽ പാലിയേറ്റീവ് കെയറിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി സ്വന്തമായൊരു വാഹനം ലഭ്യമാക്കുവാൻ സുമനസ്സുകളുടെ സഹായം തേടാവുന്നതാണ്. അതുവഴി പദ്ധതി തുക പൂർണ്ണമായി പരിചരണപ്രവർത്തനങ്ങൾക്ക് മാത്രമായി വകയിരുത്താവുന്നതാണ്.

## 3-28 CDS മെമ്പർ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ വിവിധ പദ്ധതി നടത്തിപ്പിലെ അപാകതകൾ - ₹ 28.4 ലക്ഷം തടസ്സപ്പെടുത്തുന്നു

CDS മെമ്പർ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

(എ) പ്രോജക്ട് നമ്പർ 26- ഫയൽ CDS/01557/15 വനിത സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി.

ഫയൽ പ്രകാരം 4 ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി നൽകാൻ 2 ലക്ഷം രൂപ വകയിരുത്തി എന്നാൽ 2 ഗ്രൂപ്പ് സംരംഭകർക്കാണ് തുക അനുവദിച്ചത്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നം | പേര് | തുക | ഡി.ഡി.നം. /തീയതി |
|---|---|---|---|
| 1. | ടെക്നോ വേൾഡ്, ആലുവ | 50,000 | 687710/21.03.2016 |
| 2. | ജൈവ ഉൽപ്പന്ന യൂണിറ്റ്, ആലുവ | 50,000 | 687711/21.03.2016 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. തുക കൈപ്പറ്റിയതിന്റെ രസീത് ഹാജരാക്കിയില്ല.
2. പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച് മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടില്ല.
3. ബാങ്കുമായി ബന്ധിപ്പിച്ചിട്ടുള്ള പദ്ധതിയാണിത് എന്നാൽ ബാങ്കിൽ നിന്നുള്ള വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

ബി) പ്രോജക്ട് നമ്പർ 24 - ഫയൽ നമ്പർ CDS/002212/15ഭൂരഹിതരായ ആളുകൾക്ക് സ്ഥലം വാങ്ങൽ (ജനറൽ)

ഭൂരഹിതരായ ആളുകൾക്ക് സ്ഥലം വാങ്ങുന്നതിന് 9 ലക്ഷം രൂപയാണ് വകയിരുത്തിയത്. 3 സെന്റ് സ്ഥലത്തിന് 1.25 ലക്ഷം വീതം 6 പേർക്ക് 7.5 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

ആർക്ക് തുക നൽകി എന്ന് കാണിക്കുന്ന രേഖ ഇല്ല. തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതില്ല.

1. സ്ഥലം ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്തു കൊടുത്തതിന്റെ രേഖയില്ല.
2. സ്ഥലവില സംബന്ധിച്ച വാല്യൂവേഷൻ സർട്ടിഫിക്കറ്റില്ല.

സി) പ്രോജക്റ്റ് നമ്പർ 23 ഫയൽ നമ്പർ CDS/002214/16

വീട് നിർമ്മാണം- വനിതകൾക്ക് (ജനറൽ)

പദ്ധതി അടങ്കൽ 6 ലക്ഷം രൂപ ആണെങ്കിലും 2,10,000 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 3 പേർക്ക് 20,000 രൂപ വീതം 60,000 രൂപ 26.01.2016 -ൽ പിൻവലിച്ചു. 2 -ാം ഗഡു 50,000 രൂപ വീതം 3 പേർക്കും, 1,50,000 രൂപ 17.03.2016 -ൽ പിൻവലിച്ചു.

1. ഗുണഭോക്താക്കളുമായി കരാർ വെച്ചിട്ടില്ല.
2. ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ 1-ാം ക്രമ നമ്പരിലുള്ള ഗുണഭോക്താവ് റോസിക്ക് ശേഷം 2,3 സ്ഥാനത്തുള്ള ഫിലോ മാർട്ടിൻ, കായനാട്, ജിജി വിശ്വൻ മന്തിയിൽ എന്നിവരെ ഒഴിവാക്കി സുലേഖ അലിയെ തെരഞ്ഞെടുത്തിരിക്കുന്നു. കൂടാതെ 4,5,6,7,8,9 സ്ഥാനക്കാരെ പിന്തള്ളി 10 -ാം സ്ഥാനത്തുള്ള ബിന സെയ്തുമുഹമ്മദിനെ തെരഞ്ഞെടുത്തിരിക്കുന്നു, ഗുണഭോക്തൃ ലിസ്റ്റിൽ മുൻഗണനാക്രമം പാലിക്കാതെ സുലേഖ അലി, ബിന സെയ്തുമുഹമ്മദ് എന്നിവരെ തെരഞ്ഞെടുത്തതിന് വിശദീകരണം നൽകേണ്ടതാണ്.

   സുലേഖ അലിക്ക് 2 -ാം ഗഡു അനുവദിക്കാമെന്ന് PWO III ശ്രീമതി അനില റിപ്പോർട്ട് നൽകുന്നത് 11.05.2016 -ലാണ്. എന്നാൽ ഇവർക്ക് 2 -ാം ഗഡു നൽകിയത് 17.03.2016 -ൽ ആണ്. അതുപോലെ ബീന സെയ്തുമുഹമ്മദിന് 2 -ാം ഗഡു അനുവദിക്കാൻ PWO III ശ്രീ. സുരേഷ് റിപ്പോർട്ട് നൽകിയത്. 16.06.2016 -ലും ശ്രീമതി റോസി വർക്കിക്ക് PWO III ശ്രീ. ബിജു റിപ്പോർട്ട് നൽകിയത് 18.06.2016 -ലും ആയിരുന്നു. എന്നാൽ ഇവർക്ക് 2 -ാം ഗഡു അനുവദിച്ചിരിക്കുന്നത് 17.03.2016 -ലാണ്. സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഗഡുക്കൾ അനുവദിക്കേണ്ടത് എന്നാൽ സ്റ്റേജ് സർട്ടിഫിക്കറ്റിന് മുമ്പ് തന്നെ പണം അനുവദിച്ചത് പദ്ധതിമാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്.

   ഓഡിറ്റ് എൻക്വയറി 37/2015-16 പ്രകാരം അപാകതകൾ ചൂണ്ടിക്കാട്ടി വിശദീകരണം ആരാഞ്ഞുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആകയാൽ പ്രസ്തുത പ്രോജക്റ്റുകൾക്ക് വേണ്ടി ആകെ ചെലവഴിച്ച 10.6 ലക്ഷം രൂപ ( പ്രോജക്റ്റ് 26- ഒരു ലക്ഷം, പ്രോജക്റ്റ് 24 -7.5 ലക്ഷം, പ്രോജക്റ്റ് 23 -2.1 ലക്ഷം) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഡി) പ്രോജക്റ്റ് നമ്പർ 13/15 വനിതകൾക്ക് വീട് നിർമ്മാണം (ജനറൽ)

ഫയൽ നമ്പർ CDS/002214/15

CDS മെമ്പർ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായ വനിതകൾക്ക് വീട് നിർമ്മാണം (ജനറൽ) പ്രോജക്റ്റ് നമ്പർ 13/15) എന്ന പദ്ധതിയുടെ നടത്തിപ്പിൽ കണ്ട ഗുരുതരമായ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

പദ്ധതി രേഖപ്രകാരം വനിതകൾക്ക് വീട് നിർമ്മാണം(ജനറൽ) എന്നത് പുതിയ പദ്ധതി ആണ് (പ്രോജക്റ്റ് നമ്പർ 13/2015-16). പദ്ധതിയുടെ അടങ്കൽ 18 ലക്ഷം രൂപ. താഴെ പറയുന്ന ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം തുക നൽകിയിട്ടുള്ളത്.

| | |
|---|---|
| 1. | ബിന്ദു രവി |

| | |
|---|---|
| 2. | രജിത അബ്ദുൾ സമദ് |
| 3. | ഹഫ്ന ഇസ്മയിൽ |
| 4. | ഷെഷ അമ്മുക്കുഞ്ഞ് |
| 5. | വിൻസി ഷൈജു |
| 6. | ടിന്റു സനീഷ് |
| 7. | വിനീത് |
| 8. | സക്കീന |
| 9. | ജമിനി |
| 10. | റംല |

18 ലക്ഷം രൂപയാണ് വീട് വെക്കുന്നതിന് ഈ പദ്ധതിയിൽ വകയിരുത്തിയത്. പുതിയ പദ്ധതിയായതിനാൽ കൗൺസിൽ അംഗീകരിച്ച നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് വേണമായിരുന്ന പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടിയിരുന്നത്. ഇതിന് വിരുദ്ധമായി കഴിഞ്ഞ വർഷം നടപ്പിലാക്കിയ വനിതകൾക്ക് വീട് നിർമ്മാണം(ജനറൽ) (പദ്ധതി നം. 14/2014-15) പദ്ധതിയിലെ ഗുണഭോക്താക്കൾക്കാണ് പദ്ധതി തുക 16.8 ലക്ഷം രൂപ അനുവദിച്ചത്. 2014-15 -ലെ വനിതകൾക്ക് വീട് നിർമ്മാണം എന്ന പദ്ധതിയിൽ 10 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ നിന്നും ആദ്യഗഡുവായി 20,000 രൂപ വീതം മുകളിൽ സൂചിപ്പിച്ച 10 ഗുണഭോക്താക്കൾക്ക് ( 10 x 20000 = 2 ലക്ഷം രൂപ) അനുവദിച്ചിരുന്നു. ബാക്കി തുക അനുവദിച്ചിരുന്നില്ല. ആകയാൽ പ്രസ്തുത പദ്ധതി സ്പിൽ ഓവറായി 2015-16 വർഷം നടപ്പാക്കേണ്ടതായിരുന്നു. 2015-16 -ലെ വനിതകൾക്ക് വീട് നിർമ്മാണം എന്ന പദ്ധതി പുതിയ പദ്ധതിയായതിനാൽ പഴയ ഗുണഭോക്താക്കളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയത് ഗുരുതരമായ ക്രമക്കേടാണ്. ഈ പദ്ധതിയുടെ ആകെ ചെലവ് 16,80,000 രൂപയാണ്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ട്രഷറി ബിൽ ബുക്ക് ഇനം | തുക |
|---|---|
| (1) | 6,00,000 |
| (5) | 5,60,000 |
| (6) | 4,20,000 |
| (13) | 50,000 |
| (25) | 50,000 |
| ആകെ | 16,80,000 |

മറ്റ് ക്രമക്കേടുകൾ

1. മുകളിൽ കാണിച്ച ബില്ലുകൾ, ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച ഡി.ഡി. കൗണ്ടർഫോയിൽ തുക കൈപ്പറ്റിയതിന് കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല.
2. മുകളിൽ സൂചിപ്പിച്ച ആളുകളിൽ ഹഫ്ന ഇസ്മയിൽ ഒഴികെ മറ്റ് 9 പേർക്ക് 2 ലക്ഷം രൂപ നൽകിയതായി വീട്

റിപ്പയറിംഗ് രജിസ്റ്ററിൽ കാണുന്നു. എന്നാൽ പൂർത്തിയായ വീടുകളുടെ ഫോട്ടോ ഹാജരാക്കിയില്ല.

3. വീട് റിപ്പയറിംഗ് രജിസ്റ്ററിൽ ഹഫ്ന ഇസ്മയിൽ ഒരു ഗഡു 20,000 രൂപ കൈപ്പറ്റിയത് മാത്രമേ ഒപ്പ് വെച്ചിട്ടുള്ളൂ. 2 -ാം ഗഡു 60,000 രൂപ കൈപ്പറ്റിയതിന്റെ രേഖ ഇല്ല. ബാക്കിയുള്ള 1,20,000 രൂപ കൈപ്പറ്റിയിട്ടില്ല. വീട് പൂർത്തീകരിച്ചോ എന്ന് വ്യക്തമാക്കിയിട്ടില്ല.
4. വിനീത ജി ആലിംഗപൊക്കത്ത് എന്നയാളുടെ വരുമാന സർട്ടിഫിക്കറ്റ്, പൊസഷൻ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ് തുടങ്ങിയ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

മുകളിൽ ഉന്നയിച്ച പരാമർശം സംബന്ധിച്ചുള്ള വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ 47/2015-16, തീയതി 11.01.2017) മറുപടി ലഭ്യമാക്കിയില്ല. മുകളിൽ കാണിച്ച കാരണങ്ങളാൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവഴിച്ച 16.8 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഇ) <u>ബാലസഭ പദ്ധതി നടത്തിപ്പ്</u>

പ്രോജക്ട് നമ്പർ 27 ബാലസഭകുട്ടികൾക്ക് വേണ്ടിയുള്ള പ്രോജക്ടിൽ ഒരു ലക്ഷം രൂപ വകയിരുത്തിയത് ബിൽ നം. 11/2015-16 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. മെമ്പർ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായുള്ള ഈ പദ്ധതി പ്രകാരമുള്ള ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നെൽസൺ- സ്റ്റേഷനറി - 3,500

Catering Unit - 26,000

Sumesh (Photo) - 500

Travels - 50,000

Catering - <u>20,000</u>

<u>1,00,000</u>

<u>പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.</u>

1. അംഗീകരിച്ച പ്രോജക്ട് ഹാജരാക്കിയില്ല.
2. മേൽ കാണിച്ച തുകകൾക്ക് D.D. നൽകിയതായി പറയുന്നുവെങ്കിലും D.D -യുടെ വിശദാംശങ്ങൾ, തുക കൈപ്പറ്റിയ രസീതുകൾ ലഭ്യമാക്കിയില്ല .
3. ഹാജരാക്കിയ ബാലസഭ രജിസ്റ്റർ/മിനിട്സ് ബുക്ക് പ്രകാരം ബാലസഭാംഗങ്ങൾക്കായി പഠന/വിനോദയാത്ര നടത്തുന്നതിനെക്കുറിച്ച് ചർച്ചകളോ, തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.
4. ഏത് ദിവസമാണ് യാത്ര നടത്തിയത്. എങ്ങോട്ടാണ് യാത്ര സംഘടിപ്പിച്ചത്, ഏതെല്ലാം സ്ഥലങ്ങൾ സന്ദർശിച്ചു, സന്ദർശിച്ച സ്ഥലങ്ങളിലെ entry tickets, എത്ര കുട്ടികൾ പങ്കെടുത്തു തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല.
5. M/s Chowro Travels എന്ന സ്ഥാപനത്തിന് 50,000 നൽകിയത് 49 സീറ്റുള്ള 2 വാഹനങ്ങൾക്ക് 25,000 രൂപ നിരക്കിലാണ്. എന്നാൽ KL 3 Q 6278 എന്ന വാഹനം 30 സീറ്റ് കപ്പാസിറ്റിയുള്ള LMV -യാണ്. സീറ്റിംഗ് കപ്പാസിറ്റിക്കനുസൃതമായല്ല തുക നൽകിയിരിക്കുന്നത്.

6. രേഖകൾ പ്രകാരം 46,000 രൂപ (20,000+ 26,000) ജീസസ് എത്തിക് കാറ്ററിംഗ് യൂണിറ്റ്, ആലുവ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ശ്രീമതി. മിനി ദേവസി എന്ന പേരിലാണ് DD നൽകിയിരിക്കുന്നത്. എന്നാൽ ടി സ്ഥാപനം വർഷങ്ങളായി പ്രവർത്തനരഹിതമാണ്. നിലവിലില്ലാത്ത സ്ഥാപനത്തിന്റെ ബിൽ ഉപയോഗിച്ച് പദ്ധതി പണം ദുരുപയോഗം ചെയ്തുവെന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത് .

ഓഡിറ്റ് എൻക്വയറി നം 3/2015-16 പ്രകാരം അപാകതകൾ ചൂണ്ടിക്കാട്ടി വിശദീകരണം ആരാഞ്ഞുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആകയാൽ ഈ പദ്ധതി പ്രകാരം ചെലവഴിച്ച ഒരു ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ആകെ തടസ്സവാദം – 28.4 ലക്ഷം(2 ലക്ഷം, 7.5 ലക്ഷം, 2.1 ലക്ഷം, 16.8 ലക്ഷം, 1 ലക്ഷം))

## 3-29 ചെലവ് രേഖകൾ ഹാജരാക്കിയില്ല 2 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

CDS മെമ്പർ സെക്രട്ടറി ശ്രീ. അഖിൽ ജിഷ്ണു നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് നൽകണമെന്നാവശ്യപ്പെട്ട് 23.11.2016 -ൽ ഓഡിറ്റ് റിക്വസിഷൻ നൽകി (റിക്വസിഷൻ നം. 5) എന്നാൽ രേഖകൾ ഹാജരാക്കാത്തതിനെ തുടർന്ന് 16.12.2016 ലും 26.12.2016 ലും കത്തുകൾ നൽകി. രേഖകൾ ഹാജരാക്കാത്തതിനാൽ താഴെ കാണിച്ച പ്രകാരമുള്ള പദ്ധതി ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| 25 | വീട് റിപ്പയർ | 2.00 ലക്ഷം |
| | ആകെ | 2.00 ലക്ഷം |

## 3-30 അഡ്ജസ്റ്റ് ചെയ്യാത്ത മുൻകൂറുകൾ ₹ 2,60,000/-ചെലവ് തടസ്സപ്പെടുത്തുന്നു.പലിശയായ ₹58,322 സഹിതം തിരിച്ച് പിടിക്കേണ്ടതാണ്.

ജി.ഒ.(പി) 419/2011 ധനം. 04.10.2011 പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ (കെ.എഫ്.സി. വാല്യം-I, അനുഛേദം 99 പ്രകാരമുള്ളത്) കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായി വിനിയോഗിക്കാത്ത അഡ്വാൻസ് തുകയ്ക്ക് ഒരു വർഷത്തേക്ക് 18% നിരക്കിൽ പലിശ ഈടാക്കണം. നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും അടിയന്തിരമായി തിരിച്ച പിടിക്കണം. ഇങ്ങനെ തിരിച്ച പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ച പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കണം.

ആലുവ നഗരസഭയുടെ 2015-16 -ലെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം താഴെപറയുന്നവരുടെ മുൻകൂറുകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | അഡ്വാൻസ് കൈപ്പറ്റിയ | അഡ്വാൻസിന്റെ സ്വഭാവം | അഡ്വാൻസ് തുക | പലിശ ഈടാക്കേണ്ട | 18% നിരക്കിൽ |
|---|---|---|---|---|---|---|

| | | ഉദ്യോഗസ്ഥന്റെ പേര്/തസ്തിക | | | ദിവസങ്ങളുടെ എണ്ണം 31.12.2016വരെ | ഈടാക്കേണ്ട പലിശ (31.12.2016 വരെ) |
|---|---|---|---|---|---|---|
| 1. | 09/7-15 2.7.15 | ശ്രീ. ഷീയാസുദ്ദീൻ JHI -II | മഴക്കാല പൂർവ്വ ശുചീകരണം (വാർഡ് തലം) H3-3410/14 | 80000 | 548 | 21620 |
| 2. | 09/7-15 2.7.15 | ശ്രീ. അഖിൽ ജിഷ്ണു, JHI -I | മഴക്കാല പൂർവ്വ ശുചീകരണം (വാർഡ് തലം) H3-3410/14 | 60000 | 548 | 16215 |
| 3. | 55/8-15 13.8.15 | ശ്രീ. അഖിൽ ജിഷ്ണു, JHI -I | സ്വാതന്ത്ര്യ ദിനാഘോഷം 2015 H2-7336/14 Vol-II | 10000 | 506 | 2495 |
| 4. | 77/ 12-15 15.12.15 | ശ്രീ. ഷിയാസുദ്ദീൻ JHI -II | 2015 -ലെ കേരളോത്സവം H2-6767/2015 | 30,000 | 382 | 5652 |
| 5. | 71/1-2016 23.1.2016 | ശ്രീ. അഖിൽ ജിഷ്ണു, JHI -I | 2016 റിപ്പബ്ലിക് ദിവസത്തിന്റെ ആഘോഷം H3-474/2014 | 10000 | 343 | 1692 |
| 6 | 13/2-2016 3.2.16 | ശ്രീ. ഷിയാസുദ്ദീൻ, JHI -II | സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് H3-10100/2015 | 20,000 | 332 | 3,275 |
| 7. | 43/3-16 8.3.16 | ശ്രീ. ഷിയാസുദ്ദീൻ JHI -II | ശിവരാത്രി -2016 ആഘോഷവുമായി ബന്ധപ്പെട്ട ഭക്ഷണചെലവ് G3-570/16 | 50,000 | 299 | 7,373 |
| | | ആകെ | | 2,60,000 | | 58,322 |

വൗച്ചർ തീയതി മുതൽ 31.12.2016 വരെയുള്ള അഡ്ജസ്റ്റ് ചെയ്യാത്ത മേൽ സൂചിപ്പിക്കപ്പെട്ട മുൻകൂർ തുകയായ 2,60,000 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് മേൽ തുകയോടൊപ്പം പലിശയായ 58,322 (ഷീയാസുദ്ദീൻ-37,920 രൂപ,അഖിൽ ജിഷ്ണു-20,402 രൂപ) കൂടി ഈടാക്കേണ്ടതാണ്. ചെലവ് രേഖകൾ ഹാജരാക്കിയാലും പലിശ തുകയായ 58,322 രൂപ മേൽ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-31 മരാമത്ത് വേല - എഗ്രിമെന്റ് വൈകി - ₹ 27088 പിഴ ഈടാക്കിയില്ല.

കേരള പൊതുമരാമത്ത് മാനവലിലെ സെക്ഷൻ 2009. 6 പ്രകാരം സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനകം കരാറുകാരൻ കരാർ വെച്ചില്ലെങ്കിൽ PAC തുകയുടെ 1% പിഴയോട് കൂടി അടുത്ത 10 ദിവസത്തിനകം കരാർ വെയ്ക്കേണ്ടതാണ് എന്നാൽ സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനകം കരാർ വെക്കാത്ത താഴെ പറയുന്ന പണികളുടെ കരാറുകാരിൽ നിന്നും മാന്വൽ പ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

| നം | ഫയൽ നമ്പർ പണികളുടെ പേര് | കരാർ PAC | കരാറുകാരന്റെ പേര് | സെലക്ഷൻ നോട്ടീസ് തീയതി | എഗ്രിമെന്റ് വെച്ച തീയതി | പിഴ | ബിൽ നമ്പർ, ബിൽ തീയതി |
|---|---|---|---|---|---|---|---|
| 1 | പാർക്ക് റോഡ് റീ ടാറിംഗ് E1-6277/15 | 608544 | M.K. സുരേഷ് | 7/9/2015 | 03.10.2015 | 6085 | 67/16 തീയതി 23.03.2016 |
| 2 | ഫിഷ് മാർക്കറ്റിൽ ടൈൽ വിരിക്കൽ E1-6369/15 | 834538 | K.I. കുഞ്ഞുമുഹമ്മദ് | 18.09.2015 | 19.11.2015 | 8345 | 34/16 തീയതി 19.02.2016 |
| 3 | മൂത്തേടത്ത് 2 -ാം റീച്ച് E1-6294/15 | 549860 | V. രാജൻ | 30.09.2015 | 13.11.2015 | 5498 | 40/16 തീയതി- 29.06.2016 |
| 4 | കനാൽ റോഡ് റീടാറിംഗ് E1-6375/15 | 716077 | K.B. അഷ്റഫ് | 08.09.2015 | 01.10.2015 | 7160 | 46/16 തീയതി 0.03.2016 |

കരാറുകാരിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്.

## 3-32 പേവർ ബ്ലോക്ക് വിരിക്കൽ - അധിക നിരക്കനുവദിച്ചതുമൂലമുള്ള നഷ്ടം ₹ 7,973 കരാറുകാരിൽ നിന്നും ഈടാക്കണം.

80 മി.മീ ഘനമുള്ള പേവർ ബ്ലോക്ക് വിരിക്കുന്നതിനുള്ള ഡാറ്റാ DAR -ൽ ഇല്ലാത്തതിനാൽ ഇതിന് "Observed data" യാണ് നൽകിയിട്ടുള്ളത്. നഗരസഭ തയ്യാറാക്കി നൽകിയ ഇതിന്റെ ഡാറ്റ താഴെ കൊടുത്തിരിക്കുന്നു.

| | | | | | | | |
|---|---|---|---|---|---|---|---|
| 228 | | | | 16.68 providing and laying 80 mm thick factory made cement concrete interlocking paver block of M-30 grade made by block making machine with strong vibratory compaction, of approved size, design & shape, laid in required colour and pattern over and including 50 mm thick compacted bed of 6 mm metal, filling the joints with M sand etc. all complete as per the direction of Engineer-in-charge (Modified DSR 16.68) | | | |
| | | | | Details of cost of 10 m2 | | | |
| | 10.0000 | m2 | MR | Interlocking C.C. Paver block (80mm thick, M-30) | cum | 600.00 | 6000 |
| | 0.5000 | m3 | 298 | 6 mm metal | cum | 1140.00 | 570 |
| | 0.5000 | m3 | 2202 | Carriage of 6 mm metal | cum | 106.49 | 53.25 |
| | | | | LABOUR | | | |
| | 0.5000 | Nos | 123 | Mason (brick layer ) 1st class | day | 435.00 | 217 |
| | 0.5000 | Nos. | 124 | Mason (brick layer) 2nd class | day | 399.00 | 199.5 |
| | 1.00 | Nos. | 114 | Beldar | day | 329.00 | 329 |
| | 0.5000 | Nos. | 115 | Coolie | day | 329.00 | 164.5 |
| | 10.0008 | | | Total | | | 7533.25 |
| | 10.0009 | | | Market Rate cost | | | 6000.00 |
| | | | | Add water charges 1% on MR | | | 60 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | Net Total (A) | | | 6060.00 |
| | | | | Total excluding market rate | | | 1533.25 |
| | | | | Add water charges 1% on this | | | 15.33 |
| | | | | Net Total (B) | | | 1548.58 |
| | | | | Total A + 1.4476 B | | | 8213.3 |
| | | | | Add CPOH 15% | | | 1232.00 |
| | | | | Total for 10 m2 | | | 9445.3 |
| | | | | Hence for 1 m2 | | | 944.53 |
| | | | | | | | 945 |

ഇതു പ്രകാരം നൽകാവുന്ന നിരക്ക് ചതുരശ്രമീറ്ററിന് 944.53 രൂപയാണ്. എന്നാൽ 947 എന്ന നിരക്കാണ് നഗരസഭയിൽ നൽകിയിട്ടുള്ളത്. ഇത് മൂലം താഴെ പട്ടികയിൽ കാണിച്ച പണികളിൽ കരാറുകാർക്ക് അധികമായി നൽകിയ 7973 രൂപ കരാറുകാരിൽ നിന്നും തിരിച്ചടവാക്കേണ്ടതാണ്.

പട്ടിക

| നം | പണിയുടെ പേര് | കരാറുകാരന്റെ പേര് | എസ്റ്റിമേറ്റ് | എം. ബുക്ക് | നൽകിയത് | നൽകാവുന്നത് | അധികം | ബിൽ നമ്പർ, ബിൽ തീയതി |
|---|---|---|---|---|---|---|---|---|
| 1 | ഫിഷ് മാർക്കറ്റിൽ ടൈൽ വിരിക്കൽ E1-6369/15 | K.I. കുഞ്ഞുമുഹമ്മദ് | 8,35,000 2.5% കുറവ് | MB 55/15-16 | ഇനം(2) 817.11 $m^2$ @947 = 7,73,803 | 817.11 $m^2$ @945= 7,72,169 | 1634 (-) 2.5% = 1,593 | 34/16 തീയതി 19/2/16 |
| 2 | പാർക്ക് റോഡ് റീടാറിംഗ് & ടൈൽ വിരിക്കൽ E1-6277/15 | M.K. സുരേഷ് | 6,10,000 4.18% കുറവ് | MB 73/15-16 | ഇനം(5) 312.91$m^2$ @947 =2,96,326 | 312. 91 $m^2$ @945 =2,95,700 | 623 -4.18% =597 | 67/16 തീയതി 23/3/16 |
| 3 | പഴയ വണ്ടിപേട്ടയിൽ ടൈൽ വിരിക്കൽ E1-6368/15 | ബാബു ജോസഫ് | 5,15,000/- എസ്റ്റിമേറ്റ് നിരക്ക് | MB 15/15-16 | ഇനം(2) 500 $m^2$ @947 =4,73,500 | 500 $m^2$ @ 945= 4,72,500 | 1,000 | 9/15 തീയതി- 23/11/15 |
| 4 | കനാൽ റോഡ് റീടാറിംഗ് & ടൈൽ വിരിക്കൽ E1-6375/15 | K.B. അഷ്റഫ് | 7,20,000/- 8.61% കുറവ് | MB 56/15-16 | ഇനം(2) 219.11 $m^2$ @947 =2,07,497 | 219.11 $m^2$ @945 =2,07,059 | 438 -8.61% = 400 | 46/16 തീയതി 2/3/16 |
| 5 | സന്തോഷ ലൈൻ റീടാറിംഗ് & കീർത്തി ലൈൻ E1-6282/15 | ബാബു ജോസഫ് | 7,00,000/- എസ്റ്റിമേറ്റ് നിരക്ക് | MB 59/15-16 | എക്ട്രാ ഐറ്റം (1) 324.67 $m^2$ @947 =3,07,462 | 324.67 @945 =3,06,813 | 649 | 38/16 തീയതി 23/2/16 |

.

| നം | പണിയുടെ പേര് | കരാറുകാരന്റെ പേര് | എസ്റ്റിമേറ്റ് | എം. ബുക്ക് | നൽകിയത് | നൽകാവുന്നത് | അധികം | ബിൽ നമ്പർ, ബിൽ തുക |
|---|---|---|---|---|---|---|---|---|
| 6 | ഓൾഡ് ദേശം റോഡ് | റ്റി.എം. അജ്മൽ | 3,49,622 9.1% | MB 34/15-16 | ഇനം(2) 270.56 | 270.56 @945 | 541 -9.1% | 23/16 തീയതി |

| നം | പണിയുടെ പേര് | കരാറു കാരന്റെ പേര് | എസ്റ്റി മേറ്റ് | എം. ബുക്ക് | നൽകി യത് | നൽകാ വുന്നത് | അധികം | ബിൽ നമ്പർ, ബിൽ തുക |
|---|---|---|---|---|---|---|---|---|
| | ടാഗോർ റോഡ് ടൈൽ വിരിക്കൽ E1-6253/15 | | കുറവ് | | $m^2$ @947 =2,56,220 | =2,55,679 | =492 | 21/01/16 |
| 7 | റോഡുകളിൽ ടൈൽ വിരിക്കൽ E1-6260/15 | നാസർ | 7,00,000/- 3% കുറവ് | MB 37/15-16 | ഇനം(2) 478 $m^2$ @947 =4,52,666 | 478 @945 =4,51,710 | 956 -3% =927 | 26/16 തീയതി 25/01/16 |
| 8 | മാഞ്ഞൂരാൻ റോഡ് ടൈൽ വിരിക്കൽ E1-6292/15 | ബാബു ജോസഫ് | 7,00,000/- എസ്റ്റിമേറ്റ് നിരക്ക് | MB 25/15-16 | ഇനം(1) 579.63 $m^2$ @947 = 5,48,910 | 579.63 @945 =5,47,750 | 1,160 | 15/15 തീയതി 30/11/2015 |
| 9 | മാറാട്ട് ലൈൻ പുനരുദ്ധാരണം E1-6514/15 | പി.സി.തോമസ് | 5,59,964/- എസ്റ്റിമേറ്റ് നിരക്ക് | MB 81/15-16 | ഇനം(1) 577.50 $m^2$ @947 = 5,46,892 | 577.5 @945 =5,45,737 | 1,155 | 60/16 തീയതി 19/03/2016 |
| | | ആകെ | | | | | 7,973 | |

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭക്ക് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടവിന്റെ വിവരവും ഇനി തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പാത്തുകയുടെ വിവരവും താഴെ ചേർക്കുന്നു.

| ക്രമ നം | വായ്പയുടെ പേര് | ഉത്തരവ് നമ്പർ/ | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| | | തീയതി | | ബാക്കി യുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| 1 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 1734/95/LAD 30.03.1995 | 3050000 | 1372500 | 152500 | 167659 | 1220000 |
| 2 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 1608/96/LAD 27.03.1996 | 1022000 | 459900 | 51100 | 60483 | 408800 |
| 3 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 4448/96/LAD 12.02.1996 | 1011300 | 559605 | 50565 | 73383 | 509040 |
| 4 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 3344/98/LAD 17.11.1998 | 2583000 | 1549800 | NIL | NIL | 1549800 |
| 5 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 4353/00/LSGD 27.10.2000 | 2570000 | 1961900 | NIL | NIL | 1961900 |
| 6 | KURDFC/Land for Municipal Park | KURDFC/SC No.18 | 1250000 | 166658 | 124529 | 31227 | 42129 |
| 7 | KURDFC/Parking Area Shopping | KURDFC/ULB /121/0901.06.2010 | 17800000 | 8858899 | 4492857 | 2325774 | 4366042 |
| | ആകെ | | | 1,49,29,262 | 48,71,551 | 26,58,526 | 1,00,57,711 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല

.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4,102 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ & തീയതി |
|---|---|---|---|---|
| LFA Committee 2010-11 41st Report | 64 | 3427 | ശ്രീ.ശിവപ്രസാദ്, ഓഫീസ് അറ്റൻഡന്റ് | 11501114845 20.01.2016 |
| LFA 2000-01 Report | 16 | 191 | ശ്രീ. സന്തോഷ് എം.ആർ, യു.ഡി.സി. | 11501118807 02.03.2016 |
| LFA 2000-01 Report | 16 | 137 | ശ്രീ.ശിവപ്രസാദ്, ഓഫീസ് അറ്റൻഡന്റ് | 11501545 02.02.2016 |
| LFA 2000-01 Report | 16 | 171 | ശ്രീമതി. സുശീല, സൂപ്രണ്ട് | 11501103300 06.06.2015 |
| LFA 2000-01 Report | 16 | 176 | ശ്രീമതി. സുശീല, സൂപ്രണ്ട് | 11501103300 06.06.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 1997-98 ചെലവ് | ഖ.48 | 1999-2000 2001-02 | ഖ.V(i) ഖ. VI.2.7(iii) | ഹരിതനഗരം സുന്ദര നഗരം ക്രമക്കേടുകൾ | ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കുവാൻ സമിതി നിർദ്ദേശി ച്ചിരുന്നുവെങ്കിലും ഇതുവരെ ഹാജരാക്കിയിട്ടില്ല. |
| 1997-98 | | 1999-2000 | ഖ.V(2) | ഗവ.ബോയ്സ് സ്കൂളിന് ഭൗതിക സാഹചര്യം ഒരുക്കൽ | അന്തിമ തീരുമാനം സമിതിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| 1997-98 | ഖ.47 | 1999-2000 | ഖ.V(3) | വ്യവസായ പരിശീലനം -ധന ദുർവിനിയോഗം | അന്തിമ തീരുമാനം സമിതിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| 1997-98 | ഖ.32 | 1999-2000 | ഖ.VI(2) | കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ച് ഫില്ലിംഗ് അധികനിരക്ക് അനുവദിച്ചു. | അന്തിമ തീരുമാനം സമിതിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| 1998-99 | ഖ.59 | 2001-02 | ഖ.2.7(V) | പെരിയാറിനു കുറുകെ തൂക്കുപാലം-എഗ്രിമെന്റ് വയ്ക്കാതെ 6 ലക്ഷം രൂപ അഡ്വാൻസ് നൽകി. | തുക ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നു വെങ്കിലും നാളിതുവരെ ആയത് ഈടാക്കിയിട്ടില്ല. |
| 1998-99 | ഖ.61 | 2001-02 | ഖ.2.7(Vi) | ആലുവ മണപ്പുറത്ത് സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം -അധികം തുക ചെലവഴിച്ചു. | തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. |
| 1998-99 | ഖ.35 | 2001-02 | ഖ.2.7(Vii) | സ്റ്റേഡിയം ഗ്രൗണ്ടിൽ നിന്നും മണ്ണ് ടൗൺ ഹാൾ സൈറ്റിൽ ഇട്ടത്- അധിക തുക അനുവദിച്ചു. | നിരാകരിച്ച തുകയിൽ 11,011 രൂപ ഇനിയും തിരികെ ഈടാക്കേണ്ടതുണ്ട്. |
| | | 2001-02 | ഖ.2.7(Viii) | ഗവ.ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ അറ്റകുറ്റപ്പണി രേഖകൾ ഹാജരാക്കിയില്ല | പരാമർശം നിലനിൽക്കുന്നു. |
| | | 2001-02 | ഖ.2.7(ix) | തയ്യൽ മെഷീനുകൾ വാങ്ങിയത് 15,873/- രൂപയുടെ നഷ്ടം | തുക നാളിതുവരെ ഈടാക്കി അറിയിച്ചിട്ടില്ല. |
| 1999-00 | ഖ.34 | 2002-03 | 15(ii) | ബോട്ടുകൾ വാങ്ങലും ജെട്ടി നിർമ്മാണവും | വിദഗ്ധസമിതി അംഗങ്ങളിൽ നിന്നും തുക തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നു. തുക ഈടാക്കി അറിയിച്ചിട്ടില്ല. |
| 1999-00 | ഖ.31 | 2002-03 | 15(iii) | ഓപ്പൺ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം | തുക ഫൈനൽ ബില്ലിൽ നിന്നും കുറവുചെയ്തിട്ടുണ്ട്. സമിതി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു. |
| 1999-00 | ഖ.26 | 2002-03 | 15(vi) | പ്രിയദർശിനി ടൗൺ ഹാൾ മോടി പിടിപ്പിക്കൽ- ക്രമക്കേടുകൾ | നടപടികൾ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. സമിതി തീരുമാനം |

| | | | | | |
|---|---|---|---|---|---|
| | | | | | ലഭിക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു. |
| 1999-00 | | 2002-03 | VIII/ | റവന്യൂ ഇൻസ്പെക്ടർ ശ്രീ. ഒ. അബ്ദുൾ ലത്തീഫിന് നൽകിയ രസീത് ബുക്ക് നഗരസഭയിൽ തിരികെ ഏൽപ്പിച്ചിട്ടില്ല. | പിഴപ്പലിശ സഹിതം തുക തിരികെ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2002-03 | ഖ.14 | 2003-04 | ഖ.5.1 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ക്ഷാമബത്ത കുടിശ്ശിക നൽകി | തുക മുഴുവൻ തിരികെ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2000-01 | ഖ.40 | 2003-04 | ഖ.5.2 | മോട്ടോർ കൺവെയൻസ് അഡ്വാൻസ് നടപടിക്രമം പാലിച്ചിട്ടില്ല. | തുക മുഴുവൻ തിരികെ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | പത്രപരസ്യം നൽകൽ-നിബന്ധനകൾ പാലിച്ചിട്ടില്ല. ഹാജരാക്കാൻ | നഷ്ടത്തുക ഉത്തരവാദിയിൽ നിന്നും ഈടാക്കാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ തുക ഈടാക്കിയിട്ടില്ല. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | വാഹനവായ്പ അനുവദിച്ചത് ഗുരുതരമായ ക്രമക്കേടുകൾ. | മൂന്നു ജീവനക്കാർ തുക അടച്ചു. ഒരാളിൽ നിന്നും തുക ഈടാക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | ജനകീയാസൂത്രണം-വാച്ചർക്ക് പദ്ധതി ഗ്രാന്റിൽ നിന്നും ശമ്പളം നൽകിയത് | തുക തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ ആയത് ഈടാക്കിയിട്ടില്ല. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | പൊതുമരാമത്ത് പണികളിലെ അപാകതകൾ-22,829/- രൂപ നിരാകരിച്ചു. | ഉത്തരവാദികളിൽ നിന്നും തുക തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നു വെങ്കിലും നാളിതുവരെ നഷ്ടത്തുക ഈടാക്കിയിട്ടില്ല. |
| 2001-02 | ഖ.29 46,47,48 | 2004-05 | ഖ.II : 3(4) | മരാമത്ത് പണികൾ 8.5 ലക്ഷത്തിന് രേഖയില്ല. | ഫയലുകൾ പരിശോധിച്ചതിൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. സമിതി നിർദ്ദേശം ലഭിക്കാത്തതിനാൽ പരാമർശത്തിന് തീർപ്പുകൽപ്പിച്ചിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 2002-03 | ഖ.14 | 2004-05 | ഖ.II:3(5) | വിരമിച്ച ജീവനക്കാർക്ക് അധികം നൽകിയ പെൻഷൻ തുക തിരിച്ചുപിടിക്കേണ്ടതാണ്. | നഷ്ടത്തുക 98,053/- രൂപ തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചതനുസരിച്ച് തുക മുഴുവൻ ഈടാക്കിയിട്ടുണ്ട്. സമിതി നിർദ്ദേശത്തിന്റെ അഭാവത്തിൽ പരാമർശം തീർപ്പ് കൽപ്പിച്ചിട്ടില്ല. |
| 2002-03 | 27 & 33 | 2004-05 | ഖ.II:3(6) | നഗരസഭകൾ എസ്റ്റിമേറ്റ് മാറ്റുന്നു- ദുർവ്യയം ഏറ്റുന്നു. | സർക്കാർ സാധൂകരണം ലഭിക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല. |
| 2003-04 | 2-11 | 2005-06 | അദ്ധ്യായം 3.16.1 | സി.ഡി.എസ് വായ്പ തിരിച്ചടച്ചില്ല | |
| | 2-6 | 2005-06 | അദ്ധ്യായം 3.16.2 | വനിതാ സംഘങ്ങൾക്ക് ക്രമ വിരുദ്ധമായി റിവോൾവിംഗ് ഫണ്ട് | |
| | 2-23 | 2005-06 | അദ്ധ്യായം 3.16-3 | അനധികൃത കൈയ്യേറ്റം നഗരസഭയ്ക്ക് 48 സെന്റ് ഭൂമി നഷ്ടമായി | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 19,06,86,543 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 18,92,67,251 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1,35,518 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,17,993 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 33,25,000 |

.

(ബി). നഗരസഭാഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 9,518 | -- | ശ്രീ. വി.കെ.രാജൻ (സെക്രട്ടറി) |
| 2-11 | 61,000 | -- | 1.ശ്രീ. വി.കെ.രാജൻ (സെക്രട്ടറി)-20,334 രൂപ<br>ശ്രീ. എ.ജെ.ഫ്രാൻസിസ് സേവ്യർ<br>(റവന്യൂ ഓഫീസർ)-20,333 രൂപ<br>ശ്രീ. ലിജോ ഫ്രാൻസിസ്<br>(സീനിയർ ക്ലർക്ക്)-20,333 രൂപ |
| 3-5 | 65,000 | -- | ശ്രീ. ബി.മോഹനൻ നായർ (സെക്രട്ടറി) |
| 3-6 | | 15,860 | ശ്രീ.ദിനേശൻ.കെ.പി (സെക്രട്ടറി,ഇൻ ചാർജ്ജ്) |

| | | | |
|---|---|---|---|
| 3-11 | | 8,750 | ശ്രീ. പി.എം. ഹുസൈൻ (ഓവർസീയർ |
| 3-30 | | 58,322 | ശ്രീ.ഷിയാസുദ്ദീൻ-37,920 രൂപ (JHI -I) ശ്രീ.അഖിൽ ജിഷ്ണു-20,402 രൂപ (JHI -I) |
| 3-31 | -- | 27,088 | ശ്രീ കെ.ബി.ഗോപാലകൃഷ്ണപിള്ള (മുനിസിപ്പൽ എഞ്ചിനീയർ) |
| 3-32 | | 7,973 | ശ്രീ കെ.ബി.ഗോപാലകൃഷ്ണപിള്ള (മുനിസിപ്പൽ എഞ്ചിനീയർ) |
| ആകെ | 1,35,518 | 1,17,993 | |

.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-28 | 28,40,000 | ശ്രീ. അഖിൽ ജിഷ്ണു (സി.ഡി.എസ് മെമ്പർ സെക്രട്ടറി) |
| 3-29 | 2,00,000 | ശ്രീ. അഖിൽ ജിഷ്ണു (സി.ഡി.എസ് മെമ്പർ സെക്രട്ടറി) |
| 3-30 | 2,85,000 | ശ്രീ വി.കെ.രാജൻ (സെക്രട്ടറി) |
| ആകെ | 33,25,000 | |

.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ക്രമ നമ്പർ | ഖണ്ഡിക | ഇനം | തുക |
|---|---|---|---|
| 1 | 3-1 | ആദായനികുതി | 9,704 |
| 2 | 3-2 | ആദായനികുതി | 8,618 |
| 3 | 3-14 | ലൈബ്രറി സെസ്സ് | 46,30,706 |
| 4 | 3-16 | വാറ്റ് | 70,227 |
| 5 | 3-16 | kcwwf | 14,880 |
| ആകെ | | | 47,34,135 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
2-5 , 3-9 , 3-22

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ വി.കെ.രാജൻ (സെക്രട്ടറി) | സെക്രട്ടറി (ആലുവ നഗരസഭ) | ചൈത്രം,കുറ്റിമുക്ക് ചേരൂർ,രാമവർമ്മപുരം.പി.ഒ തൃശ്ശൂർ |
| ശ്രീ | മുനിസിപ്പൽ | ഗോകുലം,കോളേജ് റോഡ്, |

| | | |
|---|---|---|
| കെ.ബി.ഗോപാലകൃഷ്ണപിള്ള (മുനിസിപ്പൽ എഞ്ചിനീയർ) | എഞ്ചിനീയർ (ആലുവ നഗരസഭ) | മറ്റൂർ പി.ഒ,കാലടി |
| ശ്രീ ബി.മോഹനൻ നായർ (സെക്രട്ടറി) | വിരമിച്ചു. | കളത്തിൽ വീട്, റ്റി.സി.31/825(1), പുള്ളിയിൽ ലൈൻ, പേട്ട പി.ഒ., തിരുവനന്തപുരം-24 |
| ശ്രീ. പി.എം. ഹുസൈൻ (ഓവർസീയർ) | ഓവർസീയർ (ആലുവ നഗരസഭ) | പൂവ്വത്തിൽ(വീട്),ടോൾഗേറ്റ് ഇടപ്പിള്ളി.പി.ഒ-682024 |
| ശ്രീ. ഷീയാസുദ്ദീൻ (JHI -II) | (JHI -II) (ആലുവ നഗരസഭ) | പുത്തൻപുരയിൽ വീട്, എരുമത്തല പി.ഒ., നാലാംമൈൽ, ആലുവ. |
| ശ്രീ. അഖിൽ ജിഷ്ണു (JHI -I) | (JHI -I) (ആലുവ നഗരസഭ) | മാടശ്ശേരി വീട്, പരിയാപുരം പി.ഒ., അങ്ങാടിപ്പുറം, മലപ്പുറം. പിൻ- 679 123 |
| ശ്രീ. എ.ജെ.ഫ്രാൻസിസ് സേവ്യർ (റവന്യൂ ഓഫീസർ) | റവന്യൂ ഓഫീസർ (ആലപ്പുഴ നഗരസഭ) | ലഭ്യമായില്ല |
| ശ്രീ. ലിജോ വർഗീസ് (സീനിയർ ക്ളർക്ക്) | സീനിയർ ക്ളർക്ക് (ആലുവ നഗരസഭ) | മംഗലശ്ശേരി വീട്, മനയ്ക്കപ്പടി,സ്നേഹദ്വീപ് റോഡ്,അശോകപുരം.പി.ഒ,ആലുവ |
| ശ്രീ. ദിനേശൻ.കെ.പി (സെക്രട്ടറി,ഇൻ ചാർജ്ജ്) | സെക്രട്ടറി,ഇൻ ചാർജ്ജ് (ആലുവ നഗരസഭ) | പരിയാരം വീട്,വേങ്ങര.പി.ഒ, കണ്ണൂർ ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95 | എൽ.എഫ്.ഇ(എം)1/1628/01 തീയതി 17.02.2003 | 2 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1995-96 | എൽ.എഫ്.ഇ(എം)1/1343/04 തീയതി 11.04.2005 | 10 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1996-97 | എൽ.എഫ്.ഇ.(എം)1/849/99 തീയതി 05.07.1999 | 29 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.ഇ.(എം.)1/1006/00 തീയതി 28.11.2000 | 36 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.ഇ.(എം)1/418/04 തീയതി 15.03.2004 | 2 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | എൽ.എഫ്.ഇ.(എം)1/27/02 തീയതി 11.01.2002 | 46 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | എൽ.എഫ്.ഇ. (എം)1/983/03 തീയതി 06.04.2004 | 2 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |

| | | | |
|---|---|---|---|
| 1999-00 | എൽ.എഫ്.ഇ.(എം)1/445/02 തീയതി 26.11.2002 | 35 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1999-00 | എൽ.എഫ്.(എ.എം.2)299/11 തീയതി 19.05.2012 | 2 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2000-01 | എൽ.എഫ്.ഇ.(എം)1/129/04 തീയതി 26.02.2004 | 59 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2000-01 | എൽ.എഫ്.(എ.എം.2/300/11 തീയതി 19.05.2012 | 2 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2001-02 | എൽ.എഫ്.ഇ(എം)1/139/04 തീയതി 12.07.2004 | 1 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | എൽ.എഫ്.ഇ.(എം)1/674/04 തീയതി 16.08.2004 | 14 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | എൽ.എഫ്.എ(എം)2/286/10 തീയതി 25.04.2011 | 4 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.ഇ(എം)1/688/05 തീയതി 13.09.2005 | 8 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 | എൽ.എഫ്.ഇ(എം)1/282/006 തീയതി 10.11.06 | 9 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 | എൽ.എഫ്.എ(എം)2/288/10 തീയതി 25.04.2011 | 3 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2005-06 | എൽ.എഫ്.ഇ(എം)1/430/07 തീയതി 01.08.2009 | 29 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2005-06 | എൽ.എഫ്.എ.(എം)2/289/10 തീയതി 25.04.2011 | 3 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2006-07 | എൽ.എഫ്.ഇ(എം)1/1791/08 തീയതി 01.08.2009 | 10 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2007-08 | എൽ.എഫ്.എ(എം)2/191/10 തീയതി 19.11.2010 | 1 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2008-09 | എൽ.എഫ്.എ(എം)2/192/10 തീയതി 19.11.2010 | 4 | വരവ് ചെലവ് ഓഡിറ്റ് |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് |
| 2009-10 | എൽ.എഫ്.എ(എം)2/227/11 തീയതി 05.06.2012 | 18 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2010-11 | എൽ.എഫ്.എ.(എം)2/145/12 തീയതി 20.03.2013 | 14 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.എ(എം)2/145/12 തീയതി 04.03.2014 | 32 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.എ(എം)2/480/14 തീയതി 17.01.2015 | 19 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 | കെ.എസ്.എ.-എ.വി.എം. (എം.2) 466/15തീയതി 30.11.2015/10.12.2015 | 27 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2014-15 | കെ.എസ്.എ.-എ.വി.എം. (എം.2) 325/16 തീയതി 22.07.2016/27.07.2016 | 47 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |

.

## 4-10

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ – എ.വി.എം(എം2) 41/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
നഗരസഭ ഓഡിറ്റ് കാര്യാലയം,
ആലുവ. KSA-AVM
പിൻ - 683 101,
തീയതി : 28.01.2017/30.01.2017
ഫോൺ : 0484-2623757
ഇ-മെയിൽ: mlalv.ksad@kerala.gov.in

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 -ാം വകുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-(4) -ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ആലുവ നഗരസഭയുടെ 31.03.2016 -ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആലുവ നഗരസഭയുടെ 2015-16 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

.

Kerala State Audit Department
Municipal Audit Office
Aluva. KSA-AVM
Pin - 683 101,
Date : 28.01.2017/30.01.2017
Phone : 0484-2623757
E-mail : mlalv.ksad@kerala.gov.in

No. K.S.A- AVM (M2) 41/17

**AUDIT CERTIFICATE**

Certified that I have audited the Annual Financial Statement of **Aluva Municipality** in Ernakulam District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994, the rules made there under and the guidelines issued by the **Comptroller and Auditor General of India** for the purpose of certification of accounts of Muncipalities.

In my opinion, the Financial Statements of Aluva Municipality for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

**Deputy Director**

.
.

.Kerala State Audit Department